01
ഒക്ടോബർ 2018 തിങ്കൾ
1194 കന്നി 15
തിരുവനന്തപുരം

# കേരളകൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU    www.keralakaumudi.com    www.facebook.com/keralakaumudi

## ഒറ്റനോട്ടം



വി.ഐ.പി കാവലിന് കരിമ്പൂച്ചകൾ
പേജ് 07



ജോലിക്കാരിയെ മാനഭംഗപ്പെടുത്തിയെന്ന് പരാതി: മേജർക്കെതിരെ കേസ്
പേജ് 11



കൊളുക്കുമല വിളിക്കുന്നു, കുറിഞ്ഞിക്കുളിരുമായി
പേജ് 14



ചെലവേറി; സ്വകാര്യ ബസ് വ്യവസായം കട്ടപ്പുറത്തേക്ക്
പേജ് 14



വെറും ഫ്രൂട്ടല്ലിത്, പൊന്നാ...
പേജ് 07

## ഇന്ന് ലോക വൃദ്ധദിനം

# പൊന്നോമന അച്ഛാ... വായ് തുറക്ക്

KAUMUDI SPECIAL

▸കൃഷ്ണകുമാർ ആമലത്ത്

തൃശ്ശൂർ: ദാ.. ഇങ്ങനെ.. വാ തുറക്കച്ഛാ... വാത്സല്യനിധിയായ അച്ഛൻ വായ് തുറന്നു. രുചികളറിയാവുന്ന മകൻ കറികൾ ചേർത്ത് ഉരുളയുരുട്ടി നൽകി. വായ് തുറക്കുമ്പോൾ മകനെ കുഞ്ഞുന്നാളിൽ ഊട്ടിയുറക്കിയ ഓർമ്മകൾ മനസിൽ തെളിഞ്ഞിട്ടുണ്ടാവണം. ശ്രീനാരായണ ഗുരുദേവ മഹാസമാധിദിനത്തിൽ കൂർക്കഞ്ചേരി മാഹേശ്വര ക്ഷേത്രത്തിൽ നടന്ന സമൂഹസദ്യയ്ക്കിടെ കണ്ട ഈ ദൃശ്യം കേരളകൗമുദിയിൽ പ്രസിദ്ധീകരിച്ചുവന്നതോടെ അന്വേഷണപ്രവാഹമായി. ആരാണ് ഈ അച്ഛനും മകനും? കേരളകൗമുദി സീനിയർ ഫോട്ടോഗ്രാഫർ റാഫി എം. ദേവസി പകർത്തിയ ചിത്രം സാമൂഹ്യമാദ്ധ്യമങ്ങൾ ഏറ്റെടുത്തതോടെ വൈറലായി. അച്ഛനെ വയറു നിറച്ചൂട്ടിയശേഷമാണ് അന്നും മകൻ ഭക്ഷണം കഴിച്ചത്. ആരാണീ മകൻ. ആരാണ് ഈ ഭാഗ്യശാലിയായ അച്ഛൻ?

തൃശ്ശൂർ നഗരത്തിൽ നിന്ന് മൂന്നുകിലോമീറ്റർ അകലെയുള്ള കൂർക്കഞ്ചേരി ക്ഷേത്രത്തിനു പിറകിലെ മാടമ്പിക്കാട്ടിൽ വീട്ടിലെ സ്നേഹക്കാഴ്ചകൾ കാണുമ്പോൾ കണ്ണുകൾ ഈറനണിയും. അച്ഛനമ്മമാരെ ആശുപത്രിയിലും അമ്പലനടയിലും മറ്റും തള്ളുന്നവരുടെ എണ്ണം പെരുകുന്ന നാട്ടിൽ ഈ അച്ഛന്റെയും മകന്റെയും കഥ എല്ലാവരും കണ്ടറിയണം.

അച്ഛന്റെ പേര് വിജയരാഘവൻ. അഞ്ച് മക്കളിൽ ഇളയവനായ പ്രമീളനാണ് ഇന്ന് വിജയന്റെ എല്ലാമെല്ലാം.

2002 ൽ വിജയരാഘവന്റെ ഭാര്യ മരിച്ചു. ഒരു വർഷംമുമ്പ് വലതുകൈ തളർന്നതോടെയാണ് എല്ലാ കാര്യത്തിനും ഒരാളുടെ സഹായം ആശ്രയിക്കേണ്ടിവന്നത്. പ്രമീളൻ അതേറ്റെടുത്തു. അച്ഛന്റെ ശീലങ്ങളിലും ചിട്ടവട്ടങ്ങളിലും മാറ്റം വരുത്തിയില്ല. പൽപ്പൊടിയിൽ പല്ലുതേപ്പ്. തൈലമിട്ട് കുളിച്ച് കഴിഞ്ഞാൽ വെള്ളമുണ്ടും ഷർട്ടും ധരിച്ച് കൂർക്കഞ്ചേരി മാഹേശ്വര ക്ഷേത്രത്തിൽ ദർശനം. അതുകഴിഞ്ഞ് ഗുരുവിനെ വണങ്ങി തിരിച്ച് വീട്ടിൽ വന്നതിനുശേഷം പ്രഭാതഭക്ഷണം.

പഴയ കാറുകളുടെ വില്പനയായിരുന്നു വിജയരാഘവന്. അച്ഛന്റെ ജോലിയും പ്രമീളൻ ഏറ്റെടുത്തു. സഹായമായി സഹോദരൻ ചന്ദ്രനും ഉണ്ട്. രമ, രതി, ഇന്ദിര എന്നിവരാണ് വിജയരാഘവന്റെ മറ്റ് മക്കൾ. കഴിഞ്ഞ ദിവസം സ്വാമി ബോധാനന്ദ സമാധി ദിനാചരണത്തിന്റെ ഭാഗമായി വിജയരാഘവനെ ആദരിച്ചിരുന്നു.

> "കേരളകൗമുദിയിലെ ഫോട്ടോ കണ്ട് എന്നെ പലരും വിളിച്ചിരുന്നു. അവരോടെല്ലാം ഞാൻ പറഞ്ഞു- അച്ഛനെ ഇങ്ങനെ നോക്കാൻ കഴിഞ്ഞത് എന്റെ പുണ്യമാണെന്ന്...
> - പ്രമീളൻ



**ദാ ഇങ്ങനെ വായ് തുറക്കച്ഛാ...** *ശ്രീ നാരായണ ഗുരുദേവന്റെ മഹാസമാധി ദിനത്തിൽ തൃശ്ശൂർ കൂർക്കഞ്ചേരി ശ്രീമാഹേശ്വര ക്ഷേത്രത്തിൽ നടന്ന സമൂഹസദ്യയിൽ മാടമ്പി കാട്ടിൽ വിജയനെ ഊട്ടുന്ന മകൻ പ്രമീളൻ. (സെപ്തംബർ 22ന് കേരളകൗമുദി പ്രസിദ്ധീകരിച്ച ചിത്രം)*

## സപ്ലൈകോ സൂപ്പർമാർക്കറ്റിൽ

# സൂപ്പർ വെട്ട്



■ ഒതുക്കാൻ രഹസ്യ നീക്കം ■ 20 ലക്ഷത്തിന്റെ വെട്ടിപ്പ് കണ്ടെത്തി
■ തട്ടിപ്പ് വ്യാപകമെന്ന് ആക്ഷേപം ■ പൊലീസിനെ അറിയിക്കാതെ കള്ളക്കളി


KAUMUDI EXCLUSIVE

▸കോവളം സതീഷ്‌കുമാർ

തിരുവനന്തപുരം: സപ്ലൈകോ ഷോപ്പുകളിൽ സാധനങ്ങൾ വിൽക്കുന്നതിൽ വൻ തട്ടിപ്പ് നടക്കുന്നതായും അത് കണ്ടെത്തിയാലും നടപടിയെടുക്കാതെ രഹസ്യമായി ഒതുക്കി തീർക്കുന്നതായും ആക്ഷേപം ശക്തമായി. കിഴക്കേകോട്ടയിലെ സപ്ലൈകോ സൂപ്പർ മാർക്കറ്റിൽ 20,59,869 രൂപയുടെ ക്രമക്കേട് കണ്ടെത്തിയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുകളിലേക്ക് റിപ്പോർട്ട് ചെയ്തതോടെയാണ് സംഭവം പുറത്തായത്. അതോടെ തട്ടിപ്പ് ഒതുക്കാൻ അണിയറയിൽ നീക്കം ശക്തമായി. 50,000 രൂപയ്ക്ക് മുകളിലുള്ള ക്രമക്കേട് പൊലീസിനെ അറിയിക്കണമെന്നിരിക്കെയാണ് കള്ളക്കളി. തട്ടിപ്പ് നടത്തിയ സാധനങ്ങളുടെ വില സഹിതമുള്ള ലിസ്റ്റ് കേരളകൗമുദിക്ക് ലഭിച്ചു.

നോൺ മാവേലി ഇനത്തിൽ 17,16,690 രൂപയുടെയും മാവേലി ഇനത്തിൽ 3,43,179 രൂപയുടെയും ക്രമക്കേടാണ് നടന്നത്. ഇവിടെ മാനേജരായിരുന്ന ആൾക്ക് പ്രൊമോഷനോടെ സ്ഥലം മാറ്റം കിട്ടിയതിനെ തുടർന്ന് പുതിയതായി ചുമതലയേറ്റ മാനേജർ സ്റ്റോക്കിന്റെ കണക്കെടുത്തപ്പോഴാണ് തട്ടിപ്പ് കണ്ടത്. അദ്ദേഹം അത് റിപ്പോർട്ട് ചെയ്തു. വലിയതുറ ഡിപ്പോയിലെ മൂന്ന് ഉദ്യോഗസ്ഥർ എത്തി കണക്കെടുത്തപ്പോൾ അത് ശരിയാണെന്ന് ബോദ്ധ്യമായി. കമ്പ്യൂട്ടറിൽ കാണുന്ന അളവിലുള്ള സാധനങ്ങൾ സ്റ്റോക്കിൽ ഇല്ലായിരുന്നു. ചില സാധനങ്ങൾ പൂർണമായും അപ്രത്യക്ഷമായിരുന്നു.

ഇത്രയും ആയപ്പോഴേക്കും മുകളിൽ നിന്ന് ഇടപെടലെത്തി. അന്വേഷണ ഉദ്യോഗസ്ഥൻ തന്നെ സംഭവം ഒതുക്കാൻ മുന്നിട്ടിറങ്ങി. ക്രമക്കേടിൽ പങ്കുള്ള ഒരാൾക്ക് ഭരണ കക്ഷിയിൽ സ്വാധീനമുള്ളതിനാൽ വെട്ടിച്ച തുക തിരിച്ചടച്ച് കേസ് ഒഴിവാക്കണമെന്നാണ് ധാരണ. പുതിയ മാനേജർ ചുമതലയേറ്റതല്ലാതെ ക്രമക്കേടൊന്നും കണ്ടെത്തിയിട്ടില്ലെന്നാണ് ഇതേപറ്റി ചോദിച്ചപ്പോൾ ഡിപ്പോ മാനേജർ സനൽകുമാർ പറഞ്ഞത്.



### അരി മുതൽ അച്ചാറ് വരെ

അരി, ഗോതമ്പ്, സോപ്പ്, പായ്ക്ക് ചെയ്ത അച്ചാറുകൾ, കറി പൗഡറുകൾ, നെയ്യ്, ബിസ്‌കറ്റ്, എണ്ണ, ടൂത്ത് പേസ്റ്റ്, വാഷിംഗ് പൗഡർ, പുട്ടുപൊടി, ആട്ട, കപ്പലണ്ടി, മെഴുകുതിരി, തീപ്പെട്ടി തുടങ്ങിയ സാധനങ്ങളാണ് തട്ടിപ്പിന്റെ ലിസ്റ്റിലുള്ളത്.

### തട്ടിപ്പ് ഇങ്ങനെ

- സ്ഥാപനങ്ങൾക്കും മറ്റും ഒരോ മാസവും മൊത്തമായി സാധനങ്ങൾ വിൽക്കും. പണം ലഭിക്കുന്നത് പിന്നീടായിരിക്കും. ചിലർക്ക് ബില്ല് നൽകാതെ പണം വാങ്ങിക്കും. ഇതാണ് പ്രധാന തട്ടിപ്പ് രീതി.
- സാധനങ്ങൾ കൊണ്ടുപോകാനുള്ള കവറിന് വലിപ്പം അനുസരിച്ച് പണം വാങ്ങും. അത് ബില്ലിൽ ചേർക്കില്ല

# വിപ്ലവവിധിയെഴുതി പടിയിറക്കം

## ചീഫ് ജസ്റ്റിസ് ദീപക് മിശ്ര നാളെ വിരമിക്കുന്നു



ന്യൂഡൽഹി: ചരിത്രത്തിൽ ഇടം നേടിയ വിധികൾക്കും വിവാദങ്ങൾക്കും ശേഷം സുപ്രീം കോടതി ചീഫ്ജസ്റ്റിസ് ദീപക് മിശ്ര നാളെ വിരമിക്കും. പുതിയ ചീഫ് ജസ്റ്റിസായി രഞ്ജൻ ഗോഗോയ് ഒക്ടോബർ 3ന് സത്യപ്രതിജ്ഞ ചെയ്യും.

ചീഫ്ജസ്റ്റിസായി ഒരു വർഷവും ഒരു മാസവും മാത്രമാണ് ദീപക് മിശ്ര ഇരുന്നത്. ആ കാലയളവ് സംഭവബഹുലമായിരുന്നു. നീതിയുടെ കരുത്ത് വിളിച്ചോതുന്ന വിധികൾ അദ്ദേഹത്തിന്റെ ബെഞ്ചിൽ നിന്നുണ്ടായപ്പോൾ തന്നെ അദ്ദേഹത്തിനെതിരെ ഉയർന്ന ആരോപണങ്ങളും സീനിയർ ജഡ്ജിമാരുമായുണ്ടായ ഉരസലും സുപ്രീം കോടതിയുടെ പ്രതിച്ഛായയെ തന്നെ നിഴലിലാക്കിയിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ തന്നെ ഗംഭീര വിധികളിലൂടെ പരമോന്നത നീതിപീഠവും ചീഫ് ജസ്റ്റിസിന്റെ പദവിയും തങ്ങളുടെ അന്തസ് ആവർത്തിച്ച് ഉദ്ഘോഷിക്കുന്നതാണ് രാജ്യം കണ്ടത്. തനിക്കെതിരെ കലാപമുണ്ടാക്കിയ ജഡ്ജിമാരിൽ ഒരാളായ രഞ്ജൻ ഗോഗോയിയെ അടുത്ത ചീഫ് ജസ്റ്റിസായി പ്രഖ്യാപിച്ചാണ് അദ്ദേഹം പടിയിറങ്ങുന്നതും.

ഗുഡ്ബൈ, താങ്ക്‌യു, യുവർ ഓണർ    പേജ് 11

# പീഡനം: പ്രതികൾക്കായി മൊഴിമാറ്റിയാൽ പരാതിക്കാരിയെ ശിക്ഷിക്കാം

ന്യൂഡൽഹി: ലൈംഗിക പീഡന കേസുകളിൽ പ്രതികളെ രക്ഷിക്കാൻ മൊഴിമാറ്റുന്ന പരാതിക്കാരിയെയും ശിക്ഷിക്കാമെന്ന് സുപ്രീംകോടതി വിധിച്ചു. പരാതിക്കാരി മൊഴിമാറ്റിയാലും മറ്റു തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് തുടരാമെന്നും പ്രതി കുറ്റക്കാരനാണെന്ന് തെളിഞ്ഞാൽ അർഹമായ ശിക്ഷ നൽകണമെന്നും ജസ്റ്റിസുമാരായ രഞ്ജൻ ഗോഗോയി, നവീൻ സിൻഹ, കെ.എം. ജോസഫ് എന്നിവരുടെ ബെഞ്ച് ഉത്തരവിട്ടു. ലൈംഗിക പീഡനക്കേസുകളിൽ നിർണായക സ്വാധീനമുണ്ടാക്കുന്നതാണ് സുപ്രീംകോടതി വിധി.

ഗുജറാത്തിൽ ഒൻപതു വയസുകാരിയെ പീഡിപ്പിച്ച കേസിൽ പെൺകുട്ടി മൊഴിമാറ്റിയിട്ടും പ്രതിയെ ശിക്ഷിച്ച ഗുജറാത്ത് ഹൈക്കോടതി വിധി ശരിവച്ചാണ് സുപ്രീംകോടതി നടപടി.

പരാതിക്കാരി മൊഴിമാറ്റിയെന്ന ഒറ്റക്കാരണത്താൽ പ്രതിയെ കുറ്റവിമുക്തനാക്കുന്നത് നീതിയെ പരിഹസിക്കുന്നതിന് തുല്യമാണ്.

മൊഴിമാറ്റിയാലും കേസ് അവസാനിപ്പിക്കരുത്    പേജ് 07

## ഇന്തോനേഷ്യൻ സുനാമി

# മരണം 800 കവിഞ്ഞു

■ ആയിരത്തോളം പേർ ചികിത്സയിൽ ■ നിരവധി പേരെ കാണാതായി
■ കെട്ടിടാവശിഷ്ടങ്ങൾക്കടിയിൽ നിരവധി മൃതദേഹങ്ങൾ കുടുങ്ങിക്കിടക്കുന്നു

ജക്കാർത്ത: ഇന്തോനേഷ്യയിലുണ്ടായ ശക്തമായ ഭൂചനത്തിലും സുനാമിയിലും മരണം 800 കവിഞ്ഞു. സുലവേസി ദ്വീപിൽ 832 പേർ മരിച്ചതായി ഇന്നലെ ദേശീയ ദുരന്തനിവാരണ ഏജൻസി അറിയിച്ചു. പരിക്കേറ്റ ആയിരത്തോളം പേർ ആശുപത്രികളിൽ ചികിത്സയിലാണ്.

രക്ഷാപ്രവർത്തനം പുരോഗമിക്കുന്നുണ്ടെങ്കിലും പലയിടങ്ങളിലും ദുരിതാശ്വാസ ക്യാമ്പുകളിൽ എത്താൻ സാധിക്കാത്തവർ അവശ്യ സൗകര്യങ്ങൾ പോലുമില്ലാതെ വലയുകയാണ്. നിരവധി പേരെ കണ്ടെത്താനുണ്ട്. മരണസംഖ്യ ഉയരാനാണ് സാദ്ധ്യത. കെട്ടിടാവശിഷ്ടങ്ങൾക്കടിയിൽ നിരവധി മൃതദേഹങ്ങൾ കുടുങ്ങിക്കിടപ്പുണ്ട്.

സുലവേസിയിലെ ഡൊങ്കാല പട്ടണമായിരുന്നു ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം. തലസ്ഥാനമായ പലുവിൽ 7.3 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പമുണ്ടായി. പിന്നീടുണ്ടായ 150 തുടർചലനങ്ങൾക്കൊപ്പം മൂന്ന് മീറ്റർ ഉയരത്തിൽ സുനാമി തിരയടിച്ചു. ചിലയിടങ്ങളിൽ ആറു മീറ്റർ വരെ തിരമാല ഉയർന്നതായും റിപ്പോർട്ടുണ്ട്. ആയിരക്കണക്കിന് ആളുകൾക്ക് വീടുകൾ നഷ്ടമായി. ഹോട്ടലുകളും ഷോപ്പിംഗ് മാളുകളും അടക്കം നിരവധി കെട്ടിടങ്ങൾ തകർന്ന പലുവിലാണ് ഏറ്റവും കൂടുതൽ നാശമുണ്ടായത്.



**മരണക്കയത്തിൽ നിന്ന്...** *ഇന്തോനേഷ്യയിലെ പലുവിൽ ഭൂകമ്പത്തിലും സുനാമിയിലും തകർന്ന വീട്ടിൽ കുടുങ്ങിപ്പോയ നറുൽ ഇസ്തിഖാരയെന്ന പതിനഞ്ചുകാരിയെ സുരക്ഷാ ഉദ്യോഗസ്ഥർ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നു*

പലുവിൽ സൈന്യത്തിന്റെയും രക്ഷാപ്രവർത്തകരുടെയും സേവനം ഉറപ്പാക്കിയിട്ടുണ്ട്. ആശുപത്രികളെല്ലാം പരിക്കേറ്റവരാൽ നിറഞ്ഞു. തുറസായ സ്ഥലങ്ങളിലും ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. 17,000 പേരെ ക്യാമ്പുകളിലേക്ക് മാറ്റി. രക്ഷാപ്രവർത്തകർക്ക് എത്താൻ സാധിക്കാത്ത സ്ഥലങ്ങളിൽ നിരവധിപേർ കുടുങ്ങിക്കിടപ്പുണ്ടെന്നും അധികൃതർ പറയുന്നു.

### പ്രളയത്തിനുമേൽ

# വൈദ്യുതി ബോർഡിന്റെ ഇടിത്തീ

▸പി.എച്ച്. സനൽകുമാർ

തിരുവനന്തപുരം: പ്രളയാനന്തരമുണ്ടായ സാമ്പത്തിക പ്രതിസന്ധിയിൽ അടിതെറ്റിയ ജനങ്ങൾക്ക് ഇടിത്തീയെന്നോണം വൈദ്യുതി നിരക്ക് കൂടി കൂട്ടാൻ നീക്കം. വരവും ചെലവും തമ്മിലുള്ള 6500 കോടി രൂപയുടെ വ്യത്യാസം പരിഹരിക്കാനായി നിരക്ക് വർദ്ധനയ്ക്ക് കെ.എസ്.ഇ.ബി അപേക്ഷ നൽകി. ഇതിൽ നടപടിക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ ഇന്ന് തുടക്കമിടും. നടപടികൾ വേഗത്തിൽ പൂർത്തിയാക്കി ഡിസംബറിന് മുമ്പ് പുതിയ നിരക്ക് പ്രഖ്യാപിക്കാനാണ് നീക്കം. പത്തുശതമാനത്തിലേറെ നിരക്ക് വർദ്ധിപ്പിക്കാൻ അനുവദിക്കുമെന്ന പ്രതീക്ഷയിലാണ് കെ.എസ്.ഇ.ബി. നിലവിലെ താരിഫ് കാലാവധി ഡിസംബറിൽ തീരും. കഴിഞ്ഞ വർഷം ഏപ്രിലിലാണ് ഒടുവിൽ വൈദ്യുതി നിരക്ക് കൂട്ടിയത്. 1041 കോടി രൂപയുടെ പ്രവർത്തന നഷ്ടം നികത്താനായി അന്ന് യൂണിറ്റിന് പത്തുപൈസ മുതൽ 50 പൈസ വരെ കൂട്ടിയിരുന്നു.

2018 മുതൽ 2022 വരെ നാലു വർഷത്തെ താരിഫ് ഒറ്റയടിക്ക് നിർണയിക്കാനാണ് റെഗുലേറ്ററി കമ്മിഷൻ ഒരുങ്ങുന്നത്. ഇതാദ്യമായാണ് ഒന്നിലേറെ വർഷത്തേക്ക് വേണ്ടി താരിഫ് നിർണയിക്കുന്നത്. ഒരുമിച്ച് നിരക്ക് വർദ്ധന പ്രഖ്യാപിച്ചാലും പിന്നീട് സാഹചര്യങ്ങൾക്കനുസരിച്ച് ഓരോ വർഷവും പരിഷ്കരിക്കാനുള്ള വ്യവസ്ഥയും ഉൾക്കൊള്ളിക്കും.

വർദ്ധന നവംബറിന് ശേഷം    പേജ് 07

## സഹോദരന് മുന്നിൽ യുവാവ് മുങ്ങി മരിച്ചു

മാവേലിക്കര: അനുജനും സുഹൃത്തുക്കൾക്കുമൊപ്പം കുളത്തിൽ കുളിക്കാനിറങ്ങിയ യുവാവ് മുങ്ങി മരിച്ചു. കുളഞ്ഞികാരാഴ്മ പുത്തൻപുരയ്ക്കൽ ആശയുടെ മകൻ അഭിജിത്താണ് (18) മരിച്ചത്. ഇന്നലെ ഉച്ചയ്ക്ക് രണ്ടിന് പല്ലാരിമംഗലം ക്ഷേത്രത്തിന് പടിഞ്ഞാറുള്ള പഞ്ചായത്ത് കുളത്തിലായിരുന്നു സംഭവം. അനുജൻ ചന്തുവിനും സുഹൃത്തുക്കൾക്കുമൊപ്പമാണ് അഭിജിത്ത് കുളിക്കാനെത്തിയത്. ആഴമുള്ള കുളത്തിൽ കഴിഞ്ഞ ദിവസം പെയ്ത മഴയിൽ വെള്ളം നിറഞ്ഞിരുന്നു. കുളത്തിലിറങ്ങിയ അഭിജിത്തിനെ ഏറെനേരം കഴിഞ്ഞും കാണാത്തതിനെ തുടർന്ന് കുട്ടികൾ കരയിൽകയറി നിലവിളിച്ചു. ഇത് കേട്ടെത്തിയ നാട്ടുകാരാണ് ചെളിയിൽ താഴ്ന്നുപോയ അഭിജിത്തിനെ കരയ്ക്കെത്തിച്ചത്. ഉടൻ മാവേലിക്കര ജില്ലാ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. ആശയും കുടുംബവും പല്ലാരിമംഗലത്ത് വാടകയ്ക്ക് താമസിക്കുകയാണ്.

അഭിജിത്ത് ഇലക്ട്രിക്കൽ കരാറുകാരനൊപ്പം സഹായിയായി പോകുകയായിരുന്നു. പിതാവ് ജെനു കുടുംബവുമായി വേർപിരിഞ്ഞു താമസിക്കുകയാണെന്ന് പൊലീസ് പറഞ്ഞു. മൃതദേഹം മാവേലിക്കര ജില്ലാ ആശുപത്രി മോർച്ചറിയിൽ.


## തലവര

മദ്യനിരോധനമല്ല, മദ്യവർജ്ജനമാണ് ലക്ഷ്യം: എക്സൈസ് മന്ത്രി



മദ്യനിരോധനം വർജ്ജിക്കും

സ്മരണാഞ്ജലി
27-ാം ചരമവാർഷികം
(01.10.2018)



K. വേലായുധൻ കോൺട്രാക്ടർ
S.N.V. സദനം, കിളിമാനൂർ.
സന്തപ്തകുടുംബാംഗങ്ങളും ബന്ധുമിത്രാദികളും.

# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

## കർഷക കോൺഗ്രസ് കുറവൻകോണം മണ്ഡലം കൺവെൻഷൻ

തിരുവനന്തപുരം : കർഷക കോൺഗ്രസ് കുറവൻകോണം മണ്ഡലം പ്രസിഡന്റ് പ്രവീൺരാജ് .പി.ആറിന്റെ അദ്ധ്യക്ഷതയിൽ നടന്ന കൺവെൻഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കള്ളിക്കാട് രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. കോൺഗ്രസ് നേതാക്കളായ കെ.ജി. ജേക്കബ്, ശാസ്തമംഗലം വനജൻ, മുട്ടട രാജേന്ദ്രൻ, അഡ്വ. ചാരാച്ചിറ രാജീവ്, ഉദയകുമാർ, തൊഴവൻകോട് വിജികുമാർ, പൊട്ടക്കുഴി മോഹൻ, ഗൗരീശപട്ടം മോഹൻ, കലവൂർ സുരേഷ്, ഗ്രബർട്ട് ജോർജ്, അഡ്വ. രാജശേഖരൻ, പറയാട്ടിൽ അനി തുടങ്ങിയവർ സംസാരിച്ചു.

## സംഭാവന നൽകി

തിരുവനന്തപുരം: സർക്കാർ കോളേജുകളിൽ നിന്ന് വിരമിച്ച അദ്ധ്യാപകരുടെ കൂട്ടായ്മയായ കേരള ഗവ. കോളേജ് റിട്ടയേർഡ് ടീച്ചേഴ്സ് വെൽഫെയർ അസോസിയേഷൻ ജില്ലാകമ്മിറ്റി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ആദ്യഗഡുവായി പത്തുലക്ഷം രൂപ അംഗങ്ങളിൽ നിന്നും സമാഹരിച്ച് നൽകി. ജില്ലാ ഭാരവാഹികൾ മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ സാന്നിദ്ധ്യത്തിൽ ഡ്രാഫ്റ്റ് മുഖ്യമന്ത്രിക്ക് കൈമാറി.

## വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: അറ്റകുറ്റപ്പണി നടക്കുന്നതിനാൽ കഴക്കൂട്ടം വൈദ്യുതി സെക്ഷനിലെ കഴക്കൂട്ടം ജംഗ്ഷൻ പ്രദേശങ്ങളിലും പേട്ട സെക്ഷനിലെ ഒരുവാതിൽകോട്ട പ്രദേശത്തും ഇന്ന് രാവിലെ 7 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും.

തിരുവനന്തപുരം: പരുത്തിപ്പാറ സബ് സ്റ്റേഷനിൽ നിന്ന് അമ്പലമുക്ക് വരെ 11 കെ.വി.ലൈൻ വലിക്കുന്ന ജോലി നടക്കുന്നതിനാൽ പേരൂർക്കട വൈദ്യുതി സെക്ഷന് കീഴിലുള്ള അമ്പലമുക്ക്, ജലഭവൻ, അമ്പലനഗർ, ശ്രീവിലാസ് ലയിൻ ട്രാൻഫോർമറുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ ഇന്ന് രാവിലെ 9 മുതൽ വൈകിട്ട് 6 വരെ വൈദ്യുതി മുടങ്ങും.

## സാഹിത്യ പഠന ശില്പശാല

തിരുവനന്തപുരം: സാഹിതി മാതൃഭാഷാ ഗവേഷണ പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പാളയം എ.കെ.ജി സെന്ററിന് എതിർവശം സ്റ്റുഡന്റ്സ് സെന്ററിൽ നാളെ രാവിലെ 9.30 മുതൽ 4.30 വരെ സാഹിത്യ ശില്പശാല നടത്തും. സെൻട്രൽ യൂണിവേഴ്സിറ്റി മലയാള വിഭാഗം ഫാക്കൽറ്റി ഡോ.രമേശ് കുമാർ പ്രഭാഷണം നടത്തും. മലയാള സാഹിത്യം ബിരുദാനന്തര - ബിരുദ വിദ്യാർത്ഥികൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447661834

## പരിഷത്ത് പ്രവർത്തക കൺവെൻഷൻ

തിരുവനന്തപുരം: കേരള ശാസ്ത്രസാഹിത്യ പരിഷത്ത് 'സുസ്ഥിര സുരക്ഷിത നവകേരളം' കാമ്പയിന്റെ ഭാഗമായി പ്രവർത്തക കൺവെൻഷൻ നടത്തി. അട്ടക്കുളങ്ങര സെൻട്രൽ ഹയർ സെക്കൻഡറി സ്കൂൾ നടന്ന കൺവെൻഷനിൽ സംസ്ഥാന വികസന ഉപസമിതി കൺവീനർ ജോജി കൂട്ടുമ്മേൽ മുഖ്യ പ്രഭാഷണം നടത്തി. മുൻ എം.പി സി.പി. നാരായണൻ, സംസ്ഥാന നിർവാഹക സമിതിയംഗം സന്തോഷ് ഏറത്ത്, കെ.ജി. ഹരികൃഷ്ണൻ, ജില്ലാ വികസന ഉപസമിതി കൺവീനർ ആർ. ഗിരീഷ് കുമാർ, ജോയിന്റ് സെക്രട്ടറി രാജിത്, മേഖലാ സെക്രട്ടറി പ്രദീപ് ഓർക്കാട്ടേരി എന്നിവർ സംസാരിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് വി.കെ. നന്ദനൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എസ്. ജയകുമാർ ആമുഖ പ്രഭാഷണം നടത്തി.



യോഗ ചാമ്പ്യൻഷിപ്പിന്റെ സമാപന സമ്മേളനത്തിൽ വിയറ്റ്നാം താരങ്ങൾ അവതരിപ്പിച്ച ഫ്രീഫ്ലോ യോഗ ഫോട്ടോ: അജയ് മധു

## മെഡിക്കൽ കോളേജിൽ സൈനേജ് സംവിധാനം വരുന്നു

# ഇനി നിറങ്ങൾ ചൊല്ലും വഴികളിലൂടെ

▸സംഗീത് ഉള്ളൂർ

KAUMUDI SPECIAL

തിരുവനന്തപുരം: ആശുപത്രിയിലെ വിവിധ ചികിത്സാവിഭാഗങ്ങളും മറ്റും വ്യക്തമായി കണ്ടെത്താനായി ഇനി രോഗികൾക്ക് അലയേണ്ടതില്ല. ഇതിന് ശാശ്വതമായ പരിഹാരമായാണ് നിറങ്ങൾ വഴികാട്ടിയാകുന്ന സൈനേജ് സംവിധാനം മെഡിക്കൽ കോളേജിൽ യാഥാർത്ഥ്യമാക്കുന്നത്.

മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തുന്ന എല്ലാ രോഗികൾക്കും ഈ സംവിധാനം ഗുണകരമാകുമെന്നത് ഉറപ്പാണ്. ആർട്ടീരിയ ചുമർചിത്രങ്ങളുടെ ക്യുറേറ്ററും ലളിതകലാ അക്കാഡമി അവാർഡ് ജേതാവുമായ ഡോ. ആർ. അജിത്കുമാറിന്റെ മേൽനോട്ടത്തിലാണ് ആശുപത്രിയിൽ ചുമർചിത്രങ്ങളുടെയും ലൈറ്റ് ക്രമീകരണങ്ങളുടെയും ജോലി നടക്കുന്നത്.

ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. സന്തോഷ് കുമാറാണ് പുതിയ സജ്ജീകരണങ്ങൾക്ക് ചുക്കാൻപിടിക്കുന്നത്. വിവിധ ഒ.പി മുറികൾ ശീതീകരിക്കുന്ന ജോലികളും നടക്കുന്നു. രണ്ടു നിർമ്മാണത്തിന്റെയും ഔദ്യോഗിക ഉദ്ഘാടനം ഉടൻ നടക്കും.

സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളും രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി മന്ത്രി കെ.കെ. ശൈലജ നടത്തുന്ന നിരന്തര ഇടപെടലുകൾ പുതിയ സംവിധാനത്തെ തടസമില്ലാതെ നയിക്കുന്നു. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. തോമസ് മാത്യു, ആശുപത്രി സൂപ്രണ്ട് ഡോ എം.എസ്. ഷർമ്മദ്, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. ജോബിജോൺ, ആർ. എം. ഒ. ഡോ. മോഹൻ റോയ് എന്നിവരും കൃത്യമായ പദ്ധതി തയ്യാറാക്കിയതിനാൽ കാലതാമസമില്ലാതെ നിർമ്മാണങ്ങൾ പുരോഗമിക്കുകയാണ്.



മെഡിക്കൽ കോളേജ് ഒപി ബ്ലോക്കിൽ തയാറായിവരുന്ന സൈനേജ് സംവിധാനം പരീക്ഷണാർത്ഥം പ്രകാശിപ്പിച്ചപ്പോൾ

നീല........ ഒ.പി ബ്ലോക്കിലെ അസ്ഥിരോഗവിഭാഗം, പ്ലാസ്റ്റിക് സർജറി വിഭാഗം

ഓറഞ്ച്..... സർജറി വിഭാഗത്തിലേക്ക്

പച്ച...... കാർഡിയോളജി വിഭാഗത്തിലേക്ക്

### നിറങ്ങൾ നയിക്കും

വിവിധ നിറത്തിലുള്ള എൽ.ഇ.ഡി ലൈറ്റുകളാണ് ഇനി രോഗികളെ അവർക്ക് ചികിത്സ ലഭ്യമാക്കേണ്ട വിഭാഗത്തിലേക്ക് നയിക്കുന്നത്.

അതോടൊപ്പം ഓരോ നിറവും നയിക്കുന്ന ദിശയിലേക്ക് വ്യക്തമായി മനസിലാക്കാൻ ചുവർചിത്രങ്ങളും ആലേഖനം ചെയ്യുന്നുണ്ട്. ബോർഡുകളും ഇതോടൊപ്പം ഉണ്ടാകും.

### രോഗീസൗഹൃദമാക്കാൻ

ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രിയെ രോഗീസൗഹൃദമാക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ടാണ് ഇത്തരം നവീകരണങ്ങൾ നടക്കുന്നത്. വിവിധ നിറങ്ങളിലുള്ള വഴികാട്ടി ലൈറ്റുകൾ ആശുപത്രിയിലെത്തുന്ന രോഗികൾക്ക് എളുപ്പത്തിൽ ലക്ഷ്യസ്ഥാനത്തെത്തിച്ചേരാൻ സൗകര്യമൊരുക്കും. ഒപ്പം കണ്ണിനും മനസിനും കുളിർമയേകുകയും ചെയ്യും.

**8 ചെലവ് ലക്ഷം രൂപ**

## സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

തിരുവനന്തപുരം: കേരളകൗമുദി, കേരള സ്റ്റേറ്റ് ഗവ. ആയുർവേദ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ, റോട്ടറി ക്ലബ് ഒഫ് ട്രിവാൻഡ്രം സബർബൻ, ഫ്രാറ്റ് ശ്രീകാര്യം കോ-ഓർഡിനേഷൻ, ശ്രീ ഭദ്രാ റസിഡന്റ്സ് അസോസിയേഷൻ എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ചെല്ലമംഗലം വാർഡ് കൗൺസിലർ സുദർശനൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റോട്ടറി ക്ലബ് ഒഫ് ട്രിവാൻഡ്രം സബർബൻ പ്രസിഡന്റ് ജി. രാമകൃഷ്ണൻ അദ്ധ്യക്ഷനായി.

ഫ്രാറ്റ് പ്രസിഡന്റ് കരിയം വിജയകുമാർ മുഖ്യ പ്രഭാഷണം നടത്തി. കെ.എസ്.ജി.എ.എം.ഒ.എ പ്രസിഡന്റ് ഡോ. ഷർമദ് ഖാൻ, ജനറൽ സെക്രട്ടറി ഡോ. വി.ജെ. സെബി, കേരളകൗമുദി സർക്കുലേഷൻ മാനേജർ എസ്. വിക്രമൻ, റോട്ടറി ക്ലബ് ഒഫ് ട്രിവാൻഡ്രം സബർബൻ പ്രോജക്ട് ഡയറക്ടർ ഡോ. ജി. ഗോപിനാഥ്, സെക്രട്ടറി ബിജുകുമാർ, ഫ്രാറ്റ് സെക്രട്ടറി പി.എസ്. സന്തോഷ് കുമാർ, ശ്രീഭദ്രാ റസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് കെ. രാമചന്ദ്രൻ നായർ എന്നിവർ സംസാരിച്ചു. ഡോക്ടർമാരായ പ്രവീൺ ജി.എസ്, ജാക്വലിൻ എം. ബീന, ഷിജി വൽസൻ, രഞ്ജിനി, സുസ്മിത ബി.എസ്, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികളായ എസ്. മധുസുദനൻ (ഇ.കെ.ആർ.എ), ജി. ഗോപാലകൃഷ്ണൻനായർ (രക്ഷാധികാരി ഫ്രാറ്റ്), പി. രാമചന്ദ്രൻ തമ്പി (സി.വി.ആർ.എ), വി. കേശവൻകുട്ടി (പ്രസിഡന്റ് സി.ഒ.ആർ.എ.എസ്), കെ.കെ. ശ്രീനിവാസൻ, അഡ്വ.കെ. ശ്രീകുമാർ, സുരേഷ് കുമാർ, രാജ് മോഹൻ, ഗിരിജാവിജയൻ, ഗിരിജാ രാജപ്പൻ, മായൻ സുഭാഷ് ചന്ദ്രബോസ്, ലതാമധു, ഉഷാതുളസി, സൂസമ്മ മാത്യു, കൃഷ്ണകുമാരി, രഞ്ജിനി സുരേഷ്, അനുപമ, ലേഖ രാജ്മോഹൻ, സിന്ധു ആർ. നായർ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. എസ്.ബി.ആർ.എ സെക്രട്ടറി ആർ. വാസുദേവൻ നായർ സ്വാഗതവും അസി. സർക്കുലേഷൻ മാനേജർ കല എസ്.ഡി നന്ദിയും പറഞ്ഞു. കേരളകൗമുദി സർക്കുലേഷൻ എക്സിക്യൂട്ടീവുമാരായ രാജ് കുമാർ ആർ, അരുൺ പി എന്നിവർ പങ്കെടുത്തു.



കേരളകൗമുദി, കേരള സ്റ്റേറ്റ് ഗവ. ആയുർവേദ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ, റോട്ടറി ക്ലബ് ഒഫ് ട്രിവാൻഡ്രം സബർബൻ, ഫ്രാറ്റ് ശ്രീകാര്യം കോ - ഓർഡിനേഷൻ, ശ്രീ ഭദ്രാ റസിഡന്റ്സ് അസോസിയേഷൻ എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം ചെല്ലമംഗലം വാർഡ് കൗൺസിലർ സി.സുദർശനൻ നിർവഹിക്കുന്നു. ജി.രാമകൃഷ്ണൻ, എസ്.വിക്രമൻ, ഡോ.ജി.ഗോപിനാഥ്, എസ്. മധുസൂദനൻ, കരിയം വിജയകുമാർ, ആർ.വാസുദേവൻ നായർ, ഡോ.ഷർമദ്ഖാൻ, ഡോ.വി.ജെ സെബി, കെ.രാമചന്ദ്രൻ നായർ, ജി.ഗോപാലകൃഷ്ണൻ നായർ, പി.രാമചന്ദ്രൻ തമ്പി, ബിജുകുമാർ. ആർ, കല. എസ്.ഡി എന്നിവർ സമീപം



ബാർട്ടൺഹിൽ ഗവ. എൻജിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളുടെ കൂട്ടായ്മ 'വെളിച്ചം' ശ്രീ ചിത്രാ പുവർഹോമിലെ കുട്ടികൾക്കായി സംഘടിപ്പിച്ച ഉല്ലാസയാത്രയ്ക്കായി ഒത്തുകൂടിയപ്പോൾ

## കുമാരിസംഘം വാർഷിക പൊതുയോഗം

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം ഡോ. പി. പല്പു സ്മാരക യൂണിയൻ വനിതാസംഘം കുമാരിസംഘം വാർഷിക പൊതുയോഗം വനിതാസംഘം കേന്ദ്രസമിതി സെക്രട്ടറി അഡ്വ. സംഗീതാ വിശ്വനാഥന്റെ അദ്ധ്യക്ഷതയിൽ യോഗം കൗൺസിലർ വനജ വിദ്യാധരൻ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ യൂണിയൻ കൺവീനർ അനീഷ് ദേവൻ, വൈസ് പ്രസിഡന്റ് ദേവരാജ്, ഡയറക്ടർ ബോർഡ് അംഗം പി.സി. വിനോദ്, സോമസുന്ദരൻ, പ്രതീപ് കുമാർ, ശശിധരൻ, ജ്യോതിഷ്, വിജയൻ കാട്ടിൽ, ജയചന്ദ്രൻ, ഉണ്ണികൃഷ്ണൻ, അനിൽകുമാർ, അരുൺ കുമാർ, ഷിബുശശി, ഐശ്വര്യ എന്നിവർ പങ്കെടുത്തു. യൂണിയൻ ഭരണസമിതിക്ക് സ്വീകരണം നൽകുകയും മുതിർന്ന വനിതാസംഘം നേതാക്കളെ ആദരിക്കുകയും ചെയ്തു.

സെക്രട്ടറി ആശാ രാജേഷ് റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. പ്രസിഡന്റ് സതികുമാരി സ്വാഗതവും ദൃശ്യ ജയചന്ദ്രൻ നന്ദിയും പറഞ്ഞു.

## പ്രായം വെറും അക്കം മാത്രം: ഡോ. ഡി. ബാബുപോൾ

തിരുവനന്തപുരം: വാർദ്ധക്യത്തെ സന്തോഷഭരിതമാക്കാൻ പ്രായം വെറും അക്കമാണെന്ന് തിരിച്ചറിയണമെന്ന് ഡോ. ഡി. ബാബുപോൾ പറഞ്ഞു. റിട്ടയർമെന്റ് കമ്മ്യൂണിറ്റിയായ എലൈവിന്റെ 2018 ലെ ഗോൾഡൻഇയേഴ്സ് അവാർഡ്ദാനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അലൈവ് ഗോൾഡൻ ഇയേഴ്സ് അവാർഡ് ശില്പികാനായി കുഞ്ഞിരാമന് ഡോ. ഡി. ബാബുപോൾ നൽകി. ഞാൻ കലാകാരനായല്ല, മനുഷ്യനായാണ് ജീവിക്കുന്നതെന്ന് മറുപടിപ്രസംഗത്തിൽ കാനായി പറഞ്ഞു. ഡോ. ലളിത, ടോം സതർലന്റ് എന്നിവർക്കും ഡോ. ഡി. ബാബുപോൾ ഗോൾഡൻ ഇയേഴ്സ് അവാർഡുകൾ നൽകി. അലൈവ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബി.ആർ.ബി. പുത്രൻ അദ്ധ്യക്ഷനായിരുന്നു. അലൈവ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. ഷിറാസ് ബാവ സ്വാഗതവും അലൈവ് ഡയറക്ടർ ടി.കെ. രേഖ നന്ദിയും പറഞ്ഞു. ഗ്രാൻഡ് മാസ്റ്റർ ജി.എസ്. പ്രദീപ് പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട പരിപാടി അവതരിപ്പിച്ചു.



എലൈവ് ഫൗണ്ടേഷന്റെ രണ്ടാമത് എലൈവ് ഗോൾഡൻ ഇയർ അവാർഡ് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ കാനായി കുഞ്ഞിരാമന് ഡോ. ഡി. ബാബുപോൾ നൽകുന്നു. അവാർഡ് ജേതാക്കളായ ഡോ.കെ. ലളിത, ടോം സതർലാൻഡ്, എലൈവ് ഫൗണ്ടേഷൻ സി.ഇ.ഒ ബി.ആർ.ബി പുത്രൻ, സി.ഒ.ഒ ഡോ. ഷിറാസ് ബാവ, ജി. എസ്. പ്രദീപ് എന്നിവർ സമീപം



എസ്.എൻ.ഡി.പി യോഗം ഡോ. പി.പല്പു സ്മാരക യൂണിയൻ വനിതാസംഘം കുമാരിസംഘം വാർഷിക പൊതുയോഗം യോഗം കൗൺസിലർ വനജ വിദ്യാധരൻ ഉദ്ഘാടനം ചെയ്യുന്നു. വനിതാസംഘം കേന്ദ്രസമിതി സെക്രട്ടറി സംഗീതാ വിശ്വനാഥൻ, അനീഷ് ദേവൻ, ദേവരാജ്, പി.സി. വിനോദ്, സതികുമാരി, ആശാ രാജേഷ് തുടങ്ങിയവർ സമീപം

## വെൺപാലവട്ടം ക്ഷേത്രത്തിൽ കാര്യസിദ്ധിപൂജ

തിരുവനന്തപുരം : വെൺപാലവട്ടം ശ്രീ ഭഗവതി ക്ഷേത്ര ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സർവാഭിഷ്ടസിദ്ധിക്കായി നടത്തിവരുന്ന കാര്യസിദ്ധിപൂജ നാളെ രാവിലെ 9ന് ശ്രീ ഭദ്രകാളി ക്ഷേത്ര സന്നിധിയിൽ നടക്കും. എല്ലാ ഭക്തജനങ്ങളും പങ്കെടുക്കണമെന്ന് ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ ഡോ. ബിജുരമേശ് അഭ്യർത്ഥിച്ചു.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 3, 5, 9



# ഭജനമഠം വീണ്ടും നഗരസഭ പൊളിച്ചുമാറ്റി

ആറ്റിങ്ങൽ: നഗരസഭാ ഭൂമിയിലെ വിവാദമായ ഭജനമഠം രണ്ടാമതും പൊളിച്ചുനീക്കി. കൊട്ടിയോട് നിർമ്മിച്ച ഭജനമഠവും വിഗ്രഹവുമാണ് ഇന്നലെ നഗരസഭ പൊലീസ് സഹായത്തോടെ പൊളിച്ചുനീക്കിയത്. രാവിലെ ആറോടെ വൻ പൊലീസ് അകമ്പടിയോടെയാണ് കൈയേറ്റം ഒഴിപ്പിച്ചത്.

പൊലീസ് ആദ്യം ഈ മേഖലയിലേക്കുള്ള എല്ലാ റോഡുകളും അടച്ചു. തുടർന്ന് ജീവനക്കാർ ഭജനമഠം പൊളിച്ചു മാറ്റുകയായിരുന്നു. ഇവിടെ പ്രതിഷ്ഠിച്ച വിഗ്രഹവും നീക്കം ചെയ്തു. പൊളിച്ചുനീക്കിയ അവശിഷ്ടങ്ങൾ നഗരസഭയുടെ വാഹനങ്ങളിൽ സ്ഥലത്ത് നിന്നു മാറ്റി. കൊട്ടിയോട് വാർഡിൽ സംഘപരിവാർ സംഘടനാ പ്രവർത്തകരുടെ നേതൃത്വത്തിൽ ഭജനമഠം നിർമ്മിക്കുകയും ഇത് ക്ഷേത്രമാക്കി മാറ്റുകയുമായിരുന്നു.

ഭജനമഠത്തിൽ മണ്ഡലകാലത്തിന് ശേഷവും പൂജ തുടർന്നിരുന്നു. ഇത് സംബന്ധിച്ച് പരാതികളുണ്ടായതിനെ തുടർന്നാണ് മണ്ഡലകാലത്തിന് ശേഷം ഭജനമഠം പൊളിച്ച് മാറ്റണമെന്നാവശ്യപ്പെട്ട് നഗരസഭ നോട്ടീസ് നൽകിയത്. ഇതിനെതിരെ ഭജനമഠം സംഘാടകർ കോടതിയെ സമീപിച്ചു. കേസിൽ സബ് കോടതിയും ഹൈക്കോടതിയും നഗരസഭയ്ക്ക് അനുകൂലമായി വിധിച്ചു.

സെപ്തംബർ 5ന് ചേർന്ന കൗൺസിൽ യോഗം പുറമ്പോക്കിലെ എല്ലാ അനധികൃത നിർമ്മാണങ്ങളും പൊളിച്ച് മാറ്റാൻ തീരുമാനിച്ചു. തുടർന്ന് കഴിഞ്ഞ 24ന് പൊലീസിന്റെ സഹായത്തോടെ ഭജനമഠം പൊളിച്ചുമാറ്റുകയായിരുന്നു. നഗരസഭാ നടപടികൾ തടസപ്പെടുത്താനെത്തിയ 40ഓളം പേരെ സ്ഥലത്ത് നിന്നു കസ്റ്റഡിയിലെടുത്ത ശേഷമാണ് അന്ന് കൈയേറ്റം ഒഴിപ്പിച്ചത്. പ്രതിഷേധിച്ച് സംഘപരിവാർ സംഘടനകളുടെ നേതൃത്വത്തിൽ ഹർത്താൽ ആചരിച്ചിരുന്നു. അന്ന് വൈകിട്ട് കൈയേറ്റ സ്ഥലത്ത് വീണ്ടും ക്ഷേത്രം നിർമ്മിക്കുകയും പ്രതിഷ്ഠ നടത്തുകയും ചെയ്തു. ഇതിനെ തുടർന്ന് നഗരസഭ രണ്ടാമതും കൈയേറ്റം ഒഴിപ്പിക്കൽ നടപടിയാരംഭിച്ചു. പൊലീസുമായി കൂടിയാലോചിച്ച് തീരുമാനിച്ചെങ്കിലും അവസാന നിമിഷം പൊലീസ് സുരക്ഷയൊരുക്കുന്നതിൽ നിന്നു പിന്മാറി.

27ന് പുലർച്ചെ നടത്താൻ തീരുമാനിച്ച ഒഴിപ്പിക്കൽ നടപടികളാണ് തടസപ്പെട്ടത്. പൊലീസിനെതിരെ ചെയർമാൻ ഉൾപ്പെടെയുള്ളവർ പരസ്യമായി രംഗത്ത് വരുകയും മുഖ്യമന്ത്രിയെ സമീപിക്കുകയും ചെയ്തു. ഇതിന് ശേഷമാണ് പൊലീസ് സുരക്ഷയൊരുക്കാൻ തയ്യാറായത്. കളക്ടറുടെ ഉത്തരവ് ലഭിച്ചാൽ മാത്രമേ സുരക്ഷ നൽകാനാകൂവെന്ന നിലപാടാണ് പൊലീസ് സ്വീകരിച്ചത്.

ഇതനുസരിച്ച് കഴിഞ്ഞ ദിവസം കളക്ടർ ഉത്തരവ് നൽകിയതിനെ തുടർന്നാണ് ഭജനമഠം വീണ്ടും പൊളിക്കാൻ പൊലീസ് സുരക്ഷ ഒരുക്കിയത്. ഡിവൈ.എസ്.പി പി. അനിൽകുമാറിന്റെ നേതൃത്വത്തിൽ ഡിവിഷൻ പരിധിയിൽ നിന്നുള്ള വൻ പൊലീസ് സംഘത്തെ സ്ഥലത്തെത്തിച്ചായിരുന്നു സുരക്ഷ ഒരുക്കിയത്. ഇനി സ്ഥലം കൈയേറാൻ അനുവദിക്കില്ലെന്നും സ്ഥലം പൊലീസ് നിരീക്ഷണത്തിലാണെന്നും ഡിവൈ.എസ്.പി പറഞ്ഞു.



*കൊട്ടിയോട് പുറമ്പോക്ക് ഭൂമിയിലെ ഭജനമഠം വൻ പൊലീസ് സുരക്ഷയിൽ വീണ്ടും പൊളിച്ച് മാറ്റുന്നു*

## നഗരസഭ തീരുമാനം എടുത്തിരുന്നില്ല; ബി.ജെ.പി കൗൺസിലർമാർ

ആറ്റിങ്ങൽ: കൊട്ടിയോട് ഭജനമഠം പൊളിച്ചു നീക്കാൻ നഗരസഭ കൗൺസിലിൽ തീരുമാനം എടുത്തിരുന്നില്ലെന്ന് ബി.ജെ.പി കൗൺസിലർമാരായ സന്തോഷ്, പദ്മനാഭൻ എന്നിവർ പറഞ്ഞു.

വിവിധ ഭാഗങ്ങളിലെ ഒഴിപ്പിക്കുന്ന കൈയേറ്റങ്ങളുടെ ലിസ്റ്റിൽ ഭജനമഠം ഉൾപ്പെടുത്തിയിരുന്നില്ല. കൗൺസിലിൽ അങ്ങനെയൊരു വിഷയം ചർച്ച ചെയ്തിരുന്നുമില്ല. നഗരസഭാ തീരുമാനപ്രകാരമാണ് ഭജനമഠം പൊളിച്ചതെന്ന ചെയർമാന്റെ വാദം സത്യപ്രതിജ്ഞാ ലംഘനമാണെന്നും അവർ പറഞ്ഞു. തങ്ങളുടെ കൂടി തീരുമാന പ്രകാരമാണ് നടപടിയെടുത്തതെന്ന ചെയർമാന്റെ വാദം രാഷ്ട്രീയ പ്രേരിതമാണെന്നും ഇതിനെതിരെ പരാതി നൽകുമെന്നും ബി.ജെ.പി കൗൺസിലർമാർ പറഞ്ഞു.

## ആസൂത്രിത ലക്ഷ്യം: ഹിന്ദു ഐക്യവേദി

**ഇന്ന് കച്ചേരി ജംഗ്ഷനിൽ സത്യാഗ്രഹം നടത്തും**

ആറ്റിങ്ങൽ: കൊട്ടിയോട് ഭജനമഠം തകർത്തത് ആസൂത്രിതമായെന്ന് ഹിന്ദു ഐക്യവേദി സംസ്ഥാന സെക്രട്ടറി കിളിമാനൂർ സുരേഷ് പറഞ്ഞു.

സ്വകാര്യവസ്തുവിൽ നിർമ്മിച്ച ഭജനമഠം പൊളിച്ചത് തെറ്റാണ്. കൊട്ടിയോട് യാതൊരു വികസന പ്രവർത്തനവും ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. സർക്കാർ ഭൂമി സ്വകാര്യ ബിസിനസ് ഗ്രൂപ്പ് കൈയേറിയിട്ടും അത് കണ്ടില്ലെന്ന് നടിക്കുന്ന ചെയർമാൻ ഭജനമഠം ഒഴിപ്പിച്ചത് വർഗീയ കലാപം സൃഷ്ടിക്കാനാണോ എന്ന് സംശയമുണ്ട്.

നഗരസഭയുടെ നടപടിക്കെതിരെ ഇന്ന് രാവിലെ 10 മുതൽ അഞ്ച് വരെ കച്ചേരി നടയിൽ സത്യാഗ്രഹം നടത്തുമെന്ന് ഭാരവാഹികൾ പറഞ്ഞു.

വിവിധ സംഘപരിവാർ സംഘടനകൾ പ്രതിഷേധ പരിപാടികളിൽ പങ്കെടുക്കും. കൊട്ടിയോട് ഭജനമഠം തകർത്തതിനെതിരെ നിയമ പോരാട്ടവും രാഷ്ട്രീയ പോരാട്ടവും നടത്തുമെന്ന് കിളിമാനൂർ സുരേഷ് അറിയിച്ചു.

## കൈയേറ്റം പൊളിച്ചു മാറ്റും: ചെയർമാൻ

ആറ്റിങ്ങൽ: എന്ത് കൈയേറ്റമായാലും ശക്തമായി നേരിടുമെന്നും വീരളം ക്ഷേത്രത്തിന് സമീപമുള്ള കൈയേറ്റ ഭൂമിയുൾപ്പെടെ ഒഴിപ്പിക്കുന്നതിനുള്ള നടപടി ഉടൻ ആരംഭിക്കുമെന്നും ചെയർമാൻ എം. പ്രദീപ് പത്രക്കുറിപ്പിൽ പറഞ്ഞു.

ദൈവത്തിന്റെ പേര് പറഞ്ഞ് നഗരത്തിലെ വികസന പ്രവർത്തനങ്ങളെ തടയാനുള്ള ബോധപൂർവമായ ശ്രമമാണ് ബി.ജെ.പിയും ആർ.എസ്.എസും നടത്തുന്നത്. എ.സി.എ.സി നഗറിലെ ഹരിശ്രീ കുളത്തിന് സമീപമുള്ള സ്ഥലത്ത് മിനി കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാനുള്ള നഗരസഭയുടെ ശ്രമത്തെ ഭജനമഠത്തിന്റെ പേര് പറഞ്ഞ് തടയാൻ ശ്രമം നടന്നിരുന്നു. ഹാൾ അടുത്ത മാസം ഉദ്ഘാടനം ചെയ്യും. മൂന്നുമുക്ക് ജംഗ്ഷനിൽ ഡോ.എ. സമ്പത്ത് എം.പിയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കാൻ ആരംഭിച്ചപ്പോൾ ഇതേ സംഘം അത് തടസപ്പെടുത്തി. അവസാനം അവർക്ക് അത് ഉപേക്ഷിക്കേണ്ടി വന്നു. കൊട്ടിയോടും വികസനത്തിന് തടസമുന്നയിച്ചത് ഭജനമഠത്തിന്റെ പേര് പറഞ്ഞായിരുന്നു. വീരളം ക്ഷേത്രത്തിന് സമീപമുള്ള വസ്തുവിൽ വനിതാ ഹോസ്റ്റൽ നിർമ്മിക്കാൻ നഗസഭ തീരുമാനിച്ചപ്പോൾ അതിനെതിരെ ഇവർ കോടതിയെ സമീപിച്ചു.

കോടതിവിധി നഗരസഭയ്ക്ക് അനുകൂലമായതോടെ അവിടെ ഗണപതി വിഗ്രഹം സ്ഥാപിച്ച് സ്ഥലം കൈയേറുകയായിരുന്നു. എന്നാൽ ഒരു സ്വകാര്യ വ്യക്തി ഇവിടെ വനിതാ ഹോസ്റ്റൽ നടത്തിയിരുന്നപ്പോൾ ഇവർ എതിർത്തതുമില്ല. ആരുടെ ഭീഷണിയും അംഗീകരിച്ചുകൊടുക്കില്ല. കൈയേറ്റം ആര് നടത്തിയാലും അത് ഒഴിപ്പിക്കുമെന്നും ചെയർമാൻ പറഞ്ഞു.

### കളക്ടർ ഏറ്റെടുക്കണം

ആറ്റിങ്ങൽ: കൊട്ടിയോട് ഭജനമഠം പൊളിച്ച സ്ഥലം കളക്ടർ ഏറ്റെടുത്ത് സർക്കാർ ഭൂമിയായി സംരക്ഷിക്കണമെന്ന് ഡി.സി.സി ജനറൽ സെക്രട്ടറി പി. ഉണ്ണിക്കൃഷ്ണൻ ആവശ്യപ്പെട്ടു. കഴിഞ്ഞ 15 വർഷത്തിനിടെ നഗരസഭയുടെ 4.5 ഏക്കർ ഭൂമി സ്വകാര്യ വ്യക്തികളും സംഘടനകളും കൈയേറിയിട്ടുള്ളതിന് രേഖയുണ്ട്. കൈയേറ്റത്തിന് കൂട്ടുനിന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

## ലയൺസ് ക്ലബിന്റെ വയോജന ദിനാചരണം ഇന്ന്

തിരുവനന്തപുരം: ലയൺസ് ക്ലബ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318എയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തും കൊല്ലത്തും ഇന്ന് വയോജനദിനാചരണം നടക്കും. തിരുവല്ലത്തെ ലയൺസ് ഭവനിൽ ജീവിതവിജയം നേടിയ മുതിർന്ന പൗരൻമാരെ പരിചയപ്പെടുന്നതിനും അനുമോദിക്കുന്നതിനുമായി സെലിബ്രിറ്റി സീനിയോറിട്ടി എന്ന കുടുംബസദസ് രാവിലെ 9ന് നടക്കും. മുൻ ഇന്റർനാഷണൽ ഡയറക്ടർ ആർ. മുരുകൻ ഉദ്ഘാടനം ചെയ്യും.

മെഡിക്കൽ കോളേജ് ആശുപത്രി ആർ.എം.ഒ ഡോ. മോഹൻ റോയി മുഖ്യപ്രഭാഷണം നടത്തും. ഉച്ചയ്ക്ക് 3വരെ സൗജന്യ തൈറോയിഡ് - പ്രമേഹനിർണയ ക്യാമ്പും സംഘടിപ്പിച്ചിട്ടുണ്ട്. കൊല്ലം കടപ്പാക്കട സ്പോർട്സ് ക്ലബ് ഹാളിൽ വൈകിട്ട് 6ന് നടക്കുന്ന വയോജനദിനാചരണ പരിപാടികൾ മേയർ വി. രാജേന്ദ്രബാബു ഉദ്ഘാടനം ചെയ്യും.

സ്വാതന്ത്ര്യസമരസേനാനികളെയും മുതിർന്ന പൗരൻമാരെയും ആദരിക്കുന്ന ചടങ്ങിൽ റിട്ട. ഡി.ജി.പി ഡോ. അലക്സാണ്ടർ ജേക്കബ് മുഖ്യപ്രഭാഷണം നടത്തും.

ഡിസ്ട്രിക്ട് ഗവർണർ ജോൺ ജി.കൊട്ടറ, ലയൺസ് ഫൗണ്ടേഷൻ കേരളയുടെ എക്സിക്യൂട്ടിവ് ഡയറക്ടർ ജി. ഹരിഹരൻ, വൈസ് ഗവർണർമാരായ എ.ജി. രാജേന്ദ്രൻ, വി. പരമേശ്വരൻകുട്ടി, കാബിനറ്റ് സെക്രട്ടറിമാരായ ആർ. രാധാകൃഷ്ണൻ നായർ, ടി. ബിജുകുമാർ, ജോർജ് വർഗീസ്, വി.എം. പ്രദീപ്, ഡോ.എ.കണ്ണൻ, വി. അനിൽകുമാർ, ഡിസ്ട്രിക്ട് ചെയർമാൻ ആർ. വിജയരാജൻ, കെ.എസ്. ജയൻ എന്നിവർ സംസാരിക്കും.

## വെൺപാലവട്ടം ക്ഷേത്രത്തിൽ കാര്യസിദ്ധിപൂജ

തിരുവനന്തപുരം : വെൺപാലവട്ടം ശ്രീ ഭഗവതി ക്ഷേത്ര ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സർവാഭിഷ്ടസിദ്ധിക്കായി നടത്തിവരുന്ന കാര്യസിദ്ധിപൂജ നാളെ രാവിലെ 9ന് ശ്രീ ഭദ്രകാളി ക്ഷേത്ര സന്നിധിയിൽ നടക്കും. എല്ലാ ഭക്തജനങ്ങളും കാര്യസിദ്ധിപൂജയിൽ പങ്കെടുക്കണമെന്ന് ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ ഡോ. ബിജുരമേശ് അഭ്യർത്ഥിച്ചു.

## ട്രെയിനിൽ മോഷണം നടത്തുന്ന പ്രതികൾ പിടിയിൽ

പാറശാല: ട്രെയിനിൽ രാത്രികാലങ്ങളിൽ മോഷണം നടത്തുന്ന രണ്ടുപേർ പിടിയിൽ. ഉദിയൻകുളങ്ങര, പളുകൽ എന്നിവിടങ്ങളിലെ പ്രായപൂർത്തിയാകാത്ത യുവാക്കളാണ് പാറശാല റെയിൽവേ പൊലീസിന്റെ പിടിയിലായത്. ട്രെയിനിൽ കയറി ബാഗുകളും മറ്റും മോഷ്ടിച്ചെടുത്ത് കടക്കാറാണ് ഇവരുടെ പതിവ്. സംഘത്തിലെ മറ്റു പ്രതികൾക്കായി തെരച്ചിൽ ആരംഭിച്ചിട്ടുണ്ട്.

പ്രതികൾ മോഷ്ടിച്ചെടുത്ത മൊബൈൽ ഫോണുകളും മറ്റും കണ്ടെടുത്തി. പാറശാല റെയിൽവേ പൊലീസ് സ്റ്റേഷനിലെ എസ്.ഐ ശ്രീകുമാരൻ നായർ, എ.എസ്.ഐമാരായ ഷിബുകുമാർ, ഗോപാല കൃഷ്ണൻ, എസ്.സി.പി.ഒ ശിവകുമാർ എന്നിവരുടെ നേതൃത്വത്തിലാണ് പ്രതികളെ പിടികൂടിയത്. അറസ്റ്റിലായവരെ തിരുവനന്തപുരം ജുവനൈൽ കോടതിയിൽ ഹാജരാക്കും.


ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ

ഓരോ വോട്ടും വിലപ്പെട്ടതാണ്

സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ 2019

2019 ജനുവരി ഒന്നിനോ അതിനു മുൻപോ 18 വയസ്സ് പൂർത്തിയാകുന്ന യുവതിയുവാക്കൾക്ക് സംസ്ഥാനത്തെ നിയമസഭാമണ്ഡലങ്ങളുടെ വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് ഇപ്പോൾ അപേക്ഷിക്കാം

അപേക്ഷിക്കേണ്ട തിയതി 2018 ഒക്ടോബർ 1 മുതൽ നവംബർ 15 വരെ

അപേക്ഷകൾ www.nvsp.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കാം

അടുത്തുള്ള അക്ഷയകേന്ദ്രങ്ങളിൽ നിന്നും അപേക്ഷ സമർപ്പിക്കാം

പുതിയ താമസസ്ഥലത്തു പേര് ചേർക്കുന്നതിനും പട്ടികയിൽ നിലവിലുള്ള വോട്ടർമാരുടെ വിവരങ്ങളിൽ എന്തെങ്കിലും തെറ്റുകളുണ്ടെങ്കിൽ തിരുത്തുന്നതിനും അവസരം ഉണ്ടായിരിക്കും

വിവരങ്ങൾക്ക് ടോൾഫ്രീ നമ്പർ : **1950** വിളിക്കു

ceokerala ceokerala ceokerala

മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ, കേരളം


## ഹോം ഫർണിച്ചർ ആൻഡ് ലൈഫ്‌സ്റ്റൈൽ എക്സ്പോയിൽ തിരക്കേറുന്നു

തിരുവനന്തപുരം: വീടിന്റെ അകത്തളങ്ങൾ മനോഹരമായ ഫർണിച്ചറുകൾകൊണ്ട് ആകർഷകമാക്കാൻ ആഗ്രഹിക്കുന്നവർക്ക് ഫർണിച്ചറുകൾ ഇനി ഇഷ്ടാനുസരണം തിരഞ്ഞെടുക്കാം. ഗുണനിലവാരമുള്ള ഫർണിച്ചറുകളുടെ വിപുലമായ ശേഖരവുമായി ചെന്നൈ ആസ്ഥാനമായുള്ള ടേൺ കീ ഇവന്റ്സ് ശ്രീമൂലം ക്ലബിൽ സംഘടിപ്പിച്ചിരിക്കുന്ന ഹോം ഫർണിച്ചർ ആൻഡ് ലൈഫ്‌സ്റ്റൈൽ എക്സ്പോയിൽ തിരക്കേറുന്നു.

പ്രമുഖ ബ്രാൻഡുകളുടെ വൈവിദ്ധ്യമായ വീട്ടുപകരണങ്ങളും എക്സ്പോയിൽ നിന്നും സ്വന്തമാക്കാം. 50 ശതമാനം വിലക്കിഴിവിനൊപ്പം എക്സ്ചേഞ്ച് ഓഫറും എക്സ്പോയുടെ മുഖ്യ ആകർഷണമാണ്. പഴയ ഫർണിച്ചറുകളും എക്സ്ചേഞ്ചിലൂടെ മാറ്റിവാങ്ങാം. ഗുണനിലവാരമുള്ള കട്ടിലുകൾ, കിടക്കകൾ, സോഫാ, ടേബിൾ തുടങ്ങിയ ഫർണിച്ചറുകളുടെ നീണ്ട നിരയാണ് എക്സ്പോയിലുള്ളത്.

ഗൃഹോപകരണങ്ങൾ, സ്ത്രീകൾക്കായി ഫാഷൻ ജൂവലറി, വസ്ത്രങ്ങൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. ലോൺ സൗകര്യവും എക്സ്പോയിൽ ലഭ്യമാണ്. രാജസ്ഥാൻ, ജയ്പൂർ വസ്ത്രങ്ങൾ, കുടുംബശ്രീ ഉത്പന്നങ്ങൾ, കൊതിയൂറുന്ന പാലക്കാടൻ കർക്കണ്ടം, അച്ചാറുകൾ, കോഴിക്കോടൻ അലുവ എന്നിവയുടെ സ്റ്റാളുകളും ഒരുക്കിയിട്ടുണ്ട്. എക്സ്പോ ബുധനാഴ്ച സമാപിക്കും. രാവിലെ 10.30 മുതൽ രാത്രി 9 വരെയാണ് പ്രവേശനം.



*ശ്രീമൂലം ക്ലബിൽ നടക്കുന്ന മേളയിൽ നിന്ന്*




| ഓഹരി വിപണി | | | |
|---|---|---|---|
| 97.03 ↓ | സെൻസെക്സ് | 36227.14 | |
| 47.1 ↓ | നിഫ്റ്റി | 10930.45 | |

| സ്വർണം | |
|---|---|
| പവൻ (8ഗ്രാം) | 22,760 |
| ഒരു ഗ്രാം | 2845 |

# ഓഹരിയിലെ അസ്ഥിരത: നിങ്ങൾ എന്ത് ചെയ്യണം



ശ്രീവത്സൻ മേനോൻ

*"ഞാൻ ഒരിക്കലും ഓഹരി വിപണിയിൽ നിന്ന് അതിവേഗം പണമുണ്ടാക്കാൻ നോക്കാറില്ല. ഞാനൊരു സ്റ്റോക്ക് വാങ്ങുമ്പോൾ മനസിൽ ചിന്തിക്കുന്നത് ഓഹരി വിപണി നാളെ അടച്ച്, അടുത്ത അഞ്ച് വർഷത്തേക്ക് തുറക്കില്ല എന്നാണ്"*

- വാറൻ ബഫറ്റ്

പ്രഗത്ഭനായ നിക്ഷേപകൻ വാറൻ ബഫറ്റിന്റെ വാക്കുകളാണിത്. ഓഹരി വിപണിയിൽ ശക്തമായ ഏറ്റക്കുറച്ചിലുകൾ കാണിക്കുമ്പോൾ ഈ വാക്കുകൾ എത്രത്തോളം പ്രായോഗികമാണെന്ന് നമുക്ക് നോക്കാം. ആഭ്യന്തരവും അല്ലാതെയും ഒട്ടേറെ കാരണങ്ങളാൽ സെൻസെക്സും നിഫ്റ്റിയും രണ്ടുമാസത്തോളമായി വലിയ ചാഞ്ചാട്ടം കാണിക്കുന്നു.

*'നിക്ഷേപകർക്ക് രണ്ടുലക്ഷം കോടി രൂപ നഷ്ടപ്പെട്ടു; വിപണി കൂടുതൽ തകർച്ചയിലേക്ക്'* തുടങ്ങിയ വാർത്തകൾ കാണുമ്പോൾ പരിഭ്രാന്തിയുമുണ്ടാകും. നിക്ഷേപകർ മനസിലാക്കേണ്ട ചില കാര്യങ്ങളുണ്ട്. ഒന്ന്, എല്ലാ നിക്ഷേപവും റിസ്കുള്ളതാണ്. കൂടുതൽ വരുമാനമോ ലാഭമോ ഉണ്ടെങ്കിൽ റിസ്കും അധികമാണെന്ന് അർത്ഥം.

രണ്ട്, നിക്ഷേപകന്റെ മനോഗതിയാണ് ഓരോ നിക്ഷേപത്തിന്റെയും ഗതി നിർണയിക്കുന്നത്. പലരും, ഭൂതകാലത്തിൽ ലഭിച്ച നേട്ടങ്ങൾ ഒരു നിമിഷം കൊണ്ട് മറക്കും - ഒരൊറ്റ തകർച്ച ഉണ്ടായാൽ.

ഉദാഹരണത്തിന്, സെൻസെക്സ് കഴിഞ്ഞ ആഗസ്റ്റിൽ 38,896 പോയിന്റ് ആയിരുന്നു. ഇപ്പോൾ 36,227ലാണുള്ളത്. 2017 ഒക്ടോബറിൽ 31,283 പോയിന്റിലായിരുന്ന സൂചിക. 2013ൽ ഇത് വെറും 19,270 ആയിരുന്നു. നിക്ഷേപകർ 100 ശതമാനം നേട്ടമുണ്ടാക്കിയെന്ന് പൊതുവായി പറയാം. ഇക്കാലയളവിൽ ഒട്ടേറെ ലക്ഷാധിപതികളും കോടീശ്വരന്മാരും ഉണ്ടായി. അപ്പോൾ, എത്രത്തോളം നിക്ഷേപിച്ച് ക്ഷമയോടെ കാത്തിരിക്കുന്നുവോ, അത്രയും നേട്ടം ലഭിക്കാൻ അവസരങ്ങളുണ്ടാവുന്നു.

## വിപണിയിലെ അസ്ഥിരത

ഓഹരി വിപണിയിലെ അസ്ഥിരതയുടെ മുഖ്യ അടയാളം കനത്ത വ്യവഹാരത്തിനിടെ ഉണ്ടാകുന്ന വിലയിലെ ഏറ്റക്കുറച്ചിലുകളാണ്. ഈ ഏറ്റക്കുറച്ചിലുകൾ നിങ്ങളുടെ നിക്ഷേപ പദ്ധതികളെ ബാധിക്കരുത്. ഓഹരിയിൽ നിക്ഷേപിക്കാൻ ഒരു മാതൃക നോക്കാം:

നിങ്ങളുടെ പ്രായത്തിനെ 100ൽ നിന്ന് കുറച്ച്, അത്രയും ശതമാനം (35 വയസുള്ള ആൾ 65%) നിക്ഷേപിക്കുന്നത് നിങ്ങൾക്ക് തുടരാവുന്നതാണ്. നിങ്ങളുടെ നിക്ഷേപ രൂപരേഖ 25-30 വർഷമാണെങ്കിൽ, വിപണിയിലെ ചാഞ്ചാട്ടം ഒരു നിലയ്ക്കും നിങ്ങളെ ബാധിക്കരുത്.

വിദഗ്ദ്ധ ഉപദേശത്തോടെ നിക്ഷേപം തുടരുക. പക്ഷേ, നിങ്ങൾ 5-7 വർഷത്തേക്കാണ് നിക്ഷേപിക്കുന്നതെങ്കിൽ, ശ്രദ്ധിക്കണം. കാരണം, ഓരോ 3-5 വർഷത്തിൽ വിപണി ഒരു ചക്രം (ആവൃത്തി) പൂർത്തിയാക്കും. ഈ സമയത്തിനകം, വിപണി അടുത്ത പുതിയ ഉയരത്തിലേക്ക് ചേക്കേറും. റുപ്പി കോസ്റ്റ് ആവറേജിംഗ് എന്ന പ്രമാണം ഇവിടെ ബാധകമാണ്. അതുകൊണ്ട്, അഞ്ചുവർഷം ഒരു ചെറിയ സമയമാണ് - നിങ്ങളുടെ നിക്ഷേപത്തിന് പക്വത വരാനും ലാഭമുണ്ടാകാനും.

## പരിഭ്രാന്തി വേണ്ട!

ഊഹാപോഹങ്ങളോ അനുമാനങ്ങളോ വച്ച് ഉപയോഗിച്ച് ഓഹരി വാങ്ങുകയോ വില്ക്കുകയോ ചെയ്യരുത്. സ്വന്തം പോർട്ട്ഫോളിയോയിലെ ഓഹരികൾ ഒന്നുകൂടി വിലയിരുത്തുക - ചില ഓഹരികൾ നല്ല ദൃഢമായതാവാം. അവ വില്ക്കരുത്. ചില ഓഹരികൾ തത്കാല സമയത്തിനാണ് വാങ്ങിയതെങ്കിൽ പൂർണമായി വില്ക്കുകയോ കുറയ്ക്കുകയോ ചെയ്യാം. ഇത് നിങ്ങളുടെ പോർട്ട്ഫോളിയോ പുനഃസംഘടിപ്പിക്കാനുള്ള അവസരമാണത്.



## എസ്.ഐ.പി നിറുത്തരുത്, കുറയ്ക്കരുത്

ക്രമാനുസൃതമായ നിക്ഷേപമാണ് എസ്.ഐ.പി. ഇത് 20-30 വർഷം തുടർച്ചയായി മ്യൂച്വൽ ഫണ്ട് വഴിയോ ഇക്വിറ്റി ഫണ്ട് വഴിയോ ചെയ്താൽ നിങ്ങൾക്ക് വലിയൊരു തുക നിക്ഷേപമായി സ്വരൂപിക്കാം. ഒരു ചെറിയ തുകയിൽ തുടങ്ങി, സ്വന്തം വരുമാനത്തിന് അനുസരിച്ച് തുടർച്ചയായി നിക്ഷേപിക്കുമ്പോൾ നിങ്ങൾ വിപണിയിലെ ഏറ്റക്കുറച്ചിലുകൾ അതിജീവിക്കും.

കാരണം, എല്ലാ 3-5 വർഷം കഴിയുമ്പോഴും ഓരോ ആവൃത്തി പൂർത്തിയാക്കുമ്പോഴും നിങ്ങളുടെ തുക (നിക്ഷേപവും അതിനു കിട്ടിയ ഡിവിഡന്റ്/ബോണസ്), നിക്ഷേപിച്ച തുകയേക്കാൾ മുകളിൽ വന്നിരിക്കും. 30 വർഷം മുമ്പ് ഒരു ലക്ഷം രൂപ മ്യൂച്വൽ ഫണ്ടിൽ നിക്ഷേപിച്ച ഒരാൾക്ക് ഇന്ന് നാലു കോടി രൂപയ്ക്കുമേൽ ലഭിക്കുന്നുണ്ട്.

## സാഹസികത അരുത്

വിപണി തകരുമ്പോൾ പല ഓഹരികളുടെയും വില ആകർഷകമായി തോന്നാം. പക്ഷേ, 'വാല്യു ബൈ' എന്ന ആശയം സാധാരണ നിക്ഷേപകന് മനസിലാക്കാൻ ബുദ്ധിമുട്ടാണ്. ചിലപ്പോൾ അത് 'വാല്യു ട്രാപ്' ആയിമാറാം. നിങ്ങൾ ഇഷ്ടപ്പെട്ട് വാങ്ങിയ ഓഹരി തകർന്നടിയുന്നത് കാണേണ്ടിവരും.

വലിയ ഏറ്റക്കുറച്ചിലുകൾ ഉള്ളപ്പോൾ ഒരു പ്രത്യേക മേഖലയിലെ ഓഹരി വാങ്ങുകയോ കൂടുതൽ നിക്ഷേപം നടത്തുകയോ ചെയ്യരുത്. അറിയാത്ത ഓഹരികൾ വാങ്ങാതിരിക്കുക. കടംമേടിച്ചോ മാർജിൻ റിസ്ക് എടുത്തോ നിക്ഷേപിക്കരുത്. പൂർവസ്ഥിതി പ്രാപിക്കാനുള്ള നൈസർഗിക കഴിവാണ് നിങ്ങൾക്ക് വേണ്ടത്. നേട്ടങ്ങൾ സ്വാഭാവികമായും നിങ്ങൾക്ക് വന്നുചേരും.

*(ലേഖകൻ പത്രപ്രവർത്തകനും സാമ്പത്തിക ഉപദേഷ്ടാവുമാണ്)*

---

■ കെ.ടി.എം ടൂറിസം മേള സമാപിച്ചു

# ടൂറിസത്തിന്റെ കരുത്തിൽ കേരളം മുന്നോട്ട്

അനിൽകുമാർ ശർമ്മ

കൊച്ചി: നിപ്പ, പ്രളയക്കെടുതി എന്നിവമൂലം വൻ തിരിച്ചടി നേരിട്ട കേരളത്തിന്റെ ടൂറിസം മേഖലയ്ക്ക് പുത്തനുണർവ് പകർന്ന് കേരള ട്രാവൽ മാർട്ടിന്റെ പത്താം പതിപ്പ് കൊച്ചിയിൽ സമാപിച്ചു. എറണാകുളം വെല്ലിംഗ്ടൺ ഐലൻഡിലെ സമുദ്രിക, സാഗരിക കൺവെൻഷൻ സെന്ററുകളിൽ മൂന്നു ദിവസമായി നടന്ന മേളയിൽ 593 വിദേശ ബയർമാരുടെ 1,600 ബയർമാരും 450 സെല്ലർമാരുമാണ് പങ്കെടുത്തത്.



*കേരള ട്രാവൽ മാർട്ട് - 2018 ടൂറിസം മേളയിൽ ഇന്നലെ അനുഭവപ്പെട്ട സന്ദർശകരുടെ തിരക്ക്. സമാപന ദിനമായ ഇന്നലെ പൊതുജനങ്ങൾക്ക് സൗജന്യ പ്രവേശനം അനുവദിച്ചിരുന്നു.*

35,000 ബി2ബി കൂടിക്കാഴ്ചകൾ ഇക്കുറി കെ.ടി.എമ്മിൽ നടന്നു. ഇതിൽ 15,000 വിദേശ ബയർമാർ ഉൾപ്പെട്ടവയാണ്. വിദേശികൾ ഉൾപ്പെട്ട ബി2ബി കൂടിക്കാഴ്ചയിൽ ഇക്കുറി 125 ശതമാനം വർദ്ധനയുണ്ടായി. പ്രളയംമൂലം പ്രതിസന്ധിയിലായ കേരള ടൂറിസത്തിന് കൂടുതൽ കരുത്തോടെ തിരിച്ചുവരാൻ കെ.ടി.എം മേള സഹായകമായെന്ന് കേരള ടൂറിസം സെക്രട്ടറി റാണി ജോർജ് പറഞ്ഞു.

കേരളത്തെ കുറിച്ച് സഞ്ചാരികൾക്കുള്ള കാഴ്ചപ്പാട് മാറ്റാൻ മേളയ്ക്ക് സാധിച്ചു. ടൂർ പാക്കേജ് റദ്ദാക്കൽ നിരക്ക് പ്രളയകാലത്ത് 80 ശതമാനത്തോളമായിരുന്നു. ഇപ്പോൾ, റദ്ദാക്കിയ പാക്കേജുകളൊക്കെ തിരിച്ചുവരികയാണ്. മികച്ച സൗകര്യമുള്ള, വിശാലമായ സ്ഥിരം വേദി കെ.ടി.എമ്മിനായി കണ്ടെത്തണമെന്നും റാണി ജോർജ് പറഞ്ഞു.

കെ.ടി.എം - 2018ലൂടെ നിരവധി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ സാധിച്ചുവെന്ന് കെ.ടി.എം സൊസൈറ്റി പ്രസിഡന്റ് ബേബി മാത്യു പറഞ്ഞു. ഈജിപ്ഷ്യൻ ശൈലിയിലൊരുക്കിയ, കേരളത്തിന്റെ ആദ്യ ക്രൂസ് ഷിപ്പ് നെഫർറ്റിറ്റി ഒക്ടോബറിൽ യാത്ര തുടങ്ങും. ജഡായുപാറ പദ്ധതി, ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഹെലികോപ്റ്റർ സർവീസ്, മലബാറിലെ ഏഴ് നദികളെ ബന്ധിപ്പിച്ച് റിവർ ക്രൂസ് പദ്ധതി, ഉത്തരവാദിത്ത ടൂറിസം മിഷൻ എന്നിവയാണവ.

കേരളത്തിലെ സെല്ലർമാർക്ക് ഉത്പന്നങ്ങൾ അന്താരാഷ്ട്ര തലത്തിൽ പരിചയപ്പെടുത്താൻ കെ.ടി.എം അവസരമൊരുക്കിയെന്ന് മുൻ പ്രസിഡന്റും കേന്ദ്ര ടൂറിസം ഉപദേശക സമിതിയംഗവുമായ എബ്രഹാം ജോർജ് പറഞ്ഞു. കെ.ടി.എം 2020 പ്ലാസ്റ്റിക് വിമുക്തമായി സംഘടിപ്പിക്കുമെന്ന് കെ.ടി.എം സെക്രട്ടറി ജോസ് പ്രദീപ് പറഞ്ഞു. പ്രളയബാധിതമായ പത്ത് ഗ്രാമങ്ങളെ ഉത്തരവാദിത്ത ടൂറിസത്തിൽ ഉൾപ്പെടുത്തുമെന്ന് ആർ.ടി. മിഷൻ ഡയറക്ടർ കെ. രൂപേഷ് കുമാർ പറഞ്ഞു.

നേരിട്ടും പരോക്ഷമായും 30,000ഓളം പേർക്ക് ഉത്തരവാദിത്ത ടൂറിസം തൊഴിൽ ലഭ്യമാക്കുന്നുണ്ട്. ഇത് ഒരുലക്ഷമായി ഉയർത്തുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. പ്രളയക്കെടുതിയുടെ വ്യാപ്തി, ദുരിതം തരണം ചെയ്യാൻ കേരളീയർ ഒത്തൊരുമിച്ച് നടത്തിയ പ്രയത്നം എന്നിവ തുറന്നുകാട്ടി സംഘടിപ്പിച്ച കെ.ടി.എം ടൂറിസം മേള, കേരളത്തിന്റെ സത്പേര് ഉയർത്തിയെന്ന് കേരള ടൂറിസം ഡയറക്ടർ ബാലകിരൺ പറഞ്ഞു.

---

# കല്യാൺ ജുവലേഴ്സ് ന്യൂഡൽഹി ഷോറൂം തുറന്നു

കൊച്ചി: വടക്കേ ഇന്ത്യയിലെ ഏറ്റവും വലിയ ഷോറൂം എന്ന പെരുമയോടെ, കല്യാൺ ജുവലേഴ്സിന്റെ ന്യൂഡൽഹി സൗത്ത് എക്സ്റ്റൻഷനിലെ പുതിയ ഷോറൂം പ്രവർത്തനം ആരംഭിച്ചു. ബ്രാൻഡ് അംബാസഡർ അമിതാഭ് ബച്ചൻ, പത്നി ജയ ബച്ചൻ, മകൾ ശ്വേത ബച്ചൻ നന്ദ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. കല്യാൺ ജുവലേഴ്സ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ടി.എസ്. കല്യാണരാമൻ, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ രാജേഷ് കല്യാണരാമൻ, രമേഷ് കല്യാണരാമൻ തുടങ്ങിയവർ സംബന്ധിച്ചു.



*കല്യാൺ ജുവലേഴ്സിന്റെ ന്യൂഡൽഹി സൗത്ത് എക്സ്റ്റൻഷനിലെ പുതിയ ഷോറൂം ബ്രാൻഡ് അംബാസഡർ അമിതാഭ് ബച്ചൻ, പത്നി ജയ ബച്ചൻ, മകൾ ശ്വേത ബച്ചൻ നന്ദ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു. കല്യാൺ ജുവലേഴ്സ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ടി.എസ്. കല്യാണരാമൻ, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ രാജേഷ് കല്യാണരാമൻ, രമേഷ് കല്യാണരാമൻ എന്നിവർ സമീപം.*

രണ്ടുനിലകളിലായി ഒരുക്കിയ ഷോറൂം ഉപഭോക്താക്കൾക്ക് മികച്ച ഷോപ്പിംഗ് അനുഭവം സമ്മാനിക്കും. വിശാലമായ കാർ പാർക്കിംഗ് ഏരിയയുമുണ്ട്. 2018ലെ ധൻതേരസ് ഓഫറും ഷോറൂമിൽ ലഭ്യമാണ്. 20,000 രൂപയ്ക്കുമേൽ പർച്ചേസ് നടത്തുമ്പോൾ സ്ക്രാച്ച് ആൻഡ് വിൻ ഓഫറിലൂടെ 500 സ്വർണനാണയങ്ങൾ വരെ നേടാം. 25,000 രൂപയ്ക്കുമേലുള്ള വജ്രം, സോളിറ്റയർ, പോൾകി, പ്രഷ്യസ് സ്റ്റോൺ എന്നിവ വാങ്ങുമ്പോഴും സ്വർണനാണയം ലഭിക്കും. എൻ.സി.ആറിലെ എട്ട് ഷോറൂമുകൾ ഉൾപ്പെടെ, വിദേശത്തും ഇന്ത്യയിലുമായി കല്യാൺ ജുവലേഴ്സിന്റെ ഷോറൂമുകളുടെ എണ്ണം ഇതോടെ 132 ആയി ഉയർന്നു. ആയിരം കോടി രൂപ ചെലവഴിച്ച് 20 പുതിയ ഷോറൂമുകളാണ് നടപ്പുവർഷം തുറക്കുകയെന്ന് ടി.എസ്. കല്യാണരാമൻ പറഞ്ഞു.

---

# അക്കൗണ്ട് തുറക്കാതെ ആൻഡ്രോയിഡ് പൈ

കൊച്ചി: ആൻഡ്രോയിഡിന്റെ പുത്തൻ വേർഷനായ '9.0 പൈ' ഉൾക്കൊള്ളുന്ന ഒരു സ്മാർട്ട്ഫോണും ഇതുവരെ വിപണിയിലെത്തിയില്ല. വൺപ്ലസ്, എച്ച്.എം.ഡി ഗ്ലോബൽ എന്നിവ പുതിയ സ്മാർട്ട്ഫോണുകൾ ആൻഡ്രോയിഡ് പൈ ഒ.എസുമായി ഇറക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

ആൻഡ്രോയിഡിന്റെ ഏഴാം പതിപ്പായ നൗഗയ്ക്കാണ് ഇപ്പോഴും വിപണിയിൽ അപ്രമാദിത്തം. സെപ്തംബറിലെ കണക്കനുസരിച്ച് 29.3 ശതമാനം സ്മാർട്ട്ഫോണുകളിലും ഈ ഒ.എസ് ആണുള്ളത്. എട്ടാം പതിപ്പായ ആൻഡ്രോയിഡ് ഒറിയോയുടെ വിഹിതം 14.6 ശതമാനമാണ്. ആൻഡ്രോയിഡ് 6 വേർഷമായ മാർഷ്മാലോയ്ക്ക് 21.6 ശതമാനം വിഹിതമുണ്ട്.

ആൻഡ്രോയിഡ് ലോലിപോപ്പ് (18.3 ശതമാനം), കിറ്റ്കാറ്റ് (7.8 ശതമാനം), ജെല്ലീബീൻ (3.2 ശതമാനം), ഐസ്ക്രീം സാൻഡ്‌വിച് (0.3 ശതമാനം), ജിഞ്ചർബ്രെഡ് (0.3 ശതമാനം) എന്നിവയും വിപണിയിലുണ്ട്.



---

## ശാസ്ത്രകൗമുദി

# നമുക്ക് വേണം വിറ്റാമിൻ സി



ശരീരത്തിന് വളരെ പ്രധാനപ്പെട്ട പോഷകമാണ് വിറ്റമിൻ സി. ഇത്പ്രധാന മൈക്രോന്യൂട്രിയന്റും ആന്റിഓക്സിഡന്റുമാണ്. കോശസംരക്ഷണം, രോഗപ്രതിരോധശേഷി എന്നിവയാണ് ഇതിന്റെ പ്രധാന ധർമ്മങ്ങൾ. ചർമ്മം, അസ്ഥി, രക്തം എന്നിവയുടെ സംരക്ഷണം ഉറപ്പാക്കാൻ അവിഭാജ്യ ഘടകമാണിത്. ശരീരത്തിലേക്ക് ഇരുമ്പ് ആഗിരണം ചെയ്യപ്പെടാൻ വിറ്റാമിൻ സി കൂടിയേ തീരൂ.

വിറ്റാമിൻ സി ധാരാളം അടങ്ങിയിട്ടുള്ള പഴമാണ് ഓറഞ്ച്. നിത്യവും ഓറഞ്ച് കഴിക്കുന്നത് രോഗപ്രതിരോധശേഷി വർദ്ധിപ്പിച്ച് ചർമ്മസൗന്ദര്യം പ്രദാനം ചെയ്യും. വിറ്റാമിൻ സി ഏറ്റവും കൂടുതൽ ലഭ്യമാകുന്ന ഉറവിടങ്ങളിലൊന്നാണ് കാപ്സിക്കം. കാപ്സികം ചേർത്ത സാലഡുകൾ ശീലിക്കുന്നത് ജീവകം സി. ലഭിക്കാൻ സഹായിക്കും. പപ്പായയിൽ വിറ്റാമിൻ സി ധാരാളമുണ്ട്. നിത്യവും കഴിക്കുന്നത് ചർമ്മസൗന്ദര്യം ഉറപ്പാക്കാൻ സഹായിക്കും. സ്ട്രോബെറി, പച്ച ആപ്പിൾ, നാരങ്ങ, നെല്ലിക്ക തക്കാളി, പേരയ്ക്ക എന്നിവയും മുളപ്പിച്ച ധാന്യവും വിറ്റാമിൻ സിയുടെ ഉറവിടങ്ങളാണ്.

---

### കൗമുദി ടിവി

6.00 ഡിവോഷണൽ സോംഗ്
6.26 am, pm ദൈവദശകം
7.00 ജീസസ് ഈസ് എലൈവ്
7.30 പ്രണവം
8.30 ന്യൂസ് ട്രാക്ക്
9.00 സ്ട്രെയ്റ്റ് ലൈൻ
10.35 സാൾട്ട് ആൻഡ് പെപ്പർ
11.00 വൺ ഷോപ്പി
11.35 സ്വയംവരം
12.35 ഓ മൈ ഗോഡ്
1.00 ശ്രീ അഷ്ടലക്ഷ്മി യന്ത്ര
1.35 സ്നേക് മാസ്റ്റർ
2.35 ലേഡീസ് അവർ
3.35 ഡേ വിത്ത് എ സ്റ്റാർ
4.35 പുതിയ പാട്ട്
5.00 ഒരുമയോടെ കേരളം
5.35 ഹാസ്യരസം
6.35 ദേവാമൃതം
7.00 ഫിലിം ബോക്സ്
7.35 താരപ്പകിട്ട്
8.35 സ്ട്രെയ്റ്റ് ലൈൻ
9.35 സീക്രട്ട് ഫയൽസ്




**ഡിഡി മലയാളം**
7.00 കൃഷിദർശൻ
8.00 മേഘരാഗം

**ഡിഡി കേരളം**
11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

**ഏഷ്യാനെറ്റ്**
6.00 ആയുഷ്മാൻ ഭവഃ
6.30 പരസ്പരം
7.00 വാനമ്പാടി

**ന്യൂസ്**
8.00 വാർത്താപ്രഭാതം
8.30 ചുറ്റുവട്ടം
2.30 ഡോ. ലൈവ്
5.00 വാർത്തയ്ക്കപ്പുറം

**ഏഷ്യാനെറ്റ് പ്ലസ്**
7.30 ചിരിക്കും തളിക
8.00 കോമഡി സ്റ്റാഴ്സ് പ്ലസ്
8.30 മൗനം സമ്മതം
9.00 ബിഗ് ബോസ്
9.30 കുങ്കുമപ്പൂവ്
10.30 പ്രിയമാനസം

**ANIMAL PLANET**
07:00am Too Cute
08:00 Animal Cops Phoenix
10.00 My Cat from Hell
11.00 The vet life
12.00 Dr Jeff Rocky Mountain Vet
1.00 Pit Bulls and parolees
3.00 Treehouse Masters
5.00 North Woods Law
7.00 The North Alaskans
8.00 The North Alaskans
9.00 The North Alaskans
10.00 North Woods Law

### സിനിമ

**ഏഷ്യാനെറ്റ് മൂവീസ് :** 7.00 ഉണ്ണികളേ ഒരു കഥ പറയാം
09.30 ഇൻ ഗോസ്റ്റ് ഹൗസ് ഇൻ 12.00 തുവാനത്തുമ്പികൾ
2.30 ഒരു സി.ബി.ഐ ഡയറിക്കുറിപ്പ്
5.00 നഗരങ്ങളിൽ ചെന്ന് രാപ്പാർക്കാം 7.00 ദൃശ്യം
**ഏഷ്യാനെറ്റ് പ്ലസ് :** 12.00 ഒപ്പം
**എസിവി :** 9.00 സന്ധ്യയ്ക്ക് വിരിഞ്ഞ പൂവ് 2.00 ശരശയ്യ
9.30 ഉണ്ണികളേ ഒരു കഥ പറയാം
**റോസ്ബൗൾ :** 6.00 വിയറ്റ്നാം കോളനി
**ജൂക്ക്ബോക്സ് :** 6.30 ക്രോണിക് ബാച്ചിലർ
**കൈരളി :** 12.00 പി.കെ. 11.15 പി.കെ
**വി :** 12.30 ഡോറ 9.00 അൻജാൻ
**സൂര്യ :** 9.00 ടൈഗർ 2.30 ലക്കി ദി റേസർ

---

## നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 ഒക്ടോബർ 01 തിങ്കൾ)

**മേടം:** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
ആഘോഷങ്ങളിൽ പങ്കെടുക്കും. യുക്തമായ തീരുമാനങ്ങൾ. നിർദ്ദേശങ്ങൾ സ്വീകരിക്കും.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
ആചാര മര്യാദകൾ പാലിക്കും. ആത്മാഭിമാനം വർദ്ധിക്കും. പ്രവർത്തനങ്ങൾക്ക് തീരുമാനം.

**മിഥുനം:** *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
പരിശോധനകൾ വേണ്ടിവരും. യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടും. സമാധാനമുണ്ടാകും.

**കർക്കടകം:** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
അവസരങ്ങൾ പ്രയോജനപ്പെടുത്തും. ആരോഗ്യം തൃപ്തികരമായിരിക്കും. അംഗീകാരം ലഭിക്കും.

**ചിങ്ങം:** *(മകം, പൂരം, ഉത്രം കാൽഭാഗം)*
മാതൃകാപരമായ പ്രവർത്തനം. സൽകീർത്തി ഉണ്ടാകും. സൗകര്യങ്ങൾ വർദ്ധിക്കും.

**കന്നി:** *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*
ദീർഘ വീക്ഷണത്തോടെ പ്രവർത്തിക്കും. പുതിയ അവസരങ്ങൾ. ആവശ്യങ്ങൾ നിറവേറ്റും.

**തുലാം:** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
പുതിയ പ്രവർത്തനങ്ങൾ. വരവും ചെലവും തുല്യമായിരിക്കും. ക്ഷേത്രദർശനം നടത്തും.

**വൃശ്ചികം :** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
ആത്മാർത്ഥമായ പ്രവർത്തനം. അധികൃതരുടെ പ്രീതി നേടും. ചെയ്യുന്ന കാര്യങ്ങൾ ഉപകാരപ്രദമാകും.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
കുടുംബത്തിൽ സ്വസ്ഥത. നയതന്ത്രങ്ങൾ ആവിഷ്കരിക്കും. ലക്ഷ്യപ്രാപ്തി നേടും.

**മകരം:** *(ഉത്രാടം അവസാന മുക്കാൽ ഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*
ഭക്ഷണ രീതികൾ ആസ്വദിക്കും. പ്രതിസന്ധികൾ തരണം ചെയ്യും. ഗുരുവചനങ്ങൾ ഉപകരിക്കും.

**കുംഭം:** *( അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
നല്ല ആശയങ്ങൾ പകർത്തും. കർമ്മപഥങ്ങളിൽ പുതിയ ശൈലി. ആവശ്യങ്ങൾ നിർവഹിക്കും.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽ ഭാഗം, ഉത്രട്ടാതി, രേവതി).*
അഭിപ്രായ സമന്വയമുണ്ടാകും. ജീവിത നിലവാരം ഉയരും. പരീക്ഷണങ്ങളിൽ വിജയിക്കും.

- ഗോപകുമാർ ശർമ്മ

## സോഫ്ട്‌വെയർ വികസനപരിശീലനം

തിരുവനന്തപുരം: സ്വതന്ത്രസോഫ്ട്‌വെയർ വികസന സംവിധാനമായ ദ്രുപലിനെ കുറിച്ച് എൻജിനിയർമാർക്കും വിദ്യാർത്ഥികൾക്കും വ്യവസായികൾക്കും പരിശീലനം നൽകുന്നതിനായി സംസ്ഥാനത്ത് ആദ്യമായി ടെക്നോപാർക്കിൽ നടത്തിയ ശില്പശാല ഐ.ടി.സെക്രട്ടറി എം.ശിവശങ്കർ ഉദ്ഘാടനം ചെയ്തു. സിക്സ്സ്ക്വയർ ടെക്നോളജീസിന്റെ സഹകരണത്തോടെ ഐസിഫോസാണ് പരിപാടി സംഘടിപ്പിച്ചത്. സിക്സ്സ്ക്വയർ ടെക്നോളജീസ് സി.ഇ.ഒ തോമസ് പി. തോമസ്, ഐസിഫോസ് ഡയറക്ടർ ഡോ.ജയശങ്കർ പ്രസാദ് തുടങ്ങിയവർ പങ്കെടുത്തു. ഡോ.രാജീവ് സ്വാഗതം പറഞ്ഞു.

www.keralakaumudi.com | www.facebook.com/keralakaumudi

## ബെഫി ദേശീയ സമ്മേളന സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം: 2019 ജനവരി 28 മുതൽ 31 വരെ നടക്കുന്ന ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഒഫ് ഇന്ത്യ പത്താം ദേശീയ സമ്മേളനത്തിന്റെ സ്വാഗത സംഘം ഓഫീസിന്റെ ഉദ്ഘാടനം ഇന്ന് വൈകിട്ട് 5.30 ന് മേലേതമ്പാനൂരിലെ ബെഫി സെന്ററിൽ സി.ഐ.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എം.പി നിർവഹിക്കും. സമ്മേളനത്തിന്റെ ലോഗോയും പ്രകാശനം ചെയ്യും. ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഒഫ് ഇന്ത്യയുടെ അഖിലേന്ത്യാ പ്രസിഡന്റ് സി.ജെ. നന്ദകുമാർ, സംസ്ഥാന പ്രസിഡന്റ് ടി. നരേന്ദ്രൻ, സംസ്ഥാന ജനറൽ സെക്രട്ടറി എസ്.എസ്. അനിൽ തുടങ്ങിയവർ പങ്കെടുക്കും.

## ബഹിരാകാശ വാരാചരണം 4 ന് തുടങ്ങും

തിരുവനന്തപുരം: തുമ്പ വി.എസ്.എസ്.സിയുടെ ആഭിമുഖ്യത്തിൽ ബഹിരാകാശവാരാചരണം 4 മുതൽ 10 വരെ നടക്കും. വി.എസ്.എസ്.സി.കാമ്പസിലെ സ്പെയ്സ് മ്യൂസിയം സന്ദർശനം, റോക്കറ്റ് വിക്ഷേപണപ്രദർശനം, വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ എന്നിവയാണ് പ്രധാനപരിപാടികൾ. 8 മുതൽ 10 വരെയാണ് സൗണ്ടിംഗ് റോക്കറ്റ് വിക്ഷേപണം. ദിവസവും രാവിലെ 11.45ന് മൂന്ന് വിക്ഷേപണങ്ങൾ നടത്തും. വി.എസ്.എസ്.സി.കനാൽ ഗേറ്റ് വഴിയാണ് പ്രവേശനം. തിരിച്ചറിയൽ കാർഡുമായാണ് വരേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2564949, 2564292.

## ഡയബറ്റീസ് കോൺഫറൻസ്

തിരുവനന്തപുരം: കാലടി കൈരളി ഡയബറ്റിക് റിസർച്ച് ആൻഡ് കെയർ ഫോറത്തിന്റെ വാർഷിക ഡയബറ്റീസ് കോൺഫറൻസ് നടന്നു. ഹോട്ടൽ എസ്.പി ഗ്രാൻഡ് ഡെയ്സിൽ നടന്ന കൈരളി ഡയബ് കോൺക്ലേവ് 2018 ഐ.എം.എ ജില്ലാ പ്രസിഡന്റ് ഡോ.ജോൺ പണിക്കർ ഉദ്ഘാടനം ചെയ്തു.

സ്ത്രീകളിലും മുതിർന്നവരിലും പ്രമേഹത്തിന്റെ ഭാഗമായി കൂടുതലായി ഉണ്ടാകുന്ന കിഡ്നി രോഗങ്ങൾക്കുള്ള ചികിത്സാരീതികളെക്കുറിച്ചും പ്രമേഹ ചികിത്സാരംഗത്തെ പുരോഗതികളും കോൺഫറൻസിൽ ചർച്ച നടന്നു. സംസ്ഥാനത്തിനകത്തും പുറത്തും നിന്ന് 250 ഡോക്ടർമാർ പങ്കെടുത്തു. ഓർഗനൈസിംഗ് സെക്രട്ടറി ഡോ.എസ്.അജിത്ത് കുമാർ നന്ദി പറഞ്ഞു.

## ടൈക്കൂൺ കേരള

തിരുവനന്തപുരം: സ്റ്റാർട്ടപ്പുകൾക്ക് മൂലധനമുണ്ടാക്കാനും വിപണനം കണ്ടെത്താനും നവംബറിൽ നടത്തുന്ന ടൈക്കൂൺ കേരള 2018ൽ അവതരിപ്പിക്കാൻ ആശയങ്ങൾ ക്ഷണിച്ചു. മികച്ച ഇരുപത് ആശയങ്ങൾ 6ന് തിരഞ്ഞെടുക്കും. ടൈക്കൂൺ മേളയിൽ പങ്കെടുക്കുന്ന നിക്ഷേപകർക്ക് മുന്നിൽ ഈ ആശയങ്ങൾ അവതരിപ്പിക്കാൻ പത്തുമിനിട്ട് അനുവദിക്കും. കൂടുതൽ വിവരങ്ങൾക്ക് https://goo.gl/forms/3tK6a1DMWCURP8qX2 ഇന്ന വെബ്സൈറ്റ് സന്ദർശിക്കണം

## കേസെടുക്കണം

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സി സിറ്റി ഡിപ്പോയിലെ എം.പാനൽ കണ്ടക്ടർ മണികണ്ഠൻ ആത്മഹത്യയ്ക്ക് ശ്രമിച്ച സംഭവത്തിൽ മേലുദ്യോഗസ്ഥർക്കെതിരെ ആത്മഹത്യാ പ്രേരണക്കുറ്റത്തിന് കേസെടുക്കണമെന്ന് എസ്.സി- എസ്.ടി വെൽഫെയർ ചാരിറ്റബിൾ സൊസൈറ്റി സംസ്ഥാന പ്രസിഡന്റ് സുനിൽകുമാർ പ്രസ്താവനയിൽ ആവശ്യപ്പെട്ടു

# പാർവതി പുത്തനാർ തീരത്തുനിന്ന് തുമ്പ പൊലീസ് മണൽ കടത്തി

## വിവാദ സംഭവത്തിൽ കഴക്കൂട്ടം പൊലീസ് ജെ.സി.ബിയും ടിപ്പറുകളും കസ്റ്റഡിയിലെടുത്തു

കുളത്തൂർ: കഴക്കൂട്ടം നെഹ്റു ജംഗ്ഷന് സമീപത്തെ പാർവതിപുത്തനാറിന്റെ തീരത്തുനിന്ന് തുമ്പ ജനമൈത്രി പൊലീസിന്റെ നേതൃത്വത്തിൽ മണൽ കടത്തിയ സംഭവം വിവാദത്തിൽ. ഇന്നലെ അതിരാവിലെയായിരുന്ന സംഭവം. കഴക്കൂട്ടം വിളയിൽകുളം ജംഗ്ഷന് പടിഞ്ഞാറുഭാഗത്ത് ജില്ലാഭരണകൂടം മണലെടുപ്പ് നിരോധിച്ച പാർവതിപുത്തനാറിന്റെ കരയിൽ നിന്നാണ് മണൽ കടത്തിയത്. പൊലീസ് അകമ്പടിയോടെ ജെ.സി.ബിയും നിരവധി ടിപ്പറുകളുമായാണ് ഇവിടെ നിന്ന മണൽ കടത്തിയത്.

മൂന്ന ടിപ്പറുകളിലായി രണ്ട പ്രാവശ്യം മണൽ കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ട നാട്ടുകാർ വിവരം തിരുവനന്തപുരം പൊലീസ് കൺട്രോൾ റൂമിൽ അറിയിക്കുകയായിരുന്നു. കൺട്രോൾ റൂമിൽ നിന്നുള്ള വിവരത്തെ തുടർന്ന് കഴക്കൂട്ടം പൊലീസ് സ്റ്റേഷനിലെ എ.എസ്.ഐ



മണ്ണെടുത്ത സ്ഥലത്ത് പരിശോധന നടത്തുന്ന കഴക്കൂട്ടം പൊലീസ്



നിർമ്മാണം നടക്കുന്ന സ്ഥലത്ത് ഇറക്കിയിരിക്കുന്ന മണൽ

യുടെ നേതൃത്വത്തിൽ പൊലീസ് സംഘം സ്ഥലത്തെത്തിയപ്പോൾ മണ്ണെടുപ്പിലേർപ്പെട്ടിരുന്ന ജീവനക്കാർ വാഹനങ്ങൾ ഉപേക്ഷിച്ച് ഓടിരക്ഷപ്പെട്ടു. തുടർന്ന് പൊലീസ് സംഘം സമീപവാസികളോട് വിവരങ്ങൾ ചോദിച്ചറിയുന്നതിനിടെ ജെ.സി.ബി ഡ്രൈവറും മറ്റ് ജീവനക്കാരും സ്ഥലത്തെത്തി തുമ്പ എസ്.ഐ പറഞ്ഞിട്ടാണ് മണ്ണെടുത്തതെന്ന് വ്യക്തമാക്കി. തുടർന്ന് കഴക്കൂട്ടം പൊലീസ് മേലധികാരികളുമായി ബന്ധപ്പെട്ടപ്പോഴാണ് മണ്ണെടുപ്പിന് അനുമതി നല്കിയിട്ടില്ല എന്നറിഞ്ഞത്. നടപടിയെടുക്കാനും മേലധികാരികൾ ആവശ്യപ്പെട്ടു.

പൗണ്ടുകടവിൽ തുമ്പ പൊലീസിന്റെ നേതൃത്വത്തിൽ ഒരു കുടുംബത്തിനായി നിർമ്മിച്ച് നൽകുന്ന വീടിന്റെ നിർമ്മാണാവശ്യത്തിനായി തുമ്പ എസ്.ഐ പ്രതാപചന്ദ്രന്റെ നിർദ്ദേശപ്രകാരമാണ് മണൽ കൊണ്ടുപോയതെന്ന് തുമ്പ സ്റ്റേഷനിലെ അഡിഷണൽ എസ്.ഐയുടെ നേതൃത്വത്തിൽ എത്തിയ പൊലീസ് അറിയിച്ചു. എന്നാൽ ജില്ലാ കളക്ടറുടെയോ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെയോ ബന്ധപ്പെട്ട മേലധികാരികളുടെയോ അനുമതിയില്ലാതെയാണ് മണൽ എടുത്തതെന്ന് ചൂണ്ടിക്കാട്ടി ഉന്നതോദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം ജെ.സി.ബി ഉൾപ്പെടെയുള്ള വാഹനങ്ങൾ പൊലീസ് കസ്റ്റഡിയിലെടുക്കുകയായിരുന്നു. ഇവിടെ നിന്ന് ആറ് ലോഡ് മണൽ കൊണ്ടുപോയതായി ദൃക്സാക്ഷികൾ പറഞ്ഞു. വീട്ടുപണി നടക്കുന്ന സ്ഥലം പരിശോധിച്ചപ്പോൾ ഒരു ലോഡ് മണൽ മാത്രമേ അവിടെ കണ്ടെത്താൻ കഴിഞ്ഞുള്ളൂ. ഒരു ലോഡ് മണലിന് എൺപതിനായിരം രൂപനിരക്കിലാണ് ഇവിടെ നിന്ന് മണൽ കടത്തിയിരുന്നത്. ഈ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് വൻ പാരിസ്ഥിതിക പ്രശ്നം മുൻനിറുത്തി ജില്ലാ ഭരണകൂടം വർഷങ്ങൾക്ക് മുമ്പ് ഇവിടെ മണലെടുപ്പ് നിരോധിച്ചിരുന്നത്. ബാക്കി അഞ്ച് ലോഡ് മണൽ എവിടെയാണ് കൊണ്ടുപോയതെന്നും കണ്ടെത്തേണ്ടിവരും.

## ദൃശ്യവേദിയുടെ കഥകളി ഉത്സവത്തിന് അരങ്ങുണർന്നു

### ബകവധം പൂർവഭാഗത്തോടെ തുടക്കം, ഇന്ന് ഉത്തരഭാഗം

തിരുവനന്തപുരം: ദൃശ്യവേദിയുടെ 31-ാമത് കേരള നാട്യോത്സവത്തിന് 'ബകവധ'ത്തോടെ കാർത്തിക തിരുനാൾ തിയേറ്ററിൽ തുടക്കമായി. ആറ് ദിവസം നീളുന്ന നാട്യോത്സവത്തിന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ തിരിതെളിച്ചു. ദൃശ്യവേദി പ്രസിഡന്റ് സി.ജി രാജഗോപാൽ അദ്ധ്യക്ഷനായ ചടങ്ങിൽ എസ്. ശ്രീനിവാസൻ, ഡോ. പി. വേണുഗോപാൽ എന്നിവർ സംബന്ധിച്ചു.

ആദ്യദിവസം അരങ്ങിലെത്തിയ ബകവധം പൂർവഭാഗം കഥകളിയിൽ കലാമണ്ഡലം സുദീപ് (ധർമ്മപുത്രർ), കോട്ടയ്ക്കൽ ദേവദാസ് (ആശാരി), കലാനിലയം വിനോദ് (ഭീമൻ), കലാമണ്ഡലം അരുൺരാജ് (അർജ്ജുനൻ), കലാമണ്ഡലം വിഷ്ണുമോൻ (കുന്തി), കലാമണ്ഡലം നീരജ് (ഹിഡുംബൻ) എന്നിവർ പ്രധാന വേഷങ്ങളിൽ എത്തി.

ബകവധം ഉത്തരഭാഗത്തിന്റെ അവതരണം ഇന്ന് നടക്കും. തുടർന്നുള്ള ദിവസങ്ങളിൽ കിർമ്മീരവധം പൂർവഭാഗം, കാലകേയവധം പൂർവഭാഗം, കാലകേയവധം ഉത്തരഭാഗം, കിർമ്മീരവധം ഉത്തരഭാഗം എന്നിവ ക്രമത്തിൽ അരങ്ങിലെത്തും. എല്ലാ ദിവസവും വൈകിട്ട് 5.30നാണ് അവതരണം. കല്യാണസൗഗന്ധികം (ശൗര്യഗുണത്തോടുകൂടി) അവതരണം നവംബർ 17ന് തീർത്ഥപാദ മണ്ഡപത്തിൽ നടക്കും.

## വിശ്വാസികളുടെ വികാരത്തെ വ്രണപ്പെടുത്തരുത്- വി.എസ്. ശിവകുമാർ

തിരുവനന്തപുരം: ശബരിമല വിഷയത്തിൽ വിശ്വാസികളുടെ വികാരത്തെ വ്രണപ്പെടുത്തുന്ന നടപടികളാണ് സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നതെന്ന് വി.എസ്.ശിവകുമാർ എം.എൽ.എ പറഞ്ഞു. വിധിപ്പ പകർപ്പ് ലഭിക്കാതെ, പുനഃപരിശോധനാ ഹർജി നൽകാൻ ദേവസ്വം ബോർഡിന് അവസരം നൽകാതെ ബോർഡുമായി സർക്കാർ ചർച്ച നടത്തിയത് ദുരൂഹമാണ്.

ഓരോ ക്ഷേത്രങ്ങളിലെയും ആചാരാനുഷ്ഠാനങ്ങൾ നിലനിറുത്തേണ്ടത് ദേവസ്വം ബോർഡിന്റെ കടമയാണ്. ശബരിമല വിഷയത്തിൽ ദേവസ്വം ബോർഡും സർക്കാരും രണ്ടുതട്ടിലാണ്. ഇത് വിശ്വാസികളെ വിഡ്ഢികളാക്കാനുള്ള തന്ത്രമാണ്.

ദേവസ്വം ബോർഡ് യോഗം ചേർന്ന് പുനഃപരിശോധനാ ഹർജി നൽകാൻ തീരുമാനമെടുക്കണം- അദ്ദേഹം പറഞ്ഞു.



ട്രിവാൻഡ്രം ഓർത്തോപീഡിക് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടന്ന ആദരിക്കൽ ചടങ്ങിൽ നിന്ന്

## സിറ്റി പൊലീസിന്റെ ഓപ്പറേഷൻ റോമിയോ: 89 പൂവാലന്മാർ കുടുങ്ങി

തിരുവനന്തപുരം: നഗരത്തിലെ പൂവാലൻമാരെ പിടിക്കുന്നതിനായി സിറ്റി പൊലീസ് നടത്തിയ ഓപ്പറേഷൻ റോമിയോയിൽ 89 പേർ കുടുങ്ങി. നഗരത്തിലെ സ്കൂൾ, കോളജ് പരിസരങ്ങളിൽ പെൺകുട്ടികളെ ശല്യം ചെയ്തവരാണ പിടിയിലായത്. ഇവർക്കെതിരെ കേസ് റജിസ്റ്റർ ചെയ്തു.

ഇക്കഴിഞ്ഞ ബുധൻ, വ്യാഴം ദിവസങ്ങളിലായിരുന്ന 'ഓപ്പറേഷൻ റോമിയോ' നടത്തിയത്. വിമെൻസ് കോളേജ്, കോട്ടൺഹിൽ, ഹോളി ഏഞ്ചൽസ് തുടങ്ങിയ വിദ്യാലയങ്ങൾ ഉൾപ്പെടുന്ന മ്യൂസിയം പൊലീസ് സ്റ്റേഷൻ പരിധിയിൽ നിന്നാണ് ഏറ്റവും കൂടുതൽ പേർ കുടുങ്ങിയത്. ഇവിടെ നിന്ന് രണ്ട ദിവസങ്ങളിലായി 10 പേർ അറസ്റ്റിലായി.

തിരക്കുള്ള സമയങ്ങളിൽ വിദ്യാലയങ്ങളുടെ സമീപത്തും ബസ് സ്റ്റോപ്പുകളിലും പൂവാലശല്യം രൂക്ഷമാണെന്നുള്ള പരാതികളുടെ അടിസ്ഥാനത്തിലാണ് സിറ്റി പൊലീസ് കമ്മിഷണറുടെ നിർദ്ദേശപ്രകാരം പരിശോധന നടത്തിയത്. പൊലീസ് വേഷം മാറി പെൺകുട്ടികളെ ശല്യം ചെയ്തവരെ കൈയോടെ പിടികൂടുകയായിരുന്നു. മെഡിക്കൽ കോളേജ്, നേമം സ്റ്റേഷൻ പരിധിയിൽ നിന്നും 8 പേരും, വിഴിഞ്ഞം പൊലീസ് സ്റ്റേഷൻ പരിധിയിൽ 7 പേരെയും അറസ്റ്റു ചെയ്തു. ശ്രീകാര്യം പൊലീസ് 6 പേരെ പിടികൂടിയതായും സിറ്റി പൊലീസ് കമ്മിഷണർ പി.പ്രകാശ് അറിയിച്ചു. വനിത പൊലീസ് സ്റ്റേഷനിലെ പൊലീസുകാർ ഉൾപ്പെടെ വേഷം മാറിയാണ് ഓപ്പറേഷൻ റോമിയോയിൽ പങ്കെടുത്തത്.

വരും ദിവസങ്ങളിൽ പരിശോധനതുടരുമെന്ന് കമ്മിഷണർ അറിയിച്ചു. ഡെപ്യൂട്ടി കമ്മിഷണർ ആർ.ആദിത്യ, സബ് ഡിവിഷൻ എ.സിമാർ, സി.ഐമാർ, എസ്.ഐമാർ എന്നിവർ നേതൃത്വം നൽകി.

## പട്ടം സെന്റ് മേരീസിലെ ഹൈടെക്ക് ക്ലാസ് മുറികളുടെയും ആഡിറ്റോറിയത്തിന്റെയും പ്രഖ്യാപനം ഇന്ന്

തിരുവനന്തപുരം: പട്ടം സെന്റ്മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ ഹൈടെക്ക് ക്ലാസ് മുറികളുടെയും ആഡിറ്റോറിയത്തിന്റെയും പ്രഖ്യാപനം ഇന്ന് രാവിലെ 11 ന് നടക്കും. മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവയുടെ അദ്ധ്യക്ഷതയിൽ കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം ഹൈടെക്ക് ആഡിറ്റോറിയത്തിന്റെ ഉദ്ഘാടനവും മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഹൈടെക്ക് ക്ലാസ് മുറികളുടെ പ്രഖ്യാപനവും നടത്തും.

- 5000 പേർക്ക് ഇരിക്കാവുന്ന നവീകരിച്ച ഹൈടെക്ക് ആഡിറ്റോറിയം
- സംസ്ഥാനത്തെ ഏറ്റവും വലിയ ഹൈടെക്ക് സ്കൂൾ ഓഡിറ്റോറിയം
- ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലീത്തയുടെ പേരിലാണ് ആഡിറ്റോറിയം
- ഹയർ സെക്കൻഡറി വിഭാഗം പൂർണമായും ഹൈടെക്കാകും
- 28 ഹയർ സെക്കൻഡറി ക്ലാസ് മുറികൾ
- അത്യാധുനിക സംവിധാനത്തോടെയുള്ള എൽ.സി.ഡി പ്രൊജക്ടർ, ലാപ്ടോപ്പ്, വൈറ്റ്ബോർഡ്
- 60 കമ്പ്യൂട്ടറുകളുള്ള ഐ.ടി ലാബ്
- ഹൈസ്കൂൾ വിഭാഗത്തിൽ ആദ്യഘട്ടമായി പത്താം ക്ലാസുകളിലെ 38 ക്ലാസ് മുറികൾ ഹൈടെക്ക്
- അഞ്ച് കമ്പ്യൂട്ടർ ലാബുകളിലായി 100 കമ്പ്യൂട്ടറുകൾ ഒരുക്കി
- എല്ലാ വിഭാഗത്തിനും നെറ്റ് സൗകര്യം

## ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി

തിരുവനന്തപുരം: കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ (കെ.ജി.ഒ.യു) സംസ്ഥാന കമ്മിറ്റി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആദ്യഗഡുവായി അഞ്ച് ലക്ഷം രൂപയുടെ ചെക്ക് പ്രസിഡന്റ് എസ്.അജയൻ മന്ത്രി കടകംപള്ളി സുരേന്ദ്രന് കൈമാറി.

യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ.വിമലൻ, വൈസ് പ്രസിഡന്റ് ഡോ. മനോജ് ജോൺസൺ, ജില്ലാ പ്രസിഡന്റ് ഡോ.രാധാകൃഷ്ണൻ, സെക്രട്ടറി എസ്. സുനിൽകുമാർ എന്നിവരും സന്നിഹിതരായിരുന്ന

## ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളായ ഡോക്ടർമാരെ ആദരിച്ചു

തിരുവനന്തപുരം: പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളായ ഡോ.ടോമിച്ചൻ എം.സിയെയും മറ്റു ഡോക്ടർമാരെയും ട്രിവാൻഡ്രം ഓർത്തോപീഡിക് സൊസൈറ്റി ആദരിച്ചു. കോട്ടയം മെഡിക്കൽ കോളേജിലെ ഓർത്തോപീഡിക്സ് വിഭാഗം പ്രൊഫസറായ ഡോ.ടോമിച്ചൻ അദ്ദേഹത്തിന്റെ കുടുംബസ്വത്തിൽ നിന്ന് 60 സെന്റ് സ്ഥലവും ഒരു ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയിരുന്നു. പ്രളയബാധിത പ്രദേശങ്ങളിൽ മെഡിക്കൽ സഹായങ്ങൾ ചെയ്ത ട്രിവാൻഡ്രം ഓർത്തോപീഡിക് സൊസൈറ്റിയിലെ അംഗങ്ങളായ ഡോക്ടർമാരെ ചടങ്ങിൽ ആദരിച്ചു. ട്രിവാൻഡ്രം ഓർത്തോപീഡിക് സൊസൈറ്റി രക്ഷാധികാരി ഡോ. ചെറിയാൻ എം.തോമസ്, ഐ.എം.എ സംസ്ഥാന സെക്രട്ടറി ഡോ. സുൾഫി.എൻ എന്നിവർ ഉപഹാരങ്ങൾ നൽകി. ട്രിവാൻഡ്രം ഓർത്തോപീഡിക് സൊസൈറ്റി പ്രസിഡന്റ് ഡോ.എ.കെ.ഷാനവാസ്, സെക്രട്ടറി ഡോ. അനൂപ്.എസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

## കഞ്ചാവുമായി മൂന്നുപേർ പിടിയിൽ

തിരുവനന്തപുരം: റെയിൽവേ സ്റ്റേഷനിൽ നിന്ന് 900 ഗ്രാം കഞ്ചാവുമായി മൂന്ന പേർ പിടിയിലായി. കൊല്ലം സ്വദേശികളായ നതുൽ, ജോബിൻ, വിനീത് എന്നിവരെയാണ് ഇന്നലെ ഒന്നാമത്തെ പ്ലാറ്റ്ഫോമിൽ നിന്ന് റെയിൽവേ പൊലീസ് അറസ്റ്റ് ചെയ്തത്. റെയിൽവേ പൊലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ ജെ.ആർ. രൂപേഷ് കുമാറിന്റെ നേതൃത്വത്തിൽ സീനിയർ സിവിൽ പൊലീസ് ഓഫീസർ പുഷ്കരൻ, സിവിൽ പൊലീസ് ഓഫീസർ ഡാനിയേൽ ജോൺസ് എന്നിവരാണ് പ്രതികളെ പിടികൂടിയത്.


### Lost

എന്റെയും ഭാര്യ കാവേരിയുടെയും പേർക്ക് കടയ്ക്കാവൂർ SRO വക ധനനിശ്ചയം ആധാരം നമ്പർ 1020/2014 പ്രകാരം 01.62 ആർ വസ്തുവകകൾ കടയ്ക്കാവൂർ വില്ലേജിൽ മുൻ സർവ്വേ 2482 റീസർവ്വേ 209/3-1-ൽ ഉൾപ്പെട്ട് നിരാക്ഷേപം അനുഭവിച്ചുവരുന്നു. ടി വസ്തുവിന്റെ മുന്നാധാരത്തിന്റെ ശ്രേണിയിൽ ഉൾപ്പെടുന്ന റദ്ദ് ചെയ്യപ്പെട്ട വിൽപ്പത്രം 10/1974 (കടയ്ക്കാവൂർ SRO) വിലയാധാരങ്ങളായ 4912/1960 (ചിറയിൻകീഴ് SRO), 3875/1966 (കടയ്ക്കാവൂർ SRO) എന്നിവ എന്റെ കൈവശം നിന്ന് നഷ്ടപ്പെട്ടു. ടി വസ്തുഞങ്ങൾ സിൻഡിക്കേറ്റ് ബാങ്ക് കടയ്ക്കാവൂർ ശാഖയിൽ പണയപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ആക്ഷേപമുള്ളവർ 7 ദിവസത്തിനകം ശാഖാ മാനേജരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്മിജു,
കെ.ബി. നിവാസ്, കടയ്ക്കാവൂർ.

### Lost

എനിക്ക് ഇടവ വില്ലേജിൽ മുൻ സർവ്വേ 209 റീസർവ്വേ 55/2-1-2-ൽ ധനനിശ്ചയ ആധാരം നമ്പർ 1292/15 അനുസരിച്ച് 10.12 ആർ വസ്തുക്കൾ സിദ്ധിച്ച് നിരാക്ഷേപം അനുഭവിച്ചുവരുന്നു. ടി വസ്തുവിന്റെ മുൻ ആധാരമായ ഭാഗപത്രം നമ്പർ (വർക്കല SRO) 2553/1983 എന്റെ കൈവശം നിന്ന് തിരിയെ കിട്ടാനാവാത്തവിധം നഷ്ടപ്പെട്ടു. ഞാൻ ടി വസ്തു ഇടവ ഫെഡറൽ ബാങ്ക് ശാഖയിൽ പണയപ്പെടുത്തുന്നതിന് ആഗ്രഹിക്കുന്നു. ആക്ഷേപമുള്ളവർ 7 ദിവസത്തിനകം ശാഖാ മാനേജരെ അറിയിക്കേണ്ടതാണ്.

സിറാജുൽ ഇസ്ലാം,
S/o തങ്കം,
മാത്തിൽവീട്, കാപ്പിൽ.

### കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ നടപടിക്രമം

വിഷയം: ആ.വ. (ജീവനക്കാര്യം) - ശ്രീ. റിനീഷ് ഹസ്സനാർ, സ്റ്റാഫ് നഴ്സ് ഗ്രേഡ്-2, പി.എച്ച്.സി. മണിമല അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത് - അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. നം. 440/2017/പി.എച്ച്.സി മണിമല തീയതി 17.11.2017
2. ഈ ഓഫീസിലെ ഇതേ നമ്പരിലുള്ള 22.12.2017-ലെ ചാർജ്ജ് മെമ്മോ
3. ഈ ഓഫീസിലെ ഇതേ നമ്പരിലുള്ള 06.03.2018-ലെ കാരണം കാണിക്കൽ നോട്ടീസ്
4. ഇതേ നമ്പർ കത്ത് തീയതി: 16.05.2018
5. ഉത്തരവ് നം. എ5 (എ6)/18924/17/ജി.മെ. ആ (ആ) കോ. തീയതി : 20.07.2018
6. നം. എ1 - 4193/2018/ജി.എച്ച്. പാലാ തീയതി: 02.08.2018.

ഉത്തരവ് നം. എ6 - 18924/2017/ജി.മെ.ആ. കോട്ടയം/ തീയതി: 06.09.2018

മണിമല പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് - 2 തസ്തികയിൽ ജോലി ചെയ്തുവരവേ, ശ്രീ. റിനീഷ് ഹസ്സനാർ, 16.07.2017 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകുന്നില്ല എന്ന് പരാമർശം (1) പ്രകാരം മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെ നിയമനാധികാരി എന്ന നിലയിൽ അച്ചടക്ക നടപടികൾ ആരംഭിക്കുകയുണ്ടായി.

1960-ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം ശിക്ഷണനടപടികളുടെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോയും പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസും താങ്കളുടെ മേൽവിലാസത്തിൽ അയച്ചു നല്കുകയും, താങ്കൾ ഇത് കൈപ്പറ്റുകയും പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം താങ്കളെ നേരിൽ കേൾക്കുന്നതിനായി കത്ത് നല്കുകയും, താങ്കൾ ഹാജരാകുകയും ചെയ്തിട്ടുള്ളതാണ്. താങ്കൾക്കെതിരായ കാരണംകാണിക്കൽ നോട്ടീസ് പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം താങ്കളെ അച്ചടക്ക നടപടിക്ക് വിധേയമായി പാലാ ജനറൽ ആശുപത്രിയിലേക്ക് പുനഃപ്രവേശിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് നല്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ താങ്കൾ ഈ ഉത്തരവ് കൈപ്പറ്റിയെങ്കിലും നാളിതുവരെ സർവ്വീസിൽ പുനഃപ്രവേശിച്ചിട്ടില്ല. താങ്കളുടെ പ്രവൃത്തി സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധവും തികഞ്ഞ അച്ചടക്കലംഘനവുമാണ്. കൂടാതെ, താങ്കൾ സർവ്വീസ് റഗുലറൈസ് ചെയ്യുകയോ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയോ ചെയ്തിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ. റിനീഷ് ഹസ്സനാർ, സ്റ്റാഫ് നഴ്സ് ഗ്രേഡ് - 2-നെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 16.07.2017 മുതൽ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുവാൻ താൽക്കാലികമായി എടുത്ത തീരുമാനം സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്) ഡോ. ജേക്കബ് വർഗീസ്,
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കോട്ടയം.

F2/336 (2)/2018/I & PRD

### Lost

എനിക്ക് അഞ്ചുതെങ്ങ് വില്ലേജിൽ റീസർവ്വേ 57/8/1-1-ൽ ഉൾപ്പെട്ട് 05 സെന്റ് വസ്തുക്കൾ കടയ്ക്കാവൂർ SRO വക 1017/2016 നമ്പർ വിലയാധാരപ്രകാരം സിദ്ധിച്ച് നിരാക്ഷേപം അനുഭവിച്ചുവരുന്നു. ടി വസ്തുവിന്റെ മുന്നാധാരത്തിൽ പെടുന്ന കവലയൂർ SRO വക ഭാഗപത്രം നമ്പർ 234/1966 എന്റെ കൈവശം നിന്ന് നഷ്ടപ്പെട്ടു. ടി വസ്തു ഞാൻ കടയ്ക്കാവൂർ സിൻഡിക്കേറ്റ് ബാങ്കിൽ പണയപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ആക്ഷേപമുള്ളവർ 7 ദിവസത്തിനകം രേഖാമൂലം ശാഖാ മാനേജരെ അറിയിക്കേണ്ടതാണ്.

അമലോത്ഭവം,
W/o ജോൺ,
വയലിൽ വീട്, അഞ്ചുതെങ്ങ്.

**BEFORE THE HONOURABLE KERALA ADMINISTRATIVE TRIBUNAL THIRUVANANTHAPURAM (Additional Bench, Ernakulam) O.A. (EKM) No.1092 OF 2018**

**BETWEEN**
**Applicants :** JAYAPRADEEP.V.M AND OTHERS
**VS.**
AND
**RESPONDENTS:** STATE OF KERALA AND OTHERS

The Respondents aforesaid :
Please take notice that the the Original Application presented by Advocate K.Mohanakannan, Counsel for the Applicants against the select list of Headmasters published as per GO(P) 10/2018/G.Edn. dated 25-5-2018 to the post of Principals in the Higher Secondary Schools and also seeking appointment as Principals as OA(E) No.1092/18 and is posted for appearance of interested persons to 24-10-2018. If no appearance is made on your behalf either in person or through Advocate the matter will be decided ex-parte.

Ernakulam (Sd/-) K.Mohanakannan
20-08-2018 Counsel for the Applicants

### പരസ്യം

തിരുവനന്തപുരം കുടുംബ കോടതി
മുൻപാകെ 2018 OP (HMA) 365

**ഹർജിക്കാരി :** ശരണ്യ. ജി.ബി, ശരണ്യാ ഭവൻ, ആവുക്കുളം, മുക്കിൽക്കട, ചെമ്പഴന്തി പി.ഒ, തിരുവനന്തപുരം.

**എതിർകക്ഷി :** ജയേഷ്, S/o ജയപാലൻ, അദ്വൈതം, മഞ്ചാടി, മൂങ്ങോട്, പേയാട് പി.ഒ, തിരുവനന്തപുരം.

ടി എതിർകക്ഷിയെ തെര്യപ്പെടുത്തുന്നത് ടി നമ്പർ കേസ് ഹർജികക്ഷിയും എതിർകക്ഷിയും തമ്മിൽ 25.5.2008-ൽ ഉണ്ടായ വിവാഹബന്ധം വേർപെടുത്തി കിട്ടുന്നതിനുവേണ്ടിയാണ്. ടി നമ്പർ കേസ് 1.12.2018 പകൽ 11 മണിക്ക് വിചാരണ വച്ചിരിക്കുന്നതും, അന്നേദിവസം താങ്കളോ ഏജന്റോ കോടതിയിൽ ഹാജരാകേണ്ടതും, അല്ലാത്തപക്ഷം താങ്കളെ കൂടാതെ ടി കേസ് വിധിയാകുമെന്നുള്ള വിവരം ഇതിനാൽ താങ്കളെ അറിയിച്ചുകൊള്ളുന്നു.

എന്ന്, ഉത്തരവിൻ പ്രകാരം, ഹർജികക്ഷിഭാഗം
അഡ്വക്കേറ്റ് ബീന. എസ്. (ഒപ്പ്)
തിരുവനന്തപുരം, 30.08.2018.

### അനുബന്ധം - എച്ച്5

വ്യവസായ വാണിജ്യ വകുപ്പ്
വിൻഡോ നമ്പർ: ഐ.പി.ആർ.ഡി: ഡയറക്ടർ,
വ്യവസായ വാണിജ്യ വകുപ്പ്,
വികാസ് ഭവൻ, തിരുവനന്തപുരം.

28.07.2017 തീയതി മുതൽ സർവ്വീസിൽ നിന്ന് അനധികൃതമായി അവധി എടുത്തതിന് ശ്രീ. ജേക്കബ് തോമസ്, ക്ലാർക്ക്, കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റിന് എതിരായ അച്ചടക്ക നടപടി, സർവ്വീസിൽ നിന്ന് സ്ഥിരമായി നീക്കം ചെയ്ത് ഉത്തരവായി.

F2/338/2018/I & PRD

### കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

പൗർണമി RN-359 നറുക്കെടുപ്പ് ഫലം 30.09.2018
സ്ഥലം : ഗോർകിഭവൻ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം.

ഒന്നാം സമ്മാനം 7,000,000/- രൂപ RK 143024 (തൃശ്ശൂർ)

സമാശ്വാസ സമ്മാനം 8,000/- രൂപ

RA 143024 RB 143024 RC 143024 RD 143024
RE 143024 RF 143024 RG 143024 RH 143024
RJ 143024 RL 143024 RM 143024

2-ാം സമ്മാനം 5,00,000/- രൂപ RD 508004 (കോഴിക്കോട്)

3-ാം സമ്മാനം 2,00,000/- രൂപ RB 495281 (പാലക്കാട്)

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

4-ാം സമ്മാനം 5000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0651 | 0997 | 1222 | 2132 | 3248 | 3984 | 4166 | 4879 | 7058 | 9714 |

5-ാം സമ്മാനം 2000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0012 | 0316 | 1566 | 1823 | 2909 | 3346 | 3434 | 5011 | 7128 | |

6-ാം സമ്മാനം 1000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0204 | 0623 | 0727 | 1390 | 1769 | 1788 | 2363 | 2947 | 4164 | 4198 |
| 4282 | 4411 | 4632 | 4641 | 4878 | 5538 | 5658 | 5722 | 6054 | 6550 |
| 6685 | 7051 | 7199 | 7445 | 7586 | 7876 | 8215 | 8360 | 8992 | 9927 |

7-ാം സമ്മാനം 500 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0498 | 0583 | 0615 | 0869 | 1192 | 1196 | 1376 | 1587 | 1624 | 2199 |
| 2453 | 2959 | 3290 | 3600 | 3630 | 3674 | 3903 | 4031 | 4185 | 4204 |
| 4241 | 4485 | 4991 | 5359 | 5631 | 5733 | 5802 | 5934 | 5951 | 6282 |
| 6453 | 6507 | 6764 | 7550 | 7731 | 7823 | 7893 | 8346 | 8356 | 8461 |
| 8882 | 8902 | 9134 | 9293 | 9492 | 9521 | | | | |

8-ാം സമ്മാനം 100 രൂപ


| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0050 | 0282 | 0286 | 0380 | 0705 | 0744 | 0806 | 1062 | 1284 | 1309 |
| 1459 | 1461 | 1468 | 1489 | 1700 | 1875 | 1923 | 1942 | 2232 | 2431 |
| 2468 | 2584 | 2922 | 2945 | 3037 | 3080 | 3327 | 3385 | 3422 | 3435 |
| 3479 | 3700 | 3836 | 3851 | 3930 | 3936 | 4005 | 4070 | 4174 | 4184 |
| 4310 | 4527 | 4554 | 4560 | 4624 | 4713 | 4749 | 4969 | 4970 | 4995 |
| 5049 | 5200 | 5228 | 5447 | 5493 | 5529 | 5543 | 5582 | 5703 | 5777 |
| 5818 | 5885 | 5907 | 6048 | 6187 | 6404 | 6780 | 6834 | 6878 | 6924 |
| 6956 | 7132 | 7208 | 7255 | 7314 | 7480 | 7559 | 7598 | 7690 | 8049 |
| 8051 | 8077 | 8155 | 8423 | 8444 | 8581 | 8687 | 8774 | 8776 | 8873 |
| 8940 | 9066 | 9077 | 9326 | 9330 | 9452 | 9564 | 9575 | 9587 | 9632 |
| 9648 | 9792 | 9963 | 9996 | | | | | | |

(ഒപ്പ്) റ്റി.എ. പത്മകുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം.
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

അടുത്ത പൗർണമി 360 നറുക്കെടുപ്പ് 07.10.2018 ന്
ഗോർകി ഭവൻ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം.

ഗുരുമാർഗം

**കോ**ലത്തുകര ക്ഷേത്രത്തിലെ പ്രതിഷ്ഠാമൂർത്തിയായ അല്ലയോ ശിവഭഗവാൻ ദാരിദ്ര്യം ബാധിച്ച് ദുഃഖിക്കാൻ ഇടവരാത്ത വണ്ണം എന്നെ അനുഗ്രഹിക്കണം.






ഒരു ജാതി ഒരു മതം ഒരു ദൈവം

മകയിരം 44- 58
ഷഷ്ഠി 57 - 32
സപ്തമി 53 - 16
1940 ആശ്വിനം 09
1439 മുഹറം 20
1194 കന്നി 15

# ഗാന്ധിജിയെ ഇന്ന് സ്മരിക്കുമ്പോൾ



▶എ.കെ.ബാലൻ



ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിന്റെ 70 -ാം വാർഷികവും അദ്ദേഹത്തിന്റെ 150 -ാം ജന്മവാർഷികവും ആചരിക്കുന്ന ഈ സമയത്ത് അദ്ദേഹത്തിന്റെ ജീവിത സന്ദേശമുൾക്കൊണ്ട് കേരളത്തെ പുനർനിർമിക്കാമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം

**ഭാ**രതത്തിന്റെ സുദീർഘമായ സ്വാതന്ത്ര്യസമരചരിത്രത്തിലെ അവസാനത്തെ മൂന്ന പതിറ്റാണ്ടുകളിൽ തികച്ചും നൂതനമായ ഒരു സമരമുറയുടെ സൂത്രധാരനും അമരക്കാരനുമായിരുന്ന മഹാത്മാഗാന്ധി. അതിനാൽത്തന്നെ ചരിത്രകാരന്മാർ അതിനുപേരിട്ടത് ഗാന്ധിയൻ യുഗം എന്നായിരുന്നു. ശത്രുമിത്രഭേദമന്യേ എല്ലാവരുടെയും ബഹുമാനം ആർജിക്കാൻ കഴിഞ്ഞ അപൂർവം നേതാക്കളിലൊരാളായിരുന്ന അദ്ദേഹം. ആ ജനനായകന്റെ 150-ാം ജന്മവാർഷികം രാജ്യം ആചരിക്കുകയാണ്.

ലോകത്തെങ്ങുമുള്ള മനുഷ്യസ്നേഹികളെ ഞെട്ടിച്ചതായിരുന്ന അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം. 70 വർഷം മുൻപ് ഹിന്ദുരാഷ്ട്രവാദികളുടെ തോക്കിനാണ് അദ്ദേഹം ഇരയായത്. നെഹ്റുവിനെ മറന്നതുപോലെ ഗാന്ധിജിയെയും മറക്കുകയും ഗാന്ധിഘാതകർക്ക് സ്മാരകവും ക്ഷേത്രവും പണിയുന്ന ഇക്കാലത്ത് ഗാന്ധിജിയുടെ ജീവിതവും സന്ദേശവും ജനങ്ങളിലെത്തിക്കാനാണ് സാംസ്കാരിക വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. രക്തസാക്ഷ്യം എന്ന പേരിൽ ഒരുവർഷം നീണ്ടുനിൽക്കുന്ന പരിപാടികളാണ് വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ്, പുരാരേഖ-പുരാവസ്തു വകുപ്പ് എന്നിവരുടെ സഹകരണത്തോടെ നിശ്ചയിച്ചിട്ടുള്ളത്.

പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ കഴിഞ്ഞ ജനവരി 30 ന് നിർവഹിച്ചു. അടുത്ത ജനവരി വരെ വിപുലമായ പരിപാടികൾ നടക്കും. ഗാന്ധിജിയുടെ കേരള സന്ദർശനത്തിലൂടെ ചരിത്രത്തിൽ ഇടം നേടിയ സ്ഥലങ്ങളിലാണ് പ്രധാനമായും പരിപാടികൾ സംഘടിപ്പിക്കുന്നത്.

പയ്യന്നൂർ, പാലക്കാട് ശബരി ആശ്രമം, തവനൂർ, വൈക്കം, വെങ്ങാനൂർ എന്നിവിടങ്ങളിൽ വിപുലമായ ആചരണ പരിപാടികൾ സംഘടിപ്പിക്കും. 1930 ൽ നടന്ന ഗാന്ധിജിയുടെ ഉപ്പ് സത്യഗ്രഹത്തിന് പിന്തുണയുമായി കെ.കേളപ്പന്റെ നേതൃത്വത്തിൽ ഏപ്രിൽ 23 ന് പയ്യന്നൂർ കടപ്പുറത്ത് ഉപ്പുകുറുക്കൽ സമരം ആരംഭിച്ചു. 1934 ൽ ഹരിജൻ ഫണ്ട് ഏറ്റുവാങ്ങുന്നതിനായി ഗാന്ധിജി പയ്യന്നൂർ സന്ദർശിച്ചു. അദ്ദേഹത്തിന്റെ മലബാർ സന്ദർശനത്തിന്റെ ഭാഗമായി ആദ്യം എത്തിയതും പയ്യന്നൂരിലായിരുന്നു. ഈ യാത്രയുടെ ഓർമ്മ പുതുക്കി പയ്യന്നൂരിൽ മൂന്ന് ദിവസത്തെ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഒക്ടോബർ 2 ന് സമാപിക്കും. എന്നാൽ പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രതിമ അനാച്ഛാദനം, ദേശീയ സെമിനാർ, സാഹിത്യ സമ്മേളനം, അനുസ്മരണ സമ്മേളനം, പുസ്തക പ്രകാശനം തുടങ്ങിയ ആഘോഷരഹിതമായ പരിപാടികളാണ് നിശ്ചയിച്ചിട്ടുള്ളത്.

ഗാന്ധിജയന്തി ദിനമായ ഒക്ടോബർ രണ്ട് മുതൽ രണ്ടാഴ്ചക്കാലം പട്ടികജാതി വകുപ്പ് ഗാന്ധിജിയുടെ സന്ദേശം പ്രചരിപ്പിക്കാൻ ഐക്യദാർഢ്യ പക്ഷാചരണം സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ശുചീകരണം ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കും. അതിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ കണ്ണൂർ ഡിപിസി ഹാളിൽ പട്ടികജാതി വകുപ്പ് മന്ത്രി നിർവഹിക്കും.

വിശ്വമാനവികതയ്ക്കും മനുഷ്യസാഹോദര്യത്തിനും മതസൗഹാർദ്ദത്തിനും വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവയ്ക്കുകയും ആ തത്വങ്ങളെ മുറുകെപ്പിടിച്ചതിനാൽ രക്തസാക്ഷിയാകേണ്ടിയും വന്ന ആദർശധീരനായിരുന്ന ഗാന്ധിജി. സത്യഗ്രഹം, നിസഹകരണം, അഹിംസ എന്നീ ആശയങ്ങൾ ലോകത്തിന് സംഭാവന നൽകിയതും അദ്ദേഹമായിരുന്നു.

വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും സത്യസന്ധതയും ധാർമികതയും സംശുദ്ധിയും പുലർത്തുന്നതായിരുന്ന അദ്ദേഹത്തിന്റെ ജീവിതം. "എന്റെ ജീവിതം തന്നെയാണ് എന്റെ സന്ദേശം" എന്നായിരുന്ന അദ്ദേഹത്തിന്റെ നിലപാട്. സ്വാർത്ഥമോഹലോഭങ്ങൾക്കൊന്നും കീഴ്പ്പെടാതെയും തന്റെ പൈതൃകം അവകാശപ്പെടാൻ കുടുംബാംഗങ്ങൾക്കുപോലും അവസരം നൽകാത്തതുമായിരുന്ന അദ്ദേഹത്തിന്റെ നിലപാടുകൾ. "ഒരു തീരുമാനമെടുക്കുന്നതിനു മുൻപ് തെരുവിലെ ഏറ്റവും ദരിദ്രനായ മനുഷ്യന്റെ മുഖം ഓർക്കുക" എന്നാണ് ഭരണകർത്താക്കളെയും പൊതുപ്രവർത്തകരെയും അദ്ദേഹം ഓർമ്മിപ്പിച്ചത്. ചേരികളിലെയും തെരുവുകളിലെയും മാലിന്യം തൂത്തുകളയുക മാത്രമല്ല അവനവന്റെ ഉള്ളിലെ മാലിന്യങ്ങളും തൂത്തുകളഞ്ഞെങ്കിൽ മാത്രമേ ഗാന്ധിജയന്തി ആഘോഷിക്കുന്നതിൽ അർത്ഥമുള്ളൂ.

ദക്ഷിണാഫ്രിക്കയിലെ തന്റെ സത്യാന്വേഷണപരീക്ഷകൾക്കു ശേഷം ഭാരതത്തിലെത്തിയ ഗാന്ധിജി തന്റെ പൊതുപ്രവർത്തനം ആരംഭിക്കുന്നത് 1917-ൽ ബീഹാറിലെ ചമ്പാരൻ ഗ്രാമത്തിലെ നീലംകർഷകരുടെ അവകാശസമരങ്ങൾക്കു നേതൃത്വം കൊടുത്തുകൊണ്ടായിരുന്നു. കൊളോണിയൽ ഭരണത്തിന്റെ ആരംഭകാലത്ത് ബ്രിട്ടനിലെ തുണിവ്യവസായത്തിന്റെ ആവശ്യത്തിനുവേണ്ടി ഇന്ത്യയിലെ നീലംകൃഷിക്കാരെ പ്രോത്സാഹിപ്പിക്കുകയും പിൽക്കാലത്ത് തുണി ചായം മുക്കുന്നതിനുള്ള രാസവസ്തുക്കൾ കണ്ടുപിടിച്ചപ്പോൾ നീലം കൃഷിക്കാരെ നിഷ്ഠൂരമായി പീഡിപ്പിക്കുകയും ചെയ്ത സന്ദർഭത്തിലാണ് ഗാന്ധിജി ചമ്പാരൻ സമരത്തിന് നേതൃത്വം കൊടുത്തത്. അതായത് സാമ്രാജ്യത്വ ചൂഷണത്തിനു വിധേയരാകുന്ന കർഷകരുടെ ചെറുത്തുനിൽപ്പു സമരത്തിനു നേതൃത്വം കൊടുക്കുകയായിരുന്നു അദ്ദേഹം.

നഗരകേന്ദ്രീകൃതമായിരുന്ന അഭ്യസ്തവിദ്യരായ അഭിജാതവർഗത്തിന്റെ കൈപ്പിടിയിലൊതുങ്ങിയിരുന്ന ഇന്ത്യൻ നാഷണൽകോൺഗ്രസിനെ നിരക്ഷരരായ ഗ്രാമീണജനതയുടെ ഇടയിലേക്കെത്തിച്ചതും ഗാന്ധിജിയായിരുന്നു. കോൺഗ്രസ് പ്രവർത്തകനാകാൻ ഇംഗ്ലീഷ് ഭാഷാപരിജ്ഞാനമല്ല മാനദണ്ഡമെന്നും തന്റെ മാതൃഭാഷയിൽ ആരുടെ മുമ്പിലും തല ഉയർത്തി നിന്ന് അഭിപ്രായം പറയാനുള്ള തന്റേടമാണ് വേണ്ടതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ഭാഷാടിസ്ഥാനത്തിൽ കോൺഗ്രസ്സിനെ പുനഃസംഘടിപ്പിച്ച് കെ.പി.സി.സിയടക്കമുള്ള പ്രദേശ് കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിച്ചത് ഗാന്ധിജിയുടെ ഇടപെടലിന്റെ ഫലമായിട്ടായിരുന്നു. മാതൃഭാഷാപഠനത്തോട് അവജ്ഞവച്ചുപുലർത്തുന്ന ഇന്നത്തെ സമൂഹത്തിൽ ഗാന്ധിജിയുടെ അഭിപ്രായത്തിന് പ്രസക്തിയേറുന്നു.


അധികാരത്തിന്റെ സ്രോതസ് ജനങ്ങളാണെന്നും അതിനാൽ അത് പ്രയോഗിക്കാനുള്ള അവകാശം ജനങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്നും ഉറക്കെപ്പറഞ്ഞ ജനാധിപത്യവാദിയായിരുന്ന ഗാന്ധിജി. ഗ്രാമതലത്തിൽ ജനങ്ങളെ മുഴുവൻ പങ്കെടുപ്പിച്ചുകൊണ്ടുള്ള പദ്ധതി ആസൂത്രണവും അധികാരവികേന്ദ്രീകരണവുമാണ് ജനാധിപത്യത്തെ ശക്തിപ്പെടുത്താനുള്ള ഏകമാർഗമെന്ന് അദ്ദേഹം വിശ്വസിച്ചു. കൊളോണിയൽ ഭരണം ഇവിടെ നടപ്പാക്കിയ നീതി സവർണന്റെയും സമ്പന്നന്റെയും താത്പര്യങ്ങൾ മാത്രമാണ് സംരക്ഷിച്ചിരുന്നത്. അത്തരത്തിൽ ഭരണസംവിധാനം പൊളിച്ചെഴുതാൻ ഗാന്ധിജിയുടെ പ്രസ്ഥാനം പതിറ്റാണ്ടുകൾ അധികാരത്തിലിരുന്നിട്ടും കഴിഞ്ഞില്ല. കേരളത്തിൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാരുകൾ 1987 ൽ ജില്ലാ കൗൺസിലുകൾ രൂപീകരിച്ചും 1996 ൽ ജനകീയാസൂത്രണത്തിലൂടെയും അത് നടപ്പിലാക്കി.

പേമാരിയും പ്രളയവും ഉരുൾപൊട്ടലും ചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തത്തെയാണ് കേരളത്തിന് സമ്മാനിച്ചത്. മലനാടും ഇടനാടും തീരപ്രദേശവും ഒരേപോലെ ദുരിതക്കയത്തിലായി. നൂറുകണക്കിനാളുകൾക്ക് ജീവൻ നഷ്ടപ്പെട്ടു. വളർത്തുമൃഗങ്ങൾ ചത്തൊടുങ്ങി. കൃഷിനാശമുണ്ടായി. വീടുകൾ തകർന്നു. റോഡുകൾ ഗതാഗതയോഗ്യമല്ലാതായി. കിണറുകൾ നികന്നു. കുടിവെള്ള വിതരണം തകരാറിലായി. ലക്ഷക്കണക്കിനു വിദ്യാർഥികളുടെ പഠനോപകരണങ്ങൾ നഷ്ടമായി. പതിനായിരങ്ങൾ ദുരിതാശ്വാസക്യാമ്പുകളിലെത്തി. ഇങ്ങിനെ തകർത്തെറിയപ്പെട്ട കേരളത്തെ പുനർനിർമിക്കാനുള്ള പരിശ്രമത്തിലേർപ്പെട്ടിരിക്കുകയാണ് കേരള സർക്കാർ.

1924 ലെ പ്രളയ കാലത്ത് കേരളത്തെക്കുറിച്ച് വേദനിക്കുകയും വലിയ തോതിൽ പണവും വസ്ത്രവും പിരിച്ചെടുത്ത് അയച്ചുതരികയും ചെയ്ത മഹാത്മാഗാന്ധിയുടെ ആർത്തരോടുള്ള സഹാനുഭൂതിയേയും പ്രബുദ്ധ കേരളത്തോടുള്ള പ്രതിബന്ധതയേയും സ്മരിച്ചുകൊണ്ടാണ് ഈ പ്രളയകാലത്ത് കേരളം രക്തസാക്ഷ്യം പരിപാടി സംഘടിപ്പിക്കുന്നത്.

എല്ലാ ദുരന്തമുഖത്തും അഭയമന്ത്രം ഉരുവിട്ട് ഗാന്ധിജി എത്തുമായിരുന്നു. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം ഓരോ ദുരന്തവും നമ്മെ ഓർമ്മപ്പെടുത്തും. ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിന്റെ 70 വാർഷികവും അദ്ദേഹത്തിന്റെ 150 -ാം ജന്മവാർഷികവും ആചരിക്കുന്ന ഈ സമയത്ത് അദ്ദേഹത്തിന്റെ ജീവിതസന്ദേശമുൾക്കൊണ്ട് കേരളത്തെ പുനർനിർമിക്കാമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

*(ലേഖകൻ സംസ്ഥാന നിയമ - സാംസ്കാരിക - പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രിയാണ് )*



ഗുരുസാഗരം

## ആത്മാവ് എന്നത് ഗസ്റ്റ് ആർട്ടിസ്റ്റല്ല

▶സജീവ് കൃഷ്ണൻ

**കു**റച്ചുകാലം മുമ്പൊരു ചാനൽ ചർച്ചയിൽ ചില ആത്മീയവാദികളും ഭൗതികവാദികളും തമ്മിലുള്ള തർക്കം കണ്ടു. മരിച്ചുപോയവരുടെ ആത്മാവിന്റെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്ന ഒരു കാന്തിക യന്ത്രവുമായി നടക്കുന്നവരെ ഒരു കൂട്ടം നിരീശ്വരവാദികൾ ചോദ്യം ചെയ്ത് പൊറുതി മുട്ടിക്കുകയാണ്. ഒടുവിൽ ഒരു യുക്തിവാദി ചോദിച്ചു : ആത്മാവ് എങ്ങനെയാണ് ഒരു മനുഷ്യനിൽ പ്രവേശിക്കുന്നത്? ഗർഭത്തിന്റെ രണ്ടാംമാസം അമ്മയുടെ ഗർഭപാത്രത്തിനുള്ളിൽ കിടക്കുന്ന കുഞ്ഞിന്റെ ഉള്ളിലേക്ക് അത് പ്രവേശിക്കുന്നു എന്നാണ് ആത്മീയവാദികളുടെ ഉത്തരം. എങ്കിൽ ഏതുവഴിക്ക് പ്രവേശിച്ചു? എന്നാണ് അടുത്ത ചോദ്യം. ഉത്തരം പറയാനിറങ്ങിയവർ കുഴങ്ങി. സദസിൽ ചിരിയായി.

പണ്ട് പാശ്ചാത്യ ചിന്താലോകത്ത് ഭൗതികവാദികൾ അഥവാ മെറ്റീരിയലിസ്റ്റുകളും ആശയവാദികൾ അഥവാ ഐഡിയലിസ്റ്റുകളും തമ്മിൽ ഇതുപോലെ തർക്കിക്കുമായിരുന്നു. ഇന്ത്യയിൽ അദ്ധ്യാത്മപഠനത്തിൽ തർക്കം ഒരു പാഠ്യശാഖയാണ്. ശ്രീശങ്കരാചാര്യർ തർക്കത്തിലൂടെയാണ് ജ്ഞാനപീഠം കയറിയത്. എന്നാൽ ഭഗവാൻ ശ്രീനാരായണഗുരുവിലേക്ക് വരുമ്പോൾ തർക്കം എന്നൊന്നില്ല. സംശയങ്ങളെ സത്യബോധംകൊണ്ട് മനനം ചെയ്ത് ശരിയായത് ഉള്ളിൽ ഉറപ്പിക്കുക. പിന്നെ ആ അറിവിലൂടെ വിഷയങ്ങളെ നോക്കിക്കാണുക. വ്യക്തത ലഭിക്കാൻ ഇതേ മാർഗമുള്ളൂ. ഏതു വിഷയമായാലും ശ്രീനാരായണഗുരു ദർശനത്തിലൂടെ നോക്കിയാൽ വ്യക്തമായ അവബോധം ലഭിക്കും. അതുകൊണ്ടാണ് നമ്മുടെ വിദ്യാഭ്യാസ പദ്ധതിയാകെ ഗുരുവിൽ അധിഷ്ഠിതമായ ഒരു സർവകലാശാല രൂപീകരിച്ചുകൊണ്ട് പുനരവതരണം ചെയ്യണമെന്നു പറയുന്നത്.

ബോധത്തിൽ ഉറകൂടിയിരിക്കുന്ന ശക്തിയാണ് ഊർജം

ബോധസത്യം എന്ന ഒന്നേ ഇവിടെ ശാശ്വതമായുള്ളൂ എന്നാണ് ഗുരുവിന്റെ ദർശനം. അത് അഖണ്ഡമാണ്. അതായത് വാക്വം അഥവാ ശൂന്യത എന്ന ഒരവസ്ഥയില്ല. ശൂന്യത ഉണ്ടെന്നാണ് നമ്മുടെ അനുഭവം. ശൂന്യാകാശം എന്നപേരുതന്നെ ശാസ്ത്രം ഉപയോഗിക്കുന്നുണ്ട്. വായു ഇല്ലാത്ത ഇടമാണ് സയൻസിന്റെ ശൂന്യത. എന്നാൽ വായു ഇല്ലാത്ത ഇടത്തും ബോധം നിറഞ്ഞിരിപ്പുണ്ട്. ബോധം എന്നത് മാനസികമോ ബുദ്ധിപരമോ ആയ തലത്തിലാണ് സയൻസ് വ്യാഖ്യാനിക്കുന്നത്. ബോധം ബുദ്ധിക്കും അകമേ വിലസുന്നതാണ് എന്നതാണ് സത്യം. ഈ ബോധത്തിൽ ഉറകൂടിയിരിക്കുന്ന ശക്തിയാണ് ഊർജം. ഊർജത്തിന്റെ അടിസ്ഥാനരൂപം താപമാണ്. ഈ താപത്തെയാണ് പരാശക്തി എന്നുവിളിക്കുന്നത്. ഋഷിമാർ തപം ചെയ്തുരുകിയാണ് ഈ ശക്തിവിശേഷത്തെ ഉള്ളിൽ അറിയുന്നത്. ആ ഉൾച്ചൂടിൽ എല്ലാം ഉരുകി ദൃശ്യപ്രപഞ്ചം മാഞ്ഞുമറയുമ്പോഴാണ് തപസിന് സാക്ഷാത്കാരം സംഭവിക്കുന്നത്. ശക്തി ഉറഞ്ഞിരിക്കുന്ന അവസ്ഥയിൽ പരമബോധം നിശ്ചലമായിരിക്കും. അതിനെയാണ് പരമേശ്വരന്റെ തപസ് എന്നു പറയുന്നത്. തപസുണർന്നാൽ ഉറകൂടിയ ശക്തി വീണ്ടും സ്പന്ദിച്ചുയരും. അതാണ് സൃഷ്ടിക്ക് കാരണമാകുന്നത്. അത് ആവരണശക്തിയും വിക്ഷേപശക്തിയുമായി മാറുന്നു.

ആവരണശക്തിയാകുന്ന മൂടുപടം ഇട്ടുകൊണ്ടാണ് വിക്ഷേപശക്തി പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് പ്രപഞ്ചരഹസ്യം അറിയാൻ ശ്രമിക്കുന്നവർക്ക് ഒന്നും വ്യക്തമായി അറിയാൻ കഴിയാത്തത്. എത്ര വിശദമാക്കാൻ ശ്രമിച്ചാലും ഇത്തരം കാര്യങ്ങളിൽ ഒരു അവ്യക്തത അവശേഷിക്കും. അവ്യക്തതയെ ചിലർ ഊഹംകൊണ്ട് വ്യാഖ്യാനിക്കാൻ ശ്രമിക്കും. ആ ഊഹാപോഹം യുക്തിബോധമുള്ളവർ പൊളിച്ചുകളയും. അതാണ് തർക്കത്തിനു കാരണം. ആവരണശക്തിയെ നീക്കിയെടുക്കാനാണ് ആത്മസാധന വേണ്ടുന്നത്. അത് സസൂക്ഷ്മം ചെയ്യേണ്ടുന്ന ഒന്നാണ്. ലക്ഷ്യപ്രാപ്തിവരെ സൂക്ഷ്മത പാലിക്കണം. കാട്ടിൽവച്ച് കോടാലി നഷ്ടപ്പെട്ട മരംവെട്ടുകാരനെ പരീക്ഷിക്കാൻ വനദേവത സ്വർണക്കോടാലിയും വെള്ളിക്കോടാലിയും കാട്ടിയതുപോലെ ആവരണശക്തി ആത്മാന്വേഷകന് പലതരം അറിവുകൾ നൽകി ഭ്രമിപ്പിക്കും. ഇതാണ് ശരിയെന്നുപോലും തോന്നിപ്പോകുന്ന പലതരം അറിവുകൾ കൊടുത്ത് വഴിതിരിച്ചുവിടുന്ന ആ പ്രക്രിയയാണ് മായാജാലം. ചിലർ പറയാറില്ലേ ശിവൻ പ്രത്യക്ഷനായി, മുരുകൻ പ്രത്യക്ഷനായി എന്നൊക്കെ. അതൊക്കെ ഭ്രമബുദ്ധിയിൽ ഉണ്ടാകുന്ന തോന്നലുകൾ മാത്രമാണ്. സത്യത്തെ മറച്ചു പിടിക്കുന്ന ആവരണശക്തിയുടെ കളിയാണത്. വിക്ഷേപശക്തി ആവരണമിട്ടുകൊണ്ടു നടത്തുന്ന നാടകത്തിലെ കഥാപാത്രങ്ങളാണ് നമ്മൾ. ഒടുവിൽ ശക്തിയെ ഉൾവലിച്ച് പരമബോധം വീണ്ടും തപസുചെയ്യുമ്പോൾ ഇക്കണ്ടതും സൂര്യചന്ദ്രാദികളടക്കം എല്ലാം ഇല്ലാതാകും. ഇത് ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ഇതാണ് ദർശനമാലയുടെ ഒന്നാം പദ്യത്തിന്റെ അർത്ഥതലം.

വിക്ഷേപശക്തിയാണ് മുഖ്യപ്രാണൻ. ആവരണശക്തി അവ്യക്തവും. മുഖ്യപ്രാണൻ അവ്യക്തമറയിൽ പ്രതിബിംബിക്കുമ്പോൾ സൂര്യാംശുക്കളിൽ സൂര്യൻ പ്രതിബിംബിക്കുംപോലെ ഒരുപാട് പ്രാണനുകൾ ഉണ്ടാകുന്നു. ഈ പ്രാണനുകൾ ഓരോന്നും ഞാൻ എന്ന അഹന്തയെ സങ്കല്പിക്കുന്നു. അഹന്തയിൽ മനസ് ബുദ്ധി എന്നിവ ഉണ്ടാകുന്നു. ഇവ സങ്കല്പശക്തിയാൽ ശരീരം സ്വീകരിക്കുന്നു. അതാണ് ജീവികൾ. വിക്ഷേപശക്തിയുടെ മായയാൽ ഓരോ ജീവിയും ബോധത്തിൽ പ്രപഞ്ചം ഉള്ളതായിക്കണ്ട് അനുഭവിക്കുന്നു. ജീവികളിൽനിന്ന് പുതിയ ജീവികൾ ഉണ്ടാകുന്ന പ്രത്യുത്പാദന വ്യവസ്ഥയും വിക്ഷേപശക്തിയുടെ സങ്കല്പത്താൽ സംഭവിക്കുന്നതാണ്. പിതാവിന്റെ ബീജത്തിലാണ് പ്രാണൻ നിലകൊള്ളുന്നത്. അമ്മയിലെ അണ്ഡമാണ് കുഞ്ഞിന്റെ ശരീരമായി പരിണമിക്കുന്നത്. ബീജസങ്കലനം നടക്കുമ്പോൾ പ്രാണനിലെ ആത്മാംശമാണ് ശരീരം സ്വീകരിക്കുന്നത്. അല്ലാതെ ബീജസങ്കലനം നടന്ന് ഗർഭമുണ്ടായിട്ട് രണ്ടാം മാസം അതിഥിതാരമായി കയറിവരുന്ന ഒന്നല്ല ആത്മാവ്. അത് പരമബോധം അവ്യക്തമറയിൽ പ്രതിഫലിക്കുന്ന അവസ്ഥയാണ്. ആത്മാവ് കറങ്ങി നടക്കുന്ന പ്രേതമല്ല, കാന്തംവച്ച് കണ്ടുപിടിക്കാൻ. ഇവിടമാകെ നിറഞ്ഞിരിക്കുന്നതാണ്. അതിൽ നിന്നാണ് ശരീരരൂപിയായി ജഡദൃശ്യങ്ങൾ ഉണ്ടായി വരുന്നത്. അല്ലാതെ ആദ്യം ശരീരമല്ല ഉണ്ടാകുന്നത്. ശരീരം എന്നത് ബോധത്തിന്റെ സങ്കല്പമാണ്. അതാണ് സസർജ സർവം സങ്കല്പമാത്രേണ പരമേശ്വര എന്നു പറയുന്നത്. സങ്കല്പത്തിലാണ് പരമേശ്വരൻ ലോകത്തെ സൃഷ്ടിച്ചിരിക്കുന്നത്. ഉണ്ടായി മറയുന്നത് എന്നാണ് സങ്കല്പത്തിന്റെ അർത്ഥം. നാമരൂപങ്ങൾ പിൻവലിച്ച അവസ്ഥയിൽ പരമബോധം നിശ്ചലമായി കിടക്കുന്നതിനെയാണ് അസദേവേദം എന്നു പറഞ്ഞിരിക്കുന്നത്. പ്രളയവും സൃഷ്ടിയും തുടർപ്രക്രിയയാണ്. എന്നു തുടങ്ങി എന്നാർക്കും പറയാൻ കഴിയില്ല. അതാണ് അനന്തമായ തല്പത്തിൽ പരമാത്മാവ് സൃഷ്ടി സ്ഥിതി ലയം നടത്തുന്നു എന്നു പറയുന്നത്.

# റാഫേൽ കൊടുങ്കാറ്റ്



▶ഡോ.ജോസുകുട്ടി സി.എ



**ഫ്ര**ഞ്ച് ഭാഷയിൽ കൊടുങ്കാറ്റ് അഥവാ ആലങ്കാരിക സൈനിക ഭാഷയിൽ ആളിക്കത്തുന്ന തീ എന്നാണ് റാഫേൽ എന്ന വാക്കിന്റെ അർത്ഥം. ഇന്ന് ഇന്ത്യൻ രാഷ്ട്രീയത്തെ ആളിക്കത്തിച്ചും ആടിയുലച്ചും കൊണ്ടിരിക്കുന്നത് ഇന്ത്യ ഫ്രാൻസിൽ നിന്ന് വാങ്ങാൻ പോകുന്ന റാഫേൽ യുദ്ധവിമാനത്തിന്റെ ഇടപാടാണ്.

## റാഫേൽ ഇടപാട്

ദുർബലമായിക്കൊണ്ടിരിക്കുന്ന ഇന്ത്യയുടെ വ്യോമശക്തിയെ ബലപ്പെടുത്താൻ 2001 ലാണ് റാഫേൽ യുദ്ധവിമാനങ്ങൾ ഫ്രാൻസിൽ നിന്ന് വാങ്ങാൻ ആലോചന തുടങ്ങുന്നത്. ഏകദേശം പത്ത് വർഷത്തെ ആലോചനക്ക് ശേഷം 2012 ൽ മൊത്തം 126 റാഫേൽ വിമാനങ്ങൾ വാങ്ങാനായി യു.പി.എ സർക്കാർ തീരുമാനിക്കുന്നു. ഇതിൽ 18 എണ്ണം പൂർണ യുദ്ധസജ്ജമായും ബാക്കി 108 എണ്ണം പൊതുമേഖലാ കമ്പനിയായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ് ( എച്ച്.എ.എൽ ) ഇന്ത്യയിൽ സംയോജിപ്പിച്ച് നിർമ്മിക്കാമെന്നുമായിരുന്ന ആദ്യ തീരുമാനം.

മോദി സർക്കാർ അധികാരത്തിൽ വന്നപ്പോൾ വിലക്കൂടുതൽ തുടങ്ങിയ കാരണങ്ങൾ നിരത്തി കരാറിൽ നിന്ന് പിന്മാറി. എന്നാൽ വ്യോമസേനയ്ക്ക് ഈ വിമാനങ്ങൾ അടിയന്തരമായി വേണ്ടതുകൊണ്ട് 2015 ൽ പ്രധാനമന്ത്രി മോദി ഫ്രാൻസ് സന്ദർശിച്ചപ്പോൾ , 36 വിമാനങ്ങൾ നേരിട്ട് വാങ്ങാൻ തീരുമാനിച്ചു. 2016 ൽ ഇതിനാവശ്യമായ കരാറിൽ ഒപ്പിട്ടു. പുതിയ റാഫേൽ ഇടപാട് പ്രകാരം 58,000 കോടി രൂപയ്ക്ക് മിസൈലുകളും മറ്റ് യുദ്ധസംവിധാനങ്ങളും ഉൾപ്പെടുന്ന 36 റാഫേൽ വിമാനങ്ങൾ നൽകും. മൊത്തം തുകയുടെ 15 ശതമാനം മുൻകൂറായി ഇന്ത്യ നൽകണം. ആവശ്യമായ സ്പെയർ പാർട്സുകൾ ഫ്രഞ്ച് വ്യോമ കമ്പനിയായ ദസോൾട്ട് ( dassault ) ഈ കരാറിന്റെ അനുബന്ധ വകുപ്പ് പ്രകാരം മൊത്തം തുകയുടെ 30 ശതമാനം ഇന്ത്യയുടെ സൈനിക ഗവേഷണത്തിനും 20 ശതമാനം റാഫേൽ വിമാനത്തിന്റെ സ്പെയർ പാർട്സുകൾ പ്രാദേശികമായി നിർമിക്കാനും ഉപയോഗിക്കും.

ഇന്ത്യയിലെ ഏറ്റവും വലിയ ആയുധ അഴിമതി ആയിട്ടാണ് ഈ കരാറിനെ പ്രതിപക്ഷം വിശേഷിപ്പിക്കുന്നത്. പ്രധാനമായും രണ്ട് കാരണങ്ങളാണ് വിമർശനത്തിന് അടിസ്ഥാനം. ഒന്ന്, 2012 ലെ കരാറിനെക്കാൾ മൂന്നിരട്ടി വില നൽകിയാണ് വിമാനങ്ങൾ വാങ്ങുന്നത്. രണ്ട്, ഫ്രഞ്ച് വിമാനക്കമ്പനിയായ ദസോൾട്ട് ഇന്ത്യയിലെ പങ്കാളിയായി തിരഞ്ഞെടുത്തിരിക്കുന്നത് അനിൽ അംബാനി പുതുതായി രൂപീകരിച്ച റിലയൻസ് ഡിഫൻസ് ലിമിറ്റഡിനെയാണ്. ഇവിടെ ഒഴിവാക്കപ്പെട്ടത് പൊതുമേഖലാ സ്ഥാപനമായ എച്ച്.എ.എൽ ആണ്.

പ്രതിപക്ഷത്തിന്റെ ആരോപണപ്രകാരം ആയുധനിർമ്മാണ രംഗത്ത് പതിറ്റാണ്ടുകളുടെ പരിചയമുള്ള എച്ച്.എ.എല്ലിനെ ഒഴിവാക്കി , കരാർ ഒപ്പിടുന്നതിന് കേവലം 12 ദിവസം മുൻപ് മാത്രം രൂപീകരിച്ച റിലയൻസ് ഡിഫൻസ് ലിമിറ്റഡിന് പങ്കാളിത്തം നൽകിയതിന് പിന്നിൽ അഴിമതിയുണ്ടെന്നാണ്. സർക്കാർ നിലപാട് പ്രകാരം വില കൂടാൻ കാരണം വിമാനത്തിൽ കൂടുതലായുള്ള മിസൈൽ സംവിധാനങ്ങളും മറ്റ് ആധുനിക സൗകര്യങ്ങളുമാണ്. അതുപോലെ റിലയൻസിനെ പങ്കാളിയായി തിരഞ്ഞെടുത്തിരിക്കുന്നത് ഫ്രഞ്ച് കമ്പനിയുടെ തീരുമാനവുമാണ്. അതേസമയം അതീവ സുരക്ഷാ രഹസ്യസ്വഭാവമുള്ളതിനാൽ കരാറിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താൻ കഴിയില്ലെന്നാണ് പ്രതിരോധമന്ത്രാലയം പാർലമെന്റിൽ പറഞ്ഞത്. അഴിമതി മറയ്ക്കാനാണ് ഈ ന്യായമെന്നാണ് പ്രതിപക്ഷ ആരോപണം. അതുകൊണ്ട് പാർലമെന്റിന്റെ സംയുക്ത സമിതി അന്വേഷിക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെടുന്നു. മാത്രവുമല്ല, ആയുധസാമഗ്രികൾ വാങ്ങുമ്പോൾ തീരുമാനമെടുക്കേണ്ട ഡിഫൻസ് അക്വിസിഷൻ കൗൺസിലുമായി കരാർ ചർച്ച ചെയ്തിട്ടുമില്ല. പ്രധാനമന്ത്രിയുടെ പ്രത്യേക താത്പര്യപ്രകാരം കടത്തിൽ മുങ്ങിക്കിടക്കുന്ന അനിൽ അംബാനിയെ രക്ഷിക്കാൻ വേണ്ടിയിട്ടാണ് കരാർ ഒപ്പിട്ടിരിക്കുന്നതെന്നാണ് രാഹുൽ ഗാന്ധിയുടെ ആരോപണം.

2016 മുതൽ കരാറിനെ ചുറ്റിപ്പറ്റി വിവാദമുണ്ടെങ്കിലും ഇത് ആളിക്കത്തിയത് മുൻ ഫ്രഞ്ച് പ്രസിഡന്റ് ഫ്രാങ്കോയിസ് ഹോളണ്ടേയുടെ , ഇന്ത്യൻ സർക്കാരാണ് റിലയൻസിനെ പങ്കാളിയായി നിശ്ചയിച്ചത് എന്നുള്ള വെളിപ്പെടുത്തലാണ്.

മൂന്ന് കാരണങ്ങളാൽ റാഫേൽ ഇടപാട് സംശയത്തിന്റെ നിഴലിലാണ്. ഒന്ന്, ആയുധനിർമ്മാണ രംഗത്ത് യാതൊരു മുൻപരിചയവുമില്ലാത്ത റിലയൻസ് ഡിഫൻസ് ലിമിറ്റഡാണ് ഇന്ത്യയിലെ പങ്കാളി. പൊതുമേഖലാ സ്ഥാപനമായ എച്ച്.എ.എല്ലിന് ശേഷിയില്ല എന്ന ന്യായം വിശ്വസനീയമല്ല. രണ്ട്, ആദ്യത്തെ കരാറിനെക്കാൾ മൂന്നിരട്ടി വില നൽകിയാണ് ഇപ്പോൾ വിമാനം വാങ്ങുന്നത്. ഇതിന് ശേഷം ഇതേ വിമാനം ഖത്തർ വാങ്ങാൻ കരാർ ചെയ്തിരിക്കുന്നത് ഇതിനേക്കാൾ കുറഞ്ഞ വിലയ്ക്കാണ്. മൂന്ന്, കരാറിന്റെ വിശദാംശങ്ങൾ പുറത്ത് വിടാൻ പറ്റില്ലെന്ന വാദം. വിശദാംശങ്ങൾ പുറത്ത് വിട്ടാൽ മാത്രമേ സംശയത്തിന്റെ പുകമറ ഒഴിവാക്കാൻ കഴിയൂ.

## ബോഫോഴ്സ് ആകുമോ?

ഇന്ത്യൻ രാഷ്ട്രീയത്തെ മാറ്റിമറിച്ച ആയുധ കുംഭകോണമാണ് 1986 ൽ 1437 കോടി രൂപയ്ക്ക് ഇന്ത്യയും സ്വീഡനിലെ ബോഫോഴ്സുമായി 400 ബോഫോഴ്സ് തോക്കുകൾ വാങ്ങാനുണ്ടാക്കിയ കരാർ . ഇന്ത്യൻ ഇടനിലക്കാരായ വിൻചദ്ദയും ഹിന്ദുജ ബ്രദേഴ്സും കൂടാതെ ഇറ്റാലിയൻ ഒട്ടാവിയോ ക്വത്റോച്ചിയും കമ്മിഷൻ കൈപ്പറ്റി എന്നായിരുന്നു ആരോപണം. രാഷ്ട്രീയ കൊടുങ്കാറ്റായി മാറിയ ആരോപണത്തിൽ 1989 ൽ കോൺഗ്രസിന് ഭരണം നഷ്ടപ്പെട്ടു. റാഫേൽ ഇടപാട് മറ്റൊരു ബോഫോഴ്സ് ആകുമോ എന്നാണ് ഇന്ത്യൻ രാഷ്ട്രീയം ഉറ്റുനോക്കുന്നത്.

## എന്നും വിവാദം

ആയുധ ഇടപാടുകൾ എക്കാലത്തും വിവാദങ്ങൾ കൊണ്ട് മുഖരിതമായിരുന്നു. രാജ്യരക്ഷയുടെയും അതീവ രഹസ്യ സ്വഭാവത്തിന്റെയും പുകമറയിൽ സുതാര്യത ഇല്ലാത്ത സങ്കീർണ ഇടപാടുകൾ ആയിരുന്നു ഇവയെല്ലാം. ട്രാൻസ്പാരൻസി ഇന്റർനാഷണലിന്റെ കണക്കുകൾ പ്രകാരം ആഴ്ചയിൽ അഞ്ച് മുതൽ പത്ത് വരെ ആയുധ കുംഭകോണ വിവാദങ്ങൾ ലോകത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇന്ത്യയിൽ ബോഫോഴ്സ് മാത്രമല്ല ഇസ്രായേലിൽ നിന്ന് വാങ്ങിയ ബാരക് മിസൈൽ , ജർമ്മനിയിൽ നിന്നുള്ള അന്തർവാഹിനി , ഇറ്റലിയിൽ നിന്നുള്ള അഗസ്റ്റ വെസ്റ്റ്ലാൻഡ് ഹെലികോപ്ടർ എന്നീ ഇടപാടുകൾ തുടങ്ങി എന്തിനേറെ പറയുന്നു, കാർഗിൽ യുദ്ധത്തിൽ ശവപ്പെട്ടി വാങ്ങിയതിൽ പോലും അഴിമതിയുടെ കരിനിഴൽ വീണിരുന്നു. ശ്രദ്ധേയമായിട്ടുള്ളത് ഈ കേസിൽ ഒന്നുംതന്നെ ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല എന്നതാണ്.

ആയുധ ഇടപാടുകൾ എക്കാലത്തും വിവാദങ്ങൾ കൊണ്ട് മുഖരിതമായിരുന്നു. രാജ്യരക്ഷയുടെയും അതീവ രഹസ്യസ്വഭാവത്തിന്റെയും പുകമറയിൽ സുതാര്യത ഇല്ലാത്ത സങ്കീർണ ഇടപാടുകൾ ആയിരുന്നു ഇവയെല്ലാം. ട്രാൻസ്പാരൻസി ഇന്റർനാഷണലിന്റെ കണക്കുകൾ പ്രകാരം ആഴ്ചയിൽ അഞ്ച് മുതൽ പത്ത് വരെ ആയുധ കുംഭകോണ വിവാദങ്ങൾ ലോകത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്

## ലക്ഷ്യബോധമില്ലാതെ...

ഇന്ത്യൻ സൈന്യം ലക്ഷ്യബോധമില്ലാതെ ആയുധങ്ങൾ വാങ്ങിക്കൂട്ടുന്നതിനെപ്പറ്റി സ്റ്റീഫൻ കോഹനും സുനിൽദാസ് ഗുപ്തയും ചേർന്ന് രചിച്ചിട്ടുള്ള പഠനഗ്രന്ഥമാണ് ' ലക്ഷ്യബോധമില്ലാത്ത ആയുധവത്കരണം' ( Arming without Aiming) . ലോകത്ത് ഏറ്റവും കൂടുതൽ ആയുധങ്ങൾ വാങ്ങിക്കൂട്ടുന്ന ഇന്ത്യ പ്രത്യേക ലക്ഷ്യമോ തന്ത്രപരമായ പദ്ധതിയോ ഇല്ലാതെയാണ് ഇത് ചെയ്യുന്നതെന്നാണ് വിമർശനം. പരമപ്രധാനമായ രാജ്യരക്ഷാ കാര്യങ്ങളിൽ പോലും സ്ഥാപിത താത്പര്യങ്ങൾ കടന്നുകൂടുമ്പോഴാണ് ഇത് സംഭവിക്കുന്നത്. റാഫേൽ ഇടപാട് ഇതിലെ അവസാനത്തെ ഏട് മാത്രം.

(ലേഖകൻ കേരള സർവകലാശാല പൊളിറ്റിക്കൽ സയൻസ് വിഭാഗം അദ്ധ്യാപകനാണ്. ഫോൺ : 9447145381)

## മുകുന്ദൻ മയ്യഴിയോട് വിട പറയുന്നു



മാഹി: വാഹനാപകടങ്ങൾ തുടർക്കഥയായതോടെ മയ്യഴിയുടെ കഥാകാരൻ എം. മുകുന്ദൻ ജന്മനഗരത്തോട് വിടപറയുന്നു. ഭാരതിയാർ റോഡിന്റെ വടക്കെ ജംഗ്ഷനിലെ വീടാണ് മുകുന്ദൻ ഒഴിയുന്നത്. കൊട്ടം വളവും, ഇറക്കവുമുള്ള ജംഗ്ഷനിലെ വീട്ടിലേക്ക് ലോറികൾ ഇടിച്ച് കയറുന്നത് പതിവായിരുന്നു. പല തവണ അധികൃതർക്ക് പരാതി നൽകിയെങ്കിലും നടപടികളൊന്നുമുണ്ടായില്ല. ഇതിൽ മനം മടുത്താണ് മുകുന്ദൻ ആരോടും പരിഭവമില്ലാതെ പടിയിറങ്ങുന്നത്. വിദേശത്തുള്ള മക്കൾ പള്ളൂരിൽ പണിത പുതിയ വീട്ടിലേക്കാണ് താമസം മാറുന്നത്. ചരിത്രകാരനായ സി.എച്ച്. ഗംഗാധരന്റെ അനുസ്മരണ ചടങ്ങിലായിരുന്നു മുകുന്ദൻ ഇക്കാര്യം അറിയിച്ചത്.



### ആർ.സി.സിയിൽ സൗജന്യ സ്തനാർബുദ പരിശോധന

തിരുവനന്തപുരം : സ്തനാർബുദ ബോധന മാസാചരണത്തിന്റെ ഭാഗമായി ഈമാസം ആർ.സി.സി.സിയിൽ സൗജന്യ സ്തനാർബുദ പരിശോധനാ ക്യാമ്പ് നടക്കും. ഉച്ചയ്ക്ക് 2 മുതൽ 4വരെയാണ് പ്രത്യേക ക്ലിനിക്കിന്റെ പ്രവർത്തനം. പരിശോധനയ്ക്കായി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 0471-2522210. സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ആർ.സി.സിയുടെ ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കാൻ താത്പര്യമുള്ള സ്ഥാപന മേധാവികൾ ഓങ്കോളജി വിഭാഗവുമായി ബന്ധപ്പെടണം. ഫോൺ: 0471 - 2522299.

### ബുധനാഴ്ച റേഷൻ കടകളടച്ച് സമരം

തിരുവനന്തപുരം: ഇ-പോസ് മെഷീനിലെ തകരാറു മൂലം റേഷൻ വിതരണം അടിക്കടി മുടങ്ങുന്നതിൽ പ്രതിഷേധിച്ച് ഈ ബുധനാഴ്ച മുഴുവൻ റേഷൻകടകളും അടച്ച് പ്രതിഷേധിക്കുമെന്ന് കേരള സ്റ്റേറ്റ് റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു. അന്ന് തിരുവനന്തപുരം ജില്ലയിലെ റേഷൻ വ്യാപാരികൾ സെക്രട്ടേറിയറ്റ് മാർച്ചും ധർണയും നടത്തും. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ജി. കൃഷ്ണപ്രസാദ് ഉദ്ഘാടനം ചെയ്യും. എസ്. സുരേന്ദ്രൻ, ശ്രീകാര്യം നടേശൻ, തലയിൽ മധു, എസ്. ഹേമചന്ദ്രൻ തുടങ്ങിയവർ സംസാരിക്കും. മറ്റ് ജില്ലകളിൽ വ്യാപാരികൾ താലൂക്ക് ഓഫീസുകളിലേക്ക് മാർച്ച് നടത്തും.

### സ്വാഗതം ചെയ്തു

തിരുവനന്തപുരം: ആറുവർഷമായി മുടങ്ങിക്കിടക്കുകയായിരുന്ന ആരോഗ്യവകുപ്പ് ഫീൽഡ് വിഭാഗം ജീവനക്കാരുടെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ പ്രമോഷൻ നടപ്പാക്കിയ സർക്കാർ നടപടിയെ എൻ.ജി.ഒ യൂണിയൻ സ്വാഗതം ചെയ്തു. ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് പ്രയോജനകരമാണിതെന്ന് ജനറൽ സെക്രട്ടറി ടി.സി. മാത്തുക്കുട്ടി പറഞ്ഞു.

### സുപ്രീം കോടതിവിധി സ്വാഗതാർഹം: സമസ്ത വിശ്വകർമ്മ സംഘം

തിരുവനന്തപുരം : ശബരിമലയിൽ സ്ത്രീപ്രവേശനം അനുവദിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധി സ്വാഗതാർഹമാണെന്ന് കേരള സമസ്ത വിശ്വകർമ്മ സംഘം എക്സിക്യൂട്ടീവ് കമ്മിറ്റി അഭിപ്രായപ്പെട്ടു. 41 ദിവസത്തെ വ്രതമെടുത്ത് മലചവിട്ടാനും ശബരിമലയുടെ ആചാരാനുഷ്ഠാനങ്ങൾ പാലിക്കാനും സ്ത്രീ ഭക്തർ തയ്യാറാകണം. ക്ഷേത്രത്തെ ടൂറിസ്റ്റ് കേന്ദ്രമാക്കാനുള്ള കോർപറേറ്റ് ശക്തികളുടെ നീക്കത്തെ ഹൈന്ദവ വിശ്വാസികൾ ഒറ്റക്കെട്ടായി ചെറുക്കും. സംസ്ഥാന സെക്രട്ടറി രവിക്കുട്ടൻ കലാലയം അദ്ധ്യക്ഷത വഹിച്ചു. ടഷർമനോജ്, നേതാക്കളായ ശശികല തങ്കച്ചി, ശ്രീനിവാസൻ ആചാരി, അരുൺ, പ്രദീപ് ചെമ്പൂര്, സുരേന്ദ്രൻ ആചാരി, പാപ്പനംകോട് മനോജ്, ഉമാദേവി എന്നിവർ സംസാരിച്ചു.

### ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപനം നാളെ

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ ഗ്രീൻപ്രോട്ടോക്കോൾ നയപ്രഖ്യാപനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കനകക്കുന്ന് കൊട്ടാരത്തിൽ ഹരിതകേരളമിഷൻ രാവിലെ 10 ന് നടത്തുന്ന പരിപാടിയിൽ ഗ്രീൻപ്രോട്ടോക്കോൾ സെമിനാറിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും. മന്ത്രി കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിക്കും. ഹരിതകേരളം മിഷൻ വൈസ്ചെയർപേഴ്സൺ ടി.എൻ. സീമ, ശശി തരൂർ എം.പി, കെ. മുരളീധരൻ എം.എൽ.എ തുടങ്ങിയവർ പങ്കെടുക്കും. മുൻ ചീഫ് സെക്രട്ടറി എസ്. എം. കളക്ടർ കെ. വാസുകി, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അജയകുമാർ വർമ്മ, ഷിബു കെ. നായർ തുടങ്ങിയവർ സംസാരിക്കും.

### ഉപന്യാസ - പെയിന്റിംഗ് മത്സരം

തിരുവനന്തപുരം : ഗാന്ധിജയന്തി മാസാചരണത്തിന്റെ ഭാഗമായി റഷ്യൻ കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെ കോൺഫെഡറേഷൻ ഒഫ് റസിഡന്റ്സ് അസോസിയേഷൻസ് എൽ.കെ.ജി മുതൽ പ്ലസ്ടുവരെയുള്ള വിദ്യാർത്ഥികൾക്കായി ഉപന്യാസ, പെയിന്റിംഗ് മത്സരം സംഘടിപ്പിക്കുന്നു. 14ന് കൊല്ലം വിമലഹൃദയ സ്കൂൾ, 21ന് തിരുവനന്തപുരം റഷ്യൻ കൾച്ചറൽ സെന്റർ, 28ന് കോഴിക്കോട് മാനാഞ്ചിറ സ്പോർട്സ് കൗൺസിൽ ഹാൾ എന്നിവിടങ്ങളിലാണ് മത്സരം. ഫോൺ: 9447261253, 9447045257, 9497638737, 9847942430.

# അമ്മയുടെ ഹൃദയം കാക്കാൻ 'രക്ഷകന്റെ' കാത്തിരിപ്പ്

KAUMUDI SPECIAL

◗ഷഫീക്ക്ഷാഹിന

തിരുവനന്തപുരം : കേരളത്തെ വിഴുങ്ങിയ പ്രളയത്തിൽ നിന്ന് നൂറോളം ജീവനുകളെ സാഹസികമായി കോരിയെടുത്ത കുഞ്ഞു രക്ഷകൻ ഇപ്പോൾ തോരാക്കണ്ണീരിലാണ്. അമ്മയുടെ ചികിത്സയ്ക്ക് പണം കണ്ടെത്താനാവാത്തതാണ് മത്സ്യത്തൊഴിലാളി കുടുംബാംഗവും അഞ്ചുതെങ്ങ് സെന്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥിയുമായ ലബാന്റെ കണ്ണു നനയ്ക്കുന്നത്.

സ്കൂളില്ലാത്ത ദിവസങ്ങളിൽ മത്സ്യബന്ധനത്തിന് പോയാണ് അമ്മ ജനീവയുടെ ചികിത്സയ്ക്കുള്ള വക കണ്ടെത്തുന്നത്. ഹൃദയ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയായ ജനീവയ്ക്ക് ഓക്സിജൻ സിലിണ്ടറില്ലാതെ ശ്വസിക്കാനാവില്ല. സിലിണ്ടറിൽ ഓക്സിജൻ നിറയ്ക്കാനുള്ള ഭാരിച്ച തുക കണ്ടെത്താനാണ് അഞ്ചുതെങ്ങ് പുതുവൽ പുരയിടത്തിൽ ലബാൻ എട്ടാം ക്ലാസ് മുതൽ അച്ഛൻ പത്രോസിനൊപ്പം മത്സ്യബന്ധനത്തിന് പോകുന്നത്. കൊല്ലത്തുള്ള ബന്ധുവിന്റെ വള്ളത്തിൽ ഔട്ട്ബോർഡ് എൻജിൻ ഡ്രൈവറായാണ് ലബാൻ ഇപ്പോൾ പോവുന്നത്.

ജനീവ എട്ട് വർഷമായി ചികിത്സയിലാണ്. അഞ്ചുവർഷമായി ഓക്സിജൻ സിലിണ്ടറുമായാണ് ഇവർ കഴിയുന്നത്. ആദ്യം പുലയനാർകോട്ട ഗവ. ആശുപത്രിയിലും പിന്നീട് തിരുവനന്തപുരം മെഡിക്കൽ കോളേജിലുമായിരുന്നു ചികിത്സ. പ്രളയമുണ്ടായപ്പോൾ ലബാൻ കൊല്ലത്തായിരുന്നു. മത്സ്യത്തൊഴിലാളികളെയും



*അഞ്ചുതെങ്ങ് സെന്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥി ലബാനും അമ്മയും*

വള്ളങ്ങളെയും രക്ഷാപ്രവർത്തനത്തിന് ആവശ്യമുണ്ടെന്നറിഞ്ഞയുടൻ ലൂർദ്മാതാവെന്ന ബോട്ടുമായി പന്തളത്തെത്തി. ഉൾപ്രദേശങ്ങളിൽ കുടുങ്ങിക്കിടന്ന നൂറോളം പേരെ രക്ഷിച്ചു. ഇതിനിടെ പള്ളിയുടെ മതിലിലിടിച്ച് ബോട്ടിന്റെ അടിഭാഗം തകർന്നു. പിന്നീട് രക്ഷാപ്രവർത്തനം തുടരാനായില്ല. രക്ഷകനായി മാറിയ ലബാനെ കൊല്ലം നഗരസഭയും അഞ്ചുതെങ്ങ് സെന്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂളും തുഞ്ചൻസ്മാരക സമിതിയും ആദരിച്ചിരുന്നു.

**■ തകരുന്ന വീട്**

ലബാന്റെ വീട് ഏത് നിമിഷവും കടലെടുക്കാവുന്ന അവസ്ഥയിലാണ്. കടൽഭിത്തിയില്ലാത്ത അഞ്ചുതെങ്ങിലെ മൂന്ന് സെന്റ് പുറമ്പോക്ക് ഭൂമിയിൽ സുരക്ഷയൊന്നുമില്ലാതെയാണ് ഇവരുടെ കുടുംബം കഴിയുന്നത്. കടലാക്രമണത്തിൽ അടിത്തറ ഇളകിയ വീട് മണൽച്ചാക്കുകളുടെ ബലത്തിലാണ് ഇപ്പോൾ നിൽക്കുന്നത്. കടലാക്രമണമുണ്ടാകുമ്പോൾ ഉള്ളുരുകുന്ന പ്രാർത്ഥനയോടെയാണ് ഇവർ അന്തിയുറങ്ങുന്നത്. ഇങ്ങനെ എത്രദിവസം മുന്നോട്ട് പോകാനാവുമെന്നറിയില്ല. ലബാന്റെ സഹോദരി പവിതയുടെ വിവാഹം കഴിഞ്ഞിട്ട് ഒരു വർഷമായി. ഇളയ സഹോദരി ജെൻസി ആൾ സെയിന്റ്സ് കോളേജിലെ ഒന്നാം വർഷ ചരിത്ര വിദ്യാർത്ഥിയാണ്.

## കാസർകോട്ട് വൻ കുഴൽപ്പണ, സ്വർണവേട്ട
## 1.20 കോടിയും ഒന്നരക്കിലോ സ്വർണവും പിടികൂടി

കാസർകോട്: കാസർകോട്ട് വൻ കുഴൽപ്പണ, സ്വർണവേട്ട. 1.20 കോടി രൂപയുമായി സ്വർണം വാങ്ങാൻ വരികയായിരുന്ന യുവാവ് പിടിയിലായതിനു പിന്നാലെ തളങ്കരയിലെ വീട്ടിൽ കസ്റ്റംസ് റെയ്ഡ് നടത്തി ഒന്നരക്കിലോ സ്വർണവും പിടിച്ചെടുത്തു.



മംഗളൂരുവിൽ നിന്നും കാസർകോട്ടേക്ക് ടൊയോട്ട എറ്റിയോസ് കാറിൽ വന്ന മഹാരാഷ്ട്ര സാംഗ്ലി സ്വദേശി രാമചന്ദ്ര പാട്ടീൽ (27) ആണ് മഞ്ചേശ്വരത്ത് കുഴൽപ്പണവുമായി പിടിയിലായത്.

500 ന്റെയും 2000 ത്തിന്റെയും നോട്ടുകളാണ് പിടിച്ചെടുത്തത്. ഇയാളെ ചോദ്യം ചെയ്തതിനെ തുടർന്ന് തളങ്കര കുന്നിലിലെ ബഷീറിന്റെ (55) വീട്ടിൽ റെയ്ഡ് നടത്തിയപ്പോഴാണ് ഒന്നരക്കിലോളം വരുന്ന സ്വർണക്കട്ടികൾ പിടിച്ചെടുത്തത്.

ബഷീറിനെയും എക്സൈസ് സംഘം കസ്റ്റഡിയിലെടുത്തു. രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ മഞ്ചേശ്വരത്ത് കാർ പരിശോധിച്ചപ്പോഴാണ് രഹസ്യ അറയിൽ സൂക്ഷിച്ച നിലയിൽ പണം കണ്ടെത്തിയത്.

കസ്റ്റംസ് കാസർകോട് സൂപ്രണ്ട് പി.പി. രാജീവ്, കണ്ണൂർ ഡിവിഷണൽ സൂപ്രണ്ട് കെ. സുധാകരൻ, കസ്റ്റംസ് ഓഫീസർമാരായ ദേവന്ദ സക്കാവത്ത്, രോഹിത്ത് ശർമ, കെ.വി.ആർ. പ്രമീദ്, സി.വി. ശശിധരൻ, കെ. ആനന്ദൻ, കെ.വി. സജിത്ത്കുമാർ, വിശ്വനാഥൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു കുഴൽപ്പണ, സ്വർണ വേട്ട.

# കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റുമാർക്ക് സ്വതന്ത്ര മേഖലകൾ ഇല്ല

**■ സംഘടനാ ചുമതലകൾ വിഭജിച്ചു നൽകിയേക്കും**

◗സി.പി. ശ്രീഹർഷൻ

തിരുവനന്തപുരം: കെ.പി.സി.സിയിൽ പുതുതായെത്തിയ മൂന്ന് വർക്കിംഗ് പ്രസിഡന്റുമാർക്ക് ഉത്തര, മദ്ധ്യ, ദക്ഷിണ മേഖലകളുടെ സ്വതന്ത്ര ചുമതല നൽകാനിടയില്ല. പകരം സംഘടനാ ചുമതലകൾ വിഭജിച്ച് നൽകിയേക്കും. വർക്കിംഗ് പ്രസിഡന്റുമാരുടെ ചുമതലകളെപ്പറ്റി പാർട്ടി നേതൃത്വത്തിൽ ആശയക്കുഴപ്പം നിലനിൽക്കുകയാണ്. ഈമാസം എട്ടിന് ചേരുന്ന രാഷ്ട്രീയകാര്യ സമിതിയിൽ ഇക്കാര്യത്തിൽ ധാരണയിലെത്താനാണ് ശ്രമം.

വർക്കിംഗ് പ്രസിഡന്റുമാർക്ക് മൂന്ന് മേഖലകളുടെയും സ്വതന്ത്ര ചുമതല നൽകുമെന്ന ധാരണയായിരുന്നു തുടക്കത്തിൽ. പ്രവർത്തന മേഖലയില്ലാതെ വർക്കിംഗ് പ്രസിഡന്റ് അലങ്കാര പദവി മാത്രമാകുമോയെന്ന സന്ദേഹം ഉയർന്നപ്പോഴാണ് ഇങ്ങനെയൊരു ആലോചന സജീവമായത്. എന്നാൽ സ്വതന്ത്ര ചുമതല നൽകിയാൽ പുതിയ അധികാരകേന്ദ്രങ്ങൾ രൂപപ്പെട്ടുമെന്ന വാദമുയർന്നു. വർക്കിംഗ് പ്രസിഡന്റുമാർക്ക് ഓരോ മേഖലയുടെയും സ്വതന്ത്ര ചുമതല നൽകുന്നത് പ്രസിഡന്റിന്റെ പ്രവർത്തനത്തെ ബാധിക്കുമോയെന്ന സംശയം പുതിയ പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രനും ഉണ്ടെന്നാണ് സൂചന.

വൈസ് പ്രസിഡന്റ് സ്ഥാനം ഒഴിവാക്കണമെന്നും വേണ്ടെന്നുമുള്ള അഭിപ്രായങ്ങളും പുതിയ ഭാരവാഹികൾക്കിടയിലുണ്ട്. വർക്കിംഗ് പ്രസിഡന്റുമാർ വന്നതോടെ വൈസ് പ്രസിഡന്റിന്റെ ആവശ്യമില്ലാതായെന്ന ഹൈക്കമാൻഡിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ ഇതൊഴിവാക്കിയിരുന്നു. ഇവിടെ അങ്ങനെ ഒഴിവാക്കേണ്ടെന്ന നിലപാട് വർക്കിംഗ് പ്രസിഡന്റുമാരിൽ കെ. സുധാകരനും മറ്റുമുണ്ട്. വൈസ് പ്രസിഡന്റ് ഇല്ലാതാവുമ്പോൾ വർക്കിംഗ് പ്രസിഡന്റുമാരുടെ അധികാരം താഴുമോയെന്ന ആശങ്കയാണിവർക്ക്.

ഒന്നും ചെയ്യാതെ നേതൃസ്ഥാനം അലങ്കാരം മാത്രമായി കാണുന്നവരെ നീക്കി കർമ്മനിരതരായ പുതിയ നേതൃനിരയെ കൊണ്ടുവരണമെന്ന വികാരവും പാർട്ടിയിൽ ശക്തമാണ്. ജംബോ കമ്മിറ്റികൾ ഒഴിവാക്കണമെന്ന നിലപാട് പുതിയ ഭാരവാഹികൾക്കുമുണ്ട്. 17 ജനറൽസെക്രട്ടറിമാർ ഇപ്പോഴുണ്ട്. എണ്ണം കുറയ്ക്കാനും നേതൃനിരയിലേക്ക് വനിതാ, യുവ പ്രാതിനിദ്ധ്യം കൂട്ടാനുമാണ് പുതിയ പ്രസിഡന്റിന്റെയും ആഗ്രഹം.

## വിജയൻ ചെറുകര വീണ്ടും സി.പി.ഐ വയനാട് സെക്രട്ടറി

മാനന്തവാടി : സി.പി.ഐ വയനാട് ജില്ലാ സെക്രട്ടറിയായി വിജയൻ ചെറുകര തിരിച്ചെത്തി. ഏപ്രിൽ രണ്ടിന് മിച്ചഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് സ്വകാര്യ ചാനൽ പുറത്തുവിട്ട ഒളികാമറ ദൃശ്യങ്ങളെ തുടർന്നാണ് വിജയൻ ചെറുകര സെക്രട്ടറിസ്ഥാനത്തുനിന്ന് ഒഴിഞ്ഞത്. തുടർന്ന് ജില്ലാ കൗൺസിൽ യോഗത്തിൽ സെക്രട്ടറിയുടെ ചുമതല സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടീവ് അംഗവും വയനാടിന്റെ ചുമതലയുമുള്ള കെ. രാജൻ എം.എൽ.എക്ക് നൽകുകയായിരുന്നു. വിഷയം അന്വേഷിച്ച പാർട്ടി കമ്മിഷൻ വിജയൻ ചെറുകരയുൾപ്പെടെയുള്ളവർക്ക് സംഭവത്തിൽ പങ്കില്ലെന്ന് കണ്ടെത്തി. ഇത് സംസ്ഥാന കൗൺസിലും സംസ്ഥാന എക്സിക്യൂട്ടിവിലും അംഗീകരിച്ചു.

ഇന്നലെ കൽപ്പറ്റയിൽ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രന്റ സാന്നിദ്ധ്യത്തിൽ ചേർന്ന ജില്ലാ കൗൺസിൽ യോഗത്തിലാണ് സംസ്ഥാന എക്സിക്യൂട്ടിവിന്റെ തീരുമാനമറിയിച്ചത്. ജില്ലാ അസിസ്റ്റന്റ് സെക്രട്ടറിമാരായി ഇ.ജെ. ബാബു വിനെയും സി.എസ്. സ്റ്റാൻലിയേയും ജില്ലാ എക്സിക്യൂട്ടിവ് അംഗങ്ങളായി ജോണി മറ്റത്തിലാനി, എം.വി. ബാബു, അഡ്വ. ഗീവർഗ്ഗീസ്, ഡോ. അമ്പിചിറയിൽ എന്നിവരെയും തിരഞ്ഞെടുത്തു.



*വിജയൻ ചെറുകര*

## കേരളത്തിന് കൈത്താങ്ങാകാൻ ഗായക കൂട്ടായ്മ

തിരുവനന്തപുരം: പ്രളയക്കെടുതിയിലായ കേരളത്തിന് ഗായക കൂട്ടായ്മ കൈത്താങ്ങൊരുക്കും. ഡോ. കെ. ജെ. യേശുദാസിന്റെ നേതൃത്വത്തിൽ ജി. വേണുഗോപാൽ, വിജയ് യേശുദാസ്, രാജലക്ഷ്മി, രവിശങ്കർ, അൻവർസാദത്ത്, ദേവാനന്ദ് തുടങ്ങിയ പ്രമുഖ ഗായകർ ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ചാണ് ഇക്കാര്യം അറിയിച്ചത്.

ഡിസംബർ ഒന്നിനും രണ്ടിനും എറണാകുളം മറൈൻ ഡ്രൈവിൽ സംഗീതനിശ ഒരുക്കിയാണ് പണം സ്വരൂപിക്കുക.

60 ഗായകർ രണ്ടു ദിവസങ്ങളിലായി പങ്കെടുക്കും. അവശത അനുഭവിക്കുന്ന പിന്നണിഗായകരെ സഹായിക്കാൻ 'സമം' എന്ന പേരിൽ സംഗീതപരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും പ്രളയത്തെ തുടർന്ന് ഇത് മാറ്റിവച്ചിരുന്നു.

സംഗീതനിശ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

സംഗീതനിശയിലൂടെ ലഭിക്കുന്ന വരുമാനത്തിലെ ഒരു പങ്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കും ബാക്കി ഗായകരുടെ സഹായത്തിനുമായി ഉപയോഗിക്കുമെന്ന് ഗായകൻ ജി. വേണുഗോപാൽ പറഞ്ഞു.

## കന്യാസ്ത്രീകളെ സ്വാധീനിക്കാൻ വികാരി എത്തിയത് കൊലക്കേസ് പ്രതിക്കൊപ്പം

കൊച്ചി: ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെതിരെ പരാതി നൽകിയ കന്യാസ്ത്രീകളെ സ്വാധീനിക്കാൻ കുറവിലങ്ങാട്ടെ മഠത്തിലെത്തിയ കോടനാട് പള്ളി വികാരി ഫാ. നിക്കോളാസ് മണിപ്പറമ്പിലിനൊപ്പം കൊലക്കേസ് പ്രതിയുമുണ്ടെന്ന് വെളിപ്പെടുത്തൽ.

കർഷക നേതാവായിരുന്ന തൊമ്മി എന്നറിയപ്പെട്ടിരുന്ന തോമസിനെ 2011ൽ കൊലപ്പെടുത്തിയ കേസിലെ പ്രതി മൂക്കന്നൂർ സ്വദേശി സജിയാണ് വികാരിക്കൊപ്പമുണ്ടായിരുന്നത്.

കേസിൽ വിചാരണ നേരിടുന്നയാളാണ് സജി. തമിഴ്നാട്ടിൽ നിന്നുള്ള ക്വട്ടേഷൻ സംഘത്തെ ഉപയോഗിച്ച് തൊമ്മിയെ സജി കൊലപ്പെടുത്തിയെന്നാണ് കേസ്. വീഡിയോ ദൃശ്യങ്ങളിൽ നിന്നാണ് ഇയാളെ തിരിച്ചറിഞ്ഞത്. വികാരിയെത്തിയ കാർ ഓടിച്ച സജി മഠത്തിനുള്ളിലും കയറിയിരുന്നു. തന്റെ പഴയ ഇടവകയിലെ അംഗമാണ് സജിയെന്നാണ് വികാരി പരിചയപ്പെടുത്തിയത്.

സജി കൊലക്കേസിൽ പ്രതിയാണെന്ന് തനിക്ക് അറിയില്ലായിരുന്നെന്ന് ഫാ. നിക്കോളാസ് പ്രതികരിച്ചു. ബിഷപ്പിനെതിരെ പരാതി നൽകിയ കന്യാസ്ത്രീയുടെ മാതൃ ഇടവകയിലെ വികാരിയാണ് ഫാ. നിക്കോളാസ്. പരാതിയുടെ തുടക്കത്തിൽ കന്യാസ്ത്രീക്ക് അനുകൂല നിലപാട് സ്വീകരിച്ച അദ്ദേഹം പിന്നീട് പിന്മാറിയിരുന്നു.

കഴിഞ്ഞ ദിവസം കുറവിലങ്ങാട്ടെ മഠത്തിലെത്തിയ വികാരി പരാതിക്കാരിയായ കന്യാസ്ത്രീയെ അനുകൂലിക്കുന്ന മറ്റ് കന്യാസ്ത്രീകളെ സ്വാധീനിക്കാനും ശ്രമിച്ചു. കന്യാസ്ത്രീകൾ കർശന നിലപാട് സ്വീകരിച്ചതോടെ വികാരി സ്ഥലം വിട്ടുകയായിരുന്നു.

### ദുരിതാശ്വാസ നിധിയിലേക്ക് ഗാനഗന്ധർവന്റെ 10 ലക്ഷം

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഗാനഗന്ധർവൻ ഡോ. കെ.ജെ. യേശുദാസ് 10 ലക്ഷം രൂപ സംഭാവന നൽകി. ഇന്നലെ ഉച്ചയോടെ ഭാര്യ പ്രഭായേശുദാസിനൊപ്പം മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ച് അദ്ദേഹം ചെക്ക് കൈമാറി.



*മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഗായകൻ യേശുദാസ് 10 ലക്ഷം രൂപ സംഭാവന നൽകുന്നു. പത്നി പ്രഭാ യേശുദാസ് സമീപം*

### സ്കൂൾ ടീച്ചേഴ്സ് ഫെഡറേഷൻ 13ലക്ഷം നൽകി

തിരുവനന്തപുരം: സ്കൂൾ ടീച്ചേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 13ലക്ഷം രൂപ നൽകി. അസോസിയേഷൻ സെക്രട്ടറി കെ.സി. ഹരികൃഷ്ണൻ മുഖ്യമന്ത്രിക്ക് ചെക്ക് കൈമാറി. വൈസ് പ്രസിഡന്റ് ഹരികുമാർ, കെ.എസ്.ടി.എ സെക്രട്ടറി കെ.പി. സന്തോഷ്കുമാർ എന്നിവരും പങ്കെടുത്തു

## കേരള ബാങ്ക്- റിസർവ് ബാങ്ക് അറിയിപ്പ് കിട്ടിയിട്ടില്ല: മന്ത്രി

തിരുവനന്തപുരം: കേരളബാങ്കിന് അനുമതി നൽകികൊണ്ടുള്ള റിസർവ് ബാങ്കിന്റെ അറിയിപ്പ് സർക്കാരിന് ലഭിച്ചിട്ടില്ലെന്ന് സഹകരണമന്ത്രി കടകംപള്ളി സുരേന്ദ്രൻ വ്യക്തമാക്കി. കേരളബാങ്കിന് അനുമതി തേടിയുള്ള സംസ്ഥാനത്തിന്റെ അപേക്ഷ മുംബൈയിൽ കഴിഞ്ഞയാഴ്ച ചേർന്ന റിസർവ് ബാങ്ക് ഡയറക്ടർ ബോർഡ് യോഗം ചർച്ച ചെയ്തെങ്കിലും അനുമതി നൽകിയതായി ഇതുവരെ അറിയിച്ചിട്ടില്ല.

കേരളബാങ്ക് രൂപീകരണത്തിന് സംസ്ഥാന സർക്കാർ സജ്ജമാണ്. കേരള കോ ഓപറേറ്റീവ് ബാങ്ക് എന്ന പേരിലാണ് ബാങ്ക് രൂപീകരിക്കുക. ത്രിതല സഹകരണ ബാങ്ക് സംവിധാനത്തിന് പകരം ഷെഡ്യൂൾഡ് ബാങ്ക് മാതൃകയിൽ ദ്വിതല സംവിധാനം വരും. നെറ്റ്‌വർക്കിംഗ്, എ. ടി. എം. ഓൺലൈൻ സേവനം തുടങ്ങി എല്ലാ സംവിധാനങ്ങളുമുള്ള ബാങ്കിംഗ് സംവിധാനമാണ് സംസ്ഥാനം തുടങ്ങുക. ഇതിനുള്ള ഒരുക്കങ്ങൾ അന്തിമഘട്ടത്തിലാണ്. റിസർവ് ബാങ്ക് അനുമതി ലഭിച്ചാലുടൻ മറ്റ് നടപടികൾ തുടങ്ങും.

## ആചാരാനുഷ്ഠാനങ്ങൾ പാലിക്കപ്പെടണം: അഡ്വ. സംഗീതാ വിശ്വനാഥൻ

തിരുവനന്തപുരം : ആചാരാനുഷ്ഠാനങ്ങൾ പാലിക്കപ്പെടേണ്ടവയാണെന്ന് എസ്.എൻ.ഡി.പി യോഗം ഡോ. പി. പല്പു സ്മാരക യൂണിയൻ വനിതാ സംഘം വാർഷിക പൊതുയോഗത്തിൽ കേന്ദ്രസമിതി സെക്രട്ടറി അഡ്വ. സംഗീതാ വിശ്വനാഥൻ അഭിപ്രായപ്പെട്ടു.

ഏതൊരു മതവിശ്വാസിക്കും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠിക്കാനുള്ള അവകാശം ജനാധിപത്യ ഇന്ത്യൻ ഭരണഘടന സമൂഹത്തിന് നൽകുന്ന അവകാശമാണ്.

നാനാത്വത്തിൽ ഏകത്വം ഉയർത്തിപ്പിടിച്ച ഭരണഘടനയ്ക്ക് ചേരുന്നതല്ല ശബരിമല സ്ത്രീ പ്രവേശനം സംബന്ധിച്ച ഈ വിധി.

യോഗം കൗൺസിലർ വനജ വിദ്യാധരൻ, യൂണിയൻ സെക്രട്ടറി അനീഷ് ദേവൻ, വൈസ് പ്രസിഡന്റ് ദേവരാജ്, പി.സി. വിനോദ്, സോമസുന്ദരം, സതികുമാരി, ആശാ രാജേഷ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# 5 ലക്ഷം രൂപയ്ക്ക് പ്രളയത്തെ തോൽപ്പിക്കും വീട്

തിരുവനന്തപുരം: ഒരു സെന്റ് സ്ഥലത്ത്, വെറും അഞ്ച് ലക്ഷം രൂപയ്ക്ക് വെള്ളപ്പൊക്കത്തേയും പ്രളയത്തേയും അതിജീവിക്കുന്നൊരു വീട്. കേട്ടിട്ട് വിശ്വസിക്കാനാവുന്നില്ലെങ്കിൽ കേട്ടോളൂ...തിരുവനന്തപുരം ജഗതി ഡി.പി.ഐ ജംഗ്ഷനിൽ പൊലീസ് ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ ആർകിടെക്ട് ജി. ശങ്കറിന്റെ നേതൃത്വത്തിലുള്ള ഹാബിറ്റാറ്റ് ഗ്രൂപ്പ് 23 ദിവസം കൊണ്ട് അങ്ങനെയൊരു വീട് നിർമ്മിച്ചു. പൊലിസ് ഗസ്റ്റ് ഹൗസായോ ക്യാമ്പ് ഓഫീസായോ ഈ കെട്ടിടം ഉപയോഗിക്കും. കേരളത്തിന്റെ പുനർനിർമ്മാണത്തിന് ഉത്തമ മാതൃകയാണ് ഈ വീട്. മൂന്നു നിലകളിലായി 495 ചതുരശ്ര അടിയുള്ള വീട് പണിതുയർത്തിയത് സംസ്കരിച്ച മുളയും ഓടും ഉപയോഗിച്ചുണ്ടാക്കിയ കോൺക്രീറ്റ് ഡ്രൂണുകൾ കൊണ്ടാണ്. ആറടിയോളം ഉയരമുള്ള താഴത്തെ നില ഒഴിച്ചിട്ടിരിക്കുകയാണ്. ആവശ്യാനുസരണം ഈ ഭാഗം പാർക്കിംഗിനോ തൊഴുത്തായോ പഠനമുറിയായോ മാറ്റിയെടുക്കാം. ഒന്നാംനിലയിൽ സ്വീകരണമുറിയും അടുക്കളയും കിടപ്പുമുറിയും ബാത്ത് റൂമും. രണ്ടാംനിലയിൽ ഒരു കിടപ്പുമുറി. ബാൽക്കണിയോടു കൂടിയ ടെറസാണ് മൂന്നാംനില. ദുരന്തസമയത്ത് രക്ഷാപ്രവർത്തനത്തിനുള്ള സൗകര്യം കൂടികണക്കിലെടുത്താണിത്.

കളിമണ്ണ് കൊണ്ടുണ്ടാക്കിയ ഇന്റർലോക്ക് ഇഷ്ടികകൾ കൊണ്ടാണ് ഭിത്തികൾ തീർത്തിരിക്കുന്നത്. വെള്ളം കെട്ടിനിന്നു ചുമരുകൾക്കു കേടുപാടുണ്ടാകാതിരിക്കാൻ പത്തടി ഉയരത്തിൽ വരെ സിമന്റ് ഉപയോഗിച്ച് പ്ലാസ്റ്റർ ചെയ്തിട്ടുണ്ട്. പഴയ ഓട്, ചിരട്ട, സംസ്കരിച്ച മുള എന്നിവയാണ് മേൽക്കൂരയും സൺഷേയ്ഡും വാർക്കാൻ ഉപയോഗിച്ചത്.

ചെലവ് കുറയ്ക്കാനായി തറയോടിനു പകരം സെറമിക് ടൈലുകൾ. പെയിന്റിംഗ് ഉൾപ്പെടെ 4.75 ലക്ഷം രൂപയാണ് ഇതുവരെ ചെലവായത്. ഇനി ഫൈനൽ ടച്ച് കൂടിയുണ്ട്. പ്രളയ ബാധിത പ്രദേശങ്ങളിൽ ഈ മാതൃക ഫലപ്രദമാകുമെന്ന് ഹാബിറ്റാറ്റ് പ്രവർത്തകർ ഉറപ്പു നൽകുന്നു.




*തിരുവനന്തപുരം ഡി.പി.ഐ ജംഗ്ഷനിലുള്ള പൊലീസ് ക്വാർട്ടേഴ്സ് വളപ്പിൽ ആർക്കിടെക്ട് ജി. ശങ്കർ നിർമ്മിച്ച പ്രളയത്തെ അതിജീവിക്കുന്ന തരത്തിലുള്ള വീട്*

## പമ്പ പുനരുദ്ധാരണത്തിന് പ്രത്യേക പദ്ധതി വേണം : ഒ. രാജഗോപാൽ

പത്തനംതിട്ട: സംസ്ഥാന സർക്കാരിന് വിവാദങ്ങൾ ഉണ്ടാക്കാനാണ് താത്പര്യമെന്നും ശബരിമലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ താത്പര്യം കാണിക്കുന്നില്ലെന്നും ഒ. രാജഗോപാൽ എം.എൽ. എ പറഞ്ഞു. മഹാപ്രളയത്തിൽ പമ്പയിലുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയ ശേഷം മാദ്ധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സർക്കാരിന് ഉണ്ടായ വീഴ്ച്ചയാണ് പ്രളയത്തിന് കാരണമായത്. പമ്പയിലും പരിസരങ്ങളിലും ഉണ്ടായ നാശനഷ്ടം നികത്താൻ സർക്കാർ ഇടപെടുന്നില്ല. പമ്പയുടെ പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതി വേണം. പ്രളയ നാശം സംബന്ധിച്ച് കേന്ദ്ര സർക്കാരിന് നൽകിയ റിപ്പോർട്ടുകൾ പലതും തെറ്റാണ്. അതുകൊണ്ടാണ് കേന്ദ്രം പ്രത്യേക ഉദ്യോഗസ്ഥ സംഘത്തെ ഇവിടേക്ക് അയച്ചത്. അവരുടെ റിപ്പോർട്ട് അനുസരിച്ച് കഴിയുന്ന എല്ലാ സഹായങ്ങളും കേന്ദ്ര സർക്കാർ നൽകുമെന്നും അദ്ദേഹം പറഞ്ഞു. ബി.ജെ.പി കോട്ടയം ജില്ലാ പ്രസിഡന്റ് എൻ. ഹരി, പത്തനംതിട്ട ജില്ലാ പ്രസിഡന്റ് അശോകൻ കുളനട, ജനറൽ സെക്രട്ടറിമാരായ അഡ്വ. എസ്.എൻ. ഹരികൃഷ്ണൻ, ഷാജി ആർ. നായർ, സംസ്ഥാന സമിതിയംഗം ടി.ആർ. അജിത്കുമാർ, ആറന്മുള നിയോജകമണ്ഡലം പ്രസിഡന്റ് ടി.വി. അഭിലാഷ് എന്നിവരും എം.എൽ.എയോടൊപ്പം ഉണ്ടായിരുന്നു.

## മുകുന്ദൻ മയ്യഴിയോട് വിട പറയുന്നു



മാഹി: വാഹനാപകടങ്ങൾ തുടർക്കഥയായതോടെ മയ്യഴിയുടെ കഥാകാരൻ എം. മുകുന്ദൻ ജന്മനഗരത്തോട് വിടപറയുന്നു. ഭാരതിയാർ റോഡിന്റെ വടക്കെ ജംഗ്ഷനിലെ വീടാണ് മുകുന്ദൻ ഒഴിയുന്നത്. കൊടും വളവും, ഇറക്കവുമുള്ള ജംഗ്ഷനിലെ വീട്ടിലേക്ക് ലോറികൾ ഇടിച്ച് കയറുന്നത് പതിവായിരുന്നു. പല തവണ അധികൃതർക്ക് പരാതി നൽകിയെങ്കിലും നടപടികളൊന്നുമുണ്ടായില്ല. ഇതിൽ മനം മടുത്താണ് മുകുന്ദൻ ആരോടും പരിഭവമില്ലാതെ പടിയിറങ്ങുന്നത്. വിദേശത്തുള്ള മകൾ പള്ളൂരിൽ പണിത പുതിയ വീട്ടിലേക്കാണ് താമസം മാറുന്നത്. ചരിത്രകാരനായ സി.എച്ച്. ഗംഗാധരന്റെ അനുസ്മരണ ചടങ്ങിലായിരുന്നു മുകുന്ദൻ ഇക്കാര്യം അറിയിച്ചത്.



## ആർ.സി.സിയിൽ സൗജന്യ സ്തനാർബുദ പരിശോധന

തിരുവനന്തപുരം : സ്തനാർബുദ ബോധന മാസാചരണത്തിന്റെ ഭാഗമായി ഈമാസം ആർ.സി.സി.സിയിൽ സൗജന്യ സ്തനാർബുദ പരിശോധനാ ക്യാമ്പ് നടക്കും. ഉച്ചയ്ക്ക് 2 മുതൽ 4വരെയാണ് പ്രത്യേക ക്ലിനിക്കിന്റെ പ്രവർത്തനം. പരിശോധനയ്ക്കായി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 0471-2522210. സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ആർ.സി.സിയുടെ ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കാൻ താത്പര്യമുള്ള സ്ഥാപന മേധാവികൾ ഓങ്കോളജി വിഭാഗവുമായി ബന്ധപ്പെടണം. ഫോൺ: 0471 - 2522299.

## ബുധനാഴ്ച റേഷൻ കടകളടച്ച് സമരം

തിരുവനന്തപുരം: ഇ-പോസ് മെഷീനിലെ തകരാറു മൂലം റേഷൻ വിതരണം അടിക്കടി മുടങ്ങുന്നതിൽ പ്രതിഷേധിച്ച് ഈ ബുധനാഴ്ച മുഴുവൻ റേഷൻകടകളും അടച്ച് പ്രതിഷേധിക്കുമെന്ന് കേരള സ്റ്റേറ്റ് റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു. അന്ന് തിരുവനന്തപുരം ജില്ലയിലെ റേഷൻ വ്യാപാരികൾ സെക്രട്ടേറിയറ്റ് മാർച്ചും ധർണയും നടത്തും. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ജി. കൃഷ്ണപ്രസാദ് ഉദ്ഘാടനം ചെയ്യും. എസ്. സുരേന്ദ്രൻ, ശ്രീകാര്യം നടേശൻ, തലയിൽ മധു, എസ്. ഹേമചന്ദ്രൻ തുടങ്ങിയവർ സംസാരിക്കും. മറ്റ് ജില്ലകളിൽ വ്യാപാരികൾ താലൂക്ക് ഓഫീസുകളിലേക്ക് മാർച്ച് നടത്തും.

## സ്വാഗതം ചെയ്തു

തിരുവനന്തപുരം: ആറു വർഷമായി മുടങ്ങിക്കിടക്കുകയായിരുന്ന ആരോഗ്യവകുപ്പ് ഫീൽഡ് വിഭാഗം ജീവനക്കാരുടെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ പ്രമോഷൻ നടപ്പാക്കിയ സർക്കാർ നടപടിയെ എൻ.ജി.ഒ യൂണിയൻ സ്വാഗതം ചെയ്തു. ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് പ്രയോജനകരമാണിതെന്ന് ജനറൽ സെക്രട്ടറി ടി.സി. മാത്തുക്കുട്ടി പറഞ്ഞു.

## സുപ്രീം കോടതിവിധി സ്വാഗതാർഹം: സമസ്ത വിശ്വകർമ്മ സംഘം

തിരുവനന്തപുരം : ശബരിമലയിൽ സ്ത്രീപ്രവേശനം അനുവദിച്ചു കൊണ്ടുള്ള സുപ്രീംകോടതി വിധി സ്വാഗതാർഹമാണെന്ന് കേരള സമസ്ത വിശ്വകർമ്മ സംഘം എക്സിക്യൂട്ടീവ് കമ്മിറ്റി അഭിപ്രായപ്പെട്ടു. 41 ദിവസത്തെ വ്രതമെടുത്ത് മലചവിട്ടാനും ശബരിമലയുടെ ആചാരാനുഷ്ഠാനങ്ങൾ പാലിക്കാനും സ്ത്രീ ഭക്തർ തയ്യാറാകണം. ക്ഷേത്രത്തെ ടൂറിസ്റ്റ് കേന്ദ്രമാക്കാനുള്ള കോർപറേറ്റ് ശക്തികളുടെ നീക്കത്തെ ഹൈന്ദവ വിശ്വാസികൾ ഒറ്റക്കെട്ടായി ചെറുക്കും. സംസ്ഥാന സെക്രട്ടറി രവിക്കുട്ടൻ കലാലയം അദ്ധ്യക്ഷത വഹിച്ചു. ട്രഷറർ മനോജ്, നേതാക്കളായ ശശികല തങ്കച്ചി, ശ്രീനിവാസൻ ആചാരി, അരുൺ, പ്രദീപ് ചെമ്പൂര്, സുരേന്ദ്രൻ ആചാരി, പാഷനംകോട് മനേജ്, ഉമാദേവി എന്നിവർ സംസാരിച്ചു.

## ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപനം നാളെ

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ ഗ്രീൻപ്രോട്ടോക്കോൾ നയപ്രഖ്യാപനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കനകക്കുന്ന് കൊട്ടാരത്തിൽ ഹരിതകേരളമിഷൻ രാവിലെ 10ന് നടത്തുന്ന പരിപാടിയിൽ ഗ്രീൻപ്രോട്ടോക്കോൾ സെമിനാറിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും. മന്ത്രി കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിക്കും. ഹരിതകേരളം മിഷൻ വൈസ്ചെയർപേഴ്സൺ ടി.എൻ. സീമ, ശശി തരൂർ എം.പി, കെ. മുരളീധരൻ എം.എൽ.എ തുടങ്ങിയവർ പങ്കെടുക്കും. മുൻ ചീഫ് സെക്രട്ടറി എസ്. എം. കളക്ടർ കെ. വാസുകി, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അജയകുമാർവർമ്മ, ഷിബു കെ. നായർ തുടങ്ങിയവർ സംസാരിക്കും.

## ഉപന്യാസ - പെയിന്റിംഗ് മത്സരം

തിരുവനന്തപുരം : ഗാന്ധിജയന്തി മാസാചരണത്തിന്റെ ഭാഗമായി റഷ്യൻ കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെ കോൺഫെഡറേഷൻ ഒഫ് റസിഡന്റ്സ് അസോസിയേഷൻസ് എൽ.കെ.ജി മുതൽ പ്ലസ്ടുവരെയുള്ള വിദ്യാർത്ഥികൾക്കായി ഉപന്യാസ, പെയിന്റിംഗ് മത്സരം സംഘടിപ്പിക്കുന്നു. 14ന് കൊല്ലം വിമലഹൃദയ സ്കൂൾ, 21ന് തിരുവനന്തപുരം റഷ്യൻ കൾച്ചറൽ സെന്റർ, 28ന് കോഴിക്കോട് മാനാഞ്ചിറ സ്പോർട്സ് കൗൺസിൽ ഹാൾ എന്നിവിടങ്ങളിലാണ് മത്സരം. ഫോൺ: 9447261253, 9447045257, 9497638737, 9847942430.

# അമ്മയുടെ ഹൃദയം കാക്കാൻ 'രക്ഷകന്റെ' കാത്തിരിപ്പ്

KAUMUDI SPECIAL

▶ഷഫീക്ക്ഷാഹിന

തിരുവനന്തപുരം : കേരളത്തെ വിഴുങ്ങിയ പ്രളയത്തിൽ നിന്ന് നൂറോളം ജീവനുകളെ സാഹസികമായി കോരിയെടുത്ത കുഞ്ഞു രക്ഷകൻ ഇപ്പോൾ തോരാക്കണ്ണീരിലാണ്. അമ്മയുടെ ചികിത്സയ്ക്ക് പണം കണ്ടെത്താനാവാത്തതാണ് മത്സ്യത്തൊഴിലാളി കുടുംബാംഗവും അഞ്ചുതെങ്ങ് സെന്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥിയുമായ ലബാന്റെ കണ്ണ് നനയ്ക്കുന്നത്.

സ്കൂളില്ലാത്ത ദിവസങ്ങളിൽ മത്സ്യബന്ധനത്തിന് പോയാണ് അമ്മ ജനീവയുടെ ചികിത്സയ്ക്കുള്ള വക കണ്ടെത്തുന്നത്. ഹൃദയ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയായ ജനീവയ്ക്ക് ഓക്സിജൻ സിലിണ്ടറില്ലാതെ ശ്വസിക്കാനാവില്ല. സിലിണ്ടറിൽ ഓക്സിജൻ നിറയ്ക്കാനുള്ള ഭാരിച്ച തുക കണ്ടെത്താനാണ് അഞ്ചുതെങ്ങ് പുതുവൽ പുരയിടത്തിൽ ലബാൻ എട്ടാം ക്ലാസ് മുതൽ അച്ഛൻ പത്രോസിനൊപ്പം മത്സ്യബന്ധനത്തിന് പോകുന്നത്. കൊല്ലത്തുള്ള ബന്ധുവിന്റെ വള്ളത്തിൽ ഔട്ട്ബോർഡ് എൻജിൻ ഡ്രൈവറായാണ് ലബാൻ ഇപ്പോൾ പോവുന്നത്.

ജനീവ എട്ട് വർഷമായി ചികിത്സയിലാണ്. അഞ്ചു വർഷമായി ഓക്സിജൻ സിലിണ്ടറുമായാണ് ഇവർ കഴിയുന്നത്. ആദ്യം പുലയനാർകോട്ട ഗവ. ആശുപത്രിയിലും പിന്നീട് തിരുവനന്തപുരം മെഡിക്കൽ കോളേജിലുമായിരുന്നു ചികിത്സ. പ്രളയമുണ്ടായപ്പോൾ ലബാൻ കൊല്ലത്തായിരുന്നു. മത്സ്യത്തൊഴിലാളികളെയും വള്ളങ്ങളെയും രക്ഷാപ്രവർത്തനത്തിന് ആവശ്യമുണ്ടെന്നറിഞ്ഞയുടൻ ലൂർദ്മാതാവെന്ന ബോട്ടുമായി പന്തളത്തെത്തി. ഉൾപ്രദേശങ്ങളിൽ കുടുങ്ങിക്കിടന്ന നൂറോളം പേരെ രക്ഷിച്ചു. ഇതിനിടെ പള്ളിയുടെ മതിലിലിടിച്ച് ബോട്ടിന്റെ അടിഭാഗം തകർന്നു. പിന്നീട് രക്ഷാപ്രവർത്തനം തുടരാനായില്ല. രക്ഷകനായി മാറിയ ലബാനെ കൊല്ലം നഗരസഭയും അഞ്ചുതെങ്ങ് സെന്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂളും തുഞ്ചൻസ്മാരക സമിതിയും ആദരിച്ചിരുന്നു.



*അഞ്ചുതെങ്ങ് സെന്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥി ലബാനും അമ്മയും*

### ■ തകരുന്ന വീട്

ലബാന്റെ വീട് ഏത് നിമിഷവും കടലെടുക്കാവുന്ന അവസ്ഥയിലാണ്. കടൽഭിത്തിയില്ലാത്ത അഞ്ചുതെങ്ങിലെ മൂന്ന് സെന്റ് പുറമ്പോക്ക് ഭൂമിയിൽ സുരക്ഷയൊന്നുമില്ലാതെയാണ് ഇവരുടെ കുടുംബം കഴിയുന്നത്. കടലാക്രമണത്തിൽ അടിത്തറ ഇളകിയ വീട് മണൽച്ചാക്കുകളുടെ ബലത്തിലാണ് ഇപ്പോൾ നിൽക്കുന്നത്. കടലാക്രമണമുണ്ടാകുമ്പോൾ ഉള്ളുരുകുന്ന പ്രാർത്ഥനയോടെയാണ് ഇവർ അന്തിയുറങ്ങുന്നത്. ഇങ്ങനെ എത്ര ദിവസം മുന്നോട്ട് പോകാനാവുമെന്നറിയില്ല. ലബാന്റെ സഹോദരി പവിതയുടെ വിവാഹം കഴിഞ്ഞിട്ട് ഒരു വർഷമായി. ഇളയ സഹോദരി ജെൻസി ആൾസെയിന്റ്സ് കോളേജിലെ ഒന്നാം വർഷ ചരിത്ര വിദ്യാർത്ഥിയാണ്.

## കാസർകോട്ട് വൻ കുഴൽപ്പണ, സ്വർണവേട്ട
# 1.20 കോടിയും ഒന്നരക്കിലോ സ്വർണവും പിടികൂടി



കാസർകോട്: കാസർകോട്ട് വൻ കുഴൽപ്പണ, സ്വർണവേട്ട. 1.20 കോടി രൂപയുമായി സ്വർണം വാങ്ങാൻ വരികയായിരുന്ന യുവാവ് പിടിയിലായതിനു പിന്നാലെ തളങ്കരയിലെ വീട്ടിൽ കസ്റ്റംസ് റെയ്ഡ് നടത്തി ഒന്നരക്കിലോ സ്വർണവും പിടിച്ചെടുത്തു.

മംഗളൂരുവിൽ നിന്നും കാസർകോട്ടേക്ക് ടൊയോട്ട എറ്റിയോസ് കാറിൽ വന്ന മഹാരാഷ്ട്ര സാംഗ്ലി സ്വദേശി രാമചന്ദ്ര പാട്ടീൽ (27) ആണ് മഞ്ചേശ്വരത്ത് കുഴൽപ്പണവുമായി പിടിയിലായത്.

500 ന്റെയും 2000 ത്തിന്റെയും നോട്ടുകളാണ് പിടിച്ചെടുത്തത്. ഇയാളെ ചോദ്യം ചെയ്തതിനെ തുടർന്ന് തളങ്കര കുന്നിലിലെ ബഷീറിന്റെ (55) വീട്ടിൽ റെയ്ഡ് നടത്തിയപ്പോഴാണ് ഒന്നരക്കിലോ തൂക്കം വരുന്ന സ്വർണക്കട്ടികൾ പിടിച്ചെടുത്തത്.

ബഷീറിനെയും എക്സൈസ് സംഘം കസ്റ്റഡിയിലെടുത്തു. രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ മഞ്ചേശ്വരത്ത് കാർ പരിശോധിച്ചപ്പോഴാണ് രഹസ്യ അറയിൽ സൂക്ഷിച്ച നിലയിൽ പണം കണ്ടെത്തിയത്.

കസ്റ്റംസ് കാസർകോട് സൂപ്രണ്ട് പി.പി. രാജീവ്, കണ്ണൂർ ഡിവിഷണൽ സൂപ്രണ്ട് കെ. സുധാകരൻ, കസ്റ്റംസ് ഓഫീസർമാരായ ദേവന്ദ സക്കാവത്ത്, രോഹിത്ത് ശർമ, കെ.വി.ആർ. പ്രമീദ്, സി.വി. ശശിധരൻ, കെ. ആനന്ദൻ, കെ.വി. സജിത്ത്കുമാർ, വിശ്വനാഥൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു കുഴൽപ്പണ, സ്വർണ വേട്ട.

# കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റുമാർക്ക് സ്വതന്ത്ര മേഖലകൾ ഇല്ല

### ■ സംഘടനാചുമതലകൾ വിഭജിച്ചു നൽകിയേക്കും

▶സി.പി. ശ്രീഹർഷൻ

തിരുവനന്തപുരം: കെ.പി.സി.സിയിൽ പുതുതായെത്തിയ മൂന്ന് വർക്കിംഗ് പ്രസിഡന്റുമാർക്ക് ഉത്തര, മദ്ധ്യ, ദക്ഷിണ മേഖലകളുടെ സ്വതന്ത്ര ചുമതല നൽകാനിടയില്ല. പകരം സംഘടനാചുമതലകൾ വിഭജിച്ച് നൽകിയേക്കും. വർക്കിംഗ് പ്രസിഡന്റുമാരുടെ ചുമതലകളെപ്പറ്റി പാർട്ടി നേതൃത്വത്തിൽ ആശയക്കുഴപ്പം നിലനിൽക്കുകയാണ്. ഈമാസം എട്ടിന് ചേരുന്ന രാഷ്ട്രീയകാര്യ സമിതിയിൽ ഇക്കാര്യത്തിൽ ധാരണയിലെത്താനാണ് ശ്രമം.

വർക്കിംഗ് പ്രസിഡന്റുമാർക്ക് മൂന്ന് മേഖലകളുടെയും സ്വതന്ത്ര ചുമതല നൽകുമെന്ന ധാരണയായിരുന്നു തുടക്കത്തിൽ. പ്രവർത്തന മേഖലയില്ലാതെ വർക്കിംഗ് പ്രസിഡന്റ് അലങ്കാര പദവി മാത്രമാകുമോയെന്ന സന്ദേഹം ഉയർന്നപ്പോഴാണ് ഇങ്ങനെയൊരു ആലോചന സജീവമായത്. എന്നാൽ സ്വതന്ത്ര ചുമതല നൽകിയാൽ പുതിയ അധികാരകേന്ദ്രങ്ങൾ രൂപപ്പെടുമെന്ന വാദമുയർന്നു. വർക്കിംഗ് പ്രസിഡന്റുമാർക്ക് ഓരോ മേഖലയുടെയും സ്വതന്ത്ര ചുമതല നൽകുന്നത് പ്രസിഡന്റിന്റെ പ്രവർത്തനത്തെ ബാധിക്കുമോയെന്ന സംശയം പുതിയ പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രനും ഉണ്ടെന്നാണ് സൂചന.

വൈസ് പ്രസിഡന്റ് സ്ഥാനം ഒഴിവാക്കണമെന്നും വേണ്ടെന്നുമുള്ള അഭിപ്രായങ്ങളും പുതിയ ഭാരവാഹികൾക്കിടയിലുണ്ട്. വർക്കിംഗ് പ്രസിഡന്റുമാർ വന്നതോടെ വൈസ് പ്രസിഡന്റിന്റെ ആവശ്യമില്ലാതായെന്ന ഹൈക്കമാൻഡിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ ഇതൊഴിവാക്കിയിരുന്നു. ഇവിടെ അങ്ങനെ ഒഴിവാക്കേണ്ടെന്ന നിലപാട് വർക്കിംഗ് പ്രസിഡന്റുമാരിൽ കെ. സുധാകരനും മറ്റുമുണ്ട്. വൈസ് പ്രസിഡന്റ് ഇല്ലാതാവുമ്പോൾ വർക്കിംഗ് പ്രസിഡന്റുമാരുടെ അധികാരം താഴുമോയെന്ന ആശങ്കയാണിവർക്ക്.

ഒന്നും ചെയ്യാതെ നേതൃസ്ഥാനം അലങ്കാരം മാത്രമായി കാണുന്നവരെ നീക്കി കർമ്മനിരതരായ പുതിയ നേതൃനിരയെ കൊണ്ടുവരണമെന്ന വികാരവും പാർട്ടിയിൽ ശക്തമാണ്. ജംബോ കമ്മിറ്റികൾ ഒഴിവാക്കണമെന്ന നിലപാട് പുതിയ ഭാരവാഹികൾക്കുമുണ്ട്. 17 ജനറൽസെക്രട്ടറിമാർ ഇപ്പോഴുണ്ട്. എണ്ണം കുറയ്ക്കാനും നേതൃനിരയിലേക്ക് വനിതാ, യുവ പ്രാതിനിദ്ധ്യം കൂട്ടാനുമാണ് പുതിയ പ്രസിഡന്റിന്റെയും ആഗ്രഹം.

# വിജയൻ ചെറുകര വീണ്ടും സി.പി.ഐ വയനാട് സെക്രട്ടറി



*വിജയൻ ചെറുകര*

മാനന്തവാടി : സി.പി.ഐ വയനാട് ജില്ലാ സെക്രട്ടറിയായി വിജയൻ ചെറുകര തിരിച്ചെത്തി. ഏപ്രിൽ രണ്ടിന് മിച്ചഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് സ്വകാര്യ ചാനൽ പുറത്തുവിട്ട ഒളികാമറ ദൃശ്യങ്ങളെ തുടർന്നാണ് വിജയൻ ചെറുകര സെക്രട്ടറിസ്ഥാനത്തുനിന്ന് ഒഴിഞ്ഞത്. തുടർന്ന് ജില്ലാ കൗൺസിൽ യോഗത്തിൽ സെക്രട്ടറിയുടെ ചുമതല സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടീവ് അംഗവും വയനാടിന്റെ ചുമതലയുമുള്ള കെ. രാജൻ എം.എൽ.എക്ക് നൽകുകയായിരുന്നു. വിഷയം അന്വേഷിച്ച പാർട്ടി കമ്മിഷൻ വിജയൻ ചെറുകരയുൾപ്പെടെയുള്ളവർക്ക് സംഭവത്തിൽ പങ്കില്ലെന്ന് കണ്ടെത്തി. ഇത് സംസ്ഥാന കൗൺസിലും സംസ്ഥാന എക്സിക്യൂട്ടീവിലും അംഗീകരിച്ചു.

ഇന്നലെ കൽപ്പറ്റയിൽ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രന്റ സാന്നിദ്ധ്യത്തിൽ ചേർന്ന ജില്ലാ കൗൺസിൽ യോഗത്തിലാണ് സംസ്ഥാന എക്സിക്യൂട്ടീവിന്റെ തീരുമാനമറിയിച്ചത്. ജില്ലാ അസിസ്റ്റന്റ് സെക്രട്ടറിമാരായി ഇ.ജെ. ബാബു വിനെയും സി. എസ്. സ്റ്റാൻലിയേയും ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങളായി ജോണി മറ്റത്തിലാനി, എം.വി. ബാബു, അഡ്വ. ഗീവർഗ്ഗീസ്, ഡോ. അമ്പിചിറയിൽ എന്നിവരെയും തിരഞ്ഞെടുത്തു.

# കേരളത്തിന് കൈത്താങ്ങാകാൻ ഗായക കൂട്ടായ്മ

തിരുവനന്തപുരം: പ്രളയക്കെടുതിയിലായ കേരളത്തിന് ഗായക കൂട്ടായ്മ കൈത്താങ്ങൊരുക്കും. ഡോ. കെ. ജെ. യേശുദാസിന്റെ നേതൃത്വത്തിൽ ജി. വേണുഗോപാൽ, വിജയ് യേശുദാസ്, രാജലക്ഷ്മി, രവിശങ്കർ, അൻവർസാദത്ത്, ദേവാനന്ദ് തുടങ്ങിയ പ്രമുഖ ഗായകർ ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ചാണ് ഇക്കാര്യം അറിയിച്ചത്.

ഡിസംബർ ഒന്നിനും രണ്ടിനും എറണാകുളം മറൈൻ ഡ്രൈവിൽ സംഗീതനിശ ഒരുക്കിയാണ് പണം സ്വരൂപിക്കുക.

60 ഗായകർ രണ്ടു ദിവസങ്ങളിലായി പങ്കെടുക്കും. അവശത അനുഭവിക്കുന്ന പിന്നണിഗായകരെ സഹായിക്കാൻ 'സമം' എന്ന പേരിൽ സംഗീതപരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും പ്രളയത്തെ തുടർന്ന് ഇത് മാറ്റിവച്ചിരുന്നു.

സംഗീതനിശ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

സംഗീതനിശയിലൂടെ ലഭിക്കുന്ന വരുമാനത്തിലെ ഒരു പങ്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കും ബാക്കി ഗായകരുടെ സഹായത്തിനുമായി ഉപയോഗിക്കുമെന്ന് ഗായകൻ ജി. വേണുഗോപാൽ പറഞ്ഞു.

# കന്യാസ്ത്രീകളെ സ്വാധീനിക്കാൻ വികാരി എത്തിയത് കൊലക്കേസ് പ്രതിക്കൊപ്പം

കൊച്ചി: ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെതിരെ പരാതി നൽകിയ കന്യാസ്ത്രീകളെ സ്വാധീനിക്കാൻ കുറവിലങ്ങാട്ടെ മഠത്തിലെത്തിയ കോടനാട് പള്ളി വികാരി ഫാ. നിക്കോളാസ് മണിപ്പറമ്പിലിനൊപ്പം കൊലക്കേസ് പ്രതിയുമുണ്ടെന്ന് വെളിപ്പെടുത്തൽ.

കർഷക നേതാവായിരുന്ന തൊമ്മി എന്നറിയപ്പെട്ടിരുന്ന തോമസിനെ 2011ൽ കൊലപ്പെടുത്തിയ കേസിലെ പ്രതി മൂക്കന്നൂർ സ്വദേശി സജിയാണ് വികാരിക്കൊപ്പമുണ്ടായിരുന്നത്.

കേസിൽ വിചാരണ നേരിടുന്നയാളാണ് സജി. തമിഴ്നാട്ടിൽ നിന്നുള്ള ക്വട്ടേഷൻ സംഘത്തെ ഉപയോഗിച്ച് തൊമ്മിയെ സജി കൊലപ്പെടുത്തിയെന്നാണ് കേസ്. വീഡിയോ ദൃശ്യങ്ങളിൽ നിന്നാണ് ഇയാളെ തിരിച്ചറിഞ്ഞത്. വികാരിയെത്തിയ കാർ ഓടിച്ച സജി മഠത്തിനുള്ളിലും കയറിയിരുന്നു. തന്റെ പഴയ ഇടവകയിലെ അംഗമാണ് സജിയെന്നാണ് വികാരി പരിചയപ്പെടുത്തിയത്.

സജി കൊലക്കേസിൽ പ്രതിയാണെന്ന് തനിക്ക് അറിയില്ലായിരുന്നെന്ന് ഫാ. നിക്കോളാസ് പ്രതികരിച്ചു. ബിഷപ്പിനെതിരെ പരാതി നൽകിയ കന്യാസ്ത്രീയുടെ മാതൃ ഇടവകയിലെ വികാരിയാണ് ഫാ. നിക്കോളാസ്. പരാതിയുടെ തുടക്കത്തിൽ കന്യാസ്ത്രീക്ക് അനുകൂല നിലപാട് സ്വീകരിച്ച അദ്ദേഹം പിന്നീട് പിന്മാറിയിരുന്നു.

കഴിഞ്ഞ ദിവസം കുറവിലങ്ങാട്ടെ മഠത്തിലെത്തിയ വികാരി പരാതിക്കാരിയായ കന്യാസ്ത്രീയെ അനുകൂലിക്കുന്ന മറ്റു കന്യാസ്ത്രീകളെ സ്വാധീനിക്കാനും ശ്രമിച്ചു. കന്യാസ്ത്രീകൾ കർശനനിലപാട് സ്വീകരിച്ചതോടെ വികാരി സ്ഥലം വിടുകയായിരുന്നു.

## ദുരിതാശ്വാസ നിധിയിലേക്ക് ഗാനഗന്ധർവന്റെ 10 ലക്ഷം

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഗാനഗന്ധർവൻ ഡോ. കെ.ജെ. യേശുദാസ് 10 ലക്ഷം രൂപ സംഭാവന നൽകി. ഇന്നലെ ഉച്ചയോടെ ഭാര്യ പ്രഭായേശുദാസിനൊപ്പം മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ച് അദ്ദേഹം ചെക്ക് കൈമാറി.



*മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഗായകൻ യേശുദാസ് 10 ലക്ഷം രൂപ സംഭാവന നൽകുന്നു. പതി പ്രഭാ യേശുദാസ് സമീപം*

## സ്കൂൾ ടീച്ചേഴ്സ് ഫെഡറേഷൻ 13ലക്ഷം നൽകി

തിരുവനന്തപുരം: സ്കൂൾ ടീച്ചേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 13 ലക്ഷം രൂപ നൽകി. അസോസിയേഷൻ സെക്രട്ടറി കെ.സി. ഹരികൃഷ്ണൻ മുഖ്യമന്ത്രിക്ക് ചെക്ക് കൈമാറി. വൈസ് പ്രസിഡന്റ് ഹരികുമാർ, കെ.എസ്.ടി.എ സെക്രട്ടറി കെ.പി. സന്തോഷ്കുമാർ എന്നിവരും പങ്കെടുത്തു

# കേരള ബാങ്ക്- റിസർവ് ബാങ്ക് അറിയിപ്പ് കിട്ടിയിട്ടില്ല: മന്ത്രി

തിരുവനന്തപുരം: കേരളബാങ്കിന് അനുമതി നൽകികൊണ്ടുള്ള റിസർവ്ബാങ്കിന്റെ അറിയിപ്പ് സർക്കാരിന് ലഭിച്ചിട്ടില്ലെന്ന് സഹകരണമന്ത്രി കടകംപള്ളി സുരേന്ദ്രൻ വ്യക്തമാക്കി. കേരളബാങ്കിന് അനുമതി തേടിയുള്ള സംസ്ഥാനത്തിന്റെ അപേക്ഷ മുംബെയിൽ കഴിഞ്ഞയാഴ്ച ചേർന്ന റിസർവ്ബാങ്ക് ഡയറക്ടർ ബോർഡ് യോഗം ചർച്ചചെയ്തെങ്കിലും അനുമതി നൽകിയതായി ഇതുവരെ അറിയിച്ചിട്ടില്ല.

കേരളബാങ്ക് രൂപീകരണത്തിന് സംസ്ഥാന സർക്കാർ സജ്ജമാണ്. കേരള കോ ഓപറേറ്റീവ് ബാങ്ക് എന്ന പേരിലാണ് ബാങ്ക് രൂപീകരിക്കുക. ത്രിതല സഹകരണബാങ്ക് സംവിധാനത്തിന് പകരം ഷെഡ്യൂൾഡ് ബാങ്ക് മാതൃകയിൽ ദ്വിതല സംവിധാനം വരും. നെറ്റ്‌വർക്കിംഗ്, എ. ടി. എം. ഓൺലൈൻ സേവനം തുടങ്ങി എല്ലാ സംവിധാനങ്ങളുമുള്ള ബാങ്കിംഗ് സംവിധാനമാണ് സംസ്ഥാനം തുടങ്ങുക. ഇതിനുള്ള ഒരുക്കങ്ങൾ അന്തിമഘട്ടത്തിലാണ്. റിസർവ്ബാങ്ക് അനുമതി ലഭിച്ചാലുടൻ മറ്റ് നടപടികൾ തുടങ്ങും.

# ആചാരാനുഷ്ഠാനങ്ങൾ പാലിക്കപ്പെടണം: അഡ്വ. സംഗീതാവിശ്വനാഥൻ

തിരുവനന്തപുരം : ആചാരാനുഷ്ഠാനങ്ങൾ പാലിക്കപ്പെടേണ്ടവയാണെന്ന് എസ്.എൻ.ഡി.പി യോഗം ഡോ. പി. പല്പു സ്മാരക യൂണിയൻ വനിതാസംഘം വാർഷിക പൊതുയോഗത്തിൽ കേന്ദ്രസമിതി സെക്രട്ടറി അഡ്വ. സംഗീതാ വിശ്വനാഥൻ അഭിപ്രായപ്പെട്ടു.

ഏതൊരു മതവിശ്വാസിക്കും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠിക്കാനുള്ള അവകാശം ജനാധിപത്യ ഇന്ത്യൻ ഭരണഘടന സമൂഹത്തിന് നൽകുന്ന അവകാശമാണ്.

നാനാത്വത്തിൽ ഏകത്വം ഉയർത്തിപ്പിടിച്ച ഭരണഘടനയ്ക്ക് ചേരുന്നതല്ല ശബരിമല സ്ത്രീ പ്രവേശനം സംബന്ധിച്ച ഈ വിധി.

യോഗം കൗൺസിലർ വനജ വിദ്യാധരൻ, യൂണിയൻ സെക്രട്ടറി അനീഷ് ദേവൻ, വൈസ് പ്രസിഡന്റ് ദേവരാജ്, പി.സി. വിനോദ്, സോമസുന്ദരം, സതികുമാരി, ആശാ രാജേഷ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# 5 ലക്ഷം രൂപയ്ക്ക് പ്രളയത്തെ തോൽപ്പിക്കും വീട്

തിരുവനന്തപുരം: ഒരു സെന്റ് സ്ഥലത്ത്, വെറും അഞ്ച് ലക്ഷം രൂപയ്ക്ക് വെള്ളപ്പൊക്കത്തേയും പ്രളയത്തേയും അതിജീവിക്കുന്നൊരു വീട്. കേട്ടിട്ട് വിശ്വസിക്കാനാവുന്നില്ലെങ്കിൽ കേട്ടോളൂ... തിരുവനന്തപുരം ജഗതി ഡി.പി.ഐ ജംഗ്ഷനിൽ പൊലീസ് ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ ആർകിടെക്ട് ജി. ശങ്കറിന്റെ നേതൃത്വത്തിലുള്ള ഹാബിറ്റാറ്റ് ഗ്രൂപ്പ് 23 ദിവസം കൊണ്ട് അങ്ങനെയൊരു വീട് നിർമ്മിച്ചു. പൊലിസ് ഗസ്റ്റ് ഹൗസായോ ക്യാമ്പ് ഓഫീസായോ ഈ കെട്ടിടം ഉപയോഗിക്കും. കേരളത്തിന്റെ പുനർനിർമ്മാണത്തിന് ഉത്തമ മാതൃകയാണ് ഈ വീട്. മൂന്നു നിലകളിലായി 495 ചതുരശ്ര അടിയുള്ള വീട് പണിതുയർത്തിയത് സംസ്കരിച്ച മുളയും ഓടും ഉപയോഗിച്ചുണ്ടാക്കിയ കോൺക്രീറ്റ് തൂണുകൾ കൊണ്ടാണ്. ആറടിയോളം ഉയരമുള്ള താഴത്തെ നില ഒഴിച്ചിട്ടിരിക്കുകയാണ്. ആവശ്യാനുസരണം ഈ ഭാഗം പാർക്കിംഗിനോ തൊഴുത്തായോ പഠനമുറിയായോ മാറ്റിയെടുക്കാം. ഒന്നാംനിലയിൽ സ്വീകരണമുറിയും അടുക്കളയും കിടപ്പുമുറിയും ബാത്ത് റൂമും. രണ്ടാംനിലയിൽ ഒരു കിടപ്പുമുറി. ബാൽക്കണിയോടു കൂടിയ ടെറസാണ് മൂന്നാംനില. ദുരന്തസമയത്ത് രക്ഷാപ്രവർത്തനത്തിനുള്ള സൗകര്യം കൂടി കണക്കിലെടുത്താണിത്.

കളിമണ്ണ് കൊണ്ടുണ്ടാക്കിയ ഇന്റർലോക്ക് ഇഷ്ടികകൾ കൊണ്ടാണ് ഭിത്തികൾ തീർത്തിരിക്കുന്നത്. വെള്ളം കെട്ടിനിന്ന് ചുമരുകൾക്ക് കേടുപാടുണ്ടാകാതിരിക്കാൻ പത്തടി ഉയരത്തിൽ വരെ സിമന്റ് ഉപയോഗിച്ച് പ്ലാസ്റ്റർ ചെയ്തിട്ടുണ്ട്. പഴയ ഓട്, ചിരട്ട, സംസ്കരിച്ച മുള എന്നിവയാണ് മേൽക്കൂരയും സൺഷേയ്ഡും വാർക്കാൻ ഉപയോഗിച്ചത്.

ചെലവ് കുറയ്ക്കാനായി തറയോടിനു പകരം സെറമിക് ടൈലുകൾ. പെയിന്റിംഗ് ഉൾപ്പെടെ 4.75 ലക്ഷം രൂപയാണ് ഇതുവരെ ചെലവായത്. ഇനി ഫൈനൽ ടച്ച് കൂടിയുണ്ട്. പ്രളയ ബാധിത പ്രദേശങ്ങളിൽ ഈ മാതൃക ഫലപ്രദമാകുമെന്ന് ഹാബിറ്റാറ്റ് പ്രവർത്തകർ ഉറപ്പു നൽകുന്നു.



*തിരുവനന്തപുരം ഡി.പി.ഐ ജംഗ്ഷനിലുള്ള പൊലീസ് ക്വാർട്ടേഴ്സ് വളപ്പിൽ ആർക്കിടെക്ട് ജി. ശങ്കർ നിർമ്മിച്ച പ്രളയത്തെ അതിജീവിക്കുന്ന തരത്തിലുള്ള വീട്*

# പമ്പ പുനരുദ്ധാരണത്തിന് പ്രത്യേക പദ്ധതി വേണം : ഒ. രാജഗോപാൽ

പത്തനംതിട്ട: സംസ്ഥാന സർക്കാരിന് വിവാദങ്ങൾ ഉണ്ടാക്കാനാണ് താത്പര്യമെന്നും ശബരിമലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ താത്പര്യം കാണിക്കുന്നില്ലെന്നും ഒ. രാജഗോപാൽ എം.എൽ.എ പറഞ്ഞു. മഹാപ്രളയത്തിൽ പമ്പയിലുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയശേഷം മാദ്ധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സർക്കാരിന് ഉണ്ടായ വീഴ്ച്യാണ് പ്രളയത്തിന് കാരണമായത്. പമ്പയിലും പരിസരങ്ങളിലും ഉണ്ടായ നാശനഷ്ടം നികത്താൻ സർക്കാർ ഇടപെടുന്നില്ല. പമ്പയുടെ പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതി വേണം. പ്രളയ നാശം സംബന്ധിച്ച് കേന്ദ്ര സർക്കാരിന് നൽകിയ റിപ്പോർട്ടുകൾ പലതും തെറ്റാണ്. അതുകൊണ്ടാണ് കേന്ദ്രം പ്രത്യേക ഉദ്യോഗസ്ഥ സംഘത്തെ ഇവിടേക്ക് അയച്ചത്. അവരുടെ റിപ്പോർട്ട് അനുസരിച്ച് കഴിയുന്ന എല്ലാ സഹായങ്ങളും കേന്ദ്ര സർക്കാർ നൽകുമെന്നും അദ്ദേഹം പറഞ്ഞു. ബി.ജെ.പി കോട്ടയം ജില്ലാ പ്രസിഡന്റ് എൻ. ഹരി, പത്തനംതിട്ട ജില്ലാ പ്രസിഡന്റ് അശോകൻ കുളനട, ജനറൽ സെക്രട്ടറിമാരായ അഡ്വ. എസ്.എൻ. ഹരികൃഷ്ണൻ, ഷാജി ആർ. നായർ, സംസ്ഥാന സമിതിയംഗം ടി.ആർ. അജിത്കുമാർ, ആറന്മുള നിയോജകമണ്ഡലം പ്രസിഡന്റ് ടി.വി. അഭിലാഷ് എന്നിവരും എം.എൽ.എയോടൊപ്പം ഉണ്ടായിരുന്നു.

# നായ്ക്കളെ പേടിച്ച് നടക്കാൻ വയ്യ

◗ കെ.മണിലാൽ

വിതുര : തൊളിക്കോട്, വിതുര പഞ്ചായത്തുകളിൽ തെരുവ് നായ്ക്കളുടെ ശല്യം രൂക്ഷമാകുന്നതായി പരാതി. നായക്കളുടെ എണ്ണം ക്രമാതീതമായി ഉയർന്നിട്ടും അധികൃതർ അനങ്ങുന്നില്ല. പ്രധാന ജംഗ്ഷനൊക്കെ നായ്ക്കളുടെ വിളയാട്ടമാണ്. ഇവയെ പേടിച്ച് വഴിനടക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. നിരവധി പേർ തെരുവുനായ്ക്കളുടെ ക്രൂരമായ ആക്രമണത്തിനിരയായി. സ്കൂൾ വിദ്യാർത്ഥികളെ വരെ നായ്ക്കൾ കടിച്ചു കുടഞ്ഞു. വിതുര ഗവ. താലൂക്ക് ആശുപത്രിയിൽ എത്തുന്നവർ സൂക്ഷിച്ചില്ലെങ്കിൽ നായ്ക്കളുടെ കടി ഉറപ്പാണ്. ആശുപത്രി പരിസരത്ത് 10-20 ഓളം നായകൾ തമ്പടിച്ചിരിക്കുകയാണ്. ആശുപത്രിക്ക് സമീപത്തെ ഗവ. യു.പി.എസ്, ഗവ. ഹൈസ്കൂൾ എന്നിവിടങ്ങളിലും നായശല്യം രൂക്ഷമാണ്. വീട്ടുകളിൽ കയറിയും ആക്രമിക്കാറുണ്ട്. തൊളിക്കോട് പഞ്ചായത്തിൽ ആറ് പട്ടികൾ വീട്ടിൽ കയറി വൃദ്ധനെ കടിച്ചു. വിതുരയിൽ വീട്ടിൽ കയറി രണ്ട് പിഞ്ചുകുട്ടികളേയും ആക്രമിച്ച സംഭവമുണ്ടായി.



### വളർത്ത് മൃഗങ്ങളെ കടിച്ചുകീറി

വിതുര, തൊളിക്കോട് പഞ്ചായത്തുകളിലെ തേവൻപാറ, ഭദ്രംവച്ചപാറ, നാഗര, പുളിച്ചാമല, പരപ്പാറ, ചായം, ചെറ്റച്ചൽ, ആനപ്പാറ, കല്ലാർ മേഖലകളിൽ തെരുവ് നായ്ക്കൾ ആട്ടുകളേയും, കോഴികളേയും കൂട്ടത്തോടെ കൊന്നൊടുക്കുന്നത് പതിവാണെന്ന് നാട്ടുകാർ പരാതിപ്പെട്ടു.

### വന്ധ്യംകരണത്തിന്റെ മറവിൽ നായ്ക്കളെ ഇറക്കുന്നു

വന്ധ്യംകരണം നടത്തുന്നതിനായി വിതുര, തൊളിക്കോട് പഞ്ചായത്തുകളിൽ നിന്നും നായകളെ പിടികൂടി കൊണ്ടുപോകാറുണ്ട്. പത്തോ, ഇരുപതോ നായകളെ പിടികൂടി കൊണ്ടുപോയാൽ വന്ധ്യംകരണം കഴിഞ്ഞ് ഇതിന്റെ ഇരട്ടിയിലേറെ നായ്ക്കളെ കൊണ്ടിറക്കുന്നതായാണ് പരാതി. ഇവ വീട്ടുകളിൽ അതിക്രമിച്ച് കയറി ആക്രമണം നടത്തുകയും, കോഴികളേയും മറ്റും പിടികൂടുകയും ചെയ്യുന്നതായി വ്യാപകമായി പരാതി ഉയർന്നിട്ടുണ്ട്. നായകളുടെ ശല്യം മൂലം ഇരുചക്രവാഹനങ്ങൾ അപകടത്തിൽപ്പെടുന്നതും പതിവാണ്.

KAUMUDI ALERT

> വിതുര, തൊളിക്കോട് പഞ്ചായത്തിൽ വർദ്ധിച്ചു വരുന്ന തെരുവ് നായശല്യം തടയാൻ അടിയന്തര നടപടി സ്വീകരിക്കണം.
> - വ്യാപാരി വ്യവസായി ഏകോപന സമിതി വിതുര യൂണിറ്റ് ഭാരവാഹികൾ

# കുടിയൊഴിപ്പിക്കൽ ഭീഷണിയിൽ പിന്നാക്ക കുടുംബങ്ങൾ

◗ സ്വന്തം ലേഖകൻ

വെഞ്ഞാറമൂട്: ഏത് നിമിഷവും കുടിയൊഴിപ്പിക്കുമെന്ന ഭീതിയിൽ പത്ത് പട്ടിക ജാതി കുടുംബങ്ങൾ. നെല്ലനാട് പഞ്ചായത്തിലെ മക്കാംകോണം കോളനിയിലെ പത്ത് കുടുംബങ്ങളിലെ അൻപത് ഓളം പേരാണ് കുടിയൊഴിപ്പിക്കൽ ഭീഷണി നേരിട്ട് ദിവസങ്ങൾ എണ്ണി കഴിയുന്നത്.

ഇത് സംബന്ധിച്ച് ഔദ്യോഗികമായി ഒരറിയിപ്പും ഇവർക്ക് ലഭിച്ചിട്ടില്ലെങ്കിലും പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ചിലരുടെ ഭാഗത്തു നിന്നും സ്വമേധയാ സ്ഥലം വിട്ടൊഴിഞ്ഞ് തരാമെങ്കിൽ സർക്കാരിന്റെ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റൊരു സ്ഥലത്ത് വീട് വച്ച് നല്കാമെന്ന് അറിയിച്ചതോടെയാണ് കുടിയൊഴിപ്പിക്കൽ ലക്ഷ്യം വെച്ചുള്ള പദ്ധതികൾ അണിയറയിൽ നടക്കുന്നതായി സംശയമുദിച്ചത്.

50 വർഷത്തിലേറെയായി താമസിക്കുന്നവരാണ് പത്ത് കുടുംബങ്ങളും. അന്ന് പഞ്ചായത്തിൽ അധികാരത്തിൽ ഇരുന്നവർ തന്നെയാണ് ഇവിടെ താമസിക്കുന്നതിനുള്ള അനുമതി നല്കിയതും മറ്റു സൗകര്യങ്ങൾ ഒരുക്കിയതും. എന്നാൽ കാലാനുസൃതമായ മാറ്റങ്ങൾ കാരണം ഭൂമി വിലയിൽ വൻ വർദ്ധനവുണ്ടായി.

ഇതോടെ അസൂയ മൂത്ത ചിലരുടെ ബുദ്ധിയിൽ ഉദിച്ച ആശയമാണ് പട്ടിക ജാതി കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ. സർക്കാർ ആനുകൂല്യങ്ങൾ തുടർച്ചയായി നിഷേധിക്കുക എന്ന കുറുക്കുവഴി ആണ് ഇതിനായി സ്വീകരിച്ചിരിക്കുന്നത്. ഇതോടെ വീട് വയ്ക്കുന്നതിനോ പുനരുദ്ധാരണത്തിനോ ഒന്നും കഴിയാതെ വീടുകൾ മിക്കതും നിലംപൊത്താറായ അവസ്ഥയിലായി.

കഴിഞ്ഞ മഴക്കാലത്ത് ഒരു വീട് നിലംപൊത്തിയിരുന്നു. എന്നിട്ടും പിടിച്ചു നില്ക്കുകയാണ് കോളനിയിലെ പാവപ്പെട്ട കുടുംബങ്ങൾ. ജനിച്ചു വളർന്ന നാട്ടും വീട്ടും വിട്ടു മറ്റെങ്ങോട്ടുമില്ലെന്ന ദൃഢ നിശ്ചയത്തിലാണ് ഇവർ.

ഇതിനായി സർക്കാർ ഓഫീസുകൾ കയറി ഇറങ്ങി ജനിച്ച മണ്ണ് സ്വന്തം എന്ന് സ്ഥാപിച്ചെടുക്കാൻ വേണ്ടിയുള്ള പരിശ്രമം തുടരുകയാണ് ഇവർ.



*മക്കാംകോണം പട്ടികജാതി കോളനിയിലെ വീട്ടുകളിലൊന്ന കഴിഞ്ഞ മഴയിൽ തകർന്ന നിലയിൽ*

## ബോധവത്കരണ ക്ലാസ്

ആര്യനാട്: വിദ്യാർത്ഥികളുടെ കൗമാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്വയം പ്രതിരോധ ആരോഗ്യശുചിത്വത്തിനുമായി ആര്യനാട് ഗവ. വി.എച്ച്.എസ്.ഇ സ്കൂളിലെ കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗിന്റെ ആഭിമുഖ്യത്തിൽ ബോധവത്ക്കരണ ക്ലാസ് നടത്തി. മലയടി പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ സുനി ചന്ദ്ര പെൺകുട്ടികൾക്ക് സമൂഹത്തിൽ സ്ത്രീകൾ സുരക്ഷിതരായിരിക്കേണ്ട കരുതലുകളെപ്പറ്റിയും മെഡിക്കൽ ഓഫീസർ സൂരജ്ലാൽ ആൺകുട്ടികൾക്ക് കൗമാര പ്രായത്തിൽ നേരിടുന്ന പ്രശ്നങ്ങളും പ്രതിവിധികളും എന്നീ വിഷയങ്ങളിൽ ക്ലാസെടുത്തു. കരിയർ കോ - ഓർഡിനേറ്റർ ദീപേഷ്, അദ്ധ്യാപകരായ സുജിൻ, ബിനു, വിനോജ്, ടി.എ. സുജ, മഞ്ജുഷ എന്നിവർ പങ്കെടുത്തു.

## സിനിമ

■ന്യൂ (2323244) :: ■SCREEN 1 - ചെക്ക ചിവന്ത വാനം (T- 11.15, 7.00pm, 10.15pm) JHONNY ENGLISH STRIKES AGAIN (E- 2.00pm, 4.45pm)
■SCREEN 2 - വരത്തൻ (M- 11.15, 2.30, 6.30, 9.30)
■SCREEN 3 - തീവണ്ടി (M- 11.15, 2.30, 6.30, 9.30)
■ശ്രീകുമാർ (2331222) :: ചെക്ക ചിവന്ത വാനം (T- 11.15, 2.30, 6.15, 9.30)
■ശ്രീവിശാഖ് (2331222) :: വരത്തൻ (M- 11.30, 2.30, 6.30, 9.30)
■ശ്രീപത്മനാഭ (2473999) :: ചെക്ക ചിവന്ത വാനം (T- 11.00, 2.30, 6.00, 9.30)
■ദേവിപ്രിയ (2473999) :: സാമി -2 (T- 11.00, 2.30, 9.30) പടയോട്ടം (M- 6.00)
■അജന്ത (2472825) :: No Shows
■കൃപ :: ലില്ലി (M- 11.00, 7.00pm) ചെക്ക ചിവന്ത വാനം (T- 1.00, 4.00, 7.30pm, 1030pm) ചാലക്കുടിക്കാരൻ ചങ്ങാതി (M - 1.10pm) JHONNY ENGLISH STRIKES AGAIN (E-4.40pm) SUI DAAGA MADE IN INDIA (H-9.30pm)
■കലാഭവൻ :: ലില്ലി (M- 11.30) പടയോട്ടം (M- 2.30, 6.15, 9.30)
■സെൻട്രൽ (2462865) :: BARBARIAN (E - 11.30, 2.30, 6.30, 9.30)
■കൈരളി (2332747) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.15, 2.30, 6.15, 9.30)
■ശ്രീ (2332747) :: വരത്തൻ (M - 11.30, 2.30, 6.30, 9.30)
■നിള (2332747) :: മംഗല്യം തന്തുനാനേന (M- 11.15, 2.30) ചെക്ക ചിവന്ത വാനം (T- 6.30, 9.30)
■ധന്യ (2476773) :: സാമി -2 (T- 11.15, 2.30, 6.15, 9.30)
■രമ്യ (2476773) :: ലില്ലി (M- 11.15, 2.30, 6.15, 9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1 - സാമി -2 (T- 11.15, 2.45, 6.30, 10.15)
■Audi 2 - തീവണ്ടി (M - 11.30, 3.00, 6.30, 10.00)
■Audi 3 - MANMARZIYAAN (H- 10.30am) BATTIGUL METER CHALU (H-1.45pm) THE NUN (E- 5.00pm, 10.15pm) THE EQUALIZER (E-7.15pm),
■Audi 4 - പടയോട്ടം (M- 11.30am, 3.00pm, 6.45pm, 10.00pm)
■Audi 5 - THE NUN (E- 10.00am) വരത്തൻ (M - 12.00pm, 3.00pm, 6.45pm, 10.00pm) THE
■Audi 6 - ഇമൈക്ക നൊടികൾ (E- 11.15am) മംഗല്യം തന്തുനാനേന (M- 3.00pm, 6.45pm, 10.15pm)
■കാർണിവൽ സിനിമാസ് (മാൾ ഓഫ് ട്രാവൻകൂർ)
ചാലക്കുടിക്കാരൻ ചങ്ങാതി (M- 10.00, 3.00, 9.45pm)
ചെക്ക ചിവന്ത വാനം (T- 10.30, 1.30, 4.30, 7.30, 10.30pm)
ദേവദാസു (Telugu - 4.45pm)
JHONNY ENGLISH STRIKES AGAIN (E- 10.35, 2.45, 6.30, 10.30pm)
ലില്ലി (12.45, 8.30pm, 10.30pm)
മംഗല്യം തന്തുനാനേന (M- 1.30)
പടയോട്ടം (9.45am, 1.00pm, 4.40pm, 7.00pm, 10.00pm)
സാമി -2 (T- 10.15am, 4.00pm)
SUI DHAAGA (H- 12.30pm, 8.00pm)
തീവണ്ടി (M- 10.00am, 1.15pm, 4.40pm, 7.00pm, 10.45pm)
വരത്തൻ (M- 10.00am, 12.45pm, 3.30pm, 6.15pm, 7.45pm, 9.00pm, 11.35pm)
■കഴക്കൂട്ടം കൃഷ്ണ (2418144) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.15, 6.15, 9.30) പടയോട്ടം (M- 2.30)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: ചെക്ക ചിവന്ത വാനം (T- 11.15, 2.30, 9.30) വരത്തൻ (M- 6.15)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■screen 1 : തീവണ്ടി (M- 11.15, 2.30, 6.15, 9.30)
■screen 2 : IMAIKKA NODIGAL (T- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: സാമി -2 (T- 11.15) ഒരു കുട്ടനാടൻ ബ്ലോഗ് (M- 2.30) തീവണ്ടി (M- 6.15, 9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: ഷോ ഇല്ല
■ആറ്റിങ്ങൽ യമുന (2629973) :: കിനാവള്ളി (M- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: JUNGA (T- 11.00, 2.30, 6.30, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: പടയോട്ടം (M- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ തപസ്യ (3291113) :: സാമി-2 (T - 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: ലില്ലി (M- 11.15, 3.00, 6.30, 9.45)
■വർക്കല എസ്.ആർ (04702602339) :: വരത്തൻ (M- 11.00, 2.30, 6.15, 9.30)
■വർക്കല വിമല (9895233785) :: ചെക്ക ചിവന്ത വാനം (T- 11.00, 3.00, 6.30, 9.45)
■വർക്കല സ്റ്റാർ സിനിമ (2602344) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.00, 2.30, 9.30) തീവണ്ടി (M- 6.15)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: തീവണ്ടി (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: ചാലക്കുടിക്കാരൻ ചങ്ങാതി (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: ചെക്ക ചിവന്ത വാനം (T- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് റാണി :: ■screen 1 : സാമി -2 (T- 11.00, 2.15) വരത്തൻ (M- 6.30, 9.30)
■screen 2 : പടയോട്ടം (M- 11.15, 2.30, 6.15) സാമി -2 (T-9.30)
■പെരിങ്ങമ്മല അശ്വതി (2400394) :: മറഡോണ (T- 2.30, 6.30, 9.30)
■കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
■Audi 1 - ഗജനീകാന്ത് (M- 11.30, 2.30, 6.15, 9.30)
■Audi 2 - ഇബിലീസ് (M- 11.00, 2.30, 6.15, 9.30)
■Audi 3 - KARWAAN (H- 11.00, 2.30, 6.15, 9.30)
■Audi 4 - കൂടെ (M- 11.00, 2.30, 6.15, 9.30)
■Audi 5 - JUNGA (T- 11.00, 2.30) ഒരു പഴയ ബോംബ് കഥ (M- 6.15, 9.30)
■കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M- 2.30, 6.15) അച്ചം എമ്പത് മടമയ്യെട (T- 11.00, 9.15)
■നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണ തത്ത (M- 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1 - ചെക്ക ചിവന്ത വാനം (T- 11.15, 2.30, 6.15, 9.30)
■Tela 2 - ലില്ലി (M- 11.00, 6.00, 8.00) തീവണ്ടി (M- 2.15, 10.00)
■പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: വരത്തൻ (M - 11.15, 2.30, 9.30) പടയോട്ടം (M- 6.15)
■വെഞ്ഞാറമൂട് സിന്ധു (9746159088) :: വരത്തൻ (M- 11.30, 2.30, 6.30, 9.30)
■കാട്ടാക്കട ജയവിനായക (2290867) :: ■screen 1 - ആട് -2 (M- 11.00, 2.15, 6.15, 9.15) ■screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M- 6.30, 9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Nowshow
■പനച്ചമൂട് യമുനലക്ഷ്മി :: കെട്ടു (T-10.30, 2.30, 6.15, 9.00)
■പേയാട് എസ്.പി സിനിമ (0471-2289053) :: വരത്തൻ (M- 11.00, 2.00pm, 6.30pm, 10.30pm) തീവണ്ടി (M- 8.10pm)
■കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30, 6.30)
■പടന്തലുമൂട് IMP :: പടയോട്ടം (M- 11.00, 2.30, 6.30, 9.30)
■കാട്ടാക്കട സ്വരലയ: (9188628546) :: ■സ്വരം - വരത്തൻ (M - 11.15, 2.15, 6.15, 9.15)
■ലയ - മംഗല്യം തന്തുനാനേന (M- 11.30, 6.30) പടയോട്ടം (M- 2.30, 9.30)

## ഇന്ന്

**എ**.കെ.ജി ഹാൾ: സൂര്യ ഫെസ്റ്റിവലിന്റെ ഭാഗമായി കെ.ജെ. യേശുദാസിന്റെ കച്ചേരി 6.45ന്

**എ**.ജി.എസ് ഓഫീസ്: കമ്പ്യൂട്ടറൈസിഡ് ബയോമെടിക് ആക്സസ് കൺട്രോൾ സിസ്റ്റം ഉദ്ഘാടനം അക്കൗണ്ടന്റ് ജനറൽ എസ്. സുനിൽ രാജ് -9ന്

**പാ**ളയം മാർക്കറ്റ് പരിസരം: ഹഡ്കോ റീജിയണൽ ഓഫീസ് സംഘടിപ്പിക്കുന്ന മാലിന്യ ബോധവത്കരണ നാടകം ഉദ്ഘാടനം മേയർ വി.കെ. പ്രശാന്ത് -5ന് സെക്രട്ടേറിയറ്റിന് മുൻവശം: സീനിയർ സിറ്റിസൺസ് കൗൺസിലിന്റെ വയോജന ദിനാഘോഷം, വയോജനസമംഗമവും ആദരിക്കലും സി. ദിവാകരൻ എം.എൽ.എ -11ന്

**മം**ഗലത്തുകോണം കാട്ടുനട ശ്രീഭദ്രകാളി ദേവീക്ഷേത്രം: അലങ്കാര ദീപാരാധന - 7ന്

**ല**ളിതകലാ അക്കാഡമി ആർട്ട് ഗാലറി: ടി.ആർ. ഉദയകുമാറിന്റെ പെയിന്റിംഗ് എക്സിബിഷൻ

**കു**ന്നുകുഴി ചിന്ത പബ്ലിക്കേഷൻസ്: വാർഷിക പുസ്തകോത്സവത്തിന്റെ ഭാഗമായി ചർച്ച. വിഷയം: അസഹിഷ്ണുതയുടെ കാലത്തെ എഴുത്ത്, വായന, പ്രസംഗം - 5.30ന്

**തൈ**ക്കാട് ഗാന്ധിഭവൻ: ഗാന്ധി സാഹിത്യോത്സവത്തിനും പുസ്തകോത്സവത്തിനും തുടക്കം

**ശ്രീ**പദ്മനാഭ സ്വാമിക്ഷേത്രം : കിഴക്കേനട സ്വാമി ദുർഗാനന്ദ സരസ്വതിയുടെ രമണവിദ്യാസത്സംഗം - 6.15ന്

**കോ**ട്ടയ്ക്കകം അഭേദാശ്രമം : കെ. വിജയകുമാരൻനായരുടെ ഭാഗവത പ്രഭാഷണം -5.15ന്

**കി**ഴക്കേകോട്ട കാർത്തികതിരുനാൾ തിയേറ്റർ : ദൃശ്യവേദിയുടെ കേരളനാട്യോത്സവം ബകവധം ഉത്തരഭാഗം -5.30ന്


KERALA KAUMUDI Classifieds

കേരള കൗമുദി ക്ലാസിഫൈഡ്സ്

better choice.... faster response

**പണയ സ്വർണ്ണം**
കമ്മീഷനില്ലാതെ ബാങ്കിലെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാജില്ലകളിലും എക്സി ക്യൂട്ടീവുകൾ.
98 95 92 40 17
ശ്രീനാരായണ ജ്വല്ലറി

**ബാങ്ക് സ്വർണ്ണം**
കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
97 46 81 11 96, 98 47 30 11 58
രാധികാ ജ്വല്ലറി

**നഷ്ടപ്പെട്ടു**
KL 16 L 308 Wagon R കാറിന്റെ ആർ.സി. ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ ആക്ഷേപമുള്ളവർ 15 ദിവസത്തിനകം ആറ്റിങ്ങൽ RTO-യെ രേഖാമൂലം അറിയിക്കേണ്ടതാണ്.
മഹേശ്വരൻ പിള്ള,
മാവിള വീട്, വടശ്ശേരിക്കോണം (P.O),
ഞെക്കാട്.

**ചികിത്സ**
ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289, 2326569.

**സത്യമായ പ്രവചനങ്ങളും ദുരിത ദുഃഖ പരിഹാരങ്ങളും**

നാളിതുവരെ അനുഭവിച്ച ദുരിതം, ദുഃഖം, രോഗം, തൊഴിൽ, വിദ്യാതടസ്സങ്ങൾക്കും മറ്റ് പ്രതിസന്ധികൾക്കും കാര്യകാരണ ശാന്തി പരിഹാരങ്ങൾ ജാതി - മതഭേദമന്യേ മിഥ്യാ - വാഗ്ദാന മുഖസ്തുതികളില്ലാതെ ഉറപ്പുനൽകുന്നു. അതീവ ചൈതന്യത്തോടു കൂടിയ ദേവീ - ദേവത - നവഗ്രഹങ്ങളും ചേർന്ന ക്ഷേത്രവും ഇല്ലപറമ്പിൽ സ്ഥിതിചെയ്യുന്നു. പൂർണ്ണ വിശ്വാസിയ്ക്ക് പൂർണ്ണഫലം
സന്ദർശനം മുൻകൂട്ടി അനുവാദം വാങ്ങിയശേഷം
ലോകപ്രശസ്ത ജ്യോതിഷ-മാന്ത്രിക-താന്ത്രിക-ഉപാസകൻ
ബ്രഹ്മശ്രീ ഡോ. പ്രണവം വിഷ്ണുനമ്പൂതിരി
ഉഴുത്രപ്പള്ളി ഇല്ലത്ത് പ്രണവം, വള്ളക്കടവ് പി.ഒ. രാജീവ് ഗാന്ധി Lane, കല്ലുംമൂട്, പനമൂട് ദേവീക്ഷേത്രത്തിന് സമീപം, തിരുവനന്തപുരം - 8 ഫോൺ : 9400642415, 9048458660

**ITI/KGCE അഡ്മിഷൻ**
P.S.C./NCVT/KSELB/KERALA ഗവ. അംഗീകൃത കോഴ്സുകൾ
ഓട്ടോമൊബൈൽ + Driv. Licence | ഇലക്ട്രിക്കൽ
സിവിൽ | എക്സ്റേ - വെൽഡിംഗ്
കോഴ്സുകഴിഞ്ഞാൽ ശമ്പളത്തോടുകൂടി ഉടൻ ട്രെയിനിംഗ്
Since 1978 UBDACE INSTITUTIONS
കേന്ദ്ര - സംസ്ഥാന ഗവൺമെന്റ് അംഗീകൃതം
വിദേശത്ത് പോകുവാൻ* UEI ഡിപ്ലോമ സർട്ടിഫിക്കറ്റ്
സ്റ്റേഡിയം, കൊല്ലം
0474-2740503, 2764343
2794676, 9446787715
* Conditions apply

**GAS PIPELINE INSTALLATION**
CHIMNEY & HOB SALES & INSTALLATION
RT TRADERS, KUNJALUMMOODU.
Mobile : 7012863350,

**PMEGP, MUDRA, NORKA**
സെക്യൂരിറ്റി ഇല്ലാതെ 10 ലക്ഷം രൂപ വരെ വ്യവസായ വായ്പ. നൂറിൽപരം ചെറുകിട വ്യവസായങ്ങളുടെ വിവരണങ്ങൾ. മറ്റ് ബാങ്ക് ലോണിന് ആവശ്യമായ പ്രൊജക്ട് റിപ്പോർട്ടിനും.
INDUSTRIAL AUTOMATION INDIA
9605696243, 8848185796

**ലോൺ പ്രോജക്റ്റ് റിപ്പോർട്ട്**
തമ്പാനൂർ, കിളിമാനൂർ - ബാങ്ക് ലോണിനാവശ്യമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബന്ധപ്പെടുക :
7907282215.

**പാർക്കിൻസൺസ് (PARKINSON'S DISEASE)**
ശരീരം മുഴുവനായോ കൈകാലുകളിലോ ഉണ്ടാകുന്ന വിറയൽ, മാനസിക സമ്മർദ്ദം അനുഭവപ്പെടുമ്പോൾ വിറയൽ കൂടുന്ന അവസ്ഥ, നടക്കുമ്പോൾ ബാലൻസ് ഇല്ലാതായി വേഗം കൂടുകയോ കുറയുകയോ ചെയ്യുന്ന അവസ്ഥ, ഉറക്കക്കുറവ്, അമിതമായ ദേഷ്യം, അകാരണമായ ഭയം, ഓർമ്മക്കുറവ് തുടങ്ങിയ ലക്ഷണങ്ങളോടു കൂടിയ പാർക്കിൻസൺസ് രോഗത്തിനും മറ്റ് അനുബന്ധ രോഗങ്ങൾക്കും ഫലപ്രദമായ ശാസ്ത്രീയ ആയുർവ്വേദ ചികിത്സ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ഇവിടെ ലഭ്യമാണ്.
DR. K.V. VIJAYAN INSTITUTE OF AYURVEDA MEDICAL SCIENCE
VIAMS
Mezhathur, Pattambi, Palakkad (Dt)
E mail:info@viams.in
Website:www.viams.in Ph: 0466 2270142, 09846362442, 09446456442

**കേരള കൗമുദി ആഴ്ചപ്പതിപ്പ്**

**കേരളകൗമുദി കുട്ടികളുടെ വാരിക**

**DISTANCE EDUCATION**
UGC, PSC, UPSC അംഗീകരിച്ചതും, UGC നിബന്ധന പ്രകാരമുള്ള യൂണിവേഴ്സിറ്റി പരിധിക്കകത്തും
BA BCom BSc MA MSc MCom MBA
തുടങ്ങിയ ഡിഗ്രി/പി.ജി. കോഴ്സുകൾ
ഏറ്റവും കുറഞ്ഞ ഫീസോടെ രജിസ്റ്റർ ചെയ്യുന്നതിനും, പാതിവഴിയിൽ ഡിഗ്രി/പി.ജി. പഠനം നിർത്തിയവർക്ക് കോഴ്സുകൾ പുനരാരംഭിക്കുന്നതിനും ബന്ധപ്പെടുക.
SIMS DISTANCE EDUCATION
MALAPPURAM : 8893 673433
KOCHI : 8893 853433
PALAKKAD : 9072 204040
KANNUR : 8893 703433
CALICUT : 8893 753433

**തടിയും തൂക്കവും വർദ്ധിപ്പിക്കാം**
♦ മെലിഞ്ഞ ശരീരം ഉള്ളവർക്ക് തടിയും തൂക്കവും വർദ്ധിപ്പിക്കാൻ സ്റ്റാമിജൻ പൗഡർ അതീവ ഫലപ്രദം.
♦ ദഹനം കൃത്യമാകും, ഭക്ഷണം ശരീരത്ത് പിടിക്കും, പ്രസരിപ്പും ഉന്മേഷവും ഉണ്ടാകും.
♦ ചെറുപ്പക്കാർക്കും മുതിർന്നവർക്കും കുട്ടികൾക്കും ഉപയോഗിക്കാം.
♦ ശരീരപുഷ്ടി ഉണ്ടാകാൻ പലതും പരീക്ഷിച്ച് പരാജയപ്പെട്ടവരും സ്റ്റാമിജന്റെ ഫലപ്രാപ്തിയിൽ സംതൃപ്തർ.
♦ പാർശ്വഫലങ്ങളില്ലാത്ത സുരക്ഷിതമായ അംഗീകൃത ഉൽപന്നം
കൂടുതൽ വിവരങ്ങൾക്ക്: കസ്റ്റമർ കെയർ 90485 02449.
www.ayuralpha.com

**തൊഴിലവസരം**
കേന്ദ്രസർക്കാർ അംഗീകാരമുള്ള പ്രമുഖ ധനകാര്യ സ്ഥാപനത്തിന്റെ പുതുതായി ആരംഭിക്കുന്ന STATUE ബ്രാഞ്ചിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നു.
• MANAGERS – Package: ₹35,000 (Qualf. Degree & Above)
• CO-ORDINATORS – Package: ₹30,000 (Qualf. Pre-degree & above)
• OFFICE SECRETARY –(Females only)(Qualf. + 2 above) Pckg:₹18000
• COMPANY PARTNERS – Package: ₹45,000 (Rtd. Govt. Employees and NRI's Preffered)
Age : 25 to 65
Contact : 8593813873, 8129216791

**M.S. SARKAR DISPENSARY**
Mob : 9846316661
തിരുവനന്തപുരം

പ്രമേഹം മൂലമുണ്ടാകുന്ന നാഡീതളർച്ച, ബലഹീനത, സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം, വലിപ്പക്കുറവ്, ചൊറിച്ചിൽ, കൈകാൽ മുട്ടുവേദന, സ്ത്രീകൾക്കു മുഖക്കുരു, കറുത്തപാടുകൾ, വെള്ളപോക്ക്, ചർമ്മരോഗങ്ങൾ മുതലായവ ചികിത്സിച്ച് ഭേദമാക്കുന്നു
കൊല്ലം ക്യാമ്പ്
എല്ലാ ചൊവ്വാഴ്ചയും
രാമൻകുളങ്ങര, മാതൃഭൂമി ഓഫീസിനു സമീപം
തിരുവല്ല ക്യാമ്പ്
എല്ലാ മാസവും 5,20 തീയതികളിൽ
K.S.R.T.C. ബസ്സ്റ്റാന്റിന് സമീപം
കാട്ടൂക്കര റോഡ്, തിരുവല്ല
www.mssarkar.com

**രോഗികൾ മാത്രം വായിക്കുക**
MODERN Manacaud TVM
• കൊല്ലം - ബുധനാഴ്ച
• കൊച്ചി - വ്യാഴം, വെള്ളി
തിരുവനന്തപുരം ശനി മുതൽ ചൊവ്വ വരെ
കൺസൽട്ടിംഗ് ഉണ്ടായിരിക്കുന്നതാണ്
• പാർശ്വഫലങ്ങളില്ലാത്ത ഫലപ്രദമായ ചികിത്സ

ദാമ്പത്യ ജീവിത പരാജയത്തിന് കാരണമാകുന്ന ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, സ്വപ്ന സ്ഖലനം, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്, സ്തന വലിപ്പക്കുറവ്, മറ്റു മൂത്രാശയരോഗങ്ങൾ 100% ഉത്തരവാദിത്വത്തോടുകൂടി ചികിത്സിച്ചു ഭേദമാക്കുന്നു.
(CALL FOR APPOINTMENT)
9387816888
9946017861
Dr. ഹക്കീംഷാക്കിർ അവർകളെ നേരിൽ കാണുക.
മോഡേൺ ഹെൽത്ത് സെന്റർ
2nd Floor, CDRC ബിൽഡിംഗ്, മണക്കാട് മാർക്കറ്റിന് എതിർവശം, തിരുവനന്തപുരം

**കരുത്തുള്ള ദാമ്പത്യത്തിന്**

20 - 30 - 40 - 50 - 60 വയസ്സ് കഴിഞ്ഞവർക്ക് ദൃഢതയും ബലവും ഉദ്ധാരണം കിട്ടാൻ ശക്തിവർദ്ധക ക്യാപ്സ്യൂളും, പൗഡറും. പ്രമേഹരോഗികൾക്ക് ലൈംഗിക ബന്ധം ആസ്വദിക്കാം ഓർഗൺ ഡെവലപ്പർ മൂലം ശീഘ്ര സ്ഖലനത്തിന് ഫലപ്രദമായ പരിഹാരമാണ്. കിടപ്പറയിലെ ക്ഷീണം, തളർച്ച താൽപര്യക്കുറവ് ഇവമാറും. ശക്തിവർദ്ധക ക്യാപ്സ്യൂളിനെയും, പൗഡറിനെയും പറ്റി അറിയാൻ വിളിക്കുക.
8877100959, 9117381791

**SAP ACCOUNTING LOGISTICS**
Member SAP Student Academy Program
JOB ORIENTED TRAINING IN WORLD'S NO. 1 BUSINESS SOFTWARE WITH PLACEMENT SUPPORT
ELIGIBILITY : DEGREE (Course Completed)
1) SAP FICO/LOGISTICS-MM (Materials Mgmt.)/SD (Sales & Distribution) : 45 Days
2) SAP FICO + Tally ACE with GST/VAT + Corporate Accounting : 3 Months
3) SAP FICO + Tally PRO + Peachtree + QB + MS Office, Word, Exel + Softskill + Spoken English + Interview Sessions : 6 months
4) SAP FICO + Tally GURU + MS Office, Word, Exel + Softskill + Spoken English + Interview Sessions : 8 months
5) SAP MM/SD + Diploma in Logistics & International Trade : 4 months
ADMISSION OPEN | SAP & Tally AUTHORIZED CERTIFICATION
NO.1 SAP EDUCATION CENTRE IN KERALA
9645012140 | 9809412140
Ulloor | Trivandrum-11 cokonetacademy.com
COKONET

**നീഗ്രോ പെന്നീസ് ലാവോ മസാജിംഗ് ഓയിൽ**
വിവാഹത്തിനു മുമ്പും വിവാഹത്തിനു ശേഷവും ഉണ്ടാകുന്ന സെക്സ് ബലഹീനതയ്ക്ക് 100% ആയുർവ്വേദ ചികിത്സ. ഇതിന്റെ ഉപയോഗത്താൽ ലിംഗത്തിന്റെ നീളം 6-8 ഇഞ്ചും, വണ്ണം 3-4½ ഇഞ്ചും വർദ്ധിക്കുന്നു. സമയം 30 മിനിട്ടും കിട്ടുന്നു. കൂടാതെ ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, നപുംസകത എന്നിവ മാറി ബീജാണുക്കളുടെ അളവും വർദ്ധിപ്പിക്കുന്നു. സെക്സിന്റെ പരമാന്ദസുഖം അനുഭവിച്ചറിയൂ.
സ്ത്രീ സൗഹൃദങ്ങൾക്ക് താല്പര്യപ്പെടുന്നവർക്ക് ഫോട്ടോയും നമ്പരും അടങ്ങിയ ഡയറി സൗജന്യം

ചികിത്സയ്ക്കായി ഫോൺ ചെയ്യുക
8750336928, 9540376105

# വിദേശത്ത് തൊഴിൽ




## നാഫ്ക്കോ

സുരക്ഷാ ഉപകരണ വിപണിയിൽ മുൻപന്തിയിൽ നിൽക്കുന്ന ദുബായിലെ പ്രമുഖ കമ്പനിയായ നാഫ്ക്കോ തൊഴിലവസരമൊരുക്കുന്നു. മലയാളികൾക്കും അപേക്ഷിക്കാം. ഡോക്യുമെന്റ് കൺട്രോളർ, പർച്ചേസ് കോഡിനേറ്റർ, റിസപ്ഷനിസ്റ്റ്, ഫയർ അലാം ടെക്നീഷ്യൻ, ടെക്നീഷ്യൻ, സെയിൽസ് എക്സിക്യൂട്ടീവ്, ഫയർ സേഫ്റ്റി ഇൻസ്ട്രക്ടർ തുടങ്ങിയ തസ്തികകളിലാണ് നിയമനം. കമ്പനിവെബ്സൈറ്റ്: www.naffco.com/uae/en. അപേക്ഷിക്കാൻതാത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക. വിലാസം: World Headquarters,Jebel Ali Free Zone,Dubai, U.A.E. ഇമെയിൽ: info@naffco.com.

---



## മോഷൻഗേറ്റ്ദുബായ്

ദുബായിലെ മോഷൻഗേറ്റ്ദുബായ് വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ലൈഫ്ഗാർഡ്, മാനേജർ - ഓഡിറ്റർ, ലൈഫ് ഗാർഡ്, റെസ്റ്റോറന്റ്മാനേജർ, ഷെഫ്, മെയിന്റനൻസ് അസിസ്റ്റന്റ്മാനേജർ, സൂപ്പർവൈസർ, ഡയറക്ടർ എന്റർടെയ്ൻമെന്റ് തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. അപേക്ഷിക്കാൻ താത്പര്യമുള്ളവർ jobsindubaie.comഎന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കുക. കമ്പനിവെബ്സൈറ്റ്: www.motiongatedubai.com.

---




## ഡ്രൈഡോക്സ്‌വേൾഡ്

ദുബായിലെ ഡ്രൈ ഡോക്സ് വേൾഡ് വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫയർമാൻ, സൂപ്പർവൈസർ, പ്രിപ്പറേറ്റർ, പ്രിസർവേഷൻ എൻജിനീയർ, ഇൻസ്ട്രുമെന്റേഷൻ എൻജിനീയർ തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. കമ്പനിവെബ്സൈറ്റ്: www.drydocks.gov.ae.അപേക്ഷിക്കാൻതാത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക

---

## എം.ബി.ആർ.എസ്.സി

യുഎഇയിലെ മുഹമ്മദ്ബിൻ റാഷിദ് സ്പേസ് സെന്റർ വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

എൻജിനീയർ – ഇമേജ്പ്രോസസിംഗ്, എൻജിനീയർ - അനലിസ്റ്റ്, എൻജിനീയർ - ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ, ഓഫീസർ, സയൻസ്ഡാറ്റ എൻജിനീയർ തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. അപേക്ഷിക്കാൻ താത്പര്യമുള്ളവർ jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക. കമ്പനിവെബ്സൈറ്റ്: mbrsc.ae/en

---

## എ.ഇ.സി.ഒ.എം

എ.ഇ.സി.ഒ.എം വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.ടെക്നിക്കൽ ഇൻസ്പെക്ടർ, മെറ്റീരിയൽ ഇൻസ്പെക്ടർ, പേവ്മെന്റ് മാർക്കെറ്റിംഗ് ഇൻസ്പെക്ടർ, സിവിൽ ഇൻസ്പെക്ടർ, ഡിസൈൻ മാനേജർ, ഇഎസ്എച്ച് മാനേജർ, സപ്ലൈ സൂപ്പർവൈസർ, ടൂൾസ് ആൻഡ് പാർട്സ് അറ്റന്റർ, പെയിന്റർ, ഇൻസ്പെക്ടർ, ഗൺസ്മിത്ത്, മെയിന്റനൻസ് സൂപ്പർവൈസർ, മാനേജർ, സെക്യൂരിറ്റി മാനേജർ, അക്കൗണ്ടിംഗ് ക്ലാർക്ക്, എന്നിങ്ങനെയാണ് തസ്തികകൾ. കമ്പനിവെബ്സൈറ്റ്: www.aecom.com. അപേക്ഷിക്കാൻതാത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക.

---

## ബുർജ്അൽഅറബ്

ദുബായിലെ ബുർജ് അൽ അറബ് പത്താം ക്ലാസുകാർക്ക് അവസരങ്ങളൊരുക്കുന്നു. നിരവധി തസ്തികകളിൽ ഒഴിവുണ്ട്. വെയിറ്റർ, വെയിട്രസ്, ഡോർ അറ്റന്റർ, ഗസ്റ്റ് സർവീസ് എക്സിക്യൂട്ടീവ്, ക്ലീനർ, ബാർടെൻഡർ, ഹൗസ്കീപ്പർ, ഷെഫ്, ഗസ്റ്റ് റിലേഷൻ മാനേജർ, ഗസ്റ്റ് റിലേഷൻ എക്സിക്യൂട്ടീവ്, ഹൗസ് കീപ്പിംഗ് അറ്റന്റർ, ബട്ലർ, അസോസിയേറ്റ് ഡയറക്ടർ എന്നിങ്ങനെയാണ് തസ്തികകൾ. കമ്പനി വെബ്സൈറ്റ്: www.jumeirah.com/Dubai/Burj-Al-Arab. അപേക്ഷിക്കാൻതാത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കുക.





# ആരിഫ്ജാൻ ക്യാമ്പിലേക്ക് അപേക്ഷിക്കാം

യു.എസ് ആർമി ക്യാമ്പ് ആയ കുവൈറ്റിലെ ആരിഫ്ജാൻ ക്യാമ്പിലേക്ക് മലയാളികൾക്ക് ജോലിക്കായി അപേക്ഷിക്കാം. ഫ്രീ വിസ,ഭക്ഷണം,താമസം,യാത്ര എല്ലാം കമ്പനി സൗജന്യമായി നൽകുന്നു. ബിസിനസ് , മാർക്കെറ്റിംഗ്, ഹ്യൂമൻ റിസോഴ്സസ്, സർവീസ് ഡെസ്ക്ക്, ഫീൽഡ് സർവീസ് റെപ്രസെന്റേറ്റീവ്, പേഴ്സണൽ അസിസ്റ്റന്റ്, ഹ്യൂമൻ റിസോഴ്സ് ജനറലിസ്റ്റ്, മെറ്റീരിയൽ കോഡിനേറ്റർ, ട്രാൻസ്പോർട്ടേൻ കോർഡിനേറ്റർ, സപ്ലൈ ടെക്നീഷ്യൻ, സപ്ലൈ ക്ലാർക്ക്, ഡ്രൈവർ എന്നീ മേഖലകളിലേക്കാണ് നിയമനം. ബിസിനസ് , മാർക്കെറ്റിംഗ്, ഹ്യൂമൻ റിസോഴ്സസ് മേഖലകളിലേക്ക് അപേക്ഷിക്കുന്നവർ മാസ്റ്റർ ബിരുദമുള്ളവരായിരിക്കണം. സപ്ലൈ ക്ലാർക്ക് തസ്തികയിലേക്ക് അപേക്ഷിക്കാൻ ഹൈസ്കൂൾ വിദ്യാഭ്യാസം മതി. മറ്റു വിവരങ്ങൾ വിശദമായി gulfjobvacancy.com എന്ന വെബ്സൈറ്റിൽ കാണാം. വെബ്സൈറ്റ്: militarybases.com



## ജുമേറിയ ഗ്രൂപ്പ്

ദുബായിലെ ലക്ഷ്വറി ബീച്ച് ഹോട്ടലായ ജുമേറിയയിലേക്ക് വിവിധ തസ്തികകളിൽ ഒഴിവ്. ബെൽ അറ്റന്റർ, വെയിറ്റർ, ക്ലീനർ, ഹൗസ്കീപ്പിംഗ്മാനേജ്മെന്റ്, സോസ്ഷെഫ്, റൂം അറ്റന്റർ, ജൂനിയർ വെയിറ്റർ, കിച്ചൺ പോർട്ടർ, ഡോർ പേഴ്സൺ, ഇലക്ട്രീഷ്യൻ, സ്റ്റിവാർഡ്, ഫിനാൻസ്മാനേജർ, ഗസ്റ്റ് സർവീസ് എക്സിക്യൂട്ടീവ്,ഫിനാൻസ്ഡയറക്ടർ, ടീംലീഡർ, തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. കമ്പനിവെബ്സൈറ്റ്: www.jumeirah.com. അപേക്ഷിക്കാൻ താത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക.

## മെഴ്സിഡസ്ബെൻസ്

മെഴ്സിഡസ്ബെൻസ് ഗൾഫിൽ ഫ്രീ വിസയോട്കൂടി നല്ല ജോലി. ഓപ്പറേഷൻ എക്സലൻസ് ഇന്റേൺ, സെയിൽസ് സ്കിൽസ് ആൻഡ് പ്രോഡക്ട് സെയിൽ ട്രെയിനർ, ഹെഡ്ഓഫ്സെയിൽ ആൻഡ്മാർക്കെറ്റിംഗ്, പ്രോഡക്ട്മാനേജ്മെന്റ്മാനേജർ തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. അപേക്ഷിക്കാൻതാത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ്വഴിഅപേക്ഷിക്കുക. കമ്പനിവെബ്സൈറ്റ്: mercedesbenzme.com/dubai/en.





## സൗദിറെയിൽ

സൗദി റെയിലിലെ ഒഴിവുകളിലേക്ക് അപേക്ഷിക്കാം. കോൺട്രാക്ട്സ്പെഷ്യലിസ്റ്റ്, സീനിയർ ഇൻവെന്ററി കൺട്രോളർ, സീനിയർ മാർക്കെറ്റിംഗ് കമ്മ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റ്, ട്രെയിൻ കൺട്രോളർ എന്നിങ്ങനെയാണ് ഒഴിവുകൾ. പത്താം ക്ലാസോ ബിരുദമോ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

കമ്പനിവെബ്സൈറ്റ്: www.saudirailways.org.അപേക്ഷിക്കാൻ താത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക.

## ദുബായ്ആർ.ടി.എ

ദുബായ് റോഡ്സ് ആൻഡ് ട്രാൻസ്പോർട്ട് അതോറിട്ടി ചീഫ് സ്പെഷ്യലിസ്റ്റ്, മാനേജർ, ഷെഫ് സ്പെഷ്യലിസ്റ്റ്, മാനേജർ, സീനിയർ അനലിസ്റ്റ്, സീനിയർ എൻജിനീയർ തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കമ്പനി വെബ്സൈറ്റ്:
www.rta.ae.അപേക്ഷിക്കാൻ താത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക.



## ബ്രിട്ടീഷ് സ്കൂൾ ദുബായ്

ബ്രിട്ടീഷ്സ്കൂൾദുബായിൽ വിവിധ തസ്തികകളിൽ ഒഴിവ്. എസി. ടെക്നീഷ്യൻ, ഡാറ്റ മാനേജർ, പാരന്റ്റിലേഷൻ ഓഫീസർ, ഫെസിലിറ്റിമാനേജർ, ലേണിംഗ്അസിസ്റ്റന്റ്, അഡമിൻമാനേജർ, ലേണിംഗ് അസിസ്റ്റന്റ്, അറിക്ആൻഡ്ഇസ്ലാമിക്ടീച്ചേഴ്, ഫെസിലിറ്റിമാനേജർ, അഡ്മി,ൻ മാനേജർ, പാരന്റ്റിലേഷൻ ഓഫീസർ, സെക്കൻഡറിസയൻസ്ടീച്ചർ, മാത്സ്ടീച്ചർ, സൈക്കോളജിടീച്ചർ, ഹോൾസ്കൂൾകൗൺസിലർ, സോഷ്യൽ സ്റ്റഡീസ്ടീച്ചർ, മ്യൂസിക് ടീച്ചർ, ലൈബ്രേറിയൻ, പ്രൈമറിടീച്ചർ തുടങ്ങിയ തസ്തികകളിലാണ്ഒഴിവ്. കമ്പനിവെബ്സൈറ്റ്: .dubaibritishschool.ae.അപേക്ഷിക്കാൻ താത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കുക.







## നൊവോട്ടൽ ഹോട്ടൽ

ദുബായിലെ നൊവോട്ടൽ ഹോട്ടൽ വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഷെഫ്, റെവന്യൂ ട്രെയിനി, അക്കൗണ്ട്സ് പേയബിൾ, അസിസ്റ്റന്റ്മാനേജർ,

റിസർവേ,ൻ ടീം ലീഡർ, വെയിട്രസ്, സെയിൽസ് കോഡിനേറ്റർ, വെയിട്രസ്, സെയിൽസ് കോഡിനേറ്റർ, ഈവന്റ്സെയിൽസ്മാനേജർ, മാർക്കെറ്റിംഗ് എക്സിക്യൂട്ടീവ്, സെയിൽസ്മാനേജർ, മാർക്കെറ്റിംഗ്കമ്മ്യൂണിക്കേഷൻമാനേജർ, ഓർഡർടേക്കർ, ഹ്യൂമൻറിസോഴ്സ്കോഡിനേറ്റർ, കോമിസ്3, സ്റ്റിവാർഡ് സൂപ്പർവൈസർ എന്നിങ്ങനെയാണ് തസ്തികകൾ. കമ്പനിവെബ്സൈറ്റ്: novotel.accorhotels.com. അപേക്ഷിക്കാൻതാത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക.

## ലുലുസ്റ്റാഫ്റിക്രൂട്ട്മെന്റ്

ലുലു ഗ്രൂപ്പിന്റെ ഏറ്റവും പുതിയ സ്റ്റാഫ് റിക്രൂട്ട്മെന്റ് അറിഞ്ഞോ? ഒക്ടോബറിൽ തൃശ്ശൂർ നാട്ടികയിൽ വെച്ച് നടക്കുന്നു. ഒക്ടോബർ 6നാണ് ഇന്റർവ്യൂ. രാവിലെ 9 മുതൽ. ബുച്ചർ, ബേക്കർ, ഫിഷ് ക്ലീനർ, കുക്ക്, ടയിലർ, ആർട്ടിസ്റ്റ്, പെയിന്റർ, ടൈൽ വർക്കർ, കാർപെന്റർ, മേസൺ, വെൽഡർ, ഇലക്ട്രീഷ്യൻ, പ്ലമ്പർ, സെക്യൂരിറ്റി എന്നിങ്ങനെയാണ് ഒഴിവുകൾ. മൂന്ന് വർഷത്തെ എക്സ്പീരിയൻസ് ഉണ്ടാവണം. പ്രായപരിധി: 35. കമ്പനി വെബ്സൈറ്റ്: www.lulugroupinternational.com. അപേക്ഷിക്കാൻ താത്പര്യമുള്ളവർ: gulfjobvacancy.com എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കുക

## ഖത്തർപെട്രോളിയം



ഖത്തറിലെ ഖത്തർ പെട്രോളിയം വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

സിസ്റ്റം ആർക്കിടെക്ട്, അനലിസ്റ്റ്, സൂപ്പർവൈസർ, സിസ്റ്റം എൻജിനീയർ, ജനറൽ ടെക്നീഷ്യൻ, കമ്മ്യൂണിറ്റി ഫയർ സേഫ്റ്റി ഓഫീസർ, ഷിഫ്റ്റ് സൂപ്പർവാസർ, റിഗ്മൂവർ, സേഫ്റ്റിഓഫീസർ, ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ഓപ്പറേറ്റർ, വാട്ടർ സപ്ലൈ എൻജിനീയർ തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കമ്പനി വെബ്സൈറ്റ്: www.qp.com.qa.അപേക്ഷിക്കാൻ താത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക.




## ജനറൽ ഇലക്ട്രിക്

യുഎഇയിലെ ജനറൽഇലക്ടിക് വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ക്വാളിറ്റി എൻജിനിയർ, ലീഡ് എൻജിനിയർ, സീനിയർ എൻജിനിയർ, ജനറേറ്റർ വിൻഡർ, സ്ട്രാറ്റജിക്മാർക്കെറ്റിംഗ്ലീഡർ, സീനിയർ പ്രൊപോസൽ മാനേജർ,പാർട്ണർ അലയൻസ് ഡയറക്ടർ, സൊല്യൂഷൻ ആർക്കിടെക്ട്, പ്രിൻസിപ്പൽ പ്രോഗ്രാം മാനേജർ തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. അപേക്ഷിക്കാൻ താത്പര്യമുള്ളവർ jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക. കമ്പനി വെബ്സൈറ്റ്: www.ge.com

## വിവബഹ്റൈൻ

VIVA

ബഹ്റൈനിലെ ടെലികമ്മ്യൂണിക്കേഷൻ കമ്പനിയായ വിവബഹ്റൈൻ വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. മാനേജർ, സീനിയർ അനലിസ്റ്റ്, സീനിയർ എക്സിക്യൂട്ടീവ്മൊബൈൽഫിനാൻസ്സർവീസ് തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കമ്പനിവെബ്സൈറ്റ്: www.viva.com.bh. അപേക്ഷിക്കാൻതാത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക.

## യു.എ.ഇ ഒഎൽഎക്സ്

യു.എ.ഇ ഒഎൽഎക്സ് വിവിധ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡാറ്റ സയൻസ്, അനലിസ്റ്റ്, ഡാറ്റ ആർക്കിടെക്ട്, എൻജിനീയർ, സൈറ്റ്റിയബിലിറ്റി എൻജിനിയർ, പെർഫോമൻസ് മാർക്കെറ്റിംഗ് സ്പെഷ്യലിസ്റ്റ്, മാർക്കെറ്റിംഗ് സ്പെഷ്യലിസ്റ്റ്, എന്നിങ്ങനെയാണ് ഒഴിവുകൾ. കമ്പനിവെബ്സൈറ്റ്: www.dubizzle.com/അപേക്ഷിക്കാൻ താത്പര്യമുള്ളവർ: jobvacanciesdubai.com എന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക.

## ജയന്റ്ഹൈപ്പർമാർക്കറ്റ്

കുവൈറ്റിലെ ജയന്റ് ഹൈപ്പർ മാർക്കറ്റ് വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. റിസീവിംഗ് ചെക്കേഴ്സ്, കാഷ്യർ, കസ്റ്റമർ സർവീസ് അസിസ്റ്റന്റ്, കസ്റ്റമർ സർവീസ് അസിസ്റ്റന്റ്, അക്കൗണ്ട്സ് അസിസ്റ്റന്റ്, ഡാറ്റ എൻട്രി, തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കമ്പനി വെബ്സൈറ്റ്: www.almeera.com.qa.അപേക്ഷിക്കാൻ താത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക.




## അൽ മൻസൂരി സ്പെഷ്യലൈസ്ഡ് എൻജിനിയറിംഗ്

ദുബായിലെ അൽമൻസൂരി സ്പെഷ്യലൈസ്ഡ് എൻജിനീയറിംഗ് വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

അക്കൗണ്ടന്റ്, അഡ്മിനിസ്ട്രേഷൻ അസിസ്റ്റന്റ്, അനലിസ്റ്റ്, ക്രൂ ഷെഫ്, ഡെവലപ്മെന്റ്കെമിസ്റ്റ്, തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. അപേക്ഷിക്കാൻ താത്പര്യമുള്ളവർ jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക. കമ്പനിവെബ്സൈറ്റ്:www.almansoori.biz

## ഷാർജ എയർപോർട്ട് ഇന്റർനാഷണൽ ഫ്രീസോൺ



ഷാർജ എയർപോർട്ട് ഇന്റെർനാഷ്ണൽ ഫ്രീസോൺ വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അക്കൗണ്ടന്റ്, ക്ലർക്ക് ടെക്നീഷ്യൻ, ഓഫീസ് അസിസ്റ്റന്റ്, മാനേജർ, സെയിൽസ് എക്സിക്യൂട്ടീവ്, ഇലക്ട്രീഷ്യൻ, കാഷ്യർ, ഡ്രൈവർ തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്. കമ്പനി വെബ്സൈറ്റ്: www.saif-zone.com. അപേക്ഷിക്കാൻ താത്പര്യമുള്ളവർ jobsindubaie.comഎന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കുക.

## അലേർട്ട് എച്ച് ആർ സൊല്യൂഷൻ

ദുബായിലെ അലേർട്ട് എച്ച് ആർ സൊല്യൂഷൻ വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

നഴ്സ്, ഫിനാൻസ് കൺട്രോളർ, കൺസൾട്ടന്റ് പ്ലാസ്റ്റിക് സർജറി, ഡയറ്റീഷ്യൻ, തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

കമ്പനി വെബ്സൈറ്റ്: www.alerthrsolutions.com. അപേക്ഷിക്കാൻ താത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കുക.




## അർമാനി ഹോട്ടൽ

ദുബായിലെ അർമാനി ഹോട്ടൽ വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കാൻ താത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക. കമ്പനിവെബ്സൈറ്റ്: www.armanihoteldubai.com.

## അബ്ദുൽ ലത്തീഫ് ജമീൽ കമ്പനി

ദുബായിലെ അബ്ദുൽ ലത്തീഫ് ജമീൽ കമ്പനി വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അക്കൗണ്ടന്റ്, ഫെസിലിറ്റി മാനേജ്മെന്റ് ജനറൽ മാനേജർ, കൺട്രി ഫ്ലീറ്റ് ആൻഡ് ഫെസിലിറ്റി മാനേജർ, സർവീസ് അഡ്വൈസർ, സെയിൽസ് അഡ്മിൻ, തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കമ്പനിവെബ്സൈറ്റ്: www.alj.com. അപേക്ഷിക്കാൻ താത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക.

## മന്നായ് കോർപ്പറേഷൻ

MANNAI CORPORATION

ഖത്തറിലെ മന്നായ് കോർപ്പറേഷനിലേക്ക് വിവിധ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. മെഡിക്കൽ എക്വിപ്മെന്റ് സെയിൽസ് റെപ്രസെന്റേറ്റീവ്/എക്സിക്യൂട്ടീവ്, അറബിക് ടീച്ചർ, ഐടി സൊല്യൂഷൻ സെയിൽ തുടങ്ങിയ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കമ്പനി വെബ്സൈറ്റ്:

അപേക്ഷിക്കാൻ താത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക.

## ബർവ ഫൗണ്ടേഷനിൽ

ഖത്തറിലെ ബർവ ഫൗണ്ടേഷനിൽ (റിയൽ എസ്റ്റേറ്റ് കമ്പനി) വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കാൻ താത്പര്യമുള്ളവർ ബയോഡാറ്റ recruitment@barwa.com.qaഎന്ന മെയിലിലേക്ക് അയക്കുക. കമ്പനി വെബ്സൈറ്റ്: www.barwa.com.qa.

## സി.എച്ച് ടു എം.

അബുദാബിയിലെ സി.എച്ച് ടു എം വിവിധ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കാൻ താത്പര്യമുള്ളവർ: jobvacanciesdubai.com എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കുക. കമ്പനി വെബ്സൈറ്റ്: www.ch2m.com.




## എമിറേറ്റ്സ് നാഷണൽ ഓയിൽ കമ്പനി

സൗദിയിലെ എമിറേറ്റ്സ് നാഷ്ണൽ ഓയിൽ കമ്പനി വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. സർവീസ് അഡ്മിനിസ്ട്രേറ്റർ തസ്തികകളിലാണ് നിയമനം. കമ്പനി വെബ്സൈറ്റ്: www.enoc.com. അപേക്ഷിക്കാൻ താത്പര്യമുള്ളവർ: jobsindubaie.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക.

## കെയ്കോ

കുവൈറ്റിലെ പ്രമുഖ ഓട്ടോമോട്ടീവ് ഇമ്പോർട്സ് കമ്പനിയായ കെയ്കോ മലയാളികൾക്ക് തൊഴിലവസരമൊരുക്കുന്നു. മാർക്കെറ്റിംഗ് കോഡിനേറ്റർ, സെയിൽസ് സൂപ്പർവൈസർ, സെയിൽസ് എൻജിനിയർ, സെയിൽസ് എക്സിക്യൂട്ടീവ്, ഹെവി വെഹിക്കിൾ ടെക്നീഷ്യൻ, സെയിൽസ് കൺസൾട്ടന്റ്, അക്കൗണ്ടന്റ്, തുടങ്ങിയ തസ്തികകളിലാണ് നിയമനം. കമ്പനിവെബ്സൈറ്റ്: www.kaico.net.

അപേക്ഷിക്കാൻ താത്പര്യമുള്ളവർ jobvacanciesdubai.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക.

## ജസീറ എയർവേസ്

കുവൈറ്റിലെ ജസീറ എയർവേസ് വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. നാവിഗേഷൻ ആൻഡ് പെർഫോമൻസ് എൻജിനിയർ, ഓപ്പറേഷൻ കൺട്രോൾ സെന്റർ മാനേജർ, തുടങ്ങിയ തസ്തികകളിലാണ് നിയമനം. കമ്പനി വെബ്സൈറ്റ്: www.jazeeraairways.com. അപേക്ഷിക്കാൻ താത്പര്യമുള്ളവർ jobvacanciesdubai.comഎന്ന വെബ്സൈറ്റ്വഴി അപേക്ഷിക്കുക.





## മാനഭംഗം; ആൾദൈവവും സഹായയികളും പിടിയിൽ

ന്യൂഡൽഹി: 24കാരിയെ മാനഭംഗപ്പെടുത്തിയെന്ന പരാതിയിൽ 40 വയസുള്ള ആൾദൈവവും സ്ത്രീകളായ രണ്ട് സഹായികളും അറസ്റ്റിലായി. ഹരിനാരായൺ (40), സഹായികളായ ചിന്മയ് മേഘ്ന (25), സാക്ഷി (38) എന്നിവരാണ് അറസ്റ്റിലായത്. പരാതിക്കാരിയായ യുവതി ഡൽഹി വനിതാ കമ്മീഷനെ സമീപിച്ചതിന് പിന്നാലെയാണ് മൂവരും അറസ്റ്റിലായത്. വെസ്റ്റ് ഡൽഹിയിലെ ജനക്പുരിയിലുള്ള യോഗ ആശ്രമത്തിൽവച്ച് 24കാരിയെ ആൾദൈവം ഹരിനാരായൺ മാനഭംഗപ്പെടുത്തിയെന്നാണ് പരാതിയെന്ന് പൊലീസ് പറഞ്ഞു.

www.keralakaumudi.com www.facebook.com/keralakaumudi

## നിതിൻ സന്ദേസരയുമായി മോദിക്ക് ബന്ധം: കോൺഗ്രസ്

ന്യൂഡൽഹി: കടലാസ് കമ്പനികളുടെ പേരിൽ ബാങ്കുകളിൽ നിന്ന് 5000 കോടി വായ്പയെടുത്ത് മുങ്ങിയ ഗുജറാത്ത് വ്യവസായിയും സ്റ്റെർലിംഗ് ബയോടെക് ഉടമയുമായ നിതിൻ സന്ദേസരയുമായി പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ബന്ധമുണ്ടായിരുന്നെന്ന് കോൺഗ്രസ് ആരോപിച്ചു. സംസ്ഥാനത്ത് വ്യവസായം തുടങ്ങാൻ ഗുജറാത്ത് പ്രധാനമന്ത്രിയായിരുന്ന സമയത്ത് നിതിൻ സന്ദേസരയുമായി ചർച്ച നടത്തിയെന്ന വിവരങ്ങളാണ് കോൺഗ്രസ് പുറത്തുവിട്ടത്. ഗുജറാത്തിൽ നിതിൻ അടക്കമുള്ള വ്യവസായികൾക്കായി പ്രത്യേക വ്യവസായിക സോൺ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് അഹമ്മദാബാദിൽ നടന്ന ചടങ്ങിൽ സന്ദേസര പങ്കെടുത്തതിന്റെ വാർത്തയും കോൺഗ്രസ് പുറത്തുവിട്ടു. സന്ദേസരയെ മുൻ യു.പി.എ സർക്കാർ സഹായിച്ചെന്ന ബി.ജെ.പിയുടെ ആരോപണത്തിന് മറുപടിയായാണ് കോൺഗ്രസ് പുതിയ വിവരം പുറത്തുവിട്ടത്.

## ജപ്പാനെ വിറപ്പിച്ച് ട്രാമി ചുഴലി

കഗോഷിമ: ദക്ഷിണദ്വീപുകളിൽ നാശം വിതച്ച 'ട്രാമി' ചുഴലിക്കാറ്റ് ജപ്പാന്റെ പ്രധാന ജനവാസ മേഖലകളിലേക്കു നീങ്ങിയതായി റിപ്പോർട്ട്. കാറ്റിനൊപ്പം കനത്ത മഴയും ഉണ്ടാകുമെന്ന സൂചനയാണു കാലാവസ്ഥാ നിരീക്ഷകർ നൽകിയിരിക്കുന്നത്. ഇതോടൊപ്പം മണ്ണിടിച്ചിൽ, വെള്ളപ്പൊക്ക മുന്നറിയിപ്പും നൽകിയിട്ടുണ്ട്. യക്കുഷിമ ദ്വീപിൽ അരനൂറ്റാണ്ടിനിടെയുണ്ടായ ഏറ്റവും ശക്തമായ മഴയാണ് ഈ വർഷം റിപ്പോർട്ട് ചെയ്തത്. കനത്ത ജാഗ്രതാനിർദ്ദേശം നൽകിയിട്ടുണ്ട്.

ട്രാമിയെ തുടർന്ന് ജപ്പാന്റെ ഗതാഗത സംവിധാനം താറുമാറായിക്കഴിഞ്ഞു. പ്രധാന വിമാനത്താവളം അടച്ചതോടെ കുറഞ്ഞത് ആയിരം വിമാന സർവീസുകളെയെങ്കിലും ബാധിച്ചു. ജപ്പാന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽ ബുള്ളറ്റ് ട്രെയിനുകളും സർവീസ് നടത്തുന്നില്ല.

ഒക്കിനാവയിലുണ്ടായ ചുഴലിക്കാറ്റിൽ ഒരാൾ മരിക്കുകയും 45 പേർക്ക് പരുക്കേൽക്കുകയും ചെയ്തു. 3.49 ലക്ഷം പേരോടു വീടു വിട്ട് സുരക്ഷിതസ്ഥാനത്തേക്കു നീങ്ങാൻ നിർദ്ദേശിച്ചിട്ടുണ്ട്.

മൂന്നുലക്ഷം വീടുകളിൽ നിലവിൽ വൈദ്യുതിയില്ലാത്ത അവസ്ഥയാണ്. അടുത്തിടെ ജപ്പാന്റെ പടിഞ്ഞാറൻ ഭാഗത്തുണ്ടായ ജെബി ചുഴലിക്കാറ്റിൽ 11 പേരാണു മരിച്ചത്.



# ഗുഡ്ബൈ, താങ്ക് യു, യുവർ ഓണർ

### ചീഫ് ജസ്റ്റിസ് ദീപക് മിശ്ര നാളെ വിരമിക്കും

▸ അനിൽ വി. ആനന്ദ്

ന്യൂഡൽഹി: സുപ്രീംകോടതിയിൽ ചരിത്രം സൃഷ്ടിച്ച തകർപ്പൻ വിധികൾക്കും പൊള്ളുന്ന വിവാദങ്ങൾക്കും നായകനായ ചീഫ് ജസ്റ്റിസ് ദീപക് മിശ്ര നാളെ വിരമിക്കും. ഒക്ടോബർ രണ്ട് അവധിയായതിനാൽ ഇന്ന് അദ്ദേഹത്തിന്റെ അവസാന പ്രവൃത്തി ദിനമാണ്.

ഒരു ഭീകരന്റെ വധശിക്ഷ ശരിവയ്ക്കാൻ അർദ്ധരാത്രി മുതൽ പുലർച്ചെവരെ നടത്തിയ വാദംകേൾക്കൽ, സുപ്രീംകോടതിയുടെ യജമാനൻ ചീഫ് ജസ്റ്റിസ് ആണെന്ന ആവർത്തിച്ചുള്ള റൂളിംഗുകൾ, തനിക്കെതിരെ കലാപക്കൊടി ഉയർത്തി സഹജഡ്ജിമാർ നടത്തിയ സ്ഫോടനാത്മകമായ വാർത്താസമ്മേളനം, രാഷ്ട്രീയ മുതലെടുപ്പിനായി തനിക്കെതിരെ നടന്ന ഇംപീച്ച്മെന്റ് നീക്കം, നാഴികക്കല്ലായ വിധികൾ... ജഡ്ജിയായും ചീഫ് ജസ്റ്റിസായും മിശ്രയുടെ കാലയളവ് സംഭവബഹുലമായിരുന്നു.

ചീഫ്ജസ്റ്റിസായി ഒരുവർഷവും ഒരുമാസവും മാത്രമാണ് അദ്ദേഹം ഇരുന്നത്. തനിക്കെതിരെ കലാപമുണ്ടാക്കിയ ജഡ്ജിമാരിൽ ഒരാളായ രഞ്ജൻ ഗോഗോയിയെ അടുത്ത ചീഫ് ജസ്റ്റിസായി പ്രഖ്യാപിച്ചാണ് അദ്ദേഹം പടിയിറങ്ങുന്നതും. കേരളവുമായി ബന്ധപ്പെട്ട്, ഹാദിയ മതം മാറ്റം, ശബരിമല സ്ത്രീപ്രവേശനം എന്നീ കേസുകളിൽ നിർണായക വിധി പറഞ്ഞ ജസ്റ്റിസ് മിശ്ര ഇന്ന് കൊടുങ്ങല്ലൂർ ഫിലിംസൊസൈറ്റിയുടെ പൊതുതാത്പര്യ ഹർജിയിലാണ് അവസാന വിധി പറയുക. പ്രതിഷേധക്കാർ സ്വത്തുക്കൾ നശിപ്പിക്കുന്നത് തടയണമെന്നാണ് പദ്മാവത് സിനിമയുടെ പേരിലുണ്ടായ അക്രമങ്ങളുടെ പശ്ചാത്തലത്തിൽ നൽകിയ ഹർജിയിലെ ആവശ്യം

### വിവാദങ്ങൾ

■ മെഡിക്കൽകോളേജ് അഴിമതിയിൽ ദീപക് മിശ്രയ്ക്കെതിരെ പ്രശാന്ത് ഭൂഷൺ, ദുഷ്യന്ത് ദവെ എന്നിവരുടെ ആരോപണം. അത് പ്രത്യേക സംഘം അന്വേഷിക്കുന്നത് തീരുമാനിക്കാൻ ഹർജി അഞ്ചംഗ ഭരണഘടനാ ബെഞ്ചിന് വിട്ട ജസ്റ്റിസ് ചെലമേശ്വറുടെ ബെഞ്ചിന്റെ നടപടി ദീപക് മിശ്രയുടെ ബെഞ്ച് റദ്ദാക്കി.

■ കേസുകളുടെ വിഭജനം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ചീഫ് ജസ്റ്റിസ് ദീപക് മിശ്രയ്ക്കെതിരെ ചെലമേശ്വർ, രഞ്ജൻ ഗോഗോയ്, കുര്യൻ ജോസഫ് മദൻ ലോക്കൂർ എന്നീ ജഡ്ജിമാരുടെ വാർത്താസമ്മേളനം. സുപ്രീംകോടതിയുടെ ചരിത്രത്തിലെ ആദ്യ സംഭവം.

■ ദീപക് മിശ്രയ്ക്കെതിരെ കോൺഗ്രസ് നേതൃത്വത്തിൽ രാജ്യസഭയിൽ ഇംപീച്ച്മെന്റ് നോട്ടീസ്. ഉപരാഷ്ട്രപതി നോട്ടീസ് തള്ളി.

■ ഒഡീഷ സ്വദേശിയാണ് 65കാരനായ ദീപക് മിശ്ര.
■ 1996ൽ ഒറീസ ഹൈക്കോടതിയിൽ അഡി. ജഡ്ജായി.
■ പാട്ന ഡൽഹി ഹൈക്കോടതികളിൽ ചീഫ് ജസ്റ്റിസായിരുന്നു.
■ 2011ൽ സുപ്രീംകോടതി ജഡ്ജിയായി.
■ 2017 ആഗസ്റ്റിൽ സുപ്രീംകോടതി 45ാം ചീഫ് ജസ്റ്റിസായി.

### പ്രധാന വിധികൾ

■ മുംബയ് സ്ഫോടനപരമ്പര കേസിൽ ഭീകരനായ യാക്കൂബ് മേമന്റെ വധശിക്ഷ നടപ്പാക്കുന്നത് തടയണമെന്ന അവസാന നിമിഷത്തെ ഹർജിയിൽ അന്ന് ജഡ്ജിയായിരുന്ന ദീപക് മിശ്രയുടെ ബെഞ്ച് വാദം കേട്ടത് പുലർച്ച 3:20 മുതൽ 4:50 വരെ. ഹർജി തള്ളി. മണിക്കൂറുകൾക്കുള്ളിൽ മേമനെ തൂക്കിലേറ്റി.

■ നിർഭയ കേസിലെ പ്രതികളുടെ വധശിക്ഷ ശരിവച്ചു

■ കർണാടക തിരഞ്ഞെടുപ്പിൽ വലിയ കക്ഷിയായ ബി.ജെ.പിയെ സർക്കാരുണ്ടാക്കാൻ ഗവർണർ ക്ഷണിച്ചത് സ്റ്റേ ചെയ്യണമെന്ന കോൺഗ്രസ്-ജെ.ഡി.എസ് ഹർജിയിൽ അർദ്ധരാത്രി വാദം. സ്റ്റേ അനുവദിച്ചില്ല. ഭൂരിപക്ഷം തെളിയിക്കാൻ ആവശ്യപ്പെട്ടു. അതിനാവാതെ യെദിയൂരപ്പ രാജി വച്ചു. കോൺ - ദൾ സഖ്യം അധികാരത്തിൽ

■ സ്വവർഗരതി നിയമവിധേയമാക്കി, ഐ.പി.സി 377 റദ്ദാക്കി

■ വിവാഹേതര ബന്ധം ക്രിമിനൽ കുറ്റമല്ല, ഐ.പി.സി 497 റദ്ദാക്കി

■ ശബരിമലയിൽ പ്രായഭേദമെന്യ സ്ത്രീപ്രവേശനം അനുവദിച്ചു

■ ആധാറിന് അംഗീകാരം

■ സുപ്രീംകോടതി നടപടികൾ തത്സമയ സംപ്രേഷണം

■ ഖാപ് പഞ്ചായത്തുകൾക്ക് വിവാഹങ്ങളിൽ ഇടപെടാനാകില്ല

■ ആൾക്കൂട്ട ആക്രമണങ്ങളിൽ കർശന നടപടിക്ക് മാർഗനിർദ്ദേശം

■ ബി.സി.സി.ഐ യിൽ പരിഷ്കരണത്തിന് നടപടികൾ



## അഭിലാഷ് ടോമിയെ അഭിനന്ദിച്ച് പ്രധാനമന്ത്രി

ന്യൂഡൽഹി: മലയാളി നാവികൻ അഭിലാഷ് ടോമിയെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഗോൾഡൻ ഗ്ലോബ് മത്സരത്തിനിടെ അപകടത്തിൽപ്പെട്ടിട്ടും ജീവനുവേണ്ടി പോരാടിയ അഭിലാഷ് ടോമി ധീരനായ നാവികനാണെന്ന് പ്രധാനമന്ത്രി പ്രതിമാസ റേഡിയോ പരിപാടിയായ മൻകി ബാത്തിൽ പറഞ്ഞു. ഭക്ഷണമോ വെള്ളമോ യില്ലാതെയാണ് അദ്ദേഹം പോരാടിയത്. അദ്ദേഹത്തെ സല്യൂട്ട് ചെയ്യുന്നു. രാജ്യത്തെ യുവാക്കൾക്ക് അദ്ദേഹം പ്രചോദനമാകുമെന്ന് കരുതുന്നു. അദ്ദേഹവുമായി ഫോണിൽ സംസാരിച്ചിരുന്നു. ഇത്ര വലിയ ദുരന്തം നേരിട്ടിട്ടും അഭിലാഷ് ടോമി കാണിക്കുന്ന മനഃശക്തി എല്ലാവർക്കും മാതൃകയാണ്. പ്രധാനമന്ത്രി പറഞ്ഞു. ലോകസമാധാനത്തിന് വേണ്ടി പ്രവർത്തിക്കാൻ ഇന്ത്യ തയ്യാറാണ്.

എന്നാൽ രാജ്യത്തിന്റെ ആത്മാഭിമാനം സംരക്ഷിക്കുന്നതിൽ വിട്ടുവീഴ്ചയില്ല. രാജ്യത്തിന്റെ പുരോഗതിയും സമാധാനാന്തരീക്ഷവും തകർക്കുന്നവർക്ക് സൈന്യം അനുയോജ്യമായ മറുപടി നൽകുമെന്ന് 2016ലെ സർജിക്കൽ സ്ട്രൈക്കിനെ സ്മരിച്ച് മോദി പറഞ്ഞു.

# പാക് ഹെലികോപ്ടർ വ്യോമാതിർത്തി ലംഘിച്ചു

## വെടിയുതിർത്ത് ഇന്ത്യൻ സൈന്യം

ശ്രീനഗർ: ജമ്മുകാശ്മീരിലെ പൂഞ്ച് സെക്ടറിൽ ഇന്ത്യൻ വ്യോമാതിർത്തി ലംഘിച്ച് പാക് ഹെലികോപ്ടർ അഞ്ച് മിനിട്ടോളം പറന്നതായി കരസേന അറിയിച്ചു. നിയന്ത്രണ രേഖയോടു ചേർന്ന് ഇന്നലെ ഉച്ചയ്ക്ക് 12.10ഓടെയാണ് സംഭവം. തുടർന്ന് ഇന്ത്യൻ സൈന്യം ഹെലികോപ്ടറിനു നേരെ വെടിയുതിർത്തെന്നും ജമ്മുകാശ്മീർ പ്രതിരോധ വക്താവ് കേണൽ ദേവേന്ദ്ര ആനന്ദ് പറഞ്ഞു. അതിർത്തി ലംഘിച്ച വെള്ള നിറത്തിലുള്ള കോപ്ടറിന്റെ വീഡിയോ ദൃശ്യങ്ങൾ വാർത്താ ഏജൻസിയായ എ.എൻ.ഐ പുറത്തുവിട്ടു. വിമാനത്തെ തകർക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നില്ല വെടിവയ്പുണ്ടായതെന്നും വിഡിയോയിൽ വ്യക്തമാണ്. നിയന്ത്രണരേഖ കടന്ന് ഗുൽപൂർ സെക്ടറിനു മുകളിലൂടെ 250 മീറ്ററോളം പറന്നശേഷമാണ് കോപ്ടർ തിരിച്ചുപോയത്. സിവിലിയൻ ഹെലികോപ്ടറാണ് ഇതെന്നാണ് സൂചന. ഉത്തരകാശ്മീരിലെ കുപ്‌വാരയിൽ പാക് സൈന്യവുമായുണ്ടായ ഏറ്റുമുട്ടലിനു പിന്നാലെയാണ് കോപ്ടർ അതിർത്തി ലംഘിച്ചതെന്ന് സൈന്യം അറിയിച്ചു. സംഭവത്തെക്കുറിച്ച് അന്വേഷണം ആരംഭിച്ചു. ഇന്ത്യയുടെ വ്യോമപ്രതിരോധ സംവിധാനങ്ങളെക്കുറിച്ചറിയാനും വ്യോമാതിർത്തി ലംഘിക്കപ്പെട്ടാൽ തിരിച്ചടിക്കാൻ എത്രസമയമെടുക്കുമെന്ന് മനസിലാക്കാനും പാക് ഹെലികോപ്ടറുകൾ വ്യോമാതിർത്തിയോട് ചേർന്ന് പറക്കാറുണ്ട്.

### വ്യക്തമായ ലംഘനം

വ്യക്തമായ വ്യോമാതിർത്തി ലംഘനമാണ് ഇന്നലെയുണ്ടായത്. 1991 ൽ ഒപ്പുവച്ച കരാർപ്രകാരം നിയന്ത്രണരേഖയിൽ നിന്ന് ഇരുഭാഗത്തേക്കും 1 കി.മീറ്ററിൽ കൂടുതൽ വ്യോമാതിർത്തി ലംഘിക്കുന്നത് കുറ്റകരമാണ്. യുദ്ധവിമാനങ്ങൾ ഇരുരാജ്യങ്ങളുടെയും വ്യോമാതിർത്തിയുടെ പത്ത് കിലോമീറ്റർ പരിധിയിലും മറ്റ് വിമാനങ്ങൾ ഒരു കിലോമീറ്റർ പരിധിയിലും പ്രവേശിക്കരുതെന്നാണ് കരാർ വ്യവസ്ഥ.



*വ്യോമാതിർത്തിലംഘിച്ചെത്തിയ പാക് ഹെലികോപ്ടർ (എ.എൻ.ഐ പുറത്തുവിട്ട ദൃശ്യത്തിൽ നിന്ന്)*

# ഭീകരതയ്ക്കെതിരെ ഇന്ത്യയുമായി കൈകോർക്കും: യു.എൻ

യുണൈറ്റഡ് നേഷൻസ്: ഭീകരതയെ പ്രതിരോധിക്കുന്നതിൽ ഇന്ത്യ എന്നും ഐക്യരാഷ്ട്രസഭയുടെ സുപ്രധാന പങ്കാളിയായിരിക്കുമെന്ന് യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറെസ് പറഞ്ഞു.

ഭീകരവാദത്തിനു ലഭിക്കുന്ന സാമ്പത്തിക സഹായം ഇല്ലായ്മ ചെയ്യാനും ഇന്ത്യയുമായുള്ള സഹകരണം മെച്ചപ്പെടുത്തുമെന്നും യു.എൻ ജനറൽ അസംബ്ലി സമ്മേളനത്തിനിടെ ഗുട്ടെറെസ് വ്യക്തമാക്കി. മൂന്നു ദിവസത്തെ സന്ദർശനത്തിനായി ഗുട്ടെറെസ് ഇന്ന് ഇന്ത്യയിലെത്തും.

ഭീകരവാദത്തിന്റെ ആസൂത്രണവും നടപ്പിലാക്കലും അതിർത്തികൾ ഭേദിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ പ്രവർത്തിക്കേണ്ടത് ഓരോ രാജ്യത്തിന്റെയും ചുമതലയാണെന്നും ഗുട്ടെറെസ് ഓർമ്മിപ്പിച്ചു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭീകരപ്രവർത്തനങ്ങൾ വളർന്നുകൊണ്ടിരിക്കുകയാണ്. സാങ്കേതികവിദ്യയിലും സമൂഹമാദ്ധ്യമങ്ങളിലും പ്രാവീണ്യം നേടിയവരാണ് ഇന്ന് ഭീകരർ. ഭീകരവാദം വളർത്താൻ എല്ലാനൂതനസാങ്കേതികവിദ്യയും അവർ ഉപയോഗപ്പെടുത്തും. യുവാക്കളെ ഫണ്ട് ശേഖരണത്തിനായി വിനിയോഗിക്കും. എല്ലാ രാജ്യങ്ങളും ഭീകരവിരുദ്ധ പ്രവർത്തനങ്ങളിൽ കണ്ണി ചേരണം- ഗുട്ടെറെസ് ആഹ്വാനം ചെയ്തു.

ഭീകരവിരുദ്ധപ്രവർത്തനങ്ങൾക്കുള്ള ഇന്ത്യയുടെ അർപ്പണബോധത്തെയും ഗുട്ടെറെസ് അഭിനന്ദിച്ചു.



## ഭീകരതയ്ക്ക് കാരണം ആർ.എസ്.എസെന്ന് പാകിസ്ഥാൻ

യുണൈറ്റഡ് നേഷൻസ്: ജനറൽ അസംബ്ലിയിൽ പാകിസ്ഥാനെതിരെയുള്ള വിദേശകാര്യമന്ത്രി സുഷമ സ്വരാജിന്റെ രൂക്ഷവിമർശനത്തിന് മറുപടിയായി ആർ.എസ്.എസിനെ വിമർശിച്ച് പാക് സ്ഥാനപതിയുടെ പ്രസംഗം. ആർ.എസ്.എസ് എന്ന ഫാസിസ്റ്റ് സംഘടനയാണ് ഭീകരവാദത്തിന് വിത്തുവിതയ്ക്കുന്നതെന്ന് പാക് സ്ഥാനപതി സാദ് വറൈച്ച് യു.എന്നിൽ പറഞ്ഞു.

ആർ.എസ്.എസ് കേന്ദ്രങ്ങളാണ് ഭീകരരുടെ ഉറവിടമെന്നും മതപരമായ അധികാരത്തിനു വേണ്ടിയുള്ള ആർ.എസ്.എസ് ശ്രമങ്ങളാണ് ഇന്ത്യയിൽ നടക്കുന്നതെന്നും സാദ് വറൈച്ച് ആരോപിച്ചു. ഇന്ത്യയിൽ മുസ്ലിങ്ങളും ക്രിസ്ത്യാനികളുമടങ്ങുന്ന ന്യൂനപക്ഷം ആക്രമണത്തിനിരയാവുകയാണെന്നും പാകിസ്ഥാൻ പറഞ്ഞു.



## ബി.ജെ.പി വന്നശേഷം വലിയ ഭീകരാക്രമണങ്ങൾ ഉണ്ടായിട്ടില്ല: രാജ്നാഥ്

ന്യൂഡൽഹി: ബി.ജെ.പി അധികാരത്തിൽവന്നതിനുശേഷം രാജ്യത്തു വലിയ ഭീകരാക്രമണങ്ങളൊന്നും ഉണ്ടായിട്ടില്ലെന്നു കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. സുരക്ഷാസേനയുടെ നീക്കങ്ങളാണു രാജ്യത്തെ ജനങ്ങളെ സംരക്ഷിക്കുന്നത്. യു.പി.എ ഭരണകാലത്തു രാജ്യത്തു നക്സലുകളേക്കാൾ കൊല്ലപ്പെട്ടതു സുരക്ഷാ ഉദ്യോഗസ്ഥരായിരുന്നു. എന്നാൽ ഇതുനേരെ മറിച്ചാക്കാൻ ഇപ്പോൾ സാധിച്ചെന്നും അദ്ദേഹം പറഞ്ഞു.

രാജ്യസുരക്ഷയുടെ ചുമതല തനിക്കു ലഭിച്ചപ്പോൾ ആഭ്യന്തര മന്ത്രാലയം ഏറ്റവും കൂടുതൽ പരിഗണിച്ചത് അതിർത്തിരക്ഷയ്ക്കായി ഉന്നത സാങ്കേതികവിദ്യകൾ ഉപയോഗിക്കുക എന്നതായിരുന്നു. അതിർത്തിയോടു ചേർന്നു നിരവധി കൺട്രോൾ റൂമുകൾ പുതുതായി നിർമിച്ചു- രാജ്നാഥ് സിംഗ് പറഞ്ഞു.

# കിമ്മിന്റെ സ്നേഹം കണ്ട് തന്നെ അറിയണം

സോൾ: അപ്രതീക്ഷിതമായാണ് ദക്ഷിണ കൊറിയൻ പ്രസിഡന്റ് മൂൺ ജെ ഇന്നിന് കഴിഞ്ഞ ദിവസം ഒരു സമ്മാനപ്പൊതി എത്തിയത്. തുറന്നു നോക്കിയപ്പോൾ രണ്ട് സുന്ദരൻമാരായ വേട്ടനായ്ക്കൾ. അയച്ചതോ, സ്നേഹപൂർവം കിം ജോംഗ് ഉൻ. ലോകം മുഴുവൻ പരുക്കനെന്ന് മുദ്രകുത്തിയ കിമ്മിന്റെ സ്നേഹസമ്മാനം കൊറിയൻ സൗഹൃദത്തിന്റെ സ്നേഹസൂചകമായി മൂൺ സമ്മാനം സ്വീകരിച്ചു.

ഉത്തരകൊറിയയുടെ നാടൻ ഇനങ്ങളായ പുൻഗ്സൻ വിഭാഗത്തിൽ പെട്ട പട്ടികളാണ് പ്രസിഡന്റ് കിം ജോംഗ് ഉന്നിന്റെ ഓഫീസായ ച്യോങ് വാ ഡെയിൽ നിന്ന് ഇന്നലെ ദക്ഷിണകൊറിയയിലെത്തിയത്. ഒരു വയസുള്ള പട്ടികളെ മാത്രമല്ല, മൂന്ന് കിലോ പട്ടിത്തീറ്റയും സമ്മാനത്തിനൊപ്പം കിം കരുതിയിരുന്നു.

ഉത്തരകൊറിയൻ മിസൈൽ കേന്ദ്രങ്ങളും അടച്ചുപൂട്ടാൻ തയ്യാറാണെന്ന കിമ്മിന്റെ സെപ്തംബറിലെ കൂടിക്കാഴ്ചാ തീരുമാനത്തിനു പിന്നാലെയുള്ള സ്നേഹസമ്മാനം ലോകത്തെയും ഒരുവേള അമ്പരപ്പിച്ചിരിക്കുകയാണ്.



## കിമ്മുമായി പ്രണയത്തിലായി; ട്രംപ്

വാഷിംഗ്ടൺ: ബദ്ധവൈരികളായിരുന്ന ഉത്തരകൊറിയൻ പ്രസിഡന്റ് കിം ജോംഗ് ഉന്നും യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും തമ്മിലുള്ള മഞ്ഞുരുകിയെങ്കിലും ഇരുവരും തമ്മിൽ ഇത്രയും സ്നേഹത്തിലാണെന്ന് കഴിഞ്ഞ ദിവസമാണ് ലോകമറിഞ്ഞത്. കിമ്മുമായി താൻ പ്രണയത്തിലായിക്കഴിഞ്ഞെന്നാണ് കഴിഞ്ഞ ദിവസം വെസ്റ്റ് വിർജീനിയയിൽ നടന്ന റാലിക്കിടെ ട്രംപ് പറഞ്ഞത്. കൂടിക്കാഴ്ചയ്ക്കുശേഷം കിമ്മിൽ നിന്ന് നിരവധി മനോഹരമായ കത്തുകൾ ലഭിച്ചെന്നും ഇതോടെ താൻ കിമ്മുമായി പ്രണയത്തിലായെന്നും ട്രംപ് പറഞ്ഞു.

# ജോലിക്കാരിയെ മാനഭംഗപ്പെടുത്തിയെന്ന് പരാതി: മേജർക്കെതിരെ കേസ്

## ജോലിക്കാരിയുടെ ഭർത്താവിനെ കൊലപ്പെടുത്തിയെന്നും ആരോപണം

ന്യൂഡൽഹി: വീട്ടുജോലിക്കാരിയെ മാനഭംഗപ്പെടുത്തിയെന്ന പരാതിയിൽ ഇന്ത്യൻ സൈന്യത്തിലെ മേജർ റാങ്കിലുള്ള ഉദ്യോഗസ്ഥനെതിരെ ഡൽഹി പൊലീസ് കേസെടുത്തു.

ജൂലായ് 12ന് രാത്രി പത്തു മണിക്ക് മേജർ ഗൗരവിന്റെ ഡൽഹിയിലെ ക്വാർട്ടേഴ്സ് വൃത്തിയാക്കുന്നതിനിടെ തന്നെ മാനഭംഗപ്പെടുത്തിയെന്നാണ് വീട്ടുജോലിക്കാരി പൊലീസിൽ പരാതി നൽകിയത്. മേജറും ബന്ധുവും ചേർന്നു തന്റെ ഭർത്താവിനെ കൊലപ്പെടുത്തിയെന്നും സ്ത്രീ ആരോപിച്ചു. ഇവർക്ക് രണ്ടുവയസുള്ള ഒരു മകനുണ്ട്.

തന്നോടൊപ്പമുണ്ടായിരുന്ന ഭർത്താവിനെ ജൂലായ് 12ന് രാത്രി മേജർ പുറത്തേക്കു പറഞ്ഞുവിട്ടു. തന്നോടു മുറിയിലേക്കു പോകാൻ ആവശ്യപ്പെട്ടു. എതിർത്തപ്പോൾ ക്രൂരമായി മർദ്ദിച്ചു മുറിയിലേക്കു വലിച്ചുകൊണ്ടുപോയി.

ഭർത്താവ് മടങ്ങി വന്നപ്പോൾ ഭാര്യയെ മേജർ ഗൗരവ് പീഡിപ്പിക്കുന്നത് കാണുകയും ഇരുവരും തമ്മിൽ വാക്കേറ്റം നടക്കുകയും ചെയ്തു. പിന്നീട് ഭർത്താവിനെ കൊലപ്പെടുത്തിയെന്നും ഭർത്താവിന്റെ മരണം ആത്മഹത്യയാണെന്നു വരുത്താൻ ശ്രമിച്ചെന്നും ഇവർ പൊലീസിനോടു പറഞ്ഞു.

ഡൽഹി കന്റോൺമെന്റിൽ മേജർ ഗൗരവിന്റെ വീട്ടിലെ ജോലിക്കാരുടെ ക്വാർട്ടേഴ്സിലാണ് യുവതി താമസിച്ചിരുന്നത്. ഭർത്താവും മകനും കൂടെയുണ്ടായിരുന്നു. സംഭവത്തിനുശേഷം പരാതിക്കാരി ബന്ധുവീട്ടിലേക്കു താമസം മാറ്റി. ദരിദ്ര കുടുംബമായതിനാൽ ആരും തന്നെ സഹായിക്കുന്നില്ലെന്നും ഇവർ പൊലീസിനോടു പറഞ്ഞു.

## പാകിസ്ഥാനെ വിഭജിക്കണം; സുബ്രഹ്മണ്യൻ സ്വാമി



അഗർത്തല: പാകിസ്ഥാനെ നാലായി വിഭജിക്കണമെന്ന് ബി.ജെ.പി നേതാവും രാജ്യസഭാംഗവുമായ സുബ്രഹ്മണ്യൻ സ്വാമി പറഞ്ഞു. സിന്ധ്, ബലൂസ്ഥാൻ, പഖ്തൂൺ, വെസ്റ്റ് പാകിസ്ഥാൻ എന്നിങ്ങനെ ആ രാജ്യത്തെ വിഭജിച്ച് ആദ്യ മൂന്ന് ഭാഗങ്ങൾ ഇന്ത്യയ്ക്ക് കൈമാറണമെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യ - പാക് സംഘർഷത്തിന് പരിഹാരം ഇത് മാത്രമാണെന്ന് അഗർത്തലയിൽ സെമിനാറിൽ സംസാരിക്കവെ അദ്ദേഹം അഭിപ്രായപ്പെട്ടു. പാകിസ്ഥാൻ ഭരിക്കുന്നത് സൈന്യവും ചാരസംഘടനയായ ഐ.എസ്.ഐയും ഭീകരരുമാണെന്ന് അദ്ദേഹം പറഞ്ഞു. രിഹസിച്ചു

## വിവിധം

# കൊള്ളപ്പലിശക്കാരൻ മഹാരാജയ്ക്ക് ജാമ്യം

പള്ളുരുത്തി: അഞ്ഞൂറു കോടി രൂപയുടെ കൊള്ളപ്പലിശ ഇടപാടുകൾ നടത്തിയ കേസിൽ ചെന്നൈയിൽ നിന്ന് പൊലീസ് പിടികൂടി കൊച്ചിയിലെത്തിച്ച മഹാരാജ മഹാദേവന് കോടതി ഒരു ദിവസത്തെ ജാമ്യം അനുവദിച്ചു. തോപ്പുംപടി മജിസ്ട്രേട്ടിന്റെ വസതിയിൽ ഇന്നലെ ഹാജരാക്കിയ മഹാരാജയോട് ഇന്നു വീണ്ടും ഹാജരാകാനും നിർദ്ദേശിച്ചു.

മഹാരാജയെനെ കോടതിയിൽ ഹാജരാക്കിയപ്പോൾ സർക്കാർ അഭിഭാഷകനുണ്ടായിരുന്നില്ല. അതിനാൽ കസ്റ്റഡി അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞില്ല. ഇതുമൂലമാണ് ജാമ്യം ലഭിച്ചത്. ഹൈക്കോടതിയിൽ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷയുടെ അടിസ്ഥാനത്തിലാണ് ജാമ്യം ലഭിച്ചതെന്ന് ഡപ്യൂട്ടി പൊലീസ് കമ്മിഷണർ പി.സി. സജീവൻ പറഞ്ഞു. ഇന്ന് കസ്റ്റഡിയിൽ കിട്ടാൻ ആവശ്യപ്പെടും.

ശനിയാഴ്ച ചെന്നൈ വിരുഗംപാക്കത്തെ വീട്ടിൽ നിന്നാണ് തോക്കുചൂണ്ടി മഹാരാജയെ പൊലീസ് പിടികൂടിയത്. വിവരം പുറത്താകുമെന്ന സംശയത്തിൽ വീട്ടിലെത്തുന്നതുവരെ തമിഴ്നാട് പൊലീസിനെ അറിയിക്കാതെ പള്ളുരുത്തി സി.ഐ കെ.ജി. അനീഷിന്റെ നേതൃത്വത്തിലായിരുന്നു അറസ്റ്റ്. വീടുവളഞ്ഞ് മഹാരാജയെ പിടികൂടിയതോടെ കൂട്ടാളികൾ തടയാൻ ശ്രമിച്ചു. സംഘർഷം രൂക്ഷമായപ്പോൾ എസ്.ഐ പ്രേംകുമാർ ആകാശത്തേക്ക് വെടിവച്ചാണ് ജനങ്ങളെ മാറ്റിയത്. കനത്ത സുരക്ഷയിൽ വിമാനമാർഗം കോഴിക്കോടെത്തിച്ച ശേഷമാണ് കൊച്ചിയിലേക്ക് കൊണ്ടുവന്നത്.



*തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന എട്ടാമത് ഏഷ്യൻ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ ചാമ്പ്യന്മാരായ ഇന്ത്യൻ ടീം ഗവർണർ പി. സദാശിവത്തോടൊപ്പം. മന്ത്രി കടകംപള്ളി സുരേന്ദ്രൻ, സി. ദിവാകരൻ എം.എൽ.എ, സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ, സരസ്വതി സദാശിവം, കെ.ടി.ഡി.സി ചെയർമാൻ എം. വിജയകുമാർ, ഏഷ്യൻ യോഗ ഫെഡറേഷൻ പ്രസിഡന്റ് അശോക് കുമാർ അഗർവാൾ, കേരള യോഗ അസോസിയേഷൻ പ്രസിഡന്റ് ബി.ബാലചന്ദ്രൻ എന്നിവർ സമീപം* ഫോട്ടോ: അജയ് മധു



## വിജയത്തുടർച്ചയിൽ ചരിത്രത്തിനൊപ്പം പി.എസ്.ജി

പാരീസ് : ഫ്രഞ്ച് ലീഗ് വൺ ഫുട്ബാളിൽ ഈ സീസണിലെ ആദ്യ എട്ട് മത്സരങ്ങളിലും ജയിച്ച് പാരീസ് എസ്.ജി 82 വർഷം പഴക്കമുള്ള റെക്കാഡിനൊപ്പമെത്തി. കഴിഞ്ഞ രാത്രി നീസിനെ 3-0 ത്തിന് തോൽപ്പിച്ച നെയ്മറിന്റെ ക്ലബ് 1936 ൽ ലില്ലി സ്ഥാപിച്ചിരുന്ന എട്ട് തുടർ വിജയങ്ങളുടെ റെക്കാഡിനൊപ്പമാണ് എത്തിയത്.





## രണ്ടാം റാങ്കിൽ രോഹിത് ശർമ്മ

ദുബായ് : ഏഷ്യാകപ്പിലെ മികച്ച പ്രകടനത്തോടെ ഇന്ത്യൻ താരം രോഹിത് ശർമ്മ ഏകദിന ക്രിക്കറ്റ് ബാറ്റ്സ് മാൻ റാങ്കിംഗിൽ രണ്ടാംസ്ഥാനത്തേക്കുയർന്നു. രോഹിതിന്റെ കരിയറിലെ ഏറ്റവും ഉയർന്ന റാങ്കാണിത്. ഇന്ത്യൻ ക്യാപ്ടൻ വിരാട് കൊഹ്‌ലിയാണ് ഒന്നാം റാങ്കിൽ.

ഏഷ്യാകപ്പിൽ കൊഹ്‌ലിക്ക് പകരം ക്യാപ്ടൻസി വഹിച്ച രോഹിത് അഞ്ച് ഇന്നിംഗ്സുകളിൽ നിന്ന് ഒരു സെഞ്ച്വറിയും രണ്ട് അർദ്ധ സെഞ്ച്വറികളുമടക്കം 317 റൺസാണ് നേടിയിരുന്നത്. ഫൈനലിൽ ബംഗ്ലാദേശിനെ മൂന്ന് വിക്കറ്റിന് കീഴടക്കിയാണ് ഇന്ത്യ കിരീടമുയർത്തിയത്. ടൂർണമെന്റിലെ മികച്ച രണ്ടാമത്തെ റൺ വേട്ടക്കാരനായിരുന്നു രോഹിത്. രണ്ട് പടവുകൾ കയറിയാണ് രോഹിത് രണ്ടാമതെത്തിയത്.

- രോഹിതിന്റെ സഹ ഓപ്പണറും ഏഷ്യാകപ്പിലെ ടോപ് സ്കോററുമായ ശിഖർ ധവാൻ അഞ്ച് പടവുകൾ കയറി നാലാം റാങ്കിലെത്തി.
- ഏഷ്യാകപ്പിലെ അഞ്ച് മത്സരങ്ങളിൽ നിന്ന് രണ്ട് സെഞ്ച്വറികളടക്കം 342 റൺസാണ് ധവാൻ നേടിയിരുന്നത്.
- ടൂർണമെന്റിൽ 10 വിക്കറ്റുകളും വീഴ്ത്തി വിക്കറ്റ് വേട്ടയിൽ ഒന്നാമതെത്തിയ അഫ്ഗാനിസ്ഥാന്റെ റാഷിദ് ഖാൻ ആൾ റൗണ്ടർമാരുടെ പട്ടികയിൽ ഒന്നാം റാങ്കിലെത്തി.
- ബൗളർമാരുടെ പട്ടികയിൽ ജസ്‌പ്രീത് ബുംറയാണ് ഒന്നാംസ്ഥാനത്ത്.
- ഇന്ത്യൻ സ്പിന്നർ കുൽദീപ് യാദവ് മൂന്ന് പടവുകൾ കയറി മൂന്നാംസ്ഥാനത്തെത്തി.
- ടീം റാങ്കിംഗിൽ ഇംഗ്ലണ്ട് ഒന്നാംസ്ഥാനത്തും ഇന്ത്യ രണ്ടാം സ്ഥാനത്തും തുടരുന്നു.

## ആർച്ചറി വേൾഡ് കപ്പ് : ദീപികയ്ക്ക് വെങ്കലം

ബെർലിൻ : ജർമ്മനിയിൽ നടക്കുന്ന ആർച്ചറി ലോകകപ്പിൽ ഇന്ത്യയുടെ ദീപിക കുമാരി വെങ്കലം നേടി. ഷൂട്ടോഫിൽ ജർമ്മനിയുടെ ലിസ ഉൻ റൂഹിനെ കീഴടക്കിയാണ് ദീപിക വെങ്കലത്തിലെത്തിയത്. മുൻ ലോക ഒന്നാം റാങ്കുകാരിയായ ദീപികയുടെ ലോകകപ്പിലെ അഞ്ചാം മെഡലാണിത്.



തിരുവല്ലയിൽ നടന്ന പ്രൊഫ. പി. ഒ ജോൺ മെമ്മോറിയൽ ഓപ്പൺ പ്രൈസ് മണി ടേബിൾ ടെന്നിസ് ടൂർണമെന്റിൽ സബ് ജൂനിയർ വിഭാഗം ജേതാക്കളായ ആദിത്യയും പ്രണതിയും.

# ചരിത്രം രചിക്കാൻ ഇന്ത്യൻ ചുണക്കുട്ടന്മാർ ഇന്ന് കളത്തിൽ

- എ.എഫ്.സി അണ്ടർ 16 ഫുട്ബാൾ ചാമ്പ്യൻഷിപ്പ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യ ഇന്ന് ദക്ഷിണകൊറിയയെ നേരിടുന്നു
- ഈ മത്സരം ജയിച്ചാൽ ഇന്ത്യയ്ക്ക് അണ്ടർ 17 ലോകകപ്പ് യോഗ്യത

ക്വലാലംപൂർ : സമീപകാലത്ത് നിറമുള്ള സ്വപ്നങ്ങൾ കാണുന്ന ഇന്ത്യൻ ജൂനിയർ ഫുട്ബാളിന് മുന്നിൽ ഇന്ന് തുറക്കാനുള്ളത് വലിയൊരു അവസരത്തിന്റെ വാതിലാണ്. അണ്ടർ 17 ഫിഫ ലോകകപ്പിലേക്ക് ആതിഥേയരെന്ന നിലയിലല്ലാതെ പ്രവേശിക്കാനുള്ള അവസരമാണ് ഇന്ത്യൻ അണ്ടർ 16 ടീമിന്റെ മുന്നിലെത്തിയിരിക്കുന്നത്. ഇന്ന് എ.എഫ്.സി ചാമ്പ്യൻഷിപ്പിന്റെ ക്വാർട്ടർ ഫൈനലിൽ കരുത്തരായ ദക്ഷിണകൊറിയയെ മറികടക്കുകയെന്ന സ്വപ്നത്തിലേക്കുള്ള ചുവടുവയ്പ്പിലാണ് ബിബിയാനോ ഫെർണാണ്ടസ് പരിശീലിപ്പിക്കുന്ന ഇന്ത്യൻ ചുണക്കുട്ടികൾ.

കഴിഞ്ഞവർഷം ഇന്ത്യയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പിൽ ഇന്ത്യ ആതിഥേയരെന്ന നിലയിലാണ് പങ്കെടുത്തത്. ഏതെങ്കിലും ഒരു കാറ്റഗറിയിൽ ഇന്ത്യ ലോകകപ്പ് കളിക്കുന്നത് ആദ്യമായിട്ടായിരുന്നു. 2019 ൽ പെറുവിൽ വച്ചാണ് അടുത്ത ലോകകപ്പ് എ.എഫ്.സി ചാമ്പ്യൻഷിപ്പിന്റെ സെമിയിലെത്തുന്ന നാല് ടീമുകൾ ലോകകപ്പിന് യോഗ്യത നേടും.

ടൂർണമെന്റിൽ മിന്നുന്ന ഫോമിലുള്ള കൊറിയയെ തോൽപ്പിക്കുക എന്നത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം വലിയ വെല്ലുവിളിയാണ്. ഗ്രൂപ്പ് റൗണ്ടിലെ മൂന്ന് മത്സരങ്ങളിൽ നിന്ന് കൊറിയ ഇതുവരെ 12 ഗോളുകൾ നേടിക്കഴിഞ്ഞു. ഒന്നുപോലും വഴങ്ങിയിട്ടുമില്ല. ഗ്രൂപ്പ് റൗണ്ടിൽ ഇന്ത്യയും ഒരു ഗോളും വഴങ്ങിയിട്ടില്ല. എന്നാൽ കഴിഞ്ഞ കളിയിൽ കാർഡ് കണ്ടതിനാൽ ഡിഫൻഡർ ബികാഷ് ജെയ്റുവിന് ഇന്ന് കളിക്കാനാകില്ല.



ഇന്ത്യൻ അണ്ടർ 16 ടീമംഗങ്ങൾ

**ടി വി ലൈവ് വൈകിട്ട് 6.15 മുതൽ സ്റ്റാർസ്പോർട്സ് 2ൽ**

- 16 വർഷംമുമ്പാണ് ഇന്ത്യ ഇതിനുമുമ്പ് എ.എഫ്.സി ചാമ്പ്യൻഷിപ്പിന്റെ ക്വാർട്ടർ ഫൈനലിൽ കളിച്ചിരുന്നത്.
- അന്നും ദക്ഷിണകൊറിയയായിരുന്നു എതിരാളികൾ.
- അന്നത്തെ ക്വാർട്ടർ ഫൈനലിൽ ഇന്ത്യയെ 3-1ന് തോൽപ്പിച്ച കൊറിയ സെമിയിൽ കടന്നു.

### ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബാൾ

# പക വീട്ടി ബംഗളൂരു

## ബംഗളൂരു എഫ്.സി 1-0ത്തിന് ചെന്നൈയിനെ തോൽപ്പിച്ചു

ബംഗളൂരു : കഴിഞ്ഞ സീസൺ ഫൈനലിൽ തങ്ങളെ തോൽപ്പിച്ച് കിരീടം നേടിയിരുന്ന ചെന്നൈയിൻ എഫ്.സിയോട് ഈ സീസണിലെ ആദ്യ മത്സരത്തിൽ പകരം വീട്ടി ബംഗളൂരു എഫ്.സി ഇന്നലെ ശ്രീകണ്ഠീരവ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിന്റെ ആദ്യ പകുതിയിൽ നിക്കോളാസ് ഫെദോർ നേടിയ ഗോളിനായിരുന്നു ബംഗളൂരുവിന്റെ ജയം.

മത്സരത്തിന്റെ മൂന്നാം മിനിട്ടിൽത്തന്നെ മുന്നിലെത്താൻ ബംഗളൂരു എഫ്.സിക്ക് അവസരമൊരുങ്ങിയതാണ്. എന്നാൽ ഇടതുവിംഗിലൂടെയുള്ള ഛെത്രിയുടെ നീക്കം ത്രോ ഇന്നിൽ അവസാനിച്ചു. 19-ാം മിനിട്ടിൽ ചെന്നൈയിനുവേണ്ടി ജെജെയുടെ മുന്നേറ്റവും ഫലം കാണാതെ പോയി. 33-ാം മിനിട്ടിലെ ജെജെയുടെ മുന്നേറ്റം ബംഗളൂരു പ്രതിരോധം തടുത്തു. 41-ാം മിനിട്ടിലാണ് നിക്കോളാസ് ഫെദോർ എന്ന മിക്കുവിലൂടെ ബംഗളൂരു സ്കോർ ചെയ്തത്. മിഡ് ഫീൽഡിൽ നിന്ന് പന്ത് കിട്ടിയ സിസ്കോ മിക്കുവിനെ ലക്ഷ്യമാക്കി ത്രൂപാസ് നീട്ടി നൽകുകയായിരുന്നു. പന്ത് ലഭിച്ച മിക്കുവിന്റെ ശക്തമായ ഷോട്ട് ഗോളിയെ നിഷ്പ്രഭനാക്കി വലയിലേക്ക് കയറി.

72-ാം മിനിട്ടിൽ സുനിൽ ഛെത്രിക്ക് ഗോളടിക്കാൻ മറ്റൊരു അവസരം കൂടി ലഭിച്ചു. എന്നാൽ ബോക്സിനുള്ളിലെത്തിയ ഛെത്രിയുടെ കാലിൽ നിന്ന് കാൾ ഡെറോൺ പന്ത് തട്ടിക്കളഞ്ഞു. മത്സരത്തിന്റെ അവസാന നിമിഷങ്ങളിൽ ചെന്നൈയിൻ പ്രതീക്ഷ കൈവിട്ടപോലെയാണ് കളിച്ചത്. ഈ വിജയത്തോടെ ബംഗളൂരു എഫ്.സിക്ക് മൂന്ന് പോയിന്റ് ലഭിച്ചു.



ബംഗ്ലുരു എഫ്.സിയും ചെന്നൈയിൻ എഫ്.സിയും തമ്മിലുള്ള മത്സരത്തിൽ നിന്ന്

### നോർത്ത് ഈസ്റ്റ് യുണൈറ്റഡ് Vs എഫ്.സി ഗോവ

(ഇന്ന് രാത്രി 7.30 മുതൽ സ്റ്റാർ സ്പോർട്സിൽ തത്സമയം)

- ഐ.എസ്.എൽ ആദ്യ കിരീടം തേടിയാണ് നോർത്ത് ഈസ്റ്റ് യുണൈറ്റഡും എഫ്.സി ഗോവയും
- ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡിന്റെ തട്ടകമായ ഗോഹട്ടിയിലെ ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിലാണ് മത്സരം.
- നോർത്ത് ഈസ്റ്റ് യുണൈറ്റഡിന് ഇതുവരെ ഐ.എസ്.എൽ പ്ലേ ഓഫിൽ കളിക്കാൻ കഴിഞ്ഞിട്ടില്ല.
- ഹോളണ്ടുകാരനായ ഈൽകോ ഷാട്ടോറി എന്ന പുതിയ പരിശീലകന് കീഴിലാണ് നോർത്ത് ഈസ്റ്റ് ഈ സീസണിലിറങ്ങുന്നത്.
- മലയാളിയായ ടി.പി. രഹ്‌നേഷാണ് ഗോളി. ഒബ്ഗെച്ചെ, റൗളിൻ ബോർഗസ്, കീഗൻ പെരേര, ഗല്ലെഗോ, ഓക്റ, സെത്യ സെൻ തുടങ്ങിയവരാണ് പ്രധാന താരങ്ങൾ.

## ഇൻഡോറിലെ കളി 'ഔട്ട്' ഡോറിലാകുമോ?

- സൗജന്യ പാസിനെച്ചൊല്ലി തർക്കം

ഇൻഡോർ : കോംപ്ലിമെന്ററി പാസുകൾ അനുവദിക്കുന്നതിനെച്ചൊല്ലി തർക്കം രൂക്ഷമായതോടെ മദ്ധ്യപ്രദേശിലെ ഇൻഡോറിൽ ഈ മാസം 24 ന് നടക്കേണ്ട ഇന്ത്യയും വെസ്റ്റ് ഇൻഡീസും തമ്മിലുള്ള ഏകദിന ക്രിക്കറ്റ് മത്സരം തുലാസിലായി. സൗജന്യ പാസ് വിതരണത്തിൽ ഇപ്പോഴത്തെ നിബന്ധനകൾ അനുസരിച്ച് തങ്ങൾക്ക് കളി നടത്താനാവില്ലെന്ന് മദ്ധ്യപ്രദേശ് ക്രിക്കറ്റ് അസോസിയേഷൻ ബി.സി.സി.ഐയെ അറിയിച്ചിരിക്കുകയാണ്.

സുപ്രീംകോടതി നിയോഗിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൊണ്ടുവന്ന നിബന്ധനകളാണ് തർക്കത്തിന് കാരണം. എല്ലാ മത്സരങ്ങളിലും ടിക്കറ്റുകളുടെ പത്ത് ശതമാനം മാത്രമേ സൗജന്യ പാസായി നൽകാവൂ എന്നാണ് നിബന്ധന. ഇതനുസരിച്ച് തങ്ങൾക്ക് വളരെക്കുറച്ച് പാസുകൾ മാത്രമേ ലഭിക്കൂ എന്നും തങ്ങളുടെ സ്പോൺസർമാർക്ക് നൽകാൻ പോലും ഈ പാസുകൾ തികയില്ലെന്നുമാണ് മദ്ധ്യപ്രദേശ് ക്രിക്കറ്റ് അസോസിയേഷന്റെ പരാതിയെന്ന് എം.പി.സി. എ സെക്രട്ടറി മിലിന്ദ് കൻമാഡി കാർ പറഞ്ഞു.

ഇന്ത്യയും വെസ്റ്റ് ഇൻഡീസും തമ്മിലുള്ള അഞ്ച് ഏകദിനങ്ങളുടെ പരമ്പരയിലെ രണ്ടാം മത്സരമാണ് ഇരുപത്തിനാലിന് ഇൻഡോറിലെ ഹോൾക്കർ സ്റ്റേഡിയത്തിൽ നടക്കേണ്ടത്. ഈ പരമ്പരയിലെ അവസാന മത്സരം നവംബർ ഒന്നിന് തിരുവനന്തപുരത്ത് നടക്കേണ്ടതാണ്. എന്നാൽ സ്റ്റേഡിയത്തിനകത്തെയും പുറത്തെയും പരസ്യ ബോർഡുകളുടെയും കോർപ്പറേറ്റ് ബോക്സുകളുടെയും വരുമാനം പങ്കിടുന്നതിനെച്ചൊല്ലി കേരള ക്രിക്കറ്റ് അസോസിയേഷനും സ്പോർട്സ് ഹബ് അധികൃതരും തമ്മിൽ തർക്കത്തിലായതിനാൽ ഈ മത്സരവേദിയും അനിശ്ചിതാവസ്ഥയിലാണ്.



ഏഷ്യൻ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ ഗ്രൂപ്പ് ഫ്രീ ഫ്ലോയിൽ ഇന്ത്യൻ ടീമിന്റെ പ്രകടനം ഫോട്ടോ : അജയ് മധു

# ഏഷ്യയിൽ ഇന്ത്യയുടെ യോഗം

- ഏഷ്യൻ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ എട്ടാംവട്ടവും പട്ടം ഇന്ത്യയ്ക്ക്

തിരുവനന്തപുരം : കേരളം ആദ്യമായി ആതിഥ്യംവഹിച്ച ഏഷ്യൻ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പിലുംകിരീടംഇന്ത്യയ്ക്ക്. തുടർച്ചയായ എട്ടാം തവണയാണ് സ്പോർട്സ് യോഗയിൽ ഇന്ത്യ, വൻകരയിലെ ജേതാക്കളാകുന്നത്. വിയറ്റ്നാമാണ് റണ്ണേഴ്സ് അപ്പ്. മലേഷ്യയും ദുബായ‌യും മൂന്നാംസ്ഥാനം പങ്കിട്ടു. പ്രായം അടിസ്ഥാനമാക്കി വിവിധ വിഭാഗങ്ങളിലായി നടന്ന 25 മത്സരങ്ങളിലും സ്വർണം നേടിയാണ് ഇന്ത്യ കിരീടം നിലനിറുത്തിയത്. ഏറ്റവും കൂടുതൽ മത്സരാർത്ഥികൾ പങ്കെടുത്തതും ഇന്ത്യയിൽ നിന്നാണ്.

ഗവർണർ പി. സദാശിവം വിജയികൾക്ക് ട്രോഫികൾ സമ്മാനിച്ചു. മന്ത്രി കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷനായി. സി. ദിവാകരൻ എം.എൽ.എ, ഡി.ജി.പി ലോക്നാഥ് ബെഹ്റ, ഏഷ്യൻ യോഗ ഫെഡറേഷൻ പ്രസിഡന്റ് അശോക് കുമാർ അഗർവാൾ എന്നിവർ സംസാരിച്ചു. ഓർഗനൈസിംഗ് സെക്രട്ടറി ബി. ബാലചന്ദ്രൻ നന്ദി പറഞ്ഞു.

നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ ആദ്യ ദിനം മുതൽ ആരംഭിച്ച മെഡൽവേട്ട അവസാന ദിവസംവരെയും തുടർന്നു. മിക്ക മത്സരങ്ങളിലെയും വെള്ളി, വെങ്കലം മെഡലുകളും ഇന്ത്യക്കാണ് ലഭിച്ചത്. സെപ്തംബർ 27നാണ് തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ ഏഷ്യൻ ചാമ്പ്യൻഷിപ്പിന് തുടക്കമായത്. നാലു ദിവസമായി നടന്ന ചാമ്പ്യൻഷിപ്പിൽ 12 രാജ്യങ്ങളിൽ നിന്നുള്ള താരങ്ങളാണ് മത്സരിച്ചത്.

അടുത്ത ചാമ്പ്യൻഷിപ്പ് 2020 ൽ മലേഷ്യയിൽ നടത്തും. അടുത്തവർഷം മുതൽ രണ്ടുവർഷത്തിലൊരിക്കൽ ചാമ്പ്യൻഷിപ്പ് നടത്താനും ഏഷ്യൻ യോഗ ഫെഡറേഷൻ തീരുമാനിച്ചു.

# ലാ ലിഗയിൽ ഗോളില്ലാ മാഡ്രിഡ് ഡെർബി

## റയൽ മാഡ്രിഡും അത്‌ലറ്റിക്കോ മാഡ്രിഡും ഗോളടിക്കാതെ പിരിഞ്ഞു

മാഡ്രിഡ് : സ്പാനിഷ് ലാലിഗ ഫുട്ബാളിൽ മാഡ്രിഡിലെ വമ്പൻമാരുടെ നഗരപ്പോരിൽ വീറും വാശിയും നിറഞ്ഞുനിന്നെങ്കിലും ഗോളിന്റെ മാധുര്യം മാത്രം അകന്നുനിന്നു. റയൽ മാഡ്രിഡിന്റെ തട്ടകത്തിൽ നടന്ന മത്സരത്തിൽ ഗോളി തിബൗ കുർട്ടോയുടെ അസാധാരണ മികവ് ആതിഥേയർക്ക് ആശ്വാസം പകർന്നു. എന്നാൽ ആദ്യപകുതിയിൽത്തന്നെ സൂപ്പർതാരം ഗാരേത്ത് ബെയ്‌ലിന് പരിക്കേറ്റ് പോകേണ്ടിവന്നത് അവർക്ക് തിരിച്ചടിയായി.

ക്രിസ്റ്റ്യാനോ റൊണാൾഡോ കൂടുമാറിയശേഷം ആദ്യമായി മാഡ്രിഡ് ഡർബിക്ക് ഇറങ്ങിയ റയലിന്റെ നെഞ്ചിടിപ്പിക്കുന്ന നീക്കങ്ങളാണ് അത്‌ലറ്റിക്കോ നടത്തിയത്. അന്റോണിയോ ഗ്രീസ്മാനും ഡീഗോ കോസ്റ്റയുമൊക്കെ റയലിന്റെ ഗോൾ മുഖത്ത് നടത്തിയ മിന്നലാക്രമണങ്ങളിൽനിന്ന് കഷ്ടിച്ച് രക്ഷപ്പെടാനായത് കുർട്ടോയുടെ മികവുകൊണ്ടു മാത്രമായിരുന്നു. കഴിഞ്ഞദിവസം സെവിയ്യയോട് എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് കീഴടങ്ങിയിരുന്ന റയലിന് ഈ സമനില അടുത്ത ആഘാതം നൽകിയിരിക്കുകയാണ്.

ഈ സീസണിൽ റയൽ മാഡ്രിഡിന്റെ രണ്ടാം സമനിലയാണിത്. ഒരു മത്സരത്തിൽ തോൽക്കുകയും ചെയ്തു. ഏഴ് മത്സരങ്ങളിൽ നാല് വിജയങ്ങളുമായി പതിനാല് പോയിന്റു നേടിയ റയൽ പോയിന്റ് പട്ടികയിൽ രണ്ടാം സ്ഥാനത്താണ്. പതിനാല് പോയിന്റ് തന്നെയുള്ള ബാഴ്സലോണയാണ് ഒന്നാമത്. ബാഴ്സയും ഒരു കളി തോൽക്കുകയും രണ്ട് സമനില വഴങ്ങുകയും ചെയ്തു. കഴിഞ്ഞദിവസം ബാഴ്സ 1-1 ന് അത്‌ലറ്റിക് ക്ലബിനോടാണ് സമനില വഴങ്ങിയത്.



ഗാരേത്ത് ബെയ്ൽ പന്തിനായുള്ള പോരാട്ടത്തിൽ

**ഇംഗ്ലീഷ് പ്രിമിയർ ലീഗ്**

## മാഞ്ചസ്റ്റർ സിറ്റി മുന്നിൽ

ലണ്ടൻ : ഇംഗ്ലീഷ് പ്രിമിയർ ലീഗ് ഫുട്ബാളിൽ കഴിഞ്ഞ രാത്രി നടന്ന മത്സരത്തിൽ ബ്രൈട്ടൺ ആൻഡ്ഹോവിനെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് തോൽപ്പിച്ച് മാഞ്ചസ്റ്റർ സിറ്റി ഒന്നാംസ്ഥാനത്ത് തുടരുന്നു. റഹിം സ്റ്റെർലിംഗ്, സെർജിയോ അഗ്യൂറോ എന്നിവരാണ് സിറ്റിക്കുവേണ്ടി ഗോളുകൾ നേടിയത്. മറ്റൊരു മത്സരത്തിൽ ചെൽസിയുമായി 1-1 ന് സമനിലയിൽ പിരിഞ്ഞത് പട്ടികയിൽ ഒന്നാമതെത്താനുള്ള ലിവർപൂളിന്റെ അവസരം ഇല്ലാതാക്കി. മറ്റ് മത്സരങ്ങളിൽ ആഴ്സനൽ 2-0 ത്തിന് വാറ്റ്ഫോർഡിനെയും എവർട്ടൺ 3-0 ത്തിന് ഫുൾ ഹാമിനെയും തോൽപ്പിച്ചു.

**ഇറ്റാലിയൻ സെരി എ**

## യുവന്റസിന് വിജയം

ടൂറിൻ : കഴിഞ്ഞ രാത്രി നടന്ന ഇറ്റാലിയൻ സെരി എ മത്സരത്തിൽ ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ പുതിയ ക്ലബ് യുവന്റസ് 3-1 ന് നാപ്പോളിയെ കീഴടക്കി.

യുവന്റസിന്റെ ഹോം ഗ്രൗണ്ടിൽ നടന്ന മത്സരത്തിൽ മരിയോ മൻസൂക്കിച്ച് രണ്ട് ഗോളുകളും ലിയനാർഡോ ബെന്നൂച്ചി ഒരു ഗോളും നേടി. മത്സരത്തിൽ ഗോളുകളൊന്നും സ്വന്തം പേരിൽ കുറിക്കാൻ കഴിഞ്ഞില്ലെങ്കിലും ക്രിസ്റ്റ്യനോ റൊണാൾഡോയുടെ മികച്ച പ്രകടനമാണ് മൂന്ന് ഗോളുകൾക്കും വഴിയൊരുക്കിയത്.

ആദ്യ ഏഴ് മത്സരങ്ങളും ജയിച്ച് 21 പോയിന്റുമായി പട്ടികയിൽ ഒന്നാമതാണ് യുവന്റസ്.

### കെ.പി.സുശീല
**ശ്രീകാര്യം:** പോങ്ങുംമൂട്ചേന്തിയിൽ അണിയറ സി. ആർ.എ. 113 ൽ മേലെ കുഴിവിള വീട്ടിൽ പരേതനായ ദാമോദരന്റെ ഭാര്യ കെ. പി. സുശീല (90) അന്തരിച്ചു. മക്കൾ : ശ്രീരംഗൻ. ഡി, സുഷ്മ. എസ് (റിട്ട. ടൈറ്റാനിയം), പ്രസന്ന. എസ്. (റിട്ട. ശ്രീചിത്രാ ഹോം),

മരുമക്കൾ : ശ്യാമള. എസ്, അശോക് കുമാർ. എം ( വിദേശം), പരേതനായ കൃഷ്ണൻ പി.കെ. ശവസംസ്കാരം തിങ്കളാഴ്ച രാവിലെ 11 ന് മോക്ഷ കവാടം, മുട്ടത്തറ. സഞ്ചയനം ഞായറാഴ്ച രാവിലെ 9 ന്. 9995459818.

### വിശാലാക്ഷി
**കരിക്കകം :** പുതുവൽ പുത്തൻവീട്ടിൽ പരേതനായ വാസുദേവന്റെ ഭാര്യ വിശാലാക്ഷി (89) നിര്യാതയായി. മക്കൾ: പരേതനായ വിധു, മോഹനൻ, സത്യദാസ്, പരേതനായ ദേവദാസ്, ലൈല, ലത. മരുമക്കൾ: ലീല, ഉഷ, വിമലകുമാരി, വത്സല, സുരേഷ് കുമാർ, പ്രകാശൻ. മരണാനന്തര ചടങ്ങ് ഞായറാഴ്ച രാവിലെ 8 ന്. ഫോൺ: 9846221764.

### മഞ്ജുകുമാരി
**പേട്ട :** എസ്.എൻ നഗർ കാട്ടിൽ വീട്ടിൽ വി.പി. സുകുമാരന്റെ ഭാര്യ മഞ്ജുകുമാരി (67) നിര്യാതയായി. മക്കൾ: പത്മസാബു, പത്മസുമ. പത്മാസുനിൽ. മരുമക്കൾ: പ്രിയ, ബിജ്ജു. സഞ്ചയനം: ഞായറാഴ്ച രാവിലെ 8.30ന്. ഫോൺ: 9947122615.

### സുകുമാരൻ
**തിരുവനന്തപുരം :** വട്ടിയൂർക്കാവ് കൊടുങ്ങാനൂർ കൊച്ച് പ്ലാവോട് തെക്കേവീട്ടിൽ വി. സുകുമാരൻ (57) നിര്യാതനായി. ഭാര്യ :ഗീത. മക്കൾ: ആശ, നിഷ, നിഷാദ്. മരുമക്കൾ: ബൈജു, സജി, ലക്ഷ്മി. സഞ്ചയനം ചൊവ്വാഴ്ച രാവിലെ 8.30ന്.

### ദാമോദരൻ നാടാർ
**കോവളം:** വെങ്ങാനൂർ പനങ്ങോട് നെടിയ കരിത്തലമേലെ വീട്ടിൽ ദാമോദരൻ നാടാർ (87) നിര്യാതനായി ഭാര്യ :അമ്മു മക്കൾ: സുധ, ഉഷ, ബിജു, ബൈജു മരുമക്കൾ: മോഹനൻ, സദാശിവൻ, താര, വിനിത. ശവ സംസ്കാരം ഇന്ന് രാവിലെ 11 ന് വീട്ടുവളപ്പിൽ. സഞ്ചയനം വെള്ളിയാഴ്ച രാവിലെ 9 ന് ഫോൺ: 9447903453.

### കാർത്തികേയൻ
**ശ്രീകാര്യം:** ഇടവക്കോട് സുനിൽ ഭവനിൽ കാർത്തികേയൻ (ബാബു-64) നിര്യാതനായി.ഭാര്യ : സുനന്ദ. ബി. മക്കൾ : സുനിൽ, സുമ. എസ്. മരുമക്കൾ : ധന്യ, സുഭാഷ്. സഞ്ചയനം വ്യാഴാഴ്ച രാവിലെ 8 ന്. 9946108098.

### സരോജനിഅമ്മാൾ
**തിരുവനന്തപുരം :** ആനയറ സരോജസദനത്തിൽ പമ്പ്ഹൗസിന് സമീപം എം. എൻ.ആർ. എ 169 ൽ പരേതനായ എസ്. രാമൻചെട്ടിയാരുടെ ഭാര്യ കെ. സരോജനി അമ്മാൾ (85) നിര്യാതയായി. മക്കൾ: ശരത്ചന്ദ്രൻ, സുജാതകുമാരി, സുഷമ, സുലോചന. മരുമക്കൾ: ചന്ദ്രിക, മണിയൻ ചെട്ടിയാർ, പരേതനായ രാധാകൃഷ്ണൻ, ജയചന്ദ്രൻ. ഫോൺ: 2740469.

### ജ്ഞാനം
**കമലേശ്വരം** പയറ്റുക്കുപ്പം പി ആർ എ 50/3ൽ ജ്ഞാനം (64 വയസ്സ്) നിര്യാതയായി. മക്കൾ : മേലിൻ, മനില, ബ്രിന്ദ, പ്രവീണ. മരുമക്കൾ: നിക്സൺ, രാജ്, പ്രസാദ്, അരുൺ. സംസ്കാരം ഇന്ന് (തിങ്കളാഴ്ച) ഉച്ചക്ക് 12 മണിക്ക് വള്ളിയൂരിന് സമീപം മെൻജാപുരം സിഎസ്ഐസൈന്റ്റ്പോൾസ് ചർച്ചിൽ. 9746650055.

### വൈദേഹി
**കടയ്ക്കാവൂർ :** അഞ്ചുതെങ്ങ് മണ്ണാക്കുളത്ത് സദാശിവമന്ദിരത്തിൽ പരേതനായ ശ്രീരംഗരാജിന്റെ ഭാര്യ ആർ. വൈദേഹി(83) നിര്യാതയായി. മക്കൾ: മല്ലിക, അശോകൻ, പരേതനായ പ്രേംകുമാർ, സുനിത, ദശരഥൻ, സുമം, രാജേന്ദ്രൻ, ഷിറാജ്. മരുമക്കൾ: അശോകൻ, രാധാദേവി, തമ്പി, ആർ. രാജേന്ദ്രൻ, സിന്ധു. സഞ്ചയനം 3 ന് രാവിലെ 8-30ന്.

### മണി
**പാറശാല:** ആറയൂർ മണി ഭവനിൽ മണി (71) നിര്യാതനായി. ഭാര്യ പരേതയായ ഇന്ദിര. മക്കൾ: മോനീന്ദ്രൻ (ഹെൽത്ത് ഡിപ്പാർട്ട്മെന്റ്), സീമ. മരുമക്കൾ: ശോഭ മാധവൻ (ഹെൽത്ത്), സന്തോഷ് കുമാർ (ഇ.സി.എച്ച്.എസ്). സഞ്ചയനം: തിങ്കളാഴ്ച രാവിലെ 9.30ന്.

### സുരേന്ദ്രൻ
**ആറ്റിങ്ങൽ:** ഭരതന്നൂർ ലെനിൻകുന്ന് നെട്ടുമൺ കോണത്ത് വീട്ടിൽ ആർ.സുരേന്ദ്രൻ (68) നിര്യാതനായി. ഭാര്യ: വിലാസിനി. മക്കൾ: ഷൈലജ, ഷാജു. മരുമക്കൾ: രമേശൻ, അശ്വതി. സഞ്ചയനം തിങ്കളാഴ്ച രാവിലെ 9 ന്.

### അജീഷ്കുമാർ
**പൂവച്ചൽ :** കാപ്പിക്കാട് പന്തടിക്കളം അജീഷ് ഭവനിൽ ബാഹുലേയൻ നായരുടെയും ചന്ദ്രികയുടെയും മകൻ ബി.എസ്.അജീഷ്കുമാർ (28) നിര്യാതനായി. സഹോദരി: ബി.എസ്.അർച്ചന. സഞ്ചയനം തിങ്കളാഴ്ച രാവിലെ ഒൻപതിന്.

### എസ്.ജെ.നിള
**ആര്യനാട്:** ഉഴമലയ്ക്കൽ കുളപ്പടപുണർതത്തിൽ എസ്.കെ. സുനിൽകുമാർ-ജി.എസ്.അമ്മ ജിഷാ മോൾ ദമ്പതികളുടെ മകൾ എസ്.ജെ.നിള(14) നിര്യാതയായി. സഹോദരൻ :എസ്.ജെ.ദർശൻ.

### കൊച്ചുപാർവതി
**കാച്ചാണി :** തലക്കോട്ടുകോണത്ത് പുത്തൻവീട്ടിൽ കൊച്ചുപാർവതി (87) നിര്യാതയായി. മക്കൾ: ഓമന, പരേതനായ കൃഷ്ണൻകുട്ടി, കരുണാകരൻ, ഇന്ദിര, മധു, കുമാരി. മരുമക്കൾ: പരേതനായ സെൽവൻ , സിസിലി, അനിത, ശിവൻ, വസന്ത, ശിവൻ. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 8ന്.

### ജഗദമ്മ
**അരുവിക്കര :** ഇരുമ്പ പറമ്പിൽ ഹൗസിൽ പരേതനായ വി.കെ. വിശ്വംഭരന്റെ ഭാര്യ ജഗദമ്മ കെ. (86) നിര്യാതയായി. മക്കൾ: , വി.സുധീരൻ, ജെ. ഷീല, പരേതരായ വി.സുരേഷ്കുമാർ, വി. ബേബി, വി. പ്രസന്നൻ, വി.സതീശൻ. മരുമക്കൾ: സുധാകുമാരി, സുഗുണ, അനിതകുമാരി, ഷീബാറാണി, രാജേന്ദ്രൻ സി. സഞ്ചയനം: ബുധനാഴ്ച രാവിലെ 8.30ന്.

### കേശവൻകുട്ടി
**ആറ്റിങ്ങൽ:** മാമം നൈനാംകോണം ചരുവിള പുത്തൻ വീട്ടിൽ കേശവൻ കുട്ടി(84) നിര്യാതനായി. ഭാര്യ: പരേതയായ ആനന്ദവല്ലി. മക്കൾ : കുമാരി, ഷൈലജ, രാമചന്ദ്രൻ, അമ്പിളി. മരുമക്കൾ: സുധാകരൻ, രാജീവ്, റീബ, രജനി. സഞ്ചയനം ബുധനാഴ്ച രാവിലെ 8 ന്.

### ആർ. ഗോവിന്ദൻ നായർ
**പാറശാല:** ചെങ്കൽ വട്ടവിള മഠവംവിളാകം കമല നിലയത്തിൽ തങ്കമണി (83, റിട്ട.അദ്ധ്യാപകൻ, കുളത്തൂർ ജി.എം.യു.പി.എസ്) നിര്യാതനായി. ഭാര്യ: പരേതയായ ആനന്ദവല്ലിയമ്മ. മകൾ: ജി.എ.ഇന്ദുലേഖ (ദീപ). മരുമകൻ: ജി.എസ്.ശ്യാംകുമാർ. സഞ്ചയനം ഒക്ടോബർ 7 ന് രാവിലെ 9 ന്.

### സത്യദാസ്
**കിളിമാനൂർ** ഊമൺപള്ളിക്കര കുഴിവിള ആരാധനയിൽ സത്യദാസ് (79) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 10 മണിക്ക് സ്വവസതിയിൽ. ഭാര്യ വൽസല, മക്കൾ ജോയി (വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്), ജോളി, മായ (KSRTC. കിളിമാനൂർ) മരുമക്കൾ ലേഖ ( ടീച്ചർ പൂയപ്പള്ളി ഗവ. H S) V.K. ലാൽ, ബിജു (വിജിലൻസ്, വികാസ് ഭവൻ).

### ജയലക്ഷ്മി
**നാലാഞ്ചിറ :** കോട്ടമുഗൾ ഐശ്വര്യ നഗർ വൈഷ്ണവത്തിൽ സി. സുബ്രഹ്മണ്യൻ ആചാരിയുടെയും രാജേശ്വരിയുടെയും മകൾ ജയലക്ഷ്മി ആർ.എസ്(36) നിര്യാതയായി. ഭർത്താവ്: ഹരിഹരൻ. (സബ് എൻജി. കെ.എസ്. ഇ.ബി, നാലാഞ്ചിറ). മക്കൾ: ഹർഷ, ഹർഷിത, ജിതിൻ. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 8.30ന്. ഫോൺ : 9645735176.

### വിലാസിനി അമ്മ
**തോട്ടവാരം :** വിളയിൽ വീട്ടിൽ പരേതനായ ശിവൻപിള്ളയുടെ ഭാര്യ വിലാസിനി അമ്മ (69) നിര്യാതയായി. മകൻ : സുധീഷ് (കുട്ടൻ). മരുമകൾ: സോളി.

### ദേവകി
**നിലമാമൂട്:** നാറാണി സ്നേഹ നിവാസിൽ പരേതനായ സദാനന്ദന്റെ ഭാര്യ ദേവകി (75) നിര്യാതയായി. മക്കൾ: കൃഷ്ണകുമാരി, ഇന്ദിര, രാജൻ. മരുമക്കൾ: വിജയൻ, രവീന്ദ്രൻ, ശ്രീജ. പ്രാർത്ഥന: വെള്ളിയാഴ്ച രാവിലെ 9- ന്.

### സുശീല
**കട്ടച്ചൽകുഴി :** ഉഷസ് ഭവനിൽ മംഗലത്തുകോണം സുശീല സി. (മണിയമ്മ, 73) നിര്യാതയായി. ഭർത്താവ്: വിശ്വംഭരൻ. മക്കൾ: പരേതയായ ലതിക, ലേഖ, ലതേഷ്കുമാർ, മരുമക്കൾ: ഭുവനേന്ദ്രൻ, ലോലിത. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 8ന്.

### തോമസ് വർഗീസ്
**ചേർത്തല:** വയലാർ ഗ്രാമപഞ്ചായത്ത് 15-ാം വാർഡ് ഒളതല തെക്കേ പാടത്ത് തോമസ് വർഗീസ്(69) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 10ന് കാവിൽ സെന്റ് മൈക്കിൾസ് പള്ളി സെമിത്തേരിയിൽ. ഭാര്യ: ഫിലോമിന തോമസ്. മക്കൾ: സാജു, സനീഷ്.

### തുളസീധരൻനായർ
**പൂതക്കുളം:** കോട്ടുവൻകോണം വിനോദ് നിവാസിൽ തുളസീധരൻ നായർ (57) നിര്യാതനായി. ഭാര്യ: കെ. ബിന്ദു. മക്കൾ: വിനോദ്, വിനീത. മരുമക്കൾ: ശിൽപ, സുബിൻ. സഞ്ചയനം 4 ന് രാവിലെ 7ന്. ഫോൺ: 9567328207ണ

### ലീലാബായി
**നെയ്യാറ്റിൻകര :** തവരവിള ജെ.എൽ കോട്ടേജിൽ ജറാൾഡിന്റെ ഭാര്യ ആർ. ലീലാബായി (69) നിര്യാതയായി. മക്കൾ: എഡ്വിൻ റോയ്, അനിതാ ജാസ്മിൻ, ശ്യാം റോയ്. മരുമക്കൾ: സുഷ റോയ്, ലാൽമോഹൻ, ഷൈനി റോയ്. പ്രാർത്ഥന: ബുധനാഴ്ച രാവിലെ ഒൻപതിന്.

### ജെ. സരസ്വതി അമ്മ
**നെയ്യാറ്റിൻകര:** മണലുവിള എസ്.എസ് നിവാസിൽ . സുകുമാരൻ നായർ (റിട്ട പോസ്റ്റ്മാൻ ) ന്റെ ഭാര്യ ജെ. സരസ്വതി അമ്മ (73) നിര്യാതയായി. മക്കൾ: ഷാജി, ഷീജ (KSRTC നെയ്യാറ്റിൻകര ), ഷാബു ( ദേവസ്വം ബോർഡ്). മരുമക്കൾ: സുമ, പരേതനായ രാമചന്ദ്രൻ , ബിന്ദു. മരണാനന്തര ചടങ്ങ് ഇന്ന് രാവിലെ 9 ന്. സഞ്ചയനം വ്യാഴം രാവിലെ 8.30 ന്.

### അമ്മിണിഅമ്മാൾ
**തിരുവനന്തപുരം :** ധർമ്മാലയം റോഡ് വിനായക ഡി45 25-2038 ൽ റിട്ട. കെ.എസ്. ഇ.ബി. ഓഫീസർ രാമയ്യരുടെ ഭാര്യ അമ്മിണിഅമ്മാൾ (63) നിര്യാതയായി. മക്കൾ : ഹരി ഇൻഫോസിസ്, ശ്രീവിദ്യ (ടീച്ചർ, ക്രൈസ്റ്റ് നഗർ സ്കൂൾ). മരുമകൻ: പ്രകാശ്( ബിസിനസ്). സംസ്കാരം ഇന്ന് ഉച്ചയ്ക്ക് പന്ത്രണ്ടിന് കരമന ബ്രാഹ്മണ സമുദായം ശ്മശാനത്തിൽ.

### ബൈജുനാഥ്
**നീണ്ടകര:** ശ്രീശൈലത്തിൽ ബൈജുനാഥ് (രാജു-57) നിര്യാതനായി. ഭാര്യ: ഷീല, മകൻ: അച്ചുത്. മരണാനന്തര ചടങ്ങ് വ്യാഴാഴ്ച രാവിലെ 6.30 ന്.

### തങ്കപ്പൻ
കിഴക്കേകല്ലട: മരവൂർമുറി കരിപ്പാലവീട്ടിൽ തങ്കപ്പൻ (78) നിര്യാതനായി. ഭാര്യ: പരേതയായ മീനാക്ഷിഅമ്മ. മക്കൾ: ഷീജ, ഷിബു, ഷീബ. മരുമക്കൾ: ഹരി, ജലജ, ശിവൻകുട്ടി.

### ടി.കെ.ഭാസ്കരൻ
**ആലപ്പുഴ:** തെക്കനാര്യാട് കളിത്തട്ടുങ്കൽ ടി.കെ.ഭാസ്കരൻ (83) നിര്യാതനായി. മക്കൾ : സന്തോഷ്, ബീന. മരുമക്കൾ: റാണി, ആനന്ദൻ.

### വിക്രമൻ നായർ
**കല്ലറ :** മുതുവിള കൊച്ചുകരിക്കകം കുന്നംപുറത്ത് വീട്ടിൽ എം. വിക്രമൻ നായർ (82) നിര്യാതനായി. ഭാര്യ: ഭാർഗവിഅമ്മ. മക്കൾ: സുഷമ്മ, സുലേഖ, ഗീത. മരുമക്കൾ: സാംബശിവൻ, മോഹനകുമാർ (എൽ.ഐ.സി ഏജന്റ്), പരേതനായ അനിൽകുമാർ. സഞ്ചയനം: ശനിയാഴ്ച രാവിലെ ഒൻപതിന്.

### നാൻസി
**ശംഖുംമുഖം :** വലിയത്തോപ്പ് ലാന റോഡ് ടി.സി 34/1341 തൈവിളാകം ഹൗസിൽ മാർട്ടിന്റെ ഭാര്യ നാൻസി (66) നിര്യാതയായി. മക്കൾ: ജോൺ ബോസ്കോ (യു.എ.ഇ), തെർസീറ്റ (ജുസ്സൻ കമ്പനി), മാനവൽ , ജോസ്, വിനോദ്. മരുമക്കൾ: ഡോളി, പരേതനായ റോക്കി ഫർണാണ്ടസ്, അന, സ്മിത, ഈവിദ. സംസ്കാരം നാളെ വൈകിട്ട് മൂന്നിന് വലിയത്തോപ്പ് സെന്റ് ആൻസ് പള്ളി സെമിത്തേരിയിൽ.

### അല്ലി
**തുറവൂർ:** കുത്തിയതോട് പഞ്ചായത്ത് ആറാം വാർഡിൽ നാളികാട്ട് പുതുക്കാട്ടു വെളി ഹീരാ ലാലിന്റെ ഭാര്യ അല്ലി (67) നിര്യാതയായി. സംസ്കാരം ഇന്ന് രാവിലെ 11 ന് വീട്ടുവളപ്പിൽ. മക്കൾ: ഷിംബുലാൽ (സി.ആർ.പി.എഫ്, വിജയവാഡ ), ലാൽ ചന്ദ്, ശ്രീദേവി. മരുമക്കൾ: ജയറാണി, ജനനി, സുധീർ.

### ചന്ദ്രൻ പിള്ള
മുഖത്തല: കുറുമണ്ണ പെരുമ്പ്രാവിൽ പ്രസാദ് വിലാസത്തിൽ (നൻമ നഗർ 181) പരേതരായ തങ്കപ്പൻ പിള്ളയുടെയും ചെല്ലമ്മയുടെയും മകൻ ചന്ദ്രൻ പിള്ള (68) നിര്യാതനായി. ഭാര്യ: രാധാമണി.

### ആർ.സരസമ്മ
**പൂഴിക്കുന്ന്:** അരുമന പുണ്യം കല്ലുവരമ്പ് വീട്ടിൽ ആർ.സരസമ്മ 82 നിര്യാതയായി. ഭർത്താവ്. എസ്.രാജശേഖരൻ, മക്കൾ. വിജയൻ, ശാന്തകുമാരി, ശൈലജ, രാജ്കുമാർ. മരുമക്കൾ. വിജയമ്മ, ശശികുമാർ (പരേതൻ), രാജേഷ്, ലതാറാണി. സംസ്കാരം ഇന്ന് രാവിലെ 12 മണിക്ക്.

### ത്രേസ്യാമ്മ മോളി
**മഞ്ഞുമ്മൽ:** കുരിശ്ശു വീട്ടിൽ ത്രേസ്യാമ്മ മോളി (59) നിര്യാതയായി. ഭർത്താവ് പരേതനായ കെ.ജെ. ആന്റണി. മക്കൾ: പരേതനായ ജോസഫ് അനിൽ, സുനിൽ പോൾ.

### സാറാമ്മ
കൊല്ലം: മുണ്ടയ്ക്കൽ എസ്.പി ഓഫീസിന് സമീപം സൂര്യ നഗർ-131 പരേതനായ സാമുവേലിന്റെ ഭാര്യ സാറാമ്മ (89) നിര്യാതയായി. സംസ്കാരം ഇന്ന് വൈകിട്ട് 3.30 ന് കടപ്പാക്കട സി.എസ്.ഐ ക്രൈസ്റ്റ് പള്ളി സെമിത്തേരിയിൽ. മകൾ: ഷെർളി (ചെന്നൈ). മരുമകൻ: ബെന്നി.

### പ്രസന്ന പ്രഭ
പത്തനാപുരം: പിറവന്തൂർ എലിക്കാട്ടൂർ ചന്ദ്രവിലാസത്തിൽ പരേതനായ ജി.പ്രഭയുടെ ഭാര്യ പ്രസന്ന പ്രഭ (54) നിര്യാതയായി. സംസ്കാരം ഇന്ന് രാവിലെ 11 ന് പിറവന്തൂർ ഉഷസിൽ. മക്കൾ: പ്രീതി (യു.എസ്.എ), പ്രീജി (കെ.എസ്.ഇ.ബി). മരുമക്കൾ: പ്രവീൺ (യു.എസ്.എ), അരുൺ (ടെക്നോപാർക്ക്) സഞ്ചയനം ന് രാവിലെ 8 ന്

### കൊച്ചുനാരായണപിള്ള
**പോത്തൻകോട്:** ചേങ്കോട്ടുകോണം സ്വാമിയാർമഠം സുധാഭവനിൽ കൊച്ചുനാരായണപിള്ള (74 ) നിര്യാതനായി. ഭാര്യ :ലീലമ്മ . മക്കൾ : ബിന്ദു, സിന്ധു, പ്രദീപ്കുമാർ. മരുമക്കൾ: മോഹനൻ നായർ , ഉണ്ണികൃഷ്ണൻ , മിനി . സഞ്ചയനം:ഞായറാഴ്ച രാവിലെ 8.30 ന്.

### സുധികുമാർ
**ബാലരാമപുരം:** പയറ്റുവിള പനപ്പഴിഞ്ഞി അനിത നിവാസിൽ സുധി കുമാർ (56) നിര്യാതനായി ഭാര്യ അനിതകുമാരി, മക്കൾ: ആദർശ്, അനൂപ് സഞ്ചയനം 4/10 /2018 വ്യാഴാഴ്ച രാവിലെ 8 മണിക്ക് ഫോൺ ഏജന്റ് 9447696249

### സുബ്രഹ്മണ്യപിള്ള
**തിരുവനന്തപുരം:** കാലടി മരുതൂർക്കടവിർ മാർവൽ ഡി 2ൽ സുബ്രഹ്മണ്യപിള്ള (മണി-62) നിര്യാതനായി. ഭാര്യ: നവജ്യോതി. മക്കൾ: അഞ്ജന തങ്കം, അരുണ, അനന്തകൃഷ്ണ. മരുമക്കൾ: അജയ്, ബോബി. സംസ്കാരം: ഇന്ന് രാവിലെ 11 ന് തൈക്കാട് ശ്മശാനത്തിൽ. 7907924923.

### വിഷ്ണുമൂർത്തി
**തിരുവനന്തപുരം :** ഈഞ്ചക്കൽ ഗാന്ധിനഗർ ഗോപാലത്തിൽ പി. ജി. ആർ. എ ക്യൂ 5-ൽജി. വിഷ്ണുമൂർത്തി (82, റിട്ട. അസി. ഡയറക്ടർ, ബ്യൂറോ ഒഫ് ഇക്കോണമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, കേരള) നിര്യാതനായി. ഭാര്യ: ലക്ഷ്മി അമ്മാൾ. (റിട്ട. അക്കൗണ്ട്സ് ഓഫീസർ, കെ.എസ്. ഇ.ബി).

### വിജയൻ
**മുടപുരം:** അഴൂർ ചേമ്പുംമൂല എസ്.വി ഭവനിൽ വിജയൻ (48 ) നിര്യാതനായി. ഭാര്യ സിന്ധു , മക്കൾ: ശ്രീജിത്ത്, ശ്രീഷയ.

### രാജൻ
**കമലേശ്വരം :** തോട്ടം പുഷ്പകേശ് ഇ.ആർ.എ 58 എ എള്ളുവിളാകത്തിൽ രാജൻ (78, റിട്ട. തിരു. കോർപ്പറേഷൻ) നിര്യാതനായി. മക്കൾ :പരേതനായ ഹരികുമാർ, രാധിക, ശ്രീകുമാർ. മരുമകൻ: അനിൽകുമാർ. സംസ്കാരം ഇന്ന് രാവിലെ 9.30ന് മുട്ടത്തറ മോക്ഷകവാടത്തിൽ. മരണാനന്തരചടങ്ങുകൾ വെള്ളിയാഴ്ച രാവിലെ എട്ടിന്.

### ജഗദമ്മ. എൻ
**ശ്രീകാര്യം:** അർച്ചന നഗർ എഫ് 26, തുമ്പാപറമ്പു വീട്ടിൽ പരേതനായ ഗോപിനാഥൻ നായരുടെ ഭാര്യ ജഗദമ്മ. എൻ. നിര്യാതയായി . മക്കൾ : ഗീതാകുമാരി. ജി, ഹരീഷ് കുമാർ. ജി. മരുമക്കൾ : രാമചന്ദ്രൻ നായർ. സി, ദീപാറാണി. എസ്. ശവസംസ്കാരം തിങ്കളാഴ്ച രാവിലെ സ്വവസതിയിൽ സഞ്ചയനം ഞായറാഴ്ച രാവിലെ 9 ന്. 9847395030.

### ശാരദാമ്മ
അഞ്ചൽ: കോമളം തുഷാരയിൽ പരേതനായ പ്രഭാകരന്റ (റിട്ട. ഹെഡ്മാസ്റ്റർ) ഭാര്യ ശാരദാമ്മ (95) നിര്യാതയായി. സംസ്കാരം ഇന്ന് രാവിലെ 11 ന്. മക്കൾ: രാജൻ, ജയശ്രീ, തുളസീഭായി, ജയചന്ദ്രൻ, പ്രസാദ്, ദേവദാസ്. മരുമക്കൾ: ചിറ്റമ്മ, രതിരമണൻ, ശശീധരൻ, ജയ, ബീന, ഷീല.

### ബേബി ക്ലാർനെറ്റ് മാസ്റ്റർ
ഇടയപ്പാറ : പുളിച്ചുമാക്കൽ പി.ജെ. ബേബി (69, ക്ലാർനെറ്റ് മാസ്റ്റർ) നിര്യാതനായി. ഭാര്യ: ശോശാമ്മ. ക്കൾ : ജോസുകുട്ടി, ജോയ്സ്. മരുമക്കൾ: ലീലാമ്മ, രാജു. സംസ്കാരം നാളെ 12ന് ഇടയപ്പാറ ഗ്ലോബൽ മിഷൻ ഇന്ത്യ ചർച്ച് സെമിത്തേരിയിൽ.

### ആർ. പങ്കജാക്ഷൻ
**പന്തളം :** പൂഴിക്കാട് പുളിവിളയിൽ റിട്ട. ഡപ്യൂട്ടി കളക്ടർ ആർ. പങ്കജാക്ഷൻ (73) നിര്യാതനായി. ഭാര്യ രത്നമ്മ ( റിട്ട. അദ്ധ്യാപിക). മക്കൾ : മഞ്ജു, പ്രമോദ് (ഇരുവരും യു. എസ്.എ). മരുമക്കൾ : രവി, ദീപ്തി (ഇരുവരും യു. എസ്. എ). സഞ്ചയനം വ്യാഴാഴ്ച രാവിലെ 9 ന്.

### കെ.രാജൻ
**കരുനാഗപ്പള്ളി:** പടനായർകുളങ്ങര വടക്ക് അമൃതയിൽ (കൊപ്രാപുരയിൽ) കെ. രാജൻ (65, അമൃത സൈക്കിൾമാർട്ട്, പുന്നമൂട്, വർക്കല ) നിര്യാതനായി. ഭാര്യ: രമ. മക്കൾ: അമൃത, അഖിൽ രാജ്. മരുമകൻ: സുനിൽ കുമാർ. സഞ്ചയനം 4 ന് വ്യാഴാഴ്ച രാവിലെ 8 ന്. ഫോൺ: 9539883500

## യുവാവിനെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമം

നെടുമങ്ങാട്: കടയിൽക്കയറി യുവാവിനെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമം. വാളിക്കോട് ജംഗ്ഷന സമീപം ഫ്രൂട്സ് കച്ചവടം നടത്തുന്ന വാളിക്കോട് പറമുട്ടം നാല്ലാലി പൊയ്കയിൽ അബ്ദുള്ള (22) യെയാണ് കഴിഞ്ഞദിവസം രാത്രി 11 മണിയോടെ ഒരു സംഘം മാരകായുധങ്ങളുമായെത്തി വെട്ടി പരിക്കേല്പിച്ചത്. തലയ്ക്കും കൈക്കും ഗുരുതരമായി പരിക്കേറ്റ അബ്ദുള്ള തിരുവനന്തപുരം മെഡിക്കൽകോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. രാത്രി കട അടച്ചു നിൽക്കുമ്പോഴായിരുന്നു ആക്രമണം. ദിവസങ്ങൾക്കു മുമ്പ് കടയിലെത്തിയ മൂവർ സംഘം വഴക്കുണ്ടാക്കിയിരുന്നതായി അബ്ദുള്ള പറഞ്ഞു. ഇതു സംബന്ധിച്ച പരാതി നെടുമങ്ങാട് പൊലീസിൽ നിലനിൽക്കെയാണ് അബ്ദുള്ളയ്ക്കു നേരെ ആക്രമണം.

## 'നദി'യിൽ അഭിനയിച്ചയാൾ നദിയിൽ ജീവനൊടുക്കി


ഏണസ്റ്റ്

ആലുവ: പതിറ്റാണ്ടുകൾക്ക് മുമ്പ് ആലുവ പെരിയാർ കേന്ദ്രീകരിച്ച് ചിത്രീകരിച്ച 'നദി'യിലൂടെ അഭിനയ ലോകത്തേക്കെത്തിയയാൾ ആദ്യ സിനിമയുടെ ഓർമ്മകൾ നിലനിൽക്കുന്ന പെരിയാറിൽ തന്നെ ജീവനൊടുക്കി. എറണാകുളം അയ്യപ്പൻകാവ് സെമിത്തേരി മുക്കിന് സമീപം പണിക്കാശേരി വീട്ടിൽ പി.വി. ഏണസ്റ്റ് (74) ആണ് ഇന്നലെ രാവിലെ ആലുവ മണപ്പുറത്ത് പെരിയാറിൽ മരിച്ചത്. എറണാകുളം പൊലീസ് കമ്മിഷണർ ഓഫീസിലെ യു.ഡി ക്ലാർക്ക് ആയിരുന്നു.

രാവിലെ ആറ് മണിയോടെ മണപ്പുറത്തെത്തിയ ഏണസ്റ്റ് പാന്റും ഷർട്ടും മാറാതെ തന്നെ പടവുകൾ ഇറങ്ങി പെരിയാറിലേക്ക് നടക്കുകയായിരുന്നു. പത്ത് മീറ്റർ പോലും ഇറങ്ങും മുമ്പേ ചെളിയിൽ പുതഞ്ഞു താണു. ആലുവ ഫയർഫോഴ്സ് എത്തി ജില്ലാ ആശുപത്രിയിലേക്ക് കൊണ്ടുപോയി. അജ്ഞാതൻ എന്ന നിലയിലാണ് മൃതദേഹം മോർച്ചറിയിലേക്ക് മാറ്റിയത്. ഇതിനിടെ എറണാകുളം സെൻട്രൽ സ്റ്റേഷനിൽ ഏണസ്റ്റിനെ കാണ്മാനില്ലെന്ന് മകൻ റെലൻ പരാതി നൽകിയതിനെ തുടർന്നാണ് ആളെ തിരിച്ചറിഞ്ഞത്.

ഇടതുകാലിൽ കാൻസർ ബാധ കണ്ടെത്തിയതിനെ തുടർന്ന് ഏണസ്റ്റ് ഏറെമനോവിഷമത്തിലായിരുന്നു. നദി സിനിമയ്ക്ക് ശേഷം ഏണസ്റ്റ് നിരവധി ചിത്രങ്ങളിൽ ചെറിയ വേഷങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. സംവിധായകൻ കെ. മധുവിന്റെ ചിത്രങ്ങളിൽ സ്ഥിരം അഭിനേതാവായി. നടൻ ദിലീപിനൊപ്പവും വേഷമിട്ടിട്ടുണ്ട്.

ആലുവ ജില്ലാ ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. ഇന്ന് വൈകിട്ട് 3ന് സെമിത്തേരിമുക്ക് സെന്റ് ഫ്രാൻസിസ് അസീസി പള്ളിയിൽ സംസ്കരിക്കും. ഭാര്യ: ഗ്രേസി (റിട്ട. ആർ.ഐ, മുനി. കോമൺ സർവീസ്) മകൻ: റെലൻ ( ഡയറക്ടർ, റെലാൻ ഏണസ്റ്റ് പ്രൊഡക്ഷൻസ്). മരുമകൾ: ലക്ഷ്മി ശശികുമാർ.

## നവവധു ഭർതൃഗൃഹത്തിൽ തൂങ്ങി മരിച്ചനിലയിൽ

വെഞ്ഞാറമൂട്: നവവധു ഭർത്തൃഗൃഹത്തിൽ തൂങ്ങിമരിച്ചനിലയിൽ. കോട്ടുകുന്നം മണ്ഡപക്കുന്നിൽ വീട്ടിൽ രതീഷിന്റെ ഭാര്യ അശ്വതി (19) ആണ് മരിച്ചത്.

ഇന്നലെ രാവിലെ വീട്ടിലെ കിടപ്പുമുറിയിൽ തൂങ്ങിയ നിലയിൽ മരുമകളെ കണ്ട ഭർതൃമാതാവിന്റെ നിലവിളി കേട്ടെത്തിയ അയൽവാസികൾ തുങ്ങാനുപയോഗിച്ച ഷാൾ മുറിച്ച് യുവതിയെ അടുത്തുള്ള സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും മരണമടയുകയായിരുന്നു.

കാരേറ്റ് പേടികുളം സ്വദേശിയാണ്. ആറു മാസം മുൻപായിരുന്നു വിവാഹം. രതീഷ് ഗൾഫിലാണിപ്പോൾ.

## യുവാവ് തൂങ്ങി മരിച്ച നിലയിൽ

കാട്ടാക്കട: യുവാവിനെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. പൂവച്ചൽ ആലമുക്ക് പുന്നാംകോണം താഹിർ മൻസിലിൽ താഹിർ(28) ആണ് മരിച്ചത്. പൂവച്ചൽ സ്വദേശിയായ സി.പിഐ നേതാവിനെ ആക്രമിച്ചെന്ന പരാതിയിൽ രണ്ടാഴ്ച മുൻപ് താഹിറിനെ കാട്ടാക്കട പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. അവിവാഹിതനാണ്. അമ്മ: ഉമൈഫാബീവി. മൂന്ന് സഹോദരങ്ങൾ.

## അപകടത്തിൽ പരിക്കേറ്റ ഗൃഹനാഥൻ മരിച്ചു

മാവേലിക്കര: ബൈക്കും സ്കൂട്ടറും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന സ്കൂട്ടർ യാത്രികൻ കറ്റാനം ഭരണിക്കാവ് വടക്ക് വിളയിൽ വീട്ടിൽ പളനി (60) മരിച്ചു.

ഒപ്പമുണ്ടായിരുന്ന പളനിയുടെ സഹോദരൻ പ്രഭാകരന്റെ ഭാര്യ സുധ, ബൈക്ക് ഓടിച്ച പല്ലാരിമംഗലം പാക്കുകണ്ടത്തിൽ വിഷ്ണു (19) എന്നിവർക്ക് പരിക്കേറ്റിരുന്നു.

അപകടത്തിൽ വലതുകാലിന്റെ മുട്ടിന് ഗുരുതരമായി പരിക്കേറ്റ പളനി കഴിഞ്ഞ ദിവസം രാത്രിയാണ് മരിച്ചത്. ബുദ്ധജംഗ്ഷൻ– പുന്നമൂട് റോഡിൽ കുടുംബകോടതിക്കു തെക്കായിരുന്നു അപകടം. മാവേലിക്കര ഭാഗത്തേക്കുവന്ന സ്കൂട്ടറിൽ എതിർദിശയിൽ നിന്നെത്തിയ ബൈക്ക് നിയന്ത്രണം വിട്ട് ഇടിക്കുകയായിരുന്നു.

## പള്ളിപ്പുറത്ത് ഇന്നലെ വീണ്ടും മൂന്ന് അപകടങ്ങൾ

കഴക്കൂട്ടം: ദേശീയപാതയിൽ പള്ളിപ്പുറത്ത് ഇന്നലെ വീണ്ടും മൂന്ന് അപകടങ്ങൾ. കുറച്ച് ദിവസം മുമ്പ് ബാലഭാസ്കറും കുടുംബവും അപകടത്തിൽപ്പെട്ട സ്ഥലത്തിന് സമീപം ഇന്നലെ വൈകിട്ട് 6.30 ഓടെ തമിഴ്നാട്ടിൽ നിന്ന് ആറ്റിങ്ങൽ ഭാഗത്തേക്ക് മരച്ചീനിയുമായി പോയ ലോറി മറിഞ്ഞ് ഡ്രൈവർക്കും ക്ലീനർക്കും നിസാര പരിക്കേറ്റു.

ഇതുകൂടാതെ പുലർച്ചെ മാരുതി കാറും ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രക്കാരന് പരിക്കേറ്റു. വൈകിട്ട് മൂന്നോടെ പള്ളിപ്പുറം മുഴിതിരിയാവട്ടം വളവിൽ സ്കൂട്ടറും കാറും കൂട്ടിയിടിച്ച് സ്കൂട്ടർ യാത്രക്കാരനും പരിക്കേറ്റു. ദേശീയപാതയ്ക്ക് സമീപത്തെ ഒരടിയോളം താഴ്ചയുള്ള കുഴിയാണ് ലോറികൾ മറിയാനിടയാക്കിയതെന്ന് പൊലീസ് പറഞ്ഞു.


പള്ളിപ്പുറം സി.ആർ.പി.എഫ് ക്യാമ്പിന് സമീപം മരച്ചീനി കയറ്റിവന്ന വാഹനം മറിഞ്ഞപ്പോൾ


**ആറാം ചരമവാർഷികം**
2.10.2018 (പ്രാർത്ഥന നാളെ)



**റവ. മോൺ: എ. ജയിംസ്**
(സ്ഥാപകൻ - നവജീവൻ ഹോം ഫോർ ബോയ്സ്, വെള്ളനാട്)
ജനനം : 18.12.1929
പൗരോഹിത്യം : 28.3.1957
മരണം : 2.10.2012
അനുസ്മരണ ദിവ്യബലി നാളെ 8.00 a.m.-ന് മൗണ്ട് കാർമ്മൽ ചർച്ച്, മര്യാപുരം.
എന്ന്, ബന്ധുമിത്രാദികൾ.

**വേർപാടിന്റെ ഒരു വർഷം**
01.10.2018



**സജു എസ്സ്.**
പൂണർതം, BGRA-20
ഇന്ദിരാനഗർ, പേരൂർക്കട
ദുഃഖിതരായ :
ഭാര്യ– മിനി സജു
മകൻ– ആഷിക് സജു
മറ്റുകുടുംബാംഗങ്ങൾ

**63-ാം ചരമവാർഷികം**
01.10.2018



**കൃഷ്ണ പണിക്കർ**
കൃഷ്ണ സ്റ്റോർ, മണി ഭവൻ
മുതിയാവിള, കാട്ടാക്കട
ദുഃഖസ്മരണകളോടെ
സന്തപ്ത കുടുംബാംഗങ്ങൾ

**26-ാം ചരമവാർഷികം**
(01.10.2018)




**ജി. സത്യദേവൻ**
സുധ നിവാസ്, വക്കം.
ദുഃഖസ്മരണകളോടെ,
ഭാര്യ : ജി. ശാന്തിസുധ,
മകൾ : എസ്. സുമ,
മരുമകൻ : എസ്. രാജീവ്.

**വേർപാടിന്റെ ഒന്നാം വർഷം** (01.10.2018)



**ഹരിറാം പ്രസാദ്**
ദുഃഖാർത്തരായ
സഹോദരിമാർ

**രണ്ടാം ചരമവാർഷികം** (01.10.2018)



**ചെറുകോട് സദാശിവൻ**
ശിവമന്ദിരം, പൊലീസ് സ്റ്റേഷന് സമീപം,
വിളപ്പിൽശാല പി.ഒ, തിരുവനന്തപുരം.
- സന്തപ്തകുടുംബാംഗങ്ങൾ

കേരളകൗമുദി
Established by C.V. Kunjuraman as a periodical in 1911

# സ്വാമി ശ്രീനാരായണ തീർത്ഥർ
# ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ ഐക്യത്തിന് പ്രാധാന്യം നൽകിയ സന്യാസിവര്യൻ



ഗുരുദേവ മഹാസമാധി നവതി ആചരണത്തോടനബന്ധിച്ച് ശ്രീ കോട്ടുകോയിക്കൽ വേലായുധൻ രചിച്ച് ഡോ.വാഴമുട്ടം ചന്ദ്രബാബുവിന്റെ സംഗീതത്തിൽ ഗീതാ മധു ആലപിച്ച സമാധിഗാനത്തിന്റെ വീഡിയോ സി.ഡി പ്രകാശനം എസ്.എൻ.ഡി.പി യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി അടിമാലി യൂണിയൻ പ്രസിഡന്റ് അനിൽ തറനിലത്തിന് നൽകി നിർവഹിച്ചപ്പോൾ. അഡ്വ. സിനിൽ മുണ്ടപ്പള്ളി, ഇടവക്കോട് രാജേഷ്, മഞ്ഞമല സുഭാഷ്, നെടുമങ്ങാട് രാജേഷ്, കിരൺ ചന്ദ്രൻ, സജി എസ്.ആർ.എം എന്നിവർ സമീപം

ശിവഗിരി: ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ ഐക്യത്തിന് പ്രാധാന്യം നൽകിയ സന്യാസിവര്യനായിരുന്ന സ്വാമി ശ്രീനാരായണ തീർത്ഥർ എന്ന് എസ്.എൻ.ഡി.പി യോഗം ഡയറക്ടർ ബോർഡ് അംഗവും പാലാ യൂണിയൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചെയർമാനുമായ എ.ജി.തങ്കപ്പൻ പറഞ്ഞു. അതുകൊണ്ടാണ് ധർമ്മസംഘം ട്രസ്റ്റിന്റെ ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലും എസ്.എൻ.ഡി.പി യോഗം ഡയറക്ടർ ബോർഡ് അംഗമായും ഒരേസമയം പ്രവർത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്. ശിവഗിരിയിൽ ശ്രീനാരായണഗുരു മഹാസമാധി നവതി ആചരണത്തോടനുബന്ധിച്ച് നടന്ന ആചാര്യസ്മൃതി സമ്മേളനത്തിൽ സ്വാമി ശ്രീനാരായണ തീർത്ഥർ, സ്വാമി അമൃതാനന്ദ ദിനം ഉദ്ഘാടനം ചെയ്യുകയായിരുന്നു എ.ജി. തങ്കപ്പൻ.

ശ്രീനാരായണദർശനം ജനഹൃദയങ്ങളിലെത്തിക്കുന്നതിന് പ്രവർത്തിച്ച സന്യാസിശ്രേഷ്ഠനായിരുന്നു സ്വാമി ശ്രീനാരായണ തീർത്ഥരെന്ന് സ്മൃതിപ്രഭാഷണം നടത്തിയ കുറിച്ചി അദ്വൈതാശ്രമം സെക്രട്ടറി സ്വാമി ധർമ്മചൈതന്യ പറഞ്ഞു. പാമ്പാടി ശിവദർശന ക്ഷേത്രം, ചങ്ങനാശ്ശേരി ആനന്ദാശ്രമം, കുറിച്ചി അദ്വൈതവിദ്യാശ്രമം എന്നിവയുടെ വികസനത്തിനായി അശ്രാന്തപരിശ്രമമാണ് അദ്ദേഹം നടത്തിയത്. ചങ്ങനാശേരി, കുട്ടനാട്, കോട്ടയം പ്രദേശങ്ങളിൽ 150ഓളം ഭജനസംഘങ്ങളും സ്ഥാപിച്ചു. കുട്ടനാട്ടിലെ ജനങ്ങളിൽ ശുചിത്വബോധം വളർത്തിയെടുക്കുന്നതിന് ഗുരുദേവന്റെ അനുഗ്രഹാശിസുകളോടെ കുളിസംഘങ്ങളുണ്ടാക്കി. തീർത്ഥർസ്വാമി സ്ഥാപിച്ച തിരുവിതാംകൂർ മഹാജനസഭയുടെ 64 യൂണിറ്റുകളും ഭജനസംഘങ്ങളും ചേർന്നാണ് എസ്.എൻ.ഡി.പി യോഗത്തിന്റെ ആദ്യ രജിസ്ട്രേഷനിലുൾപ്പെട്ട 108 ശാഖകളുണ്ടാക്കിയതെന്നും സ്വാമി ധർമ്മചൈതന്യ പറഞ്ഞു.

ബ്രാഹ്മണസമുദായത്തിൽ ജനിച്ച സ്വാമി അമൃതാനന്ദ വേദവേദാന്താദി ശാസ്ത്രങ്ങളിൽ മഹാപണ്ഡിതനായിരുന്നെന്ന് സ്മൃതിപ്രഭാഷണം നടത്തിയ സ്വാമി സച്ചിദാനന്ദ പറഞ്ഞു. വടക്കേ ഇന്ത്യയിൽ കഴിഞ്ഞിരുന്ന അദ്ദേഹം ശ്രീനാരായണ ഗുരുദേവനെക്കുറിച്ചറിഞ്ഞാണ് കേരളത്തിലെത്തിയത്. ഗുരുവിന്റെ പ്രധാന സഞ്ചാരപഥങ്ങളിലെല്ലാം വിനീതനായ അനുയായിയെപ്പോലെ സ്വാമി അമൃതാനന്ദയും സഞ്ചരിച്ചെന്ന് സ്വാമി സച്ചിദാനന്ദ പറഞ്ഞു.

ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ അദ്ധ്യക്ഷത വഹിച്ചു. ജനറൽസെക്രട്ടറി സ്വാമി സാന്ദ്രാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, നവതി ആചരണ കമ്മിറ്റി സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ, കുമിളി ശ്രീനാരായണ ധർമ്മാശ്രമം സെക്രട്ടറി സ്വാമി ഗുരുപ്രകാശം, യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി, യോഗം ദേവസ്വം സെക്രട്ടറി അരയാക്കണ്ടി സന്തോഷ്, കൗൺസിലർമാരായ സുന്ദരൻ കൊല്ലം, കാവേരി രാമചന്ദ്രൻ, ശിവഗിരി യൂണിയൻ സെക്രട്ടറി സജി .എസ്.ആർ.എം, പന്തളം യൂണിയൻ പ്രസിഡന്റ് അഡ്വ. സിനിൽ മുണ്ടപ്പള്ളി, അടിമാലി യൂണിയൻ പ്രസിഡന്റ് അനിൽ തറനിലം, നേമം യൂണിയൻ സെക്രട്ടറി മേലാംകോട് സുധാകരൻ, യോഗം ഇൻസ്പെക്ടിംഗ് ഓഫീസർ രാജേഷ് നെടുമങ്ങാട്, പത്രാധിപർ കെ. സുകുമാരൻ സ്മാരക യൂണിയൻ പ്രസിഡന്റ് ഡി. പ്രേംരാജ്, ചെങ്ങന്നൂർ യൂണിയൻ കൺവീനർ സുനിൽ വള്ളിയിൽ, പാലാ മീനച്ചിൽ യൂണിയൻ കൺവീനർ അഡ്വ. കെ.എം.സന്തോഷ്കുമാർ പാലാ, വിജീഷ് മേടയിൽ, ശിവഗിരി യൂത്ത് മൂവ്മെന്റ് കൺവീനർ രജനു പനയറ, ചെയർമാൻ അനൂപ് വെന്നികോട്, വൈസ് ചെയർമാൻ സനിൽ വലയന്റകുഴി, വനിതാസംഘം സെക്രട്ടറി സീമ തുടങ്ങിയവർ സംബന്ധിച്ചു. സ്വാമി സച്ചിദാനന്ദ രചിച്ച ശ്രീനാരായണ ഗുരുദേവന്റെ മഹാസമാധി എന്ന ഗ്രന്ഥം ധർമ്മസംഘം ട്രസ്റ്റ് ട്രഷറർ സ്വാമി ശാരദാനന്ദ എ.ജി. തങ്കപ്പന് നൽകി പ്രകാശനം ചെയ്തു. നീലഗിരി യൂണിയൻ സെക്രട്ടറി കെ.വി. അനിൽ, കല്പറ്റ യൂണിയൻ പ്രസിഡന്റ് കെ.ആർ. കൃഷ്ണൻ, സെക്രട്ടറി എം. മോഹനൻ, പുല്പള്ളി യൂണിയൻ കൺവീനർ ഷാജി ബത്തേരി എന്നിവരുടെ നേതൃത്വത്തിൽ ശാഖാ പ്രവർത്തകരും ഭക്തജനങ്ങളും ശിവഗിരിയിലെത്തി വിശ്വശാന്തിഹവനത്തിലും ജപയജ്ഞത്തിലും പങ്കെടുത്തു. ഇന്നലെ അസാധാരണ തിരക്കാണ് ശിവഗിരിയിലനുഭവപ്പെട്ടത്.

## പി.കെ. ശശിക്കെതിരായ ലൈംഗികാരോപണം ചർച്ചയ്ക്കെടുക്കാതെ സി.പി.എം

തിരുവനന്തപുരം: ഷൊർണൂർ എം.എൽ.എ പി.കെ. ശശിക്കെതിരായ ലൈംഗിക പീഡന പരാതി ഇന്നലെ ആരംഭിച്ച സി.പി.എം സംസ്ഥാന കമ്മിറ്റി ചർച്ച ചെയ്തില്ല. പ്രളയാനന്തര പുനരധിവാസ, പുനർനിർമ്മാണ പ്രവർത്തനങ്ങളാണ് യോഗം ചർച്ച ചെയ്തത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ കിട്ടിയ 1600കോടിയോളം രൂപ കൊണ്ട് ഉദ്ദേശിക്കുന്ന പുനർനിർമ്മാണ പ്രവൃത്തികൾ സാദ്ധ്യമാവില്ല. ഇതിന് ഇനിയും തുക കണ്ടെത്തണം.

ദുരന്ത മേഖലകളിൽ വീടുകൾ പൂർണമായി പുനർനിർമ്മിക്കണം. ഇതിന് വലിയ ചെലവുണ്ടാകും. മന്ത്രിമാരെ വിദേശത്തയച്ച് പണം സ്വരൂപിക്കുന്നതിനുള്ള ചർച്ചയും നടന്നു.

സംഘടനാവിഷയം ഇന്ന് അജൻഡയിലുണ്ടെങ്കിലും ശശിക്കെതിരായ ആരോപണം അന്വേഷിച്ച പാർട്ടി കമ്മിഷന്റെ റിപ്പോർട്ട് ഇന്ന് വരുമോയെന്ന് വ്യക്തമല്ല. കമ്മിഷൻ റിപ്പോർട്ട് സമർപ്പിച്ചാൽ ഇന്ന് തീരുമാനമെടുത്തേക്കാം.

# ചെലവേറി ; സ്വകാര്യ ബസ് വ്യവസായം കട്ടപ്പുറത്തേക്ക്

## ■ 1600 ബസുകൾ നിറുത്തി ■ സ്റ്റോപ്പേജ് കാത്ത് 1200



▸ ഒ.സി.മോഹൻരാജ്

കണ്ണൂർ: ഡീസലിന്റേതുൾപ്പെടെ ചെലവ് കൂടുകയും വരുമാനം കുറയുകയും ചെയ്തതോടെ സംസ്ഥാനത്താകെ സ്വകാര്യ ബസ് വ്യവസായം തളരുന്നു. ദിവസം ശരാശരി 20 ബസുകൾ റോഡിൽ നിന്ന് പിൻവാങ്ങുകയാണെന്ന് ബസുടമകൾ പറയുന്നു.

ഡീസൽ വില 80 രൂപയിലേക്ക് കുതിച്ചുകൊണ്ടിരിക്കെ ഒരു മാസത്തിനകം 1486 ബസുകളാണ് പലകാരണങ്ങളാൽ നടത്തിക്കൊണ്ടു പോകാനാവാതെ സർവീസ് നിറുത്തിയത്. കൂടാതെ 1200 ബസുകൾ ഈ മാസം അവസാനത്തോടെ സർവീസ് നിറുത്താനുള്ള സ്റ്റോപ്പേജ് അപേക്ഷ നൽകാൻ കാത്തിരിക്കുകയാണ്. ഒക്ടോബർ - ഡിസംബർ പാദത്തിൽ നികുതി ഇളവ് ചെയ്തില്ലെങ്കിൽ ഈ ബസുകൾ നിറുത്തുമെന്നും അവർ വ്യക്തമാക്കി.

സ്പെയർ പാർട്സുകളടക്കം എല്ലാറ്റിനും വില കൂടി. ഡീസൽ വിലക്കയറ്റവും തൊഴിലാളികളുടെ വേതനവും കൂടിയാകുമ്പോൾ ചെലവ് 30 ശതമാനത്തോളം വർദ്ധിച്ചു. അതിന് ആനുപാതികമായി വരുമാനത്തിൽ വർദ്ധനയില്ല.

മുമ്പ് ദിവസം 1300 ടിക്കറ്റെങ്കിലും മുറിച്ചിരുന്ന ബസുകളിൽ ഇപ്പോൾ അത് അറുനൂറിൽ താഴെയായി. ബസ് വ്യവസായത്തെ സംരക്ഷിക്കാൻ സർക്കാർ ഒന്നും ചെയ്യുന്നില്ലെന്നാണ് ബസുടമകളുടെ ആക്ഷേപം. സർക്കാർ രാമചന്ദ്രൻ നായർ കമ്മിഷനെ വച്ചപ്പോൾ പ്രതീക്ഷയുണ്ടായിരുന്നു. അതും അസ്ഥാനത്തായെന്ന് അവർ പറയുന്നു.

### 10 വർഷം, കുറഞ്ഞത് 20,000 ബസുകൾ

സംസ്ഥാനത്ത് 2007ൽ 34,000 ബസുകൾ സർവീസ് നടത്തിയിരുന്നു. ഇപ്പോൾ 14,000 ബസുകൾ മാത്രം. 20,000 ബസുകളാണ് പെർമിറ്റ് റദ്ദ് ചെയ്തും സ്റ്റോപ്പേജ് നൽകിയും സർവീസ് നിറുത്തിയത്. ഈ ബസുകളിലേറെയും പെർമിറ്റ് പുതുക്കി കർണാടകയിലും തമിഴ്നാട്ടിലും ഓടുന്നുണ്ട്.

### സാന്ദ്രത കുറഞ്ഞ ഡീസലും

വിപണിയിൽ എത്തുന്ന സാന്ദ്രത കുറഞ്ഞ ഡീസലും തിരിച്ചടിയായി. ദിവസം നൂറു ലിറ്റർ ഡീസൽ വേണ്ടിവരുന്ന ബസുകൾക്ക് സാന്ദ്രത കുറഞ്ഞ ഡീസൽ 10 മുതൽ 15 വരെ ലിറ്റർ അധികം അടിക്കണം. ഇതോടെ ഡീസൽ ചെലവ് ശരാശരി 1000 രൂപ കൂടുകയാണ്.

### 2000 രൂപ മിച്ചം കിട്ടണം

ദിവസം 2000 രൂപ മിച്ചം കിട്ടിയാലേ ലാഭവും നഷ്ടവും ഇല്ലാതെ പോകൂ. ഇപ്പോൾ 500 - 800 രൂപയേ മിച്ചമുള്ളൂ എന്ന് ബസുടമകൾ പറയുന്നു. മുതൽമുടക്ക് തിരിച്ചുകിട്ടാത്ത നിലയിലാണ് ബസ് വ്യവസായം. ഒരു ജോലി എന്ന നിലയിൽ മാത്രമാണ് കൊണ്ടുപോകുന്നത്. 2010ൽ 15 ലക്ഷം രൂപയായിരുന്നു ഒരു ബസിന്റെ വില. ഇപ്പോൾ 35 ലക്ഷമായി.

> ഈ നില തുടർന്നാൽ രണ്ടു വർഷത്തിനകം സ്വകാര്യ ബസ് വ്യവസായം ഇല്ലാതാകും. ബസ് ചാർജ് വർദ്ധിപ്പിച്ച് വ്യവസായത്തെ സർക്കാർ സംരക്ഷിക്കണം
> *-എം.വി. വത്സലൻ, ചെയർമാൻ ബസ് ഓപ്പറേറ്റേഴ്സ് അസോ. കോ - ഓർഡിനേഷൻ കമ്മിറ്റി*

## ശിവഗിരിയിൽ ഇന്ന്



രാവിലെ 4.30ന് പർണശാലയിൽ ശാന്തിഹവനം, 5ന് ശാരദാമഠത്തിൽ വിശേഷാൽപൂജ, 5.45ന് ബ്രഹ്മവിദ്യാലയത്തിൽ ഗുരുദേവകൃതികളുടെ പാരായണം, 9ന് അഖണ്ഡനാമജപയജ്ഞം, വിശ്വശാന്തി ഹവനം.



ശുവാം ബാനർജി



വിക്കി മഹേശ്വരി

## ശുവാം ബാനർജി എ.ഐ.എസ്.എഫ് പ്രസിഡന്റ്, വിക്കി മഹേശ്വരി ജനറൽ സെക്രട്ടറി

അനന്തപ്പൂർ: എ.ഐ.എസ്.എഫിന്റെ ദേശീയ പ്രസിഡന്റായി ശുവാം ബാനർജിയെയും (പശ്ചിമബംഗാൾ) ജനറൽ സെക്രട്ടറിയായി വിക്കി മഹേശ്വരിയെയും (പഞ്ചാബ്) തിരഞ്ഞെടുത്തു. നാല് ദിവസത്തെ അനന്തപ്പൂർ സമ്മേളനത്തിൽ വൈസ് പ്രസിഡന്റുമാരായി ശുഭേഷ് സുധാകരൻ (കേരളം), ശിവരാമകൃഷ്ണ (തെലങ്കാന), പങ്കജ് ചൗഹാൻ (മഹാരാഷ്ട്ര), ജോയിന്റ് സെക്രട്ടറിമാരായി ദിനേഷ്. എസ് (തമിഴ്നാട്), രംഗണ്ണ (ആന്ധ്രപ്രദേശ്), സുശീൽ (ബീഹാർ), ട്രഷററായി മനസ് ബോറ (അസാം) എന്നിവരെയും തിരഞ്ഞെടുത്തു.

87 അംഗ ദേശീയ കൗൺസിൽ യോഗം ചേർന്ന് തിരഞ്ഞെടുത്ത 36 അംഗ എക്സിക്യൂട്ടിവ് കമ്മിറ്റിയിൽ കേരളത്തിൽ നിന്ന് ജെ. അരുൺബാബു, ചിഞ്ചുബാബു എന്നിവരെത്തി. കെ.ജെ. ജോയിസ്, പി. കബീർ എന്നിവർ ദേശീയ കൗൺസിലിലും അംഗങ്ങളാണ്.

വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 800 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. എ.ഐ.വൈ.എഫ് ജനറൽ സെക്രട്ടറി ആർ. തിരുമലൈ, സി.പി.ഐ സംസ്ഥാന സെക്രട്ടറി കെ. രാമകൃഷ്ണ തുടങ്ങിയവർ സംസാരിച്ചു.

# കൊളുക്കുമല വിളിക്കുന്നു, കുറിഞ്ഞിക്കുളിരുമായി

## നീലക്കുറിഞ്ഞി കാണാൻ കൊളുക്കുമലയിലേക്ക് സഞ്ചാരികളുടെ പ്രവാഹം

▸ കെ.ടി.സുരേന്ദ്രൻ



കൊളുക്കുമലയിലെ നീലക്കുറിഞ്ഞിക്കാഴ്ച

രാജാക്കാട്: കുന്നോളം കുളിരും നീലക്കുറിഞ്ഞിയുടെ മനോഹാരിതയുമായി കാഴ്ചയുടെ പുഷ്പോത്സവം തീർക്കുന്ന കൊളുക്കുമലയിലേക്ക് സഞ്ചാരികളുടെ മഹാപ്രവാഹം.

12 വർഷം മുമ്പ് മൂന്നാർ രാജമലയിൽ നീലക്കുറിഞ്ഞിയൊരുക്കിയ പുഷ്പോത്സവം ഇത്തവണ കൊളുക്കുമലയിലായതാണ് സഞ്ചാരികളെ ഇവിടേക്കാകർഷിക്കുന്നത്. പ്രതികൂലകാലാവസ്ഥയും പാരിസ്ഥിതിക പ്രത്യാഘാതങ്ങളുമാണ് ഇങ്ങനൊരു സ്ഥാനചലനത്തിന് കാരണമെങ്കിലും കൊളുക്കുമലയിലെ കുറിഞ്ഞിവസന്തം സഞ്ചാരികൾക്ക് സമ്മാനിക്കുന്നത് ഇരട്ടി മധുരമാണ്. സാഹസികമായ ഓഫ്റോഡ് ജീപ്പ് സവാരിയും എപ്പോഴും തണുപ്പുള്ള കാലാവസ്ഥയുമാണ് സമുദ്രനിരപ്പിൽ നിന്ന് 8000 അടിക്കുമേൽ ഉയരമുള്ള കൊളുക്കുമലയുടെ പ്രത്യേകതകൾ. കിഴക്കിന്റെ കാശ്മീരായ മൂന്നാറിൽ നിന്നും 35 കിലോമീറ്റർ അകലെയാണ് ഈ സുന്ദരഭൂമി.

കൊച്ചി - ധനുഷ്ക്കോടി ദേശീയപാതയിൽ ചിന്നക്കനാലിൽ നിന്നും സൂര്യനെല്ലിവഴി ജീപ്പിൽ 12 കിലോമീറ്റർ യാത്ര ചെയ്താൽ ഇവിടെയെത്താം. തമിഴ്നാട്ടിലെ തേനി ജില്ലയിൽപ്പെടുന്ന പ്രദേശമാണെങ്കിലും വാഹനത്തിൽ എത്തണമെങ്കിൽ ഏകമാർഗം സൂര്യനെല്ലിവഴി മാത്രമാണ്. അതും സിംഹപ്പാറ വരെ മാത്രം. അവിടെനിന്നും കഷ്ടിച്ച് അര കിലോമീറ്റർ നടന്നാൽ കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകളുടെ വിസ്മയഭൂവിലെത്താം. പശ്ചിമഘട്ടത്തിന്റെ ഭാഗമായുള്ള കൂറ്റൻ മലനിരകളാൽ ചുറ്റപ്പെട്ട പ്രദേശം. സദാസമയവും തഴുകിത്തലോടി കടന്നുപോകുന്ന മൂടൽ മഞ്ഞുപാളികൾ. നട്ടുച്ച നേരത്തും മലനിരകൾ താണ്ടിയെത്തുന്ന കാറ്റിന് കോടമഞ്ഞിന്റെയും ചാറ്റൽമഴയുടെയും കുളിരുമുണ്ടാകും. വേനൽക്കാലത്ത് കാട്ടുതീയിൽ കത്തിയമർന്ന പുൽമേടുകൾ പുതുമഴ പെയ്തപ്പോൾ തളിർത്ത് മഞ്ഞകലർന്ന ഇളം പച്ചപ്പരവതാനി വിരിച്ചപോലെ പരന്നുകിടക്കുകയാണ്. അതിനിടയിലാണ് കുറിഞ്ഞിപ്പൂക്കൾ നീലകലർന്ന വയലറ്റ്നിറം വാരിവിതറിയിരിക്കുന്നത്. ഇത്തവണത്തെ കനത്തമഴ പൂക്കളുടെ ശോഭകെടുത്തിയെങ്കിലും ചന്തത്തിനൊട്ടും കുറവില്ല. മലമുകളിൽ നിന്ന് നോക്കിയാൽ ടോപ്പ് സ്റ്റേഷൻ, കുരങ്ങിണി മലനിരകൾ, തെക്കൻ തമിഴ്നാട്ടിലെ ജനവാസമേഖലകളായ ബോഡിനായ്ക്കന്നൂർ, തേനി, ബോഡിമെട്ട് തുടങ്ങിയ പ്രദേശങ്ങൾക്ക് പുറമെ ഇടുക്കി ജില്ലയുടെ മിക്ക പ്രദേശങ്ങളും കാണാം. ദിവസവും നൂറുകണക്കിനു സഞ്ചാരികളാണ് ഇവിടേക്ക് എത്തിക്കൊണ്ടിരിക്കുന്നത്.

സന്ദർശകരെ സഹായിക്കാൻ പ്രദേശത്തെ ജീപ്പ് ഉടമകളുമായി സഹകരിച്ച് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ പ്രത്യേക സൗകര്യം ഒരുക്കിയിട്ടുണ്ട്. സൂര്യനെല്ലിയിലെ ഡി.ടി.പി.സി കൗണ്ടറിൽ നിന്നും വാഹനം വാടകയ്ക്ക് എടുക്കാം. ഒരു ട്രിപ്പിന് 2000 രൂപയാണ് ഫീസ്.

### കൊളുക്കുമല ചായ

ലോകത്തിലെ തന്നെ ഏറ്റവും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന തേയിലത്തോട്ടങ്ങൾ കൊളുക്കുമലയിലാണ് ഉള്ളത്. 75 വർഷത്തിലേറെ പഴക്കമുള്ള ഒരു തേയില ഫാക്ടറി ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കോട്ടഗുഡി പ്ലാന്റേഷന്റെ ഉടമസ്ഥതയിലാണിത്. സമുദ്രനിരപ്പിൽ നിന്നും 8651 അടി ഉയരത്തിലുള്ള മീശപുലിമല, 6988 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന തിപ്പാടമല എന്നീ മലനിരകൾ കൊളുക്കമലയുടെ സമീപമാണ്. കേരളത്തിൽ ലഭ്യമാകുന്ന ചായപ്പൊടികളിൽ ആവശ്യക്കാർ ഏറെയുള്ള ഇനമാണ് കൊളുക്കുമല ടീ.


## രണ്ടാം ചരമവാർഷികം (01.10.2018)



**പി. മോഹനകുമാർ**

(ബയോ മെഡിക്കൽ എൻജിനീയർ, ഹാർലോ, യു.കെ.)
ദുഃഖിതരായ കുടുംബാംഗങ്ങൾ : ഭാര്യ : സത്യശീല മോഹൻ
മക്കൾ : ദീപു മോഹൻ, ഡ്യൂക്ക് മോഹൻ (The Late),
മരുമകൾ : ടാങ്ഷൗന, ചെറുമക്കൾ : തേജസ് ദീപു, ഈഷ ദീപു.
കൃഷ്ണ, വക്കം. ഫോൺ : 0470 - 2654033




ശിവഗിരിയിൽ മഹാസമാധി നവതി ആചരണത്തോടനുബന്ധിച്ച് സ്വാമി സച്ചിദാനന്ദ രചിച്ച ശ്രീനാരായണ ഗുരുദേവന്റെ മഹാസമാധി എന്ന ഗ്രന്ഥം ധർമ്മസംഘം ട്രസ്റ്റ് ട്രഷറർ സ്വാമി ശാരദാനന്ദ എ.ജി.തങ്കപ്പന് നൽകി പ്രകാശനം ചെയ്യുന്നു. സ്വാമി ധർമ്മചൈതന്യ, സ്വാമി സച്ചിദാനന്ദ, പുത്തൂർ ശോഭനൻ, സ്വാമി ഗുരുപ്രകാശം എന്നിവർ സമീപം

## കേരള പുനർനിർമ്മാണത്തിന് ആസ്റ്റർ ഡി.എം ഹെൽത്ത് കെയറിന്റെ 15 കോടി

തിരുവനന്തപുരം: കേരളത്തിന്റെ പുനർനിർമ്മാണത്തിനായി ഇന്ത്യയിലെയും ജി.സി.സിയിലെയും പ്രമുഖ ആരോഗ്യസേവനദാതാക്കളായ ആസ്റ്റർ ഡി.എം ഹെൽത്ത്കെയർ 15 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചു. പതിനഞ്ച് കോടിയിൽ മുഖ്യമന്ത്രിയുടെ ദുരന്തനിവാരണ ഫണ്ടിലേക്കുള്ള രണ്ടരക്കോടിയുടെ ചെക്ക് തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ആസ്റ്റർ ഡി.എം ഹെൽത്ത്കെയർ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. പുതിയ വീടുകൾ നിർമ്മിക്കുന്നതിനും പ്രളയത്തിൽ നശിച്ച പ്രദേശങ്ങളിലെ വീടുകൾ നന്നാക്കുന്നതിനുമുള്ള ആസ്റ്റർ ഹോംസ് പദ്ധതിക്കാണ് ബാക്കി 12.5 കോടി രൂപ വിനിയോഗിക്കുക.

പൂർണമായും വീടുകൾ നശിച്ചുപോയവർക്കും ഭാഗികമായി നഷ്ടപ്പെട്ടവർക്കും www.astervolunteers.com എന്ന വെബ്സൈറ്റിലൂടെ അപേക്ഷ നൽകാം. അതത് പ്രദേശത്തെ എം.എൽ.എ, പഞ്ചായത്ത് പ്രസിഡന്റ്, വില്ലേജ് ഓഫീസർ എന്നിവരിൽ ആരുടെയെങ്കിലും സാക്ഷ്യപത്രവും സമർപ്പിക്കണം. കൊച്ചി ആസ്റ്റർ മെഡ്സിറ്റി, കോഴിക്കോട് ആസ്റ്റർ മിംസ്, കോട്ടക്കൽ ആസ്റ്റർ മിംസ്, വയനാട് ആസ്റ്റർ വിംസ് എന്നിവിടങ്ങളിലെ ഹെൽപ്പ്ഡെസ്ക്കുകളിലും അപേക്ഷ സ്വീകരിക്കും.



രോഗികൾ ശ്രദ്ധിക്കുക
ബുധനാഴ്ച കൊല്ലത്ത്
ഹോട്ടൽ ഷാ ഇന്റർനാഷണൽ, ചിന്നക്കട, കൊല്ലം.
● പാർശ്വഫലങ്ങളില്ലാത്ത ഫലപ്രദമായ ചികിത്സ




ദാമ്പത്യ ജീവിത പരാജയത്തിന് കാരണമാകുന്ന ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, സ്വപ്ന സ്ഖലനം, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്, സ്തന വലിപ്പക്കുറവ്, മറ്റു മൂത്രാശയരോഗങ്ങൾ 100% ഉത്തരവാദിത്വത്തോടുകൂടി ചികിത്സിച്ചു ഭേദമാക്കുന്നു.
(CALL FOR APPOINTMENT)
9387816888
9946017861
Dr. ഹക്കീംഷാക്കിർ
അവർകളെ നേരിൽ കാണുക.
മോഡേൺ ഹെൽത്ത് സെന്റർ
HO: 2nd ഫ്ളോർ, സി.ഡി.ആർ.സി ബിൽഡിംഗ്, മണക്കാട് മാർക്കറ്റിനു സമീപം, തിരുവനന്തപുരം.



എസ്.പി അരുണാചലം മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ധരിപ്പിച്ചു. അവിടെ നിന്ന് എന്തും ചെയ്യാനുള്ള അനുമതി കിട്ടി..
എസ്.പിയുടെ കാർ ചീറിപ്പാഞ്ഞു
മിന്നൽ വേഗത്തിൽ എസ്.പി മുൻ ആഭ്യന്തര മന്ത്രി രാജസേനന്റെ മകന്റെ കൈയിൽ കടന്നുപിടിച്ചു..
"ഛീ.. വിടടോ.. " അവൻ കൈകുടഞ്ഞു
അരുണാചലത്തിന്റെ മുഖം മുറുകി..
പിന്നെ എന്താണവിടെ നടന്നത്?



പൊളിറ്റിക്കൽ, ക്രൈം ത്രില്ലർ നോവൽ വായിക്കാം..
ഇന്നത്തെ ഫ്ലാഷിൽ
പിങ്ക് പൊലീസ്



മെഴുവേലി ബാബുജി
എല്ലാദിവസവും ഫ്ലാഷിൽ
കേരളകൗമുദി ഫ്ലാഷ്
No.1 MID DAY


Vol. No. 108 Issue No. 264 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by Darshan Ravi from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: 2461010, 2461050, 3941050, Fax: 3078979 e-mail: news @ keralakaumudi.com, desk@kaumudi.com Chief Editor : Deepu Ravi (Responsible for selection of news under the PRB Act) .